# പൗരസ്ത്യ ഓർത്തഡോക്സ് സിറിയൻ സൺഡേസ്കൂൾ അസ്സോസിയേഷൻ

## യെരുശലേം വിഭാഗം

### പാഠാവലി ഒൻപത്

ശ്രേഷ്ഠാനുമതിയോടെ പ്രസിദ്ധീകരിക്കുന്നത്

സൺഡേസ്കൂൾ കേന്ദ്ര ഓഫീസ്
ദേവലോകം, കോട്ടയം-4
ഫോൺ: 2572890

**AN OSSAE PUBLICATION**

**Sunday School Padavali-IX**

First Edition : January 2015

Second Edition : October 2015

Copies: 8,000

Price: ₹ 60.00

Printed at Alois Graphics, Kottayam
aloisgraphics@gmail.com

# പ്രവേശിക

വിദ്യാഭ്യാസം സംശുദ്ധവും വിജയകരവുമായ ജീവിതത്തിന് ഇളം തലമുറയെ പരിശീലിപ്പിച്ച് തയ്യാറാക്കുന്ന തുടർപ്രക്രിയയും ഭാവിയിലേക്കുള്ള സമൂഹനന്മയുടെ നിക്ഷേപവുമാണ്. വിദ്യാഭ്യാസത്തിന്റെ അനന്തസാദ്ധ്യതകൾ മതങ്ങളും രാഷ്ട്രങ്ങളും പ്രത്യയശാസ്ത്രങ്ങൾപോലും പ്രയോഗിക്കുന്നുണ്ട്. ക്രിസ്തീയ പാരമ്പര്യത്തിൽ "ക്രിസ്തീയ വിദ്യാഭ്യാസം" എന്നത് സഭയുടെ ഒരു ministry (ശുശ്രൂഷ) ആയിട്ടാണ് പരിഗണിക്കുന്നത്.

ഭൗതിക വിദ്യാഭ്യാസം ഇന്ന് ഏറെ പരിവർത്തനവിധേയമായിട്ടുണ്ട് എന്നു മാത്രമല്ല, വിദ്യാഭ്യാസപദ്ധതികൾ താത്വികാടിസ്ഥാനങ്ങൾ, ഉള്ളടക്കം, ബോധനരീതികൾ, പഠിതാക്കളുടെ വിശാലപങ്കാളിത്തം, മൂല്യനിർണ്ണയരീതികൾ, അടിസ്ഥാനവിദ്യാഭ്യാസം എന്നിവകളിൽ കൂടുതൽ ഗവേഷണങ്ങളും പരീക്ഷണങ്ങളും നടന്നുകൊണ്ടുമിരിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കാലാകാലങ്ങളിൽ ഈ രംഗത്ത് പരിണാമങ്ങൾ ഉണ്ടാകുന്നത് അനിവാര്യമാണ്.

സൺഡേസ്കൂൾ ഊന്നൽ നൽകുന്ന "ജീവിതവിദ്യാഭ്യാസം" ഭൗതിക വിദ്യാഭ്യാസസമ്പ്രദായങ്ങളുടെ തനിപ്പകർപ്പല്ല. അതിന് തനതായ ഉദ്ദേശ്യലക്ഷ്യങ്ങളും ദർശനങ്ങളുമുണ്ട്. എന്നാൽ ആധുനിക ബോധനശാസ്ത്രത്തിലെ സ്വീകാര്യമായ ചില സങ്കേതങ്ങൾ സൺഡേസ്കൂൾ പഠനപദ്ധതി ആവിഷ്കരിച്ചെടുക്കുന്നതിൽ തെറ്റില്ല; ഓർത്തഡോക്സ് ദർശനങ്ങൾ വിസ്മൃതമാകാതിരിക്കാൻ ജാഗ്രത വേണമെന്നുമാത്രം.

ഓർത്തഡോക്സ് സിറിയൻ സൺഡേസ്കൂൾ അസോസിയേഷൻ പാഠ്യപദ്ധതി സമ്പൂർണ്ണമായി കാലോചിതമായി പരിഷ്കരിക്കുന്നതിന് ദൈവത്തിൽ ശരണപ്പെട്ടുകൊണ്ട് ധീരമായ ഒരു തീരുമാനമെടുത്തത് ശുഭോദർക്കമാണ്. ഈദൃശ്യ സംഗതികളിൽ താല്പര്യവും അവഗാഹവുമുള്ളവരുടെ ഒരു സംഘം, തുടർച്ചയായ പഠനവും സംവാദവും സംശോധനയും നടത്തിക്കൊണ്ടാണ് ഓരോ പാഠവും തയ്യാറാക്കുന്നത്. അധ്യാപകർക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിന് പ്രത്യേക സംവിധാനവുമുണ്ട്. പുസ്തകങ്ങൾ മലയാളത്തിലും ഇംഗ്ലീഷിലും സമാനമായി തയ്യാറാക്കുകയാണ്. വിദേശരാജ്യങ്ങളിൽ ഈ പാഠ്യപദ്ധതിയുടെ ഘടന അടിസ്ഥാനമാക്കി, പ്രാദേശികവും പ്രസക്തവും ഭാഷാപരവുമായി അനിവാര്യമായ വ്യത്യാസങ്ങളോടെ ഇത് നടപ്പിലാക്കാവുന്നതാണ്. എന്നാൽ അടിസ്ഥാനങ്ങളും പൊതുഘടകങ്ങളും മാറ്റാൻ പാടുള്ളതല്ല. സഭയെയും യേശുവിന്റെ അരുമകളായ കുഞ്ഞുങ്ങളെയും സ്നേഹിക്കുന്നവർ ഈ സദുദ്ദേശത്തെ സഹർഷം സ്വാഗതം ചെയ്യും എന്ന പ്രത്യാശയോടെ ഈ ഉദ്യമത്തെ പരിശുദ്ധ സഭയ്ക്കായി സമർപ്പിക്കുന്നു.

**ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്താ**

*പ്രസിഡന്റ്, ഓർത്തഡോക്സ് സിറിയൻ*
*സൺഡേസ്കൂൾ അസ്സോസിയേഷൻ*

## പാഠങ്ങൾ തയ്യാറാക്കിയവർ

ഫാ. ഡോ. റ്റി. ജെ. ജോഷ്വാ

ഫാ. ഡോ. ഒ. തോമസ്

ഫാ. കെ. വി. തോമസ്

ഫാ. ഡോ. റജി മാത്യൂസ്

ഫാ. ഡോ. ബേബി വറുഗീസ്

ഫാ. ജേക്കബ് മാത്യു

ഫാ. തോമസ് വറുഗീസ്

പ്രൊഫ. ഡോ. ചെറിയാൻ തോമസ്

# ആമുഖം

വിദ്യാഭ്യാസമേഖലയിൽ അദ്ധ്യയനരീതിയിൽ വന്ന മാറ്റങ്ങൾക്ക് അനുസൃതമായി സൺഡേസ്കൂൾ പാഠ്യപദ്ധതിയും പരിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുകയായിരുന്നല്ലോ. എല്ലാ ക്ലാസ്സുകളിലേയ്ക്കും ഉള്ള പാഠപുസ്തകങ്ങൾ തയ്യാറായിക്കഴിഞ്ഞു എന്നുള്ളത് പ്രസ്താവിക്കുന്നതിൽ സന്തോഷിക്കുന്നു. ഈ ഉദ്യമത്തിന് മുൻകൈ എടുത്ത് നേതൃത്വം നൽകിയത് സൺഡേസ്കൂൾ അസ്സോസിയേഷൻ പ്രസിഡന്റ് അഭിവന്ദ്യ ഡോ. യാക്കൂബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്തായാണ്. മുൻ ഡയറക്ടർ ജനറൽ ബഹു. ഡോ. ഒ. തോമസ് അച്ചൻ കൺവീനറായും പ്രൊഫ. ഡോ. സാം വി. ദാനിയേൽ എക്സിക്യൂട്ടീവ് എഡിറ്ററായും നേതൃത്വം കൊടുത്ത ഒരു കരിക്കുലം കമ്മറ്റിയാണ് ഈ പരിഷ്കരണത്തിന് നേതൃത്വം കൊടുത്തത്. ഇതിലെ വിവിധ യൂണിറ്റിലെ പാഠങ്ങൾ തയ്യാറാക്കിയവരുടെ സേവനം നിസ്തുലമാണ്. എല്ലാവരോടും നന്ദി രേഖപ്പെടുത്തുന്നു.

ലോകജ്ഞാനത്തിനായുള്ള പരക്കംപാച്ചിലിനിടയിൽ ദൈവികജ്ഞാനം സമ്പാദിക്കുവാനുള്ള അവസരം നഷ്ടപ്പെടുത്തിയാൽ ക്രിസ്തീയജീവിതം പൂർണ്ണമാകയില്ലായെന്ന് കുട്ടികളും മാതാപിതാക്കളും അദ്ധ്യാപകരും മനസ്സിലാക്കണം. ക്രിസ്തുവും ശിഷ്യന്മാരും തമ്മിൽ വളർത്തിയെടുത്ത ഗുരു-ശിഷ്യസ്നേഹബന്ധമാണ് സൺഡേസ്കൂൾ അദ്ധ്യയനത്തിന്റെ അടിസ്ഥാനപ്രമാണം. ഈ പ്രമാണം സ്വീകരിച്ചുകൊണ്ട് വിഷയങ്ങൾ കുട്ടികളിലേയ്ക്ക് സംവേദിക്കുവാൻ ഇതിലെ അവതരണരീതി അദ്ധ്യാപകർക്കും കുട്ടികൾക്കും ഒരുപോലെ സഹായമായിത്തീരട്ടെയെന്ന് ആശംസിക്കുന്നു.

ദേവലോകം<br>
1-10-2015

**ഫാ. ഡോ. റെജി മാത്യു**<br>
*ഡയറക്ടർ ജനറൽ*

# എഡിറ്റോറിയൽ

പ്രിയപ്പെട്ട  കൂട്ടുകാരെ,

നമ്മുടെ സൺഡേസ്കൂൾ പാഠ്യപദ്ധതി കാലാനുസൃതമായി സമ്പൂർണ്ണമായി പരിഷ്ക്കരിച്ചിരിക്കുന്നു. പാഠങ്ങളുടെ ഉള്ളടക്കത്തിലും ഘടനയിലും സമഗ്രമായ വ്യതിയാനങ്ങൾ വരുത്തിയിട്ടുണ്ട്. സൺഡേസ്കൂൾ പഠനം നിങ്ങൾക്ക് അനുഭവവേദ്യമാകുവാനും, നിങ്ങൾ പഠനം ആസ്വദിക്കുവാനുമായി വൈവിധ്യമാർന്ന അനുഭവങ്ങളാണ് പാഠഭാഗങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

ബാലപാഠം മുതൽ പന്ത്രണ്ടാം ക്ലാസ്സ് വരെയുള്ള പഠനകാലഘട്ടത്തെ അഞ്ച് ഘട്ടങ്ങളായി  തിരിച്ചിരിക്കുന്നു.

ഇതിലെ യരുശലേം എന്ന വിഭാഗത്തിലെ ഒൻപതാം ക്ലാസിലേക്കുള്ള പാഠപുസ്തകമാണിത്. സൺഡേസ്കൂൾ ക്ലാസ്സുകളിൽ ആദിയോടന്തം ശ്രദ്ധയോടെ പങ്കെടുക്കണം. ക്ലാസുകൾ ഒരിക്കലും മുടക്കരുത്. അദ്ധ്യാപകരോട് വളരെ സ്നേഹത്തോടും ആദരവോടും കൂടെ ഇടപെടണം. സംശയങ്ങൾ ചോദിക്കണം. ക്ലാസിൽ ഗ്രൂപ്പായി ചർച്ചകളും അഭിനയങ്ങളും നടത്തണം. പാഠഭാഗങ്ങൾ ക്ലാസിൽ പഠിപ്പിക്കുന്നതിനു മുമ്പായിത്തന്നെ നന്നായി വായിച്ച് കഴിയുന്നത്ര കാര്യങ്ങൾ മനസ്സിലാക്കി വേണം ക്ലാസിൽ എത്താൻ. അപ്പോൾ നിങ്ങൾക്ക് നല്ല സംശയങ്ങൾ ചോദിക്കുവാനും, പഠനം ആസ്വദിക്കുവാനും കഴിയും. ഈ പുസ്തകത്തിലെ വിവിധ പാഠങ്ങളുടെ ഘടന ഒന്ന് പരിചയപ്പെടുത്താം.

## 1. പഠനോദ്ദേശ്യങ്ങൾ

ഓരോ പാഠവും പഠിച്ചു കഴിയുമ്പോൾ നിങ്ങളുടെ ബുദ്ധിയിലും സ്വഭാവത്തിലും ഉണ്ടാകേണ്ട മാറ്റങ്ങളാണ് ഇവിടെ പഠനോദ്ദേശ്യങ്ങളായി നൽകിയിരിക്കുന്നത്. സൺഡേസ്കൂൾ പഠനത്തിന്റെ ആത്യന്തികലക്ഷ്യം- ‘‘ഒരു ഉത്തമ ദൈവ പൈതലായി ജീവിച്ച് സ്വർഗ്ഗരാജ്യത്തിന്റെ അഥവാ നിത്യജീവന്റെ അവകാശിയായിത്തീരുക’’ എന്നതാണ്. ആ ലക്ഷ്യം നിറവേറുവാൻ തക്കവണ്ണം പ്രാർത്ഥന, നോമ്പ്, അനുഷ്ഠാനങ്ങൾ, തിരുവചന ധ്യാനം, ആരാധന, നല്ല ശീലങ്ങൾ, വിശ്വാസസത്യങ്ങൾ തുടങ്ങിയ വിവിധ പാഠങ്ങൾ ഇവിടെ ഉൾപ്പെടുത്തിയിട്ടുണ്ട്. ക്ലാസിൽ പഠനത്തോടൊപ്പം പ്രാർത്ഥിക്കുവാനും, പാട്ടുപാടുവാനും, അഭിനയിക്കുവാനും, ചർച്ച ചെയ്യുവാനും ഒക്കെയുള്ള അവസരങ്ങൾ പ്രയോജനപ്പെടുത്തുമ്പോൾ ഈ ലക്ഷ്യങ്ങൾ നേടുവാൻ നമുക്ക് കഴിയും.

## 2. മനഃപാഠവാക്യം

ഓരോ പാഠത്തിലെയും പ്രധാന ആശയവുമായി ബന്ധപ്പെട്ട ഒരു വാക്യം ഓരോ ക്ലാസിനും ശേഷം ഹൃദിസ്ഥമാക്കുന്നതിനായി നൽകിയിരിക്കുന്നു. ഈ വാക്യം വേദപുസ്തകത്തിൽ നിന്നു തന്നെ വായിച്ച് പല പ്രാവശ്യം പറഞ്ഞ് പഠിക്കണം. അതിന്റെ അർത്ഥവും സന്ദർഭവും മനസ്സിലാക്കണം. അടുത്ത ക്ലാസിൽ ഈ വാക്യവും അതിന്റെ റഫറൻസും കാണാതെ പറഞ്ഞു കേൾപ്പിക്കുവാൻ ഉത്സാഹിക്കണം.

## 3. പഠന സഹായികൾ

ഓരോ പാഠഭാഗവും നന്നായി മനസ്സിലാക്കുവാനായി ഉപയോഗിക്കാവുന്ന ചിത്രങ്ങൾ, പുസ്തകങ്ങൾ, വി. വേദപുസ്തകം, വി. കുർബ്ബാനക്രമം, പ്രാർത്ഥനാക്രമം (പാമ്പാക്കുടനമസ്ക്കാരം), ചാർട്ടുകൾ തുടങ്ങിയവ ഈ ഭാഗത്ത് നൽകിയിരിക്കുന്നു. ഇവ പഠനത്തിനായി ഉപയോഗപ്പെടുത്തുവാൻ അദ്ധ്യാപകരെ സഹായിക്കണം. വീട്ടിൽ കമ്പ്യൂട്ടറും ഇന്റർനെറ്റും ഉള്ളവർക്ക് വെബ്സൈറ്റിൽനിന്നും ധാരാളം ചിത്രങ്ങളും, വിശദാംശങ്ങളും ലഭിക്കുന്നതാണ്. അവയും നിങ്ങൾ പ്രയോജനപ്പെടുത്തണം. കൂടാതെ സഭാവിജ്ഞാനകോശം, മലങ്കര സഭാപിതാക്കന്മാർ, തിരുവചനഭാഷ്യം, ബൈബിൾ നിഘണ്ടു തുടങ്ങിയ ഗ്രന്ഥങ്ങൾ പരിശോധിച്ച് പാഠപുസ്തകത്തിലെ ചുരുങ്ങിയ ആശയങ്ങളെ നിങ്ങൾക്ക് ആഴത്തിൽ മനസ്സിലാക്കാവുന്നതാണ്. ഇപ്രകാരം ലഭിക്കുന്ന ആശയങ്ങൾ നിങ്ങൾ ഡയറിയിൽ കുറിച്ചുവച്ച് പഠിക്കണം.

## 4. ആമുഖം

പാഠഭാഗത്തിലെ ആശയങ്ങൾ നന്നായി മനസ്സിലാക്കുവാൻവേണ്ടി വളരെ ലളിതമായ ഒരു തുടക്കമാണ് ഈ ഭാഗത്ത് നൽകിയിരിക്കുന്നത്. നിങ്ങൾ കേട്ടിട്ടുള്ളതും, കണ്ടിട്ടുള്ളതും, നിങ്ങൾക്ക് വളരെ പരിചയമുള്ളതുമായ കാര്യങ്ങൾ ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. അതിനാൽ ഈ ഭാഗം വായിച്ചിട്ടുമാത്രമേ പാഠഭാഗം പഠിക്കുവാൻ തുടങ്ങാവൂ.

## 5. പാഠഭാഗം

പാഠത്തിന്റെ ഉള്ളടക്കമാണ് ഇവിടെ നൽകിയിരിക്കുന്നത്. ഇത് കഴിയുന്നത്ര ലളിതമാക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. ബുദ്ധിമുട്ടുള്ളവ അദ്ധ്യാപകർ ക്ലാസിൽ പഠിപ്പിക്കുമ്പോൾ ശ്രദ്ധയോടെ മനസ്സിലാക്കണം. സംശയങ്ങൾ ചോദിക്കണം. ക്ലാസിൽ നിങ്ങൾ മിണ്ടാതെയിരുന്ന് കേൾക്കുന്നവർ മാത്രമാകരുത്. അദ്ധ്യാപകരോടൊത്ത് നിങ്ങളും സജീവമായി പഠനത്തിൽ പങ്കെടുക്കണം. പഠനത്തിൽ നല്ല ഉത്സാഹമുള്ളവരായിരിക്കണം. വി. വേദപുസ്തകം, നോട്ടുബുക്ക്, പേന, പാഠപുസ്തകം ഇവ എല്ലാ ക്ലാസിലും കൊണ്ടുപോകണം. വി. കുർബ്ബാനക്രമം, പ്രാർത്ഥനാക്രമം ഇവ വീട്ടിൽ വന്ന് നോക്കി പാടുകയും, പ്രാർത്ഥിക്കുകയും ചെയ്യണം. പഠനത്തിനിടയിൽ ഒരു തിരിഞ്ഞുനോട്ടത്തിനായി അല്പം നിർത്താം..... ചിന്തിക്കാം..... എന്നൊരു ഭാഗം നൽകിയിട്ടുണ്ട്. പഠിച്ച അത്രയും ഭാഗത്തുനിന്നുള്ള രണ്ടോ മൂന്നോ ചോദ്യങ്ങളാണ് ഇവിടെ നൽകിയിരിക്കുന്നത്. ഇവ അദ്ധ്യാപകർ ചോദിക്കുമ്പോൾ നന്നായി ഉത്തരം നൽകണം.

ഇതുപോലെ പലയിടത്തും ആരാധനാഗീതങ്ങളും, പ്രാർത്ഥനകളും ഒക്കെ പരിചയപ്പെടുത്തുന്നുണ്ട്. വി. വേദപുസ്തകം ക്ലാസിൽ ഉടനീളം ഉപയോഗപ്പെടുത്തണം. അദ്ധ്യാപകർ ഒരു വാക്യം പറയുമ്പോൾത്തന്നെ അത് എടുത്ത് വായിച്ചു കേൾപ്പിക്കണം. പ്രാർത്ഥന, ആരാധനാഗീതം, എന്റെ സഭ, വിശ്വാസസത്യങ്ങൾ, വി. കുർബ്ബാന ഒരു പഠനം, മഹദ്വ്യക്തിപരിചയം, നല്ല ശീലങ്ങൾ ഇവയ്ക്കെല്ലാം പ്രത്യേക യൂണിറ്റുകൾ ക്രമീകരിച്ചിട്ടുണ്ട്. "പ്രാർത്ഥന" എന്ന യൂണിറ്റിൽ സന്ധ്യയ്ക്കും, പ്രഭാതത്തിലും പ്രാർത്ഥിക്കുന്ന കുടുംബാരാധന ക്രമത്തിലെ പ്രാർത്ഥനകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇവ ഭവനത്തിൽ പ്രാർത്ഥിച്ചുതന്നെ മന:പാഠമാക്കുവാൻ ശ്രദ്ധിക്കണം. ഭവനത്തിൽ സന്ധ്യയ്ക്കും, പ്രഭാതത്തിലും പ്രാർത്ഥിക്കുവാൻ ഉത്സാഹിക്കണം. 'ആരാധനാ ഗീതങ്ങൾ' എന്ന ഭാഗത്ത് വി. കുർബ്ബാനയിലെ ഗീതങ്ങളാണ് പ്രധാനമായും നൽകിയിട്ടുള്ളത്. അത് നന്നായി പഠിച്ച് അർത്ഥം മനസ്സിലാക്കി, വി. കുർബ്ബാനയിൽ പങ്കെടുക്കുമ്പോൾ, ചൊല്ലുകയും അങ്ങനെ അവ മന:പാഠമാക്കുകയും വേണം. 'മഹദ് വ്യക്തിപരിചയം' എന്ന യൂണിറ്റിൽ സഭാപിതാക്കന്മാരുടെ ജീവിതചരിത്രമാണ് പഠിക്കുന്നത്. ഇതോടൊപ്പം അവരെപ്പറ്റിയുള്ള കൂടുതൽ വിവരങ്ങൾ ശേഖരിക്കുവാനും, കബറിടങ്ങൾ സന്ദർശിക്കുവാനും, ജീവചരിത്രപുസ്തകങ്ങൾ വായിക്കുവാനും ഉത്സാഹിക്കണം. ചുരുക്കത്തിൽ പാഠഭാഗത്ത് പഠിക്കുന്ന ആശയങ്ങൾ നമ്മുടെ ജീവിതത്തിൽ പ്രാവർത്തികമാക്കുവാൻ ശ്രമിക്കണം.

## 6. നമുക്ക് ചിന്തിക്കാം

പാഠഭാഗത്തിലെ ആശയങ്ങളെ സംബന്ധിച്ചുള്ള പ്രധാനപ്പെട്ട ചില ചോദ്യങ്ങളാണ് ഇവിടെ നൽകിയിരിക്കുന്നത്. ഇവ ടീച്ചർ ക്ലാസിൽ ചോദിക്കുമ്പോൾ നിങ്ങൾ നന്നായി ഉത്തരം നൽകണം. വീട്ടിൽ വച്ച് ഇവയുടെ ഉത്തരങ്ങൾ ചിന്തിക്കുകയും, ഡയറിയിൽ കുറിച്ചു വയ്ക്കുകയുമാകാം. ഇത് പഠനത്തിനുമുമ്പും ബുദ്ധിമുട്ടുള്ളവ പഠനത്തിനുശേഷവും ചെയ്യണം.

## 7. പ്രവർത്തനങ്ങൾ

പാഠഭാഗവുമായി ബന്ധപ്പെട്ട ഏതാനും പ്രവർത്തനങ്ങളാണ് ഇവിടെ നൽകിയിട്ടുള്ളത്. ചിത്രങ്ങൾ ശേഖരിച്ച് ആൽബം നിർമ്മിക്കുക, ക്ലാസിൽ ചർച്ച സംഘടിപ്പിക്കുക, റോൾപ്ലെ/സ്കിറ്റ്/മൈം/സംഭാഷണങ്ങൾ തുടങ്ങിയവ അഭിനയിക്കുക, ഡയറിക്കുറിപ്പ് തയ്യാറാക്കുക, ചാർട്ടുകൾ നിർമ്മിക്കുക തുടങ്ങിയ രസകരങ്ങളായ പ്രവർത്തനങ്ങളാണ് ഇവയെല്ലാം. ഇതു നന്നായി ചെയ്യുന്നപക്ഷം നിങ്ങൾ പഠനത്തെ ഇഷ്ടപ്പെടുകയും പഠിച്ച ആശയങ്ങൾ നന്നായി മനസ്സിലാക്കുവാനും ജീവിതത്തിൽ പ്രാവർത്തികമാക്കുവാനും അത് സഹായിക്കുകയും ചെയ്യും.

## 8. നമുക്ക് പാടാം

പാഠഭാഗവുമായി ബന്ധപ്പെട്ട ഒരു ഗാനമാണ് ഇവിടെ നൽകിയിരിക്കുന്നത്. എല്ലാവരും നല്ല ഉത്സാഹത്തോടെ ഈ ഗീതങ്ങൾ ചൊല്ലണം. ഈ പുസ്തകത്തിൽ നൽകിയിട്ടുള്ളത് വി. കുർബ്ബാനയിൽ പ്രത്യേക ദിവസങ്ങളിൽ ഉപയോഗിക്കുന്ന ഗീതങ്ങളാണ് അധികവും. വി. കുർബ്ബാന ക്രമത്തിൽ അവസാന ഭാഗത്ത് നൽകിയിരിക്കുന്ന

പ്രത്യേക ദിവസങ്ങളിലെ ഗീതങ്ങളാണ് ഇവ. ക്ലാസിൽ ടീച്ചറോടൊപ്പം പാഠപുസ്തകത്തിൽ നിന്ന് ഇവ ചൊല്ലുകയും ഭവനത്തിൽവന്ന് വി. കുർബ്ബാനക്രമം നോക്കി നന്നായി വീണ്ടും ചൊല്ലിപഠിക്കുകയും വേണം. ഇതോടൊപ്പം വി. കുർബ്ബാന ക്രമത്തിൽ ആ ഭാഗത്ത് നൽകിയിട്ടുള്ള മറ്റ് ഗീതങ്ങളും ചൊല്ലി ആസ്വദിക്കാവുന്നതാണ്. ഈ ഭാഗത്ത് നൽകിയിട്ടുള്ള ഗീതങ്ങൾ പരീക്ഷയ്ക്ക് ചോദ്യങ്ങളിൽ ഉൾപ്പെടുത്തുന്നതല്ല.

### 9. നിശ്ചയം

ഓരോ പാഠത്തിന്റെയും അവസാനം നിങ്ങൾ കൈക്കൊള്ളേണ്ട ഒരു തീരുമാനമാണ് ഇവിടെ നൽകിയിരിക്കുന്നത്. ഈ വാചകങ്ങൾ ടീച്ചർ ചൊല്ലിത്തരുമ്പോൾ എല്ലാവരും ചേർന്ന് ഉത്സാഹത്തോടെ ഏറ്റുചൊല്ലണം. വെറുതെ യാന്ത്രികമായി ചൊല്ലുകയല്ല, മറിച്ച് നിങ്ങളുടെ ജീവിതത്തിൽ അത് പ്രാവർത്തികമാക്കുവാൻ പരിശ്രമിക്കുക തന്നെ ചെയ്യണം.

### 10. നമുക്ക് പ്രാർത്ഥിക്കാം

പാഠഭാഗവുമായി ബന്ധപ്പെട്ട ഒരു ലഘു പ്രാർത്ഥനയാണ് ഇവിടെ നൽകിയിരിക്കുന്നത്. ഈ പ്രാർത്ഥനയോടെയാണ് ക്ലാസ് അവസാനിക്കുന്നത്. അതിനാൽ എല്ലാവരും എഴുന്നേറ്റുനിന്ന് കുരിശ് വരച്ച് ശ്രദ്ധയോടെ പ്രാർത്ഥിക്കണം. ടീച്ചർ ചൊല്ലിത്തരുന്ന വാചകങ്ങൾ നിങ്ങൾ ഏറ്റു ചൊല്ലണം. പാമ്പാക്കുട (പ്രാർത്ഥനാക്രമം) നമസ്ക്കാര പുസ്തകത്തിലെ പ്രത്യേക പ്രാർത്ഥനകൾ എന്ന ഭാഗത്ത് നൽകിയിട്ടുള്ള പ്രാർത്ഥനകളാണ് ഓരോ പാഠത്തിലും ഉൾപ്പെടുത്തിയിട്ടുള്ളത്. അതിനാൽ ഭവനത്തിൽ ചെന്നു, ഈ പ്രാർത്ഥന പേജ് നമ്പർ നോക്കി കണ്ടുപിടിച്ച്, പ്രാർത്ഥിക്കണം. കൂടാതെ ഇതേ ഭാഗത്തുതന്നെ കൂടുതൽ പ്രാർത്ഥനകൾ പ്രാർത്ഥനാക്രമത്തിൽ നൽകിയിട്ടുണ്ട്. അവയും ശ്രദ്ധയോടെ വായിക്കേണ്ടതാണ്. നമ്മുടെ സഭാപിതാക്കന്മാർ ശ്രദ്ധയോടെ പ്രാർത്ഥിച്ചിരുന്ന മനോഹരങ്ങളായ പ്രാർത്ഥനകളാണിവ. അവ പരിചയപ്പെടുന്നതും പ്രാർത്ഥിക്കുന്നതും ജീവിതത്തിലെ ഒരു ഭാഗ്യം തന്നെയായി കരുതണം.

### 11. തുടർ വായനയ്ക്ക്

പാഠഭാഗവുമായി ബന്ധപ്പെട്ട വിവിധ വേദപുസ്തകഭാഗങ്ങൾ അടുത്ത ഒരാഴ്ച വിവിധ ദിവസങ്ങളിൽ രാവിലെയും, വൈകുന്നേരവും വായിക്കുന്നതിനും, ധ്യാനിക്കുന്നതിനുമായി ഈ ഭാഗത്ത് നൽകിയിരിക്കുകയാണ്. ഓരോ ഞായറാഴ്ചയും വൈകുന്നേരം മുതൽ അടുത്ത ഞായറാഴ്ച രാവിലെ വരെ വായിക്കുന്നതിനുള്ള വേദഭാഗങ്ങളാണ് ഇവ. സൺഡേസ്കൂൾ പഠനം ഇടമുറിയാതെ നിലനിർത്തുവാനും, തിരുവചന ധ്യാനത്തിൽ താൽപര്യം വർദ്ധിക്കുവാനും ഇത് സഹായിക്കുന്നു. ഈ തിരുവചന ഭാഗങ്ങൾ മുടങ്ങാതെ നിങ്ങൾ വൈകുന്നേരവും, പ്രഭാതത്തിലും പ്രാർത്ഥനയ്ക്കായി വേർതിരിച്ചിട്ടുള്ള സമയത്ത് വായിച്ച് ഒരു നിമിഷം ധ്യാനിക്കണം. ഈ പരിശീലനം പതിവായ കുടുംബപ്രാർത്ഥനയ്ക്കും നിങ്ങളെ സഹായിക്കും.

യരുശലേം വിഭാഗത്തിലെ ക്ലാസിലാണ് നിങ്ങൾ എത്തിയിരിക്കുന്നത്. പാഠഭാഗങ്ങൾ സ്വയം പഠിക്കുവാനുള്ള പ്രാപ്തി നിങ്ങൾക്ക് ഉണ്ട്. ശനിയാഴ്ച രാത്രി പ്രാർത്ഥന കഴിഞ്ഞുള്ള സമയം സൺഡേസ്കൂൾ പഠനത്തിനായി നീക്കിവയ്ക്കണം. ഈ സമയത്ത് പാഠപുസ്തകം നോക്കി സ്വയമായി പഠിക്കണം. വി. വേദപുസ്തകവും, മറ്റ് പഠന സഹായികളും ഉപയോഗപ്പെടുത്തണം. ഓരോ പാഠവും വീട്ടിൽവച്ച് നന്നായി പഠിച്ച് നോട്ടുബുക്കിൽ പ്രധാന ആശയങ്ങളും മറ്റ് സ്രോതസ്സുകളിൽ നിന്ന് ലഭിച്ച ആശയങ്ങളും എഴുതിവച്ച് തയ്യാറായി വേണം സൺഡേസ്കൂളിലെത്താൻ. ബുദ്ധിമുട്ടുള്ള ഭാഗങ്ങൾ ക്ലാസിൽ ടീച്ചറോടൊത്ത് ചിന്തിക്കുകയും, ചർച്ചചെയ്യുകയും ഒക്കെ ചെയ്യാൻ സമയം ലഭിക്കുന്നതാണ്. ക്ലാസിൽ നിങ്ങൾ വളരെ ഉത്സാഹമുള്ളവരായിരിക്കണം.

സഭയിലെ വളർന്നുവരുന്ന തലമുറയെ ആത്മീകമായി പരിശീലിപ്പിക്കുന്നതിലും, സത്യവിശ്വാസത്തിലും, സത്യാരാധനയിലും ഉറപ്പിക്കുന്നതിലും ഗണ്യമായ പങ്കുവഹിക്കുന്ന നമ്മുടെ പ്രിയപ്പെട്ട സൺഡേസ്കൂൾ അദ്ധ്യാപകർ ചെയ്യുന്ന സേവനം നിസ്തുലമാണ്. നിങ്ങൾ എല്ലാവരും അവരെ സ്നേഹിക്കണം, അനുസരിക്കണം, അവർക്കുവേണ്ടി പ്രാർത്ഥിക്കണം. അവർ നമ്മെ എത്രമാത്രം സ്നേഹിക്കുന്നു എന്ന് തിരിച്ചറിയണം. പുതിയ പാഠ്യപദ്ധതിയുടെ വിജയകരവും, ഭാവനാപൂർണ്ണവുമായ നടത്തിപ്പിന് നമ്മുടെ എല്ലാ അദ്ധ്യാപകരുടെയും, പ്രിയപ്പെട്ട വിദ്യാർത്ഥികളുടെയും പരിപൂർണ്ണമായ സഹകരണം ഉണ്ടായേ മതിയാവൂ. പുതിയ പാഠ്യപദ്ധതി, പഴയ രീതികളിൽ നിന്നും ഒരുനല്ല അളവുവരെ വിഭിന്നമാകയാൽ അദ്ധ്യാപകരും വിദ്യാർത്ഥികളും ശ്രദ്ധയോടുകൂടി ഈ പദ്ധതിയും, ഇതിലെ പഠനരീതികളും ഉപയോഗപ്പെടുത്തണം. നിങ്ങളുടെ വിലയേറിയ നിർദ്ദേശങ്ങളും, അഭിപ്രായങ്ങളും, പ്രോത്സാഹനങ്ങളും ഞങ്ങളെ അറിയിക്കണമെ.

ഈ പുസ്തകം തയ്യാറാക്കാൻ സഹായിച്ച ബഹു. റിഞ്ചു പി. കോശിയച്ചനോടുള്ള നന്ദി രേഖപ്പെടുത്തുന്നു.

കർത്തൃശുശ്രൂഷയിൽ,

**ഡോ. സാം വി. ഡാനിയേൽ**
എക്സിക്യൂട്ടീവ് എഡിറ്റർ
ഫോൺ: 9495300773

# ഉള്ളടക്കം

**യൂണിറ്റ് 1 വേദപുസ്തക പഠനം**

*പാഠം 1* വലിയ പ്രവാചകന്മാർ ........ 13
*പാഠം 2* ചെറിയ പ്രവാചകന്മാർ ........ 19
*പാഠം 3* പ്രവാസകാല മതജീവിതം ........ 25
*പാഠം 4* യിസ്രായേൽ രാജ്യവും യവന സംസ്കാരവും ........ 30
*പാഠം 5* മക്കാബിയ കാലഘട്ടം ........ 35
*പാഠം 6* പൗലോസിന്റെ മാനസാന്തരം ........ 39
*പാഠം 7* വി. പൗലോസ് ശ്ലീഹായുടെ ഒന്നാം മിഷനറിയാത്ര ........ 43
*പാഠം 8* വി. പൗലോസ് ശ്ലീഹായുടെ രണ്ടാം മിഷനറിയാത്ര ........ 47
*പാഠം 9* വി. പൗലോസ് ശ്ലീഹായുടെ മൂന്നാം മിഷനറിയാത്ര ........ 52
*പാഠം 10* യെരുശലേം സുന്നഹദോസ് ........ 57

**യൂണിറ്റ് 2 പ്രാർത്ഥന**

*പാഠം 11* സന്ധ്യാനമസ്കാരത്തിലെ ലുത്തിനിയ ........ 61
*പാഠം 12* പ്രഭാതത്തിലെ ലുത്തിനിയ ........ 66
*പാഠം 13* യാമപ്രാർത്ഥനകൾ ........ 71

**യൂണിറ്റ് 3 ആരാധനാഗീതങ്ങൾ**

*പാഠം 14* സ്ലീബാ പ്രഭാതനമസ്കാരം ........ 76
*പാഠം 15* ക്യംതാ പ്രഭാതനമസ്കാരം ........ 81

**യൂണിറ്റ് 4 എന്റെ സഭ**

*പാഠം 16* സഭ പന്ത്രണ്ടാം നൂറ്റാണ്ടുവരെ ........ 86
*പാഠം 17* കുരിശുയുദ്ധങ്ങൾ ........ 90
*പാഠം 18* ദക്ഷിണേന്ത്യൻ ക്രിസ്തീയ രാജവംശങ്ങൾ ........ 94
*പാഠം 19* പോർട്ടുഗീസ് ആഗമനം ........ 98

**യൂണിറ്റ് 5 വി. കുർബ്ബാന**

*പാഠം 20* അഞ്ചാം തുബ്ദേനിലെ പിതാക്കന്മാർ: ഭാഗം 1 .............................. 102
*പാഠം 21* അഞ്ചാം തുബ്ദേനിലെ പിതാക്കന്മാർ: ഭാഗം 2 .............................. 109

**യൂണിറ്റ് 6 വിശ്വാസസത്യങ്ങൾ**

*പാഠം 22* വിശ്വാസപ്രമാണം - പിതാവായ ദൈവം .............................. 117
*പാഠം 23* വിശ്വാസപ്രമാണം - യേശുക്രിസ്തു ഏക കർത്താവ് .............................. 122
*പാഠം 24* വിശ്വാസപ്രമാണം -
പരിശുദ്ധാത്മാവ്: ജീവൻ നൽകുന്ന കർത്താവ് .............................. 127

**യൂണിറ്റ് 7 മഹദ്വ്യക്തിപരിചയം**

*പാഠം 25* അൽവാറീസ് മാർ യൂലിയോസ് .............................. 132
*പാഠം 26* പത്രോസ് മാർ ഒസ്താത്തിയോസ് .............................. 138
*പാഠം 27* സഭാരത്നം ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് .............................. 144

**യൂണിറ്റ് 8 നല്ല ശീലങ്ങൾ**

*പാഠം 28* നാമും കർഷകർ .............................. 151
*പാഠം 29* മാധ്യമങ്ങളുടെ പക്വമായ ഉപയോഗം .............................. 157
*പാഠം 30* കൗമാരം ജീവിതത്തിന്റെ പൂക്കാലം .............................. 163

**അർദ്ധവാർഷിക പരീക്ഷയ്ക്കുമുമ്പ് പഠിക്കേണ്ട പാഠങ്ങൾ**

അദ്ധ്യായങ്ങൾ

1, 2, 3, 4, 5, 11, 12, 14, 16, 17, 20, 22, 23, 25, 28

യൂണിറ്റ് 1

# വേദപുസ്തകപഠനം

പാഠം 1

# വലിയ പ്രവാചകന്മാർ

## പഠനോദ്ദേശ്യങ്ങൾ

വേദപുസ്തകത്തിലെ പ്രവാചകന്മാരെ പരിചയപ്പെടുക. വലിയ പ്രവാചകന്മാരുടെ പ്രവാചക ദൗത്യങ്ങൾ എന്തെല്ലാം എന്ന് മനസ്സിലാക്കുക. വലിയ പ്രവാചകന്മാരെക്കുറിച്ചും അവരുടെ ഗ്രന്ഥങ്ങളുടെ പ്രത്യേകതകളെക്കുറിച്ചും മനസ്സിലാക്കുക.

**മനഃപാഠവാക്യം:** "നമുക്ക് ഒരു ശിശു ജനിച്ചിരിക്കുന്നു, നമുക്ക് ഒരു മകൻ നല്കപ്പെട്ടിരിക്കുന്നു, ആധിപത്യം അവന്റെ തോളിലിരിക്കും. അവന് അത്ഭുതമന്ത്രി, വീരനാം ദൈവം, നിത്യപിതാവ്, സമാധാനപ്രഭു എന്ന് പേർ വിളിക്കപ്പെടും" (യെശയ്യാവ് 9:6).

**പഠനസഹായികൾ:** യെരുശലേം ഉൾക്കൊള്ളുന്നതായ ഒരു മാപ്പ്

വലിപ്പം കൂടിയ 4 കാർഡും വലിപ്പം കുറഞ്ഞ 12 കാർഡും (വലിപ്പമുള്ളതിൽ വലിയ പ്രവാചകന്മാരുടെ പേരും വലിപ്പം കുറഞ്ഞതിൽ ചെറിയ പ്രവാചകന്മാരുടെ പേരും എഴുതിയത്)

വ്യത്യസ്ത നിറങ്ങൾ കൊടുത്ത് 16 പ്രവാചകന്മാരുടെ പേരുകൾ എഴുതിയ ഒരു ചാർട്ട്

വി. വേദപുസ്തകം., വി. കുർബ്ബാനക്രമം, പ്രാർത്ഥനാക്രമം

## ആമുഖം

വി. വേദപുസ്തകത്തിലെ പഴയനിയമം പുതിയനിയമത്തിന്റെ നിഴലാണ്. പുതിയനിയമത്തെക്കുറിച്ച് നമുക്ക് ബോധ്യം നൽകുന്നത് പഴയനിയമത്തിലെ ഉദ്ധരണികളിൽക്കൂടിയാണ്. യേശുക്രിസ്തുവിനോടൊപ്പമുള്ള ആത്മിക ജീവിതപരിപോഷണത്തിന് ഒരു പ്രധാന പ്രചോദനമാണ് പഴയനിയമ പ്രവചനങ്ങൾ. സംഭവിക്കുവാനിരിക്കുന്നവയെക്കുറിച്ച് പ്രവചിക്കുന്നവരെ നാം പ്രവാചകന്മാർ എന്നു വിളിക്കുന്നു. ദൈവത്തിന്റെ അരുളപ്പാട് പരിശുദ്ധാത്മാവിനാൽ ലഭിച്ചിട്ട് ലോകത്തിലേക്ക് സധൈര്യം പ്രസ്താവിക്കുന്നവരാണ് പ്രവാചകന്മാർ. സ്വന്തജനത്തിനും അന്യജനത്തിനുമെതിരെ പ്രവചനം നടത്തിയവരുണ്ട്. തിന്മയ്ക്കെതിരെ പ്രവചിച്ചവർ ഉണ്ട്. അന്യരുടെ പീഡനം അനുഭവിക്കുന്നവർക്ക് ആശ്വാസം നൽകിക്കൊണ്ടും ഭാവിയിൽ സംഭവിക്കാനിരിക്കുന്നവയെക്കുറിച്ച്

മുന്നറിയിപ്പ് നൽകിക്കൊണ്ടും ഓരോ കാലഘട്ടത്തിലും പ്രവാചകന്മാർ പ്രവചിച്ചിട്ടുണ്ട്. ദൈവഹിതം സ്വീകരിച്ച് അവ കൈമാറി ജനത്തെ നയിക്കുന്നതിന് അവർ യത്നിച്ചു. അവരുടെ പ്രബോധനവും ഇടപെടലുകളുമാണ് പ്രവചനപുസ്തക വിവരണങ്ങളുടെ ഉള്ളടക്കം. പ്രവചനപുസ്തകങ്ങളെ പൊതുവായി മുൻകാലപ്രവചനങ്ങൾ, പിൻകാല പ്രവചനങ്ങൾ എന്നിങ്ങനെ വേർതിരിച്ച് മനസ്സിലാക്കാറുണ്ട്. പ്രവചനബുദ്ധ്യാ എഴുതപ്പെട്ട ചരിത്രപുസ്തകങ്ങളാണ് മുൻകാല പ്രവചനങ്ങൾ. മുഖ്യമായും പ്രവചനവാക്കുകൾ ക്രോഡീകരിച്ചുണ്ടായിട്ടുള്ള പിൻകാല പ്രവചനപുസ്തകങ്ങളിൽ കൂടുതൽ അദ്ധ്യായങ്ങളുള്ള യെശയ്യാവ്, യിരമ്യാവ്, യെഹെസ്കേൽ, ദാനിയേൽ എന്നീ പുസ്തകങ്ങളാണ് വലിയ പ്രവാചകപുസ്തകങ്ങൾ. അവയിലൂടെ അറിയപ്പെട്ടവർ വലിയ പ്രവാചകന്മാരായി മനസ്സിലാക്കപ്പെടുന്നു. എന്നാൽ, ഹോശയാ മുതൽ മലാഖിവരെയുള്ള താരതമ്യേന കുറച്ച് അദ്ധ്യായങ്ങൾ മാത്രമുള്ളവ ചെറിയ പ്രവചനപുസ്തകങ്ങൾ എന്ന് മനസ്സിലാക്കപ്പെടുന്നു. വലിയ പ്രവാചകന്മാരെപ്പറ്റിയും അവരുടെ ഗ്രന്ഥങ്ങളെപ്പറ്റിയുമാണ് നമ്മൾ ഇന്ന് പഠിക്കുന്നത്.

## പാഠഭാഗം

### വലിയ പ്രവാചകന്മാർ

പുസ്തകങ്ങളുടെ ബാഹ്യവലിപ്പത്തിന്റെ അടിസ്ഥാനത്തിലാണ്, മറിച്ച് ഉള്ളടക്കം ഗുണപരമായി വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിലല്ല വലിയ പ്രവാചകന്മാർ എന്ന് കണ്ടുവല്ലോ. വലിയ പ്രവാചകന്മാർ ആരെല്ലാം എന്നും അവരുടെ കാലഘട്ടത്തിൽ അവർ നൽകിയ പ്രത്യേക സന്ദേശം എന്തെന്നും അവയ്ക്കുള്ള കാലികപ്രസക്തി എന്തെന്നും നമുക്ക് അന്വേഷിക്കാം.

### യെശയ്യാ പ്രവചനം

66 അദ്ധ്യായങ്ങളുള്ള ബൃഹത്തായ ഈ ഗ്രന്ഥം, 'യഹോവ എന്റെ രക്ഷ/യഹോവയിലുള്ള രക്ഷയെ ഘോഷിച്ചവൻ' എന്ന് അർത്ഥമുള്ള യെശയ്യാവ് എന്ന പ്രവാചകന്റേതായി നാം സ്വീകരിക്കുന്നു. വ്യത്യസ്തങ്ങളായ മൂന്ന് കാലഘട്ടങ്ങളിലെ ദൈവഹിതം അറിയിക്കുന്ന പ്രവചനപുസ്തകം എന്ന് ഈ പുസ്തകത്തെ കാണാം. ആ മൂന്നു കാലഘട്ടങ്ങളിൽ ഒന്നാമത്തേത് രാജഭരണകാലം എന്നോ, പ്രവാസത്തിനു മുമ്പുള്ള കാലം എന്നോ മനസ്സിലാക്കുന്നു (Pre-exilic). യിസ്രായേൽ ജനത്തിന് രാജ്യവും സ്വഗൃഹവാസവും ലഭ്യമായ സമൃദ്ധിയുടെ കാലഘട്ടമായിരുന്നു ഇത്. ഇതെല്ലാം നഷ്ടപ്പെട്ട് പ്രവാസത്തിൽ പ്രത്യാശാനഷ്ടത്തിൽ/നിരാശയിൽ കഴിഞ്ഞ കാലഘട്ടമാണ് രണ്ടാമത്തേത് (exilic period). മൂന്നാമത്തേത് പ്രവാസം അവസാനിച്ചിട്ട് പ്രതീക്ഷയുടെ ഒലിവിലയുമായി ജീവിച്ച (post-exilic) കാലഘട്ടം എന്നുവേണം കരുതുവാൻ.

ഉസ്സിയാവ് എന്ന യഹൂദാ രാജാവിന്റെ ഭരണവും ആ രാജാവ് മരിച്ചതിനെത്തുടർന്നുള്ള കാലവും ആകണം യെശയ്യാ പ്രവചനത്തിന്റെ ആദ്യഘട്ടം (1:1; 6:1 മു.).

**അല്പം നിർത്താം... ചിന്തിക്കാം...**

1. പ്രവാചകന്മാരുടെ ദൗത്യം എന്താണ്?
2. യെശയ്യാ പ്രവചനപുസ്തകത്തിന് എത്ര അദ്ധ്യായങ്ങളുണ്ട്?
3. യെശയ്യാവ് എന്ന പദത്തിന്റെ അർത്ഥം എന്ത്?

അരനൂറ്റാണ്ടോളം യഹൂദാ രാജ്യം ഭരിച്ച രാജാവായിരുന്നു ഉസ്സിയാവ് (2 ദിന. 26) (786-742 ബി. സി.) തന്റെ ഭരണത്തിന്റെ ആദ്യകാലത്ത് ദൈവത്തോട് വിശ്വസ്തതയോടും നീതിയോടുംകൂടി അദ്ദേഹം ഭരണം നടത്തി. എന്നാൽ ബലവാനായപ്പോൾ ഹൃദയത്തിൽ നിഗളത്തോടെ പ്രവർത്തിച്ച് ശിക്ഷ ഏറ്റുവാങ്ങി. അയാളുടെ മരണശേഷം ആയിരുന്നു ദൈവത്തെ ദർശിക്കുവാനും ശുദ്ധീകരിക്കപ്പെടുവാനും പ്രവാചകന് ഇടയായത് (യെശ. 6:1-8). ശുദ്ധീകരണത്തിന്റെ തുടർച്ചയായുള്ള നിയോഗവും അയയ്ക്കലും ജീവിതത്തിൽ എപ്പോഴും ബോധ്യമായി വരേണ്ടതുണ്ട് എന്ന് പ്രവചന (യെശ. 6:8-12) പുസ്തകത്തിൽ പരാമർശിക്കുന്നു. അധർമ്മം കൊടികുത്തിവാണ ഒരു കാലഘട്ടത്തിലാകണം പ്രവചനം നടത്തിയത് (1:21-25, 10:1-4, 5:3-10). നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ ഞാൻ മുഖം തിരിച്ചുകളയും എന്ന മുന്നറിയിപ്പ് അത്യന്തം ഗൗരവമേറിയ വിമർശനമാണ്. തങ്ങളുടെ പ്രാർത്ഥനയ്ക്ക് ദൈവം മുഖം തരും (കേൾക്കും) എന്ന പ്രതീക്ഷ വച്ചുപുലർത്തുന്നവരോടാണ് ഇക്കാര്യം അറിയിക്കുന്നത് എന്നത് പ്രത്യേകം ശ്രദ്ധാർഹമാണ്.

യഹോവയോടുള്ള ഉടമ്പടി അവഗണിച്ച് വിജാതീയ രാജാക്കന്മാരോടുള്ള സഖ്യതയും വിഗ്രഹാരാധനയും വഷളത്തവുമായി ജനം ജീവിച്ചപ്പോൾ അതിനെതിരെയും പ്രവാചകൻ ശബ്ദിച്ചു (2 രാജ. 16, യെശ. 7). യഹോവയോടുള്ള വിശ്വസ്തത, മാതാപിതാക്കന്മാരോടുള്ള വിശ്വസ്ത വിധേയത്വം (1:2-8) നീതിപൂർവ്വകമായ ജീവിതത്തിനുള്ള ഒരുക്കം (1:16-21) എന്നിവ പ്രവാചകന്റെ സന്ദേശങ്ങളിൽ മുന്തിനിൽക്കുന്നു.

അനീതി, അഹങ്കാരം, ആഡംബരപ്രിയം എന്നിവയാൽ ജനം ശിക്ഷിക്കപ്പെടുമെന്നും വിശ്വസ്തത പുലർത്തുന്നവർ കൂട്ടിച്ചേർക്കപ്പെടുമെന്നും യെശയ്യാവ് പ്രവചിച്ചു (1:9). പ്രവാസകാലഘട്ടത്തിലേക്കും പ്രവാചകപുസ്തകം സന്ദേശം നൽകുന്നതായി വേണം മനസ്സിലാക്കുവാൻ (യെശ. അദ്ധ്യായം 40-55 വരെ). അന്നത്തെ പ്രബല രാഷ്ട്ര ശക്തിയായിരുന്ന അശ്ശൂർ സാമ്രാജ്യത്തിന്റെ ആധിപത്യത്തിലേക്ക് യിസ്രായേൽ വരുന്നകാര്യം രാജാക്കന്മാരുടെ പുസ്തകം വിവരിക്കുന്നുണ്ട് (2 രാജാ അ. 16 മുതൽ). ഇത് ബി. സി. 722-21 കാലഘട്ടത്തിൽ നടന്നവയാണ്. എന്നാൽ പിൽക്കാലത്ത് ബാബിലോൺ എന്ന ലോകശക്തിവന്ന് തെക്കേ യഹൂദ്യ പ്രദേശങ്ങൾ കീഴടക്കി ജനങ്ങളെ പലായനം ചെയ്യിക്കുന്ന സ്ഥിതിവരെ എത്തി (അദ്ധ്യായം 25). അതാണ് പ്രധാന പ്രവാസകാലഘട്ടമായി കണക്കാക്കുന്നത്. അങ്ങനെ പ്രവാസത്തിൽ കഴിഞ്ഞ ജനത്തിന് പ്രത്യാശയുടെ സന്ദേശമാണ് യെശ. അ. 40-55. പ്രവാസത്തിലിരിക്കുന്ന ജനത്തിന് നന്മ നൽകുന്ന പുറജാതി രാജാവിനെ (കോരശ്. 2, ദിന. 36:22) യഹോവയുടെ ദൂതനായും (യെശ. 44:28, 45:1) വീണ്ടെടുപ്പിന്റെ വാഹകനായും അവതരിപ്പിച്ചിരിക്കുന്നു.

പ്രവാസകാല സന്ദേശങ്ങളിൽ പ്രധാനമായവയാണ് ദാസഗീതങ്ങൾ എന്നറിയപ്പെടുന്ന പദ്യഭാഗങ്ങൾ (യെശ. 42:1-7, 49:1-6, 50:4-9, 52:13-53:12). യഹോവയുടെ കഷ്ടപ്പെടുന്ന ദാസനെക്കുറിച്ചുള്ള ഈ ഗീതങ്ങൾ അതിമനോഹരങ്ങളായ ദൈവികസന്ദേശം ഉൾക്കൊണ്ടുള്ളവയാണ്. നീതിമാനായ ദാസൻ, ലോകപ്രകാരം നോക്കുമ്പോൾ കഷ്ടപ്പെടുന്നവനായാലും ദൈവം അദ്ദേഹത്തെ ബഹുമാനിച്ചുയർത്തും എന്ന് പ്രഖ്യാപിച്ചിരിക്കുന്നു. നീതിപൂർവ്വകമായ കഷ്ടതയുടെ മഹത്വമാണതിലെ മുഖ്യവിഷയം.

യിസ്രായേലിന്റെ പ്രവാസം പൂർത്തിയായി സ്വദേശത്തേക്കു മടങ്ങിവന്നശേഷമുള്ള ജീവിതത്തിന് ഉതകുന്ന സന്ദേശങ്ങളും യെശയ്യാ പ്രവചനപുസ്തകത്തിലുണ്ട് (യെശ. അ. 56-66). പ്രവാസകാലത്ത് അവർക്ക് യെരുശലേം ദൈവാലയത്തിൽ ആരാധന സാധ്യമായിരുന്നില്ല. മടങ്ങിവന്നശേഷം ആരാധന പുനരാരംഭിച്ചുവെങ്കിലും (യെശ. 60:7) ദേശം സുരക്ഷിതമല്ല. മതിലും നഗരവും (60:10) പുനരായി പണിയപ്പെടേണ്ട കാലഘട്ടത്തിലും

അവർ ദൈവദ്വേഷികളായി നിരീക്ഷിക്കപ്പെടുന്നു. ദൈവികനീതിയും ആശ്വസിപ്പിക്കലും പ്രാവർത്തികമാകണം (യെശ. 58:1–8, 65:1–5). രക്ഷയെ പ്രസിദ്ധമാക്കിയും (59:1–13) യെശയ്യാവ് സന്ദേശം നൽകി.

**അല്പം നിർത്താം... ചിന്തിക്കാം...**

1. ഉസ്സിയാവിന്റെ ഭരണത്തിന്റെ പ്രത്യേകതകൾ എന്തെല്ലാം?
2. യഹോവയായ ദൈവം ജനത്തോട് കോപിക്കുവാൻ കാരണമെന്ത്?
3. പ്രവാചകന്റെ സന്ദേശത്തിൽ മുന്തിനിന്ന മൂന്ന് സദ്ഗുണങ്ങൾ ഏവ?
4. പ്രവാസത്തിൽ കഴിഞ്ഞ ജനത്തിന് പ്രത്യാശ നൽകുന്ന അദ്ധ്യായങ്ങൾ ഏവ?

## മറ്റ് വലിയ പ്രവാചകന്മാർ

### യിരമ്യാവ്

യെഹെസ്കേൽ, ദാനിയേൽ എന്നീ പ്രവചന പുസ്തകങ്ങളും വലിയ പ്രവചനപുസ്തകങ്ങളായി കണക്കാക്കപ്പെടുന്നവയാണ്. 52 അദ്ധ്യായങ്ങളുള്ള യിരമ്യാവിന്റെ പ്രവചനപുസ്തകം, ആ പ്രവാചകന്റെ പേര് അന്വർത്ഥമാക്കുന്നതരത്തിൽ 'ദൈവം ഉയർത്തുന്ന' ഒരു ദൈവമനുഷ്യന്റെ പോരാട്ട കഥയാണ്.

ബാല്യത്തിൽതന്നെ അദ്ദേഹം പ്രവാചക ചുമതലയിലേക്ക് വിളിക്കപ്പെട്ടു (യിരെമ്യാ. അ. 1–3). ദൈവിക ചുമതല നിർവഹണത്തിലേക്കുള്ള വിളിയുടെ ഉത്തമനിദർശനമാണിത്. ദൈവവിളിയുടെ സമാന വിവരണങ്ങൾ മോശെയോടും (പുറ. 3:1–16) ശമുവേലിനോടും (1 ശമു. 3:1–10) ബന്ധിപ്പിച്ച് വേദപുസ്തക എഴുത്തുകാർ ചേർത്തിട്ടുണ്ട്. കഷ്ടപ്പാടിന്റെയും പീഡയുടെയും കണ്ണീരിന്റെയും അനുഭവങ്ങളിലൂടെയാണ് യിരമ്യാവ് കടന്നുപോയത് എങ്കിലും ആർദ്രമായ ദൈവാനുഭവത്തിന്റെയും നീതിനിഷ്ഠയുടെയും പ്രത്യാശയുടെയും പ്രതിനിധിയായിരുന്നു പ്രവാചകൻ. പ്രവചനപുസ്തകത്തിന്റെ പ്രാരംഭ അദ്ധ്യായങ്ങൾ വിളിബോധ്യം നൽകുന്നതിനൊപ്പം അതിന്റെ ഉറപ്പിക്കലിനുതകുന്ന ദൈവസ്നേഹത്തെക്കുറിച്ചും മനുഷ്യപ്രതികരണത്തിന്റെ യോഗ്യത അതിനോടുള്ള ദൈവിക പ്രതികരണം എന്നിവയും വിവരിച്ചിരിക്കുന്നു. ദൈവത്തിന് യിസ്രായേലിനോടുള്ള സ്നേഹം, യിസ്രായേലിന്റെ അനുകൂല പ്രതികരണം, ആദ്യ സ്നേഹത്തിൽനിന്നുള്ള മാറിപ്പോക്ക്, അതിൽ ദുഃഖിക്കുന്ന യഹോവ, അതോർത്ത് ക്ഷോഭിക്കുന്ന പ്രവാചകൻ എന്നിവ ഈ പുസ്തകം അവതരിപ്പിക്കുന്നു.

### യെഹസ്കിയേലും ദാനിയേലും

ബാബേൽ പ്രവാസികൾക്കൊപ്പം ജീവിച്ച 'ദൈവം ശക്തിപ്പെടുത്തുന്നു' എന്ന നാമധാരിയായ യെഹസ്കിയേൽ, പുരോഹിത ശുശ്രൂഷ കൂടി നിർവ്വഹിച്ച ദൈവസ്നേഹിയായ പ്രവാചകനായിരുന്നു (യെഹ. 1:3–5, 3:15–17, 8:1–5, 20:1–3) ജീവിതത്തിലെ കഷ്ടപ്പാടുകളുടെ മദ്ധ്യത്തിലും പ്രത്യാശയോടെ ദൈവത്തെ അന്വേഷിക്കുവാനാവും എന്നാണദ്ദേഹത്തിന്റെ സന്ദേശം. ദാനിയേൽ എന്ന യഹൂദ യൗവ്വനക്കാരൻ ഹാനനിയ, അസറിയ, മീശായേൽ എന്നിവരോടൊപ്പം ബാബേൽ രാജാവിന്റെ രാജകൊട്ടാരത്തിൽ പ്രവർത്തിച്ചതായി മനസ്സിലാക്കപ്പെടുന്നു. സാഹചര്യങ്ങൾ എത്ര വ്യത്യസ്തവും പ്രതികൂലവും

ആയാലും ജീവിതനൈർമല്യത്തിലും വിശുദ്ധിയിലും ജീവിക്കാനാവും എന്നതാണ് ഇവരുടെ ജീവിതം നൽകുന്ന സന്ദേശം.

## നമുക്ക് ചിന്തിക്കാം

1. വലിയ പ്രവാചകന്മാർ ആരെല്ലാം? അവരുടെ പ്രവചനഗ്രന്ഥത്തിന് എത്ര അദ്ധ്യായങ്ങൾ വീതം ഉണ്ട്?
2. യെശയ്യാ പ്രവാചകന്റെ പുസ്തകത്തെ എത്രയായി വിഭജിച്ചിരിക്കുന്നു? അതിന്റെ വിഭജനം എങ്ങനെ?
3. യെശയ്യാവ് പ്രചനം നടത്തിയപ്പോൾ ഭരണം നയിച്ച രാജാക്കന്മാർ ആരെല്ലാം?
4 'ദാസഗീതങ്ങൾ' എന്നാലെന്ത്? അതിലെ മുഖ്യവിഷയം എന്താണ്?
5. ദാനിയേൽ പ്രചനം നടത്തിയപ്പോൾ ഏതെല്ലാം രാജാക്കന്മാർ ഭരണം നടത്തിയിരുന്നു? യിരെമ്യാപ്രവചനത്തിന്റെ സന്ദേശം എന്ത്?
6. യെഹസ്കിയേൽ പ്രവാചകന്റെ പുരോഹിതവൃത്തി തെളിയിക്കുന്ന വേദഭാഗങ്ങൾ ഏതെല്ലാം?
7. യെഹസ്കിയേൽ, ദാനിയേൽ എന്നീ പ്രവചനങ്ങളിലെ ദർശനങ്ങൾ വിശദമാക്കുക?

## പ്രവർത്തനങ്ങൾ

1. യെശയ്യാവ് 6, 2 ദിനവൃത്താന്തം 26 എന്നീ അദ്ധ്യായങ്ങൾ വായിച്ച് പ്രധാന ആശയങ്ങൾ ചേർത്ത് ഒരു ഡയറിക്കുറിപ്പ് തയ്യാറാക്കുക.
2. ദൈവം അധർമ്മമുള്ള അധരങ്ങളിൽനിന്നുള്ള പ്രാർത്ഥനകൾ ശ്രവിക്കുമോ? ദൈവബന്ധത്തിൽ നിലനിന്ന് ദൈവഹിതം അന്വേഷിച്ച് ജീവിക്കുന്നതിന്റെ തുടർച്ചയായുള്ള ആരാധനയ്ക്കുള്ള പ്രസക്തി ക്ലാസ്സിൽ ചർച്ച ചെയ്യുക.
3. യെശയ്യാപ്രവചനത്തിൽ യേശുവിനെക്കുറിച്ച് പ്രവചിച്ചിരിക്കുന്ന വാക്യങ്ങൾ കണ്ടെത്തി, വാക്യവും വേദപുസ്തക റഫറൻസും അടങ്ങുന്ന ഒരു ചാർട്ട് തയ്യാറാക്കുക.
4. വലിയ പ്രവാചകന്മാരുടെ പേരുകളും അവരുടെ ഗ്രന്ഥങ്ങളും ഓരോ ഗ്രന്ഥത്തിലെയും അദ്ധ്യായങ്ങളുടെ എണ്ണവും അടങ്ങുന്ന ഒരു പട്ടിക വരച്ചുണ്ടാക്കുക.
5. ഏതെങ്കിലും മൂന്നു വലിയ പ്രവാചകന്മാരുടെ നാലോ, അഞ്ചോ പ്രധാന പ്രവചനങ്ങൾ രേഖപ്പെടുത്തി അത് പ്രവാചകൻ പ്രവചിക്കുന്നതുപോലെ ക്ലാസ്സിൽ അഭിനയിക്കുക.

### നമുക്ക് പാടാം

വി. കുർബ്ബാനയിലെ ധൂപപ്രാർത്ഥനയിലെ ഒരു ഗീതം. വി. കുർബ്ബാനക്രമം പേജ് 212

പാവന നിബിമാരേ... രാജ്യസുത ശ്ലീഹന്മാരേ...
അഭ്യർത്ഥിപ്പീൻ-ഭുവന ക്ഷേമാർത്ഥം
സമരം മായട്ടെ-കലഹം ശമമാർന്നീടട്ടെ
സഭയും സുതരും-സ്തുതി പാടീടട്ടെ
ബാറെക്മോർ

നിർമ്മല നിബി ശ്ലീഹാ-സഹദേന്മാരേ നിങ്ങളുടെ
മകുടം വാനിൽ-ഭക്തജനം ഭൂവിൽ
മശിഹാതൻ സഭയിൽ-ശക്തി വളർത്തിയ നിങ്ങളുടെ
സ്മൃതി മാനിച്ചോ-നെങ്ങും ധന്യൻതാൻ
മൊറിയോറാഹേം മേലൈൻ....

## നിശ്ചയം

**ദൈവത്തിന്റെ അരുളപ്പാട് അറിഞ്ഞ് അതിൻപ്രകാരം ജീവിച്ച ശ്രേഷ്ഠരായ പ്രവാചകന്മാരുടെ പ്രത്യേകതകൾ ഞങ്ങൾ മനസ്സിലാക്കി. അവരെപ്പോലെ ദൈവഹിതമറിഞ്ഞ് ഞങ്ങൾ ജീവിക്കും. വി. സഭയിലെ വി. കൂദാശകളിലൂടെയും, പ്രാർത്ഥന, നോമ്പ് തുടങ്ങിയ അനുഷ്ഠാനങ്ങളിലൂടെയും ദൈവത്തെ കാണുവാനും ദൈവഹിതം അറിയുവാനും ഞങ്ങൾ ശ്രമിക്കും. അവ ഞങ്ങളുടെ ജീവിതത്തിൽ പ്രാവർത്തികമാക്കും.**

## നമുക്ക് പ്രാർത്ഥിക്കാം

*ദൈവമായ കർത്താവേ പരിശുദ്ധന്മാരായ വലിയ പ്രവാചകന്മാരെക്കുറിച്ച് പഠിക്കുവാൻ ഞങ്ങൾക്ക് ഇടയായതിനാൽ ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. അവരെപ്പോലെ നിനക്ക് ഇഷ്ടമുള്ളവരാകുവാനും ദൈവികരായി ജീവിപ്പാനും നിന്റെ ഇഷ്ടം ലോകത്തിന്റെ മുമ്പിൽ അറിയിക്കുവാനും ഞങ്ങളെ നീ ഒരുക്കണമെ. നിനക്കു കൊള്ളാവുന്ന നല്ല സാക്ഷികളായിരിപ്പാൻ ഞങ്ങളെ സഹായിക്കണമെ. ഞങ്ങൾ പിതൃപുത്ര പരിശുദ്ധാത്മാവായ നിനക്ക് എന്നാളും സ്തുതിയും സ്തോത്രവും കരേറ്റുമാറാകണമെ... ആമ്മീൻ.*

## തുടർവായനയ്ക്ക്

| ദിവസം | രാവിലെ | വൈകുന്നേരം |
|---|---|---|
| ഞായർ | — | യെശയ്യാവ് 7 |
| തിങ്കൾ | യെശയ്യാവ് 42 | യെശയ്യാവ് 53 |
| ചൊവ്വ | യെശയ്യാവ് 11 | യെശയ്യാവ് 49 |
| ബുധൻ | യെശയ്യാവ് 6 | 2 ദിന. 26 |
| വ്യാഴം | യെശയ്യാവ് 50 | യെശയ്യാവ് 52 |
| വെള്ളി | യെശയ്യാവ് 57 | യെശയ്യാവ് 58 |
| ശനി | യിരമ്യാവ് 23 | — |

പാഠം 2

# ചെറിയ പ്രവാചകന്മാർ

## പഠനോദ്ദേശ്യങ്ങൾ

വേദപുസ്തകത്തിലെ ചെറിയ പ്രവാചകന്മാരെക്കുറിച്ച് മനസ്സിലാക്കുക. അവർ പ്രവാചക ദൗത്യം നിർവ്വഹിച്ച സ്ഥലങ്ങൾ, കാലഘട്ടം, അവരുടെ ഗ്രന്ഥങ്ങളുടെ പ്രത്യേകതകൾ എന്നിവ മനസ്സിലാക്കുക, ദൈവഹിതം അറിഞ്ഞ് ജീവിക്കുക.

**മനഃപാഠവാക്യം:** "യഹോവയുടെ വലുതും ഭയങ്കരവുമായുള്ള ദിവസം വരുംമുമ്പേ സൂര്യൻ ഇരുളായും ചന്ദ്രൻ രക്തമായും മാറിപ്പോകും. എന്നാൽ യഹോവയുടെ നാമം വിളിച്ചപേക്ഷിക്കുന്നവൻ ഏവനും രക്ഷിക്കപ്പെടും" (യോവേൽ 2:31, 32).

**പഠനസഹായികൾ:**

പാലസ്തീൻ നാടിന്റെ ഭൂപടം (പ്രവാചകന്മാർ പ്രവചനം നടത്തിയിട്ടുള്ള സ്ഥലങ്ങൾ അടയാളപ്പെടുത്തിയത്)

ചെറിയ പ്രവാചകന്മാരുടെ പേരുകൾ എഴുതിയ ബാഡ്ജുകൾ

വി. വേദപുസ്തകം, വി. കുർബ്ബാനക്രമം, പ്രാർത്ഥനാക്രമം

## ആമുഖം

വേദപുസ്തകത്തിലെ പ്രവാചകന്മാരെ രണ്ടായി തിരിച്ചിരിക്കുന്നു എന്നും വലിയ പ്രവാചകന്മാർ എന്നും ചെറിയ പ്രവാചകന്മാർ എന്നും പേർ വിളിക്കുന്നു എന്നും കഴിഞ്ഞ അദ്ധ്യായത്തിൽ നമ്മൾ വിശദമായി പഠിച്ചു. ഈ അദ്ധ്യായത്തിൽ ചെറിയ പ്രവാചകന്മാരെക്കുറിച്ചാണ് നാം മനസ്സിലാക്കുവാൻ പോകുന്നത്. ഭാവിയിൽ സംഭവിക്കുവാനിരിക്കുന്ന കാര്യങ്ങൾ മുൻകൂട്ടി പ്രസ്താവിക്കുന്നതിനോടൊപ്പം തന്നെ സമകാലീന സംഭവങ്ങളുടെ പ്രാധാന്യം ദൈവഹിതത്തിന്റെ വെളിച്ചത്തിൽ വ്യാഖ്യാനിക്കുക എന്ന ഉത്തരവാദിത്വവും പ്രവാചകന്മാർ (നിബിയന്മാർ) നിർവ്വഹിച്ചു. യാതൊരു വ്യക്തിതാല്പര്യങ്ങളുമില്ലാതെ അവർ ദൈവഹിതത്തിനൊത്ത് പ്രവചിച്ചു. ദൈവം അവരെ വിളിച്ച് വേർതിരിച്ച് കഴിവുകളും പ്രാപ്തിയും നൽകി അവരെ കർത്തവ്യനിർവ്വഹണത്തിന് സജ്ജമാക്കി. അവരെക്കുറിച്ച് നമുക്ക് ഈ അദ്ധ്യായത്തിൽകൂടി മനസ്സിലാക്കാം.

## പാഠഭാഗം

പിൽക്കാല പ്രവചനപുസ്തകങ്ങളിൽ താരതമ്യേന കുറച്ച് അദ്ധ്യായങ്ങൾ മാത്രമുള്ള പ്രവചന പുസ്തകങ്ങളാണ് ചെറിയപ്രവചനങ്ങൾ എന്ന് മുൻ അദ്ധ്യായത്തിൽ കണ്ടുവല്ലോ. ഹോശെയാ മുതൽ മലാഖിവരെയുള്ള പന്ത്രണ്ട് പുസ്തകങ്ങൾ ഈ ഗണത്തിൽ

പെടുന്നവയാണ്. പുസ്തകങ്ങളുടെ ബാഹ്യവലിപ്പം കുറവാണെങ്കിലും ഉള്ളടങ്ങിയിട്ടുള്ള സന്ദേശംകൊണ്ട് ഈടുറ്റവ തന്നെയാണ്. ചെറിയ പ്രവചനപുസ്തകങ്ങളും അവയിലെ മുഖ്യ പരാമർശിതരായ പ്രവാചകന്മാരും.

## ചെറിയ പ്രവാചകന്മാരും പ്രവചന കാലവും

മുൻ പാഠത്തിൽ വിശകലനമാനദണ്ഡമായി സ്വീകരിച്ചതുപോലെ, പ്രവചനശുശ്രൂഷാ കാലഘട്ടത്തെ മൂന്നായി തരംതിരിച്ച് ചെറിയ പ്രവചനപുസ്തകങ്ങളെ മനസ്സിലാക്കാം. പ്രവാസത്തിനുമുമ്പ് ഏകദേശം ഒരേ കാലഘട്ടത്തിൽ ശുശ്രൂഷ അനുഷ്ഠിച്ചവരാണ് ആമോസും ഹോശെയായും മീഖായും (800-700 ബി. സി). ഇവർ വലിയ പ്രവചനപുസ്ത കത്തിൽ പരാമർശിതനായ യെശയ്യാവിന്റെ (അദ്ധ്യായങ്ങൾ 1-39) സമകാലികരായിരുന്നു.

യിസ്രായേലിൽ രാജവാഴ്ചയുടെയും സുഭിക്ഷതയുടെയും കാലം സുസ്ഥിരഭരണം കൊണ്ടുവന്ന സാമൂഹികവും സാമ്പത്തികവുമായ ഉയർച്ചയുടെ ദിനങ്ങളിൽ എളിയവരെ ആദരിക്കുവാനോ, കഷ്ടതയുടെ കണ്ണുനീരിനെയും അദ്ധ്വാനത്തിന്റെ വിയർപ്പിനെയും വിലമതിക്കുവാനോ പലർക്കും കഴിഞ്ഞില്ല. കരുണകാട്ടുവാൻ വൈമുഖ്യമുള്ള കാലം, നീതിയും ന്യായവും അന്യമായിരുന്ന ആ കാലഘട്ടത്തിൽ ആണ് നീതിപ്രഘോഷക നായ ആമോസും ദൈവസ്നേഹം പ്രവർത്തിയിലാക്കിയ ഹോശെയായും യഹോവയുടെ അതുല്യത അറിയിച്ച മീഖായും പ്രവചിച്ചത്.

## പ്രവാസത്തിനുമുമ്പ്

ബി. സി. എട്ടാം നൂറ്റാണ്ട് എന്തുകൊണ്ടും പ്രത്യേകത നിറഞ്ഞ കാലഘട്ടമായിരുന്നു. യൊരെബെയാം II രാജാവിന്റെ കാലഘട്ടമായിരുന്നു. സുസ്ഥിര ഭരണം രാജ്യവിസ്തൃതി വർദ്ധിപ്പിക്കുകയും കൂട്ടിച്ചേർത്ത രാജ്യങ്ങളിൽനിന്നുള്ള വിഭവങ്ങളും കച്ചവടവുംകൊണ്ട് സാമ്പത്തികനേട്ടം കൈവരുത്തുകയും ചെയ്തു. സ്വാഭാവികമായും ആഡംബരം, ചൂഷണം, അനീതി, ദയയില്ലായ്മ എന്നിവ വർദ്ധിച്ചിരുന്നു. (ആമോ. 4:5:10-12; 8:4-6, മീഖാ. 1:5-6, 3.9-11) ആത്മികരംഗം മലീമസമാകുകയും സാമൂഹികരംഗം താറുമാറാകുകയും ചെയ്ത കാലഘട്ടമായിരുന്നു അതെന്ന് മനസ്സിലാക്കാം (ആമോ 2:7, 5:10). സമ്പത്ത് വർദ്ധിച്ചതി നൊപ്പം ദൈവാരാധനയുടെ പ്രകടനാത്മകത ആനുപാതികമെന്നോണം വർദ്ധിച്ചു (ആമോ 4:4, യെശ. അ. 58) തിന്മ വിട്ടകന്ന് നന്മ ചെയ്യുവാനും ദയാതാല്പര്യത്തോടും ന്യായബോധ്യ ത്തോടുംകൂടി ജീവിക്കുവാനും സത്യസന്ധമായ ജീവിതത്തിന്റെ അടിത്തറയിൽ ദൈവാ രാധന നിർവഹിക്കുവാനുമാണ് പ്രവാചകന്മാരുടെ ആഹ്വാനം (ആമോ. 5:15, 5:24, മീഖാ. 6:6-8).

**അല്പം നിർത്താം... ചിന്തിക്കാം...**

1. ചെറിയ പ്രവചനങ്ങൾ എന്നാൽ എന്താണ് അർത്ഥമാക്കുന്നത്?
2. ആമോസ്, ഹോശേയാ, മീഖാ എന്നീ പ്രവാചകന്മാരുടെ പ്രധാന വിശേഷണ ങ്ങൾ ഏവ?

## ഹോശെയാ പ്രവചനം

ദൈവത്തെക്കുറിച്ചും സംഘർഷനിർഭരമായ സാഹചര്യങ്ങളിലെ മനുഷ്യബന്ധത്തെ ക്കുറിച്ചും വലിയ ഉൾക്കാഴ്ചകളാണ് ഹോശേയാ പ്രവചനപുസ്തകം നൽകുന്നത്. മൂന്നു തലങ്ങളിൽ പ്രതികൂലാവസ്ഥ നിലനിന്നിരുന്നതായി കരുതാം. ഒന്ന് ദേശം ദൈവബന്ധ

ത്തിൽ അവിശ്വസ്ത ജീവിതം നയിക്കുന്നു. രണ്ട് സാമൂഹികവും മതപരവുമായ നില വാരം ഏറെ അധഃപതിച്ചിരുന്നു. മൂന്ന് വ്യക്തിജീവിതത്തിലെ അവിശ്വസ്തത ജീവിതത്തെ ഏറെ സംഘർഷത്തിലാക്കിയിരിക്കുന്നു.

i. അന്നത്തെ ലോക സാമ്രാജ്യശക്തികൾ അശ്ശൂരും (Assyrians) മിസ്രയീമും (Egyptians) ആയിരുന്നു (7:11, 8:8-10). യിസ്രായേൽ പുറജാതി രാജ്യങ്ങളെ നിലനിൽപ്പി നായി ആശ്രയിക്കുകയും അവരുടെ മാലിന്യവഴികളിലും അന്യദൈവ ആരാധനയിലും ഇഷ്ടപ്പെട്ട് അവർ ജീവിക്കുകയും ചെയ്തു. സമാനമായ സാഹചര്യത്തിൽ യെശയ്യാവ് പ്രവചിച്ചത് നിങ്ങൾക്ക് ദൈവവിശ്വാസമില്ല എങ്കിൽ സ്ഥിരവാസവും ഉണ്ടാകുകയില്ല (7:9) എന്നാണ്. ജ്ഞാനിയായ ശലോമോൻപോലും തെറ്റിപ്പോയത് സമാനമായ രാജ്യ ങ്ങളുമായി ബന്ധത്തിലേർപ്പെട്ടതിനാലായിരുന്നു എന്നു കാണാം.

ii. സാമൂഹികരംഗത്ത് രക്തപാതകവും കളവും അധികരിക്കുകയും ദയയും സത്യവും ഇല്ലാതെ യഹോവ ജനത്തോട് വ്യവഹരിക്കേണ്ട അഥവാ കുറ്റം വിധിക്കേണ്ട സാഹ ചര്യം ഉണ്ടാവുകയും ചെയ്തു (4:1-5). സമാനമായ സ്ഥിതി മതപരമായ അന്തരീക്ഷ ത്തിലും നിലനിന്നിരുന്നിരിക്കണം. അന്യദൈവ ആരാധനയും (2:12-13), ദൈവ പരി ജ്ഞാനം ത്യജിച്ചുള്ള ജീവിതവും (4:6) അവിടെ നിലനിന്നു.

iii. വ്യക്തിജീവിതത്തിലെ അപചയവും അവിശ്വസ്തതയും വെളിവാക്കുന്നതിന് ഉദാ ഹരണം പ്രവാചകന്റെ ഭാര്യ തന്നെയാണ്. അവർ പ്രവാചകനായ ഹോശെയായോട് അവിശ്വസ്തയായി പ്രവർത്തിച്ചത്രെ (1:2-3). ഇതുതന്നെ ശേഷം ജനത്തിന്റെയും ജീവി തമുഖമുദ്രയായി പ്രവാചകൻ കാണുന്നു (4:14).

എല്ലാ തെറ്റുകളിലും ജനത്തിനും നേതാക്കൾക്കും അനുതാപം ആവശ്യമുണ്ടെന്നും അവർ കുറ്റം ഏറ്റുപറഞ്ഞ് ദൈവമുഖം അന്വേഷിക്കണം എന്നുമാണ് പ്രവാചകൻ ദൈവ സന്ദേശമായി അറിയിക്കുന്നത് (5:15). അവിശ്വസ്തതയുടെയോ തിന്മയുടേയോ ന്യായ നിന്ദയുടേയോ മുഖത്ത് ദൈവം തന്റെ കാരുണ്യം ഒഴുക്കാതെയിരിക്കയില്ല എന്നാണ് ഹോശെയായുടെ സന്ദേശം. 'യഹോവ സഹായിക്കുന്നു' എന്നാണ് ആ പേരിന്റെ അർത്ഥം തന്നെ. സത്യദൈവത്തെ മറക്കുന്നത് ദമ്പതികളുടെ പരസ്പര അവിശ്വസ്തതപോലെ മലിനകരം ആണെന്നും (13:4) ദൈവം കാരുണ്യവാനും ദയാതല്പരനുമാണെന്നും ഉറക്കെ പ്രഖ്യാപിക്കുന്നു ഈ പ്രവാചകൻ.

**അല്പം നിർത്താം... ചിന്തിക്കാം...**

1. ഹോശെയാ പ്രവചനത്തിൽ പ്രതിപാദിക്കുന്ന പ്രതികൂലാവസ്ഥയുടെ മൂന്നു ത ലങ്ങൾ ഏവ?
2. ശലോമോൻ തെറ്റിപ്പോകാൻ കാരണമെന്ത്?
3. തെറ്റു ചെയ്യുന്നവൻ എന്തുചെയ്യണമെന്നാണ് പ്രവാചകൻ പറയുന്നത്?

## പ്രവാസകാലം

തുടർന്നുള്ള കാലഘട്ടത്തിൽ (700-550 ബി. സി.) പ്രവചനശുശ്രൂഷ നിർവഹിച്ചവ രാണ് നഹൂം, ഹബക്കൂക്, സെഫന്യാവ് എന്നീ ചെറിയ പ്രവാചകന്മാർ. അവർ യിരെമ്യാ വിന്റെ സമകാലികരും ആയിരുന്നിരിക്കണം. ബി.സി. ഏഴാം നൂറ്റാണ്ടിന്റെ അവസാനകാ ലത്തിലെ സാമൂഹിക, രാഷ്ട്രീയ പശ്ചാത്തലത്തിലാകണം ഈ പ്രവചനങ്ങൾ ഉണ്ടാ യത്. ഈ കാലഘട്ടത്തിൽ യിസ്രായേലിന്റെ മതാനുഭവങ്ങളെ ആഴത്തിൽ സ്വാധീനിച്ച

ചില സാമൂഹിക രാഷ്ട്രീയ പ്രത്യേകതകൾ ഉണ്ടായതായി അനുമാനിക്കാം. അശ്ശൂര്യർ വടക്കേ യിസ്രായേൽ ആക്രമിച്ചു കീഴടക്കി ക്രൂരത അഴിച്ചുവിട്ടതിന്റെ ബാക്കിപത്രവും യോശീയാ രാജാവിന്റെ മതനവീകരണവും ആഡംബരപ്രിയം, ദയാരാഹിത്യം എന്നിവയും പ്രവചനങ്ങളുടെ സാമൂഹിക സാഹചര്യമായുണ്ടാകണം. എന്നാൽ ഏറ്റം പ്രധാന സന്ദേശം കഷ്ടപ്പെടുന്ന ദൈവജനത്തിന്റെ രക്ഷയാണ്.

അശ്ശൂർ സാമ്രാജ്യത്തിന്റെ ക്രൂരതയിൽ ഞെരുങ്ങി ഇല്ലാതാകുന്ന യിസ്രായേൽ ജനത്തെ ദൈവം ഇടപെട്ട് രക്ഷിക്കുമെന്നും ക്രൂരത അഴിച്ചുവിട്ടവർ (നിനവെ) നശിക്കുമെന്നും നഹൂം പ്രവാചകൻ സന്ദേശം നൽകി (2:13, 3:3-7). യെഹസ്കിയേലിലും സമാനമായ പ്രവചനഭാഗങ്ങളുണ്ട് (1:5-9, 16:2-4). ലോകരാജ്യങ്ങളെ കീഴടക്കിവാണ അശ്ശൂര്യരെ കീഴ്പ്പെടുത്തി ബാബിലോൺ സാമ്രാജ്യം സ്ഥാപിക്കപ്പെട്ട കാലഘട്ടമായിരുന്നു അത് (2:1-2, 4-8, 3:8).

എട്ടാം നൂറ്റാണ്ടിലേതുപോലെയുള്ള വഷളത്തിന്റെയും വിഗ്രഹാരാധനയുടെയും പശ്ചാത്തലത്തിലാകണം ഹബക്കൂക് പ്രവചനം നിർവഹിച്ചത്. ദ്രവ്യാഗ്രഹം, കാരുണ്യമില്ലായ്മ, വിഗ്രഹാരാധന, മദ്യപാനം എന്നിവയ്ക്കെതിരെ പ്രവാചകൻ ശബ്ദമുയർത്തി (2:6-8, 9-12, 15-16, 18-19). സെഫന്യാവും സമാനമായ സന്ദേശം നൽകിയിരിക്കുന്നു (1:4-8, 2:2-4, 3:1-5).

## പ്രവാസാനന്തരം

ഹഗ്ഗായി, സെഖര്യാവ്, ഒബദ്യാവ്, മലാഖി എന്നീ ചെറിയ പ്രവാചകന്മാരും ശക്തമായ സന്ദേശങ്ങളാണ് സമൂഹത്തിന് നൽകിയത്. യിസ്രായേലിന്റെ മേൽ അധീശത്വം സ്ഥാപിച്ചിരുന്ന ബാബിലോണിനെ കീഴ്പ്പെടുത്തി പേർഷ്യൻ സാമ്രാജ്യം ഉയർന്നുവന്ന കാലഘട്ട(ബി. സി. 558)ത്തിലാണ് ഹഗ്ഗായി, സെഖര്യാവ് മുതലായ ചെറിയ പ്രവാചകന്മാർ ശുശ്രൂഷ നിർവഹിച്ചത്.

പേർഷ്യയുടെ അധിപതിയായ കോരെശ് രാജാവ് സ്വദേശത്തേക്കു മടങ്ങിപ്പോകുവാൻ പ്രവാസികൾക്ക് സ്വാതന്ത്ര്യം നൽകി (എസ്രാ. 1:2-4) യഹൂദ്യയിൽ മടങ്ങിയെത്തിയ അവർ ദൈവാലയ നിർമ്മണത്തിലേർപ്പെടണമെന്നുള്ള ദൈവഹിതം ഹഗ്ഗായി പ്രവാചകനും അറിയിച്ചു (1:3-15, 2:10-20). എന്നാൽ അവർ അത് ഗൗനിക്കുന്നില്ല.

മടങ്ങിവന്ന ജനത്തിന്റെ അസംതൃപ്തിയുടെ പശ്ചാത്തലത്തിൽ ദൈവിക പ്രത്യാശയിലൂന്നി ദൈവാലയ നിർമ്മാണ യജ്ഞവുമായി മുന്നോട്ടുപോകണം എന്നാണ് സെഖര്യാവ് അറിയിച്ചത് (1:15-16, 4:9, 6:10-13). ദൈവാലയത്തോടു ബന്ധിതമായ ഒരു ആത്മികനിർവ്വഹണം ഉയർത്തിപ്പിടിക്കുന്നതിനൊപ്പം (2:10, 8:3, 4:9, 6:9-13) നീതിയുക്തവും കാരുണ്യസ്പർശവുമുള്ള പരസ്പരാനുഭവം നിലനിർത്തേണ്ടതിന്റെ ആവശ്യകതയും അദ്ദേഹം ഉറപ്പിച്ച് അറിയിക്കുന്നു (7:9 മു. 8:16 മു.).

## ഉപസംഹാരം

ചുരുക്കത്തിൽ കാലിക പ്രാധാന്യവും സംഗതവുമായ സന്ദേശങ്ങൾ പൊതുസമൂഹത്തിനും ദൈവജനത്തിനുമായി നൽകിയ വലിയ പ്രവാചകന്മാരാണ് ചെറിയ പ്രവചന ഗ്രന്ഥങ്ങളിലൂടെ നാം വായിച്ചറിയുന്ന ചെറിയ പ്രവാചകന്മാർ. ന്യായപ്രമാണം, ദൈവബന്ധം, ഉടമ്പടി, ദൈവജനസങ്കൽപ്പം എന്നിവയുടെ ബോധ്യത്തിൽ യിസ്രായേലിൽ മഹത്വകരമായ ശുശ്രൂഷ അവർ നൽകി.

## നമുക്കു ചിന്തിക്കാം

1. ചെറിയ പ്രവാചകന്മാർ പ്രവചനം ആരംഭിച്ച കാലഘട്ടം ഏത്?
2. യിസ്രായേലിന്റെ അധഃപതനങ്ങൾക്ക് പ്രധാനമായും കാരണമായിത്തീർന്നത് എന്ത്?
3. പ്രവാചകന്മാർ പറയുന്ന അപജയങ്ങളിൽ ഏതെല്ലാം ഇന്നത്തെ ലോകസാഹചര്യത്തിൽ കാണാം?
4. ഹഗ്ഗായി പ്രവാചകന്റെ സന്ദേശത്തിന്റെ കാതൽ എന്തായിരുന്നു?

## പ്രവർത്തനങ്ങൾ

1. ആമോസ് 5:24; യെശ. 1:15-16, മീഖാ. 6:8 എന്നീ വാക്യങ്ങളെ അധികരിച്ച് ക്ലാസ്സിൽ ഒരു ചർച്ച നടത്തുക.
2. മേൽ ഉദ്ധരിച്ച വേദഭാഗങ്ങളെ ആസ്പദമാക്കി ഒരു പ്രസംഗം തയ്യാറാക്കുക.
3. മീഖാ. 6:8, ആമോസ് 5:24 എന്നീ വാക്യങ്ങൾ മനഃപാഠമാക്കുക.
4. ഹോശ. 6:6-ന്റെ കാലികപ്രസക്തി വിശകലനം ചെയ്യുക.
5. ഹോശ. 6:6, യോവേൽ 2:32 എന്നീ വാക്യങ്ങൾ ഹൃദിസ്ഥമാക്കുക.
6. ഏതെങ്കിലും ഒരു ചെറിയ പ്രവാചകന്റെ പ്രധാന സന്ദേശങ്ങൾ, അവ അറിയിച്ച മാർഗ്ഗങ്ങൾ എന്നിവയെക്കുറിച്ച് ചർച്ച ചെയ്യുക.
7. ചെറിയ പ്രവാചകന്മാരുടെ പേരുകൾ എഴുതിയ ബാഡ്ജ് ധരിച്ചുകൊണ്ട് അവരവരുടെ പ്രവാചക ദൗത്യം നിർവ്വഹിക്കുന്നത് റോൾപ്ലെ ആയി ക്ലാസ്സിൽ അഭിനയിക്കുക.

## നമുക്കു പാടാം

വി. കുർബ്ബാനയിലെ ധൂപപ്രാർത്ഥനയിലെ ഒരു ഗീതം വി. കുർബ്ബാനക്രമം പേജ് 212

ഭാഗ്യം നിബിയർക്കും-ഭാഗ്യം ശ്ലീഹർക്കും
ഭാഗ്യം സഹദേർക്കും-പുനരുത്ഥാനദിനേ
ബാറെക്മോർ
മശിഹായെ കാണ്മാൻ-കാംക്ഷിച്ചൊരു സഹദേർ
വാളാൽ ചിറകുകൾ പൂ-ണ്ടുന്നതപദമേറി
മൊറിയോറാഹേം മേലൈൻ.....

### നിശ്ചയം

**ആമോസ് പ്രവാചകൻ ഉപദേശിച്ച നീതിയിൽ
അധിഷ്ഠിതമായി ഞങ്ങൾ ജീവിക്കും.
ദൈവ ആരാധനയിൽ പൂർണ്ണ ശ്രദ്ധയോടെ ജീവിക്കും.
വ്യക്തിജീവിതത്തിൽ അപജയവും അവിശ്വസ്തതയും
ഉണ്ടാകാതെ സൂക്ഷിക്കും.
ദൈവത്തിന്റെ ന്യായവിധിയെ ഓർക്കുവാനും
അനുതപിക്കുവാനും ശ്രമിക്കും.**

## നമുക്ക് പ്രാർത്ഥിക്കാം

*ദൈവമായ കർത്താവേ നിന്റെ തിരുവചനത്തിൽകൂടി പ്രവാചകന്മാർ മുമ്പ് അറിയിച്ച ദൂതുകൾ ഞങ്ങൾക്ക് ഇന്നും തരുന്നതിനാൽ ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. അവരുടെ വാക്കുകൾ അനുകരിക്കുവാനും തിന്മയെ വെടിഞ്ഞ് നന്മയിൽ ജീവിക്കുവാനും ഞങ്ങളെ സഹായിക്കണമെ. കാലത്തിന്റെ അധർമ്മങ്ങളെ മനസ്സിലാക്കുവാനുള്ള വിവേകം ഞങ്ങൾക്ക് നല്കണമേ. ഞങ്ങളെ നല്ല പാതയിൽ വഴിനടത്തണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും നിന്റെ പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കുവാനായിട്ട് തന്നെ. ആമ്മീൻ.*

## തുടർ വായനയ്ക്ക്

| ദിവസം | രാവിലെ | വൈകുന്നേരം |
|---|---|---|
| ഞായർ | – | ഹോശെയാ 11 |
| തിങ്കൾ | യോവേൽ 3 | ആമോസ് 8 |
| ചൊവ്വ | ഓബദ്യാവ് 1 | യോന. 4 |
| ബുധൻ | മാഖാ. 6 | നഹൂം 1 |
| വ്യാഴം | ഹബക്കുക് 3 | സെഫന്യാവ് 1 |
| വെള്ളി | ഹഗ്ഗായി 1 | സെഖര്യാവ് 9 |
| ശനി | മലാഖി 2 | ആമോസ് 5 |
| ഞായർ | ഹോശെയാ 6 | – |

പാഠം 3

# പ്രവാസകാല മത ജീവിതം

**(സുനഗോഗ് ആരാധന, വേദപുസ്തക രൂപീകരണം)**

## പഠനോദ്ദേശ്യങ്ങൾ

പ്രവാസകാലത്തെ യിസ്രായേൽമക്കളുടെ ആരാധനാരീതികളും ദൈവബന്ധവും മനസ്സിലാക്കുക. പ്രവാസകാലചരിത്രം മനസ്സിലാക്കുക, പ്രവാചകന്മാരെ തിരിച്ചറിയുകയും അവരുടെ മഹത്തായ സന്ദേശങ്ങൾ ജീവിതത്തിൽ പ്രാവർത്തികമാക്കുകയും ചെയ്യുക.

**മനഃപാഠവാക്യം:** "എന്റെ ദൈവത്തിന്റെ കൈ എനിക്ക് അനുകൂലമായിരുന്നതും രാജാവ് എന്നോട് കല്പിച്ച വാക്കുകളും ഞാൻ അറിയിച്ചപ്പോൾ അവർ നാം എഴുന്നേറ്റു പണിയുക എന്നു പറഞ്ഞു. അങ്ങനെ അവർ ആ നല്ല പ്രവൃത്തിക്കായി അന്യോന്യം ധൈര്യപ്പെടുത്തി" (നെഹമ്യാവ് 2:18).

**പഠനസഹായികൾ:**

യഹൂദന്മാരുടെ സുനഗോഗിന്റെ ചിത്രം.

നശിപ്പിക്കപ്പെട്ടിരിക്കുന്ന യെരുശലേം ദൈവാലയത്തിന്റെ ചിത്രം.

പ്രവാസകാലഘട്ടത്ത് രചിതമായ ഗ്രന്ഥങ്ങളുടെ ഒരു ചാർട്ട്.

വി. വേദപുസ്തകം, വി. കുർബ്ബാനക്രമം, പ്രാർത്ഥനാക്രമം.

## ആമുഖം

യിസ്രായേൽമക്കൾ മിസ്രയീമ്യരുടെ അടിമത്തത്തിൽ കഴിഞ്ഞ കാലഘട്ടവും മോശയുടെ നേതൃത്വത്തിൽ അവർ അവിടെനിന്ന് രക്ഷപ്പെട്ട് കനാൻ നാട്ടിൽ എത്തിച്ചേർന്ന സംഭവങ്ങളും നമ്മൾ നേരത്തെ പഠിച്ചത് ഓർമ്മയുണ്ടല്ലോ. എന്നാൽ പിൽക്കാലത്ത് അവർ രാജഭരണത്തിനുവേണ്ടി ആവശ്യപ്പെടുന്നതും ശൗലിനെ ഒന്നാമത്തെ രാജാവായി ദൈവം നിയമിച്ച് നൽകുന്നതും നമുക്ക് അറിവുള്ളതാണ്. എന്നാൽ ദാവീദ്, ശലോമോൻ എന്നീ ശ്രേഷ്ഠരായ രാജാക്കന്മാർക്ക് ശേഷം വന്നവർ ദൈവകൽപ്പനകൾ അനുസരിക്കാതിരിക്കുകയും അന്യദേവന്മാരെ ആരാധിക്കുകയും ചെയ്തു. ഇത് ദൈവകോപത്തിന് ഇടയാക്കി. കാലാകാലങ്ങളിൽവന്ന പ്രവാചകന്മാരെ അവർ അനുസരിക്കാതിരിക്കുകയും ചെയ്തു. ഇതിന്റെയെല്ലാം ഫലമായി യിസ്രായേൽ ജനങ്ങൾ 70 വർഷം ബാബിലോൺ അടിമത്തത്തിൽ ജീവിക്കേണ്ടിവന്നു. ഈ കാലഘട്ടത്തെക്കുറിച്ചാണ് നമ്മൾ ഇന്ന് പഠിക്കുവാൻ പോകുന്നത്.

## പാഠഭാഗം

വേദചരിത്രത്തിലെ സുപ്രധാനവും പിൻകാല യഹൂദജീവിതത്തെ രൂപപ്പെടുത്തുന്നതിൽ നിർണ്ണായകമായ പങ്കുവഹിച്ചിട്ടുള്ളതുമായ ഒരു സംഭവമാണ് ബാബേൽ പ്രവാസകാലം ബി. സി. ആറാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ യഹൂദ്യദേശം ബാബിലോണിലെ ഭരണാധികാരിയായ നെബുഖദ്നേസർ കീഴടക്കിയതിന്റെ തുടർച്ചയായ സാഹചര്യമാണ് പ്രവാസം (Exile) എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. യിസ്രായേൽദേശത്തെ സംബന്ധിച്ചിടത്തോളം ദുർബ്ബലരായ രാജാക്കന്മാർ വളരെ ചുരുക്കകാലത്തേക്കു വീതം ഭരണനേതൃത്വമെടുത്ത അസ്ഥിരതയുടെ കാലഘട്ടമായിരുന്നു അത്. 597 ബി.സി. മുതൽ 587 ബി. സി. വരെയുള്ള കാലത്ത് പലതവണ യഹൂദ്യദേശം ബാബിലോൺകാർ ആക്രമിക്കുകയും അതിന്റെ പരിസമാപ്തിയായി യെരുശലേം നഗരവും ദൈവാലയവും കൊള്ളയിടുകയും നാശം വിതയ്ക്കുകയും അവിടുത്തെ നിവാസികളെ ബാബിലോണിലേക്ക് പിടിച്ചുകൊണ്ടുപോകുകയും ചെയ്തു (2 രാജാ. അ 24-25).

### പ്രവാസത്തിന്റെ പ്രത്യക്ഷ സൂചനകൾ

വേദഭാഗം വിവരിക്കുന്നതനുസരിച്ച് ചുവടെ ചേർക്കുന്ന പ്രത്യക്ഷ സൂചനകൾ പ്രവാസത്തിനുണ്ടായി.

1. സ്വതന്ത്രരാജ്യമായിരുന്ന യിസ്രായേൽ സ്വാതന്ത്ര്യവും അസ്ഥിത്വവും നഷ്ടപ്പെട്ട് ബാബിലോണിന്റെ പ്രവിശ്യ (സാമന്തരാജ്യം) മാത്രമായി ചുരുങ്ങി.
2. ആത്മികകേന്ദ്രം എന്നതുപോലെ രാജ്യത്തിന്റെ അഖണ്ഡതയുടെ പ്രത്യക്ഷ പ്രകാശനം കൂടെയായിരുന്ന യെരുശലേം ദൈവാലയം നശിപ്പിക്കപ്പെട്ടു.
3. രാജഭരണവും കൊട്ടാരങ്ങളും സംരക്ഷണമേകിക്കൊണ്ടിരുന്ന സംവിധാനങ്ങളും ഇല്ലാതെയായി.
4. യെഹൂദ്യയിൽ പാർത്തിരുന്ന യഹൂദന്മാരിൽ നല്ലൊരു പങ്കിനെ പിടിച്ചുകൊണ്ടുപോയി ബാബേലിൽ പാർപ്പിക്കുകയും ശേഷിച്ചവർ യഹൂദ്യയിൽതന്നെ പാർക്കുകയും ചെയ്തു.

**അല്പം നിർത്താം... ചിന്തിക്കാം...**

1. 'ബാബേൽ പ്രവാസകാലം' എന്നാൽ എന്ത്?
2. ബാബിലോണിലെ ഭരണാധികാരിയുടെ പേര് എന്ത്?
3. പ്രവാസകാലത്തിന്റെ പ്രത്യേകതകൾ എന്തെല്ലാമാണ്?

### പ്രവാസത്തിന്റെ ആത്മിക ആഘാതം

പ്രവാസം ഭൗതിക സാഹചര്യത്തിലുണ്ടാക്കിയ പ്രയാസങ്ങൾപോലെ അവരുടെ ആത്മിക ചിന്താഗതികളെയും ഏറെ മാറ്റിമറിക്കുകയുണ്ടായി.

യെരുശലേം ദൈവാലയം അവരുടെ ആത്മിക-ഭൗതികകേന്ദ്രവും ഐക്യത്തിന്റെ ഉറവിടവും ആയിരുന്നുവല്ലോ. ദൈവാലയം അവർക്ക് ദൈവത്തിന്റെ പാദപീഠവും (വിലാ. 2:1) യഹോവയുടെ അധിവാസസ്ഥലവും (1 രാജാ. 8:13, ഹസ്കി 43:7) വിശ്രാമസ്ഥലവും (സങ്കീ. 132:14) ദൈവമുഖം ദർശിക്കുന്നതിനുള്ള ഇടവും ആയിരുന്നു (യെശ. 1:12). എന്നാൽ അത് തീവച്ചു നശിപ്പിക്കപ്പെട്ടപ്പോൾ (2 രാജാ. 25:9) (വിലാ. 1.10) അവർ ആകെ പ്രതീക്ഷ നഷ്ടപ്പെട്ട അവസ്ഥയിലെത്തി.

ദൈവാലയം സംബന്ധിച്ചുണ്ടായിരുന്നതുപോലെയുള്ള പ്രതീക്ഷ ദാവീദിന്റെ സിംഹാസനവും രാജത്വവും സംബന്ധിച്ച് യിസ്രായേൽ ജനത്തിനുണ്ടായിരുന്നു. രാജത്വത്തിന്റെ സ്ഥിരത ദാവീദിന്റെ പിന്തുടർച്ചയിൽ ദൈവം വാഗ്ദത്തം ചെയ്തിരുന്നു എന്ന് അവർ

വിശ്വസിച്ചു (2 ശമു. അ. 7). ദാവീദിന്റെ സിംഹാസനത്തിലിരിക്കുന്നവർ ദൈവത്തിന്റെ പുത്രൻ എന്ന് സങ്കല്പിക്കുകയും അത് ദൈവകാരുണ്യത്തിന്റെ വഴിയായി കരുതുകയും ചെയ്തുവന്നു (സങ്കീ. 72:6, 16). എന്നാൽ ദാവീദിന്റെ പിന്തുടർച്ചയിലുള്ള യഹോയാക്കീനും സിദെക്കിയാവും ബന്ധനത്തിലാവുകയും രാജത്വം അവസാനിക്കുന്നതായി കാണുകയും ചെയ്തപ്പോൾ അതവർക്ക് വലിയ ആത്മികപ്രശ്നമായി മാറുകയാണുണ്ടായത്.

യിസ്രായേലിന്റെ മതജീവിതത്തിൽ വലിയ പങ്കുണ്ടായിരുന്ന ദൈവദാനമായ സ്വദേശവും പൗരോഹിത്യവും യഹോവ ആരാധനയും ന്യായപ്രമാണവും സങ്കീർത്തനങ്ങളുടെ ആലാപനവുമെല്ലാം വളരെ പ്രധാനപ്പെട്ടവയായിരുന്നു. എന്നാൽ സ്വദേശം നഷ്ടപ്പെട്ട് അന്യദേശത്ത് യഹോവയുടെ ഗീതം പാടുവാൻ കഴിയാതെ അവർ ഞെരുങ്ങി ജീവിക്കുകയാണ് (യെര. 31:32, സങ്കീ. 137:4).

**അല്പം നിർത്താം... ചിന്തിക്കാം...**

1. പ്രവാസം യിസ്രായേൽജനത്തിന്റെ ആത്മീയജീവിതത്തെ എങ്ങനെ വ്യത്യാസപ്പെടുത്തി?
2. ദാവീദിന്റെ സിംഹാസനത്തിലിരിക്കുന്നവരെക്കുറിച്ച് ജനത്തിനുണ്ടായിരുന്ന സങ്കല്പം എന്ത്?
3. യിസ്രായേലിന്റെ ആത്മീയജീവിതത്തിൽ ശ്രേഷ്ഠമായ പങ്കുവഹിച്ച കാര്യങ്ങൾ ഏവ?

## പ്രവാസകാലത്തെ മതജീവിതത്തിൽ വന്ന മാറ്റങ്ങൾ

പ്രവാസകാലം യിസ്രായേൽജനതയെ സംബന്ധിച്ചിടത്തോളം നഷ്ടങ്ങളുടെയും സംഘർഷത്തിന്റെയും കാലം തന്നെയായിരുന്നു. എന്നാൽ ആ ഭൗതിക തകർച്ചയും തന്മൂലമുണ്ടാകുന്ന ആത്മിക തകർച്ചയും നേരിട്ട്, പ്രത്യേകമായ ഒരു മതാത്മക അനുഭവം അവർ വളർത്തിയെടുത്തു. അതിൽ ചുവടെ ചേർക്കുന്ന അംശങ്ങൾ ഉള്ളതായി മനസ്സിലാക്കാം.

i. ദൈവാലയ ആരാധനയും യാഗാർപ്പണവും സ്വന്തദേശവും പ്രവാസ കാലഘട്ടത്തിൽ നഷ്ടമായപ്പോൾ മതപരമായ മറ്റുചില ഊന്നലുകൾക്ക് അതിടയാക്കി. യെരുശലേം ദൈവാലയത്തിലെ ആരാധന കേന്ദ്രീകൃതമായിരുന്നു. യെരുശലേമിൽ നിന്നകലെയുള്ള ശമര്യ-ഗലീല പ്രദേശങ്ങളിൽനിന്നെല്ലാം പ്രധാന പെരുന്നാളുകൾ ക്കെങ്കിലും ആരാധനയ്ക്ക് യഹൂദന്മാർ അവിടെയെത്തിയിരുന്നു. എന്നാൽ ദൈവാലയം തകർക്കപ്പെട്ടശേഷം അവിടവിടങ്ങളിൽ സുനഗോഗുകളിൽ (Synagogues) ആരാധനയ്ക്ക് അവർ ഒത്തുചേർന്നു. യാഗാർപ്പണം ഇല്ലാതായി. യേശുക്രിസ്തുവിന്റെ കാലമായപ്പോൾ യെരുശലേമിൽ ആരാധനയ്ക്ക് എത്തുന്നതിനെക്കുറിച്ച് പരാമർശം ഉള്ളതുപോലെ (മർക്കോ. 12, ലൂക്കോ. 2:24, 41, യോഹ. 10:22-23, മത്താ. 21) പ്രാദേശികമായി ആരാധനയ്ക്ക് ഒത്തുചേർന്ന സ്ഥലങ്ങളെക്കുറിച്ച് പരാമർശ മുണ്ട്. പള്ളികൾ എന്നാണ് അവയ്ക്ക് പറഞ്ഞുവന്നത് (ലൂക്കോ. 6:6, 7:5, മർക്കോ. 6:2).

ii. മതപരമായ ചില അനുഷ്ഠാനങ്ങൾക്ക് ഏറെ പ്രസക്തി കൈവന്നതും പ്രവാസകാലത്താണ് എന്ന് നിരീക്ഷിക്കപ്പെടുന്നു. ശബത്താചരണം അത്തരത്തിലുള്ള ഒന്നാണ്. ഉല്പത്തി പുസ്തകത്തിലെ വിവരണത്തിന് (2:2-3) പ്രാധാന്യവും സാംഗത്യവും കൈവരുന്നത് ഇക്കാലഘട്ടത്തിലാണ് എന്നും ചില ചിന്തകന്മാർക്ക് അഭിപ്രായമുണ്ട്. നെഹമ്യാവിന്റെ പുസ്തകത്തിൽ ആവർത്തിച്ച് ശബ്ബത്ത് സംബന്ധിച്ച് ചേർത്തിരിക്കുന്നതും (4:5, 6:3, 9:14, 10:32, 10:34....) ഹസ്കിയേൽ പ്രവചനത്തിലെ ആവർത്തിച്ചുള്ള പരാമർശങ്ങളും (6:6, 7:24.....) ഇതിലേക്കാണ് വെളിച്ചം വീശുന്നത്. അദ്ധ്വാനത്തിലോ, മറ്റെന്തിലെങ്കിലുമോ

ആശ്രയിക്കുന്നതിലധികം ദൈവത്തിന്റെ മാഹാത്മ്യത്തിലും കാരുണ്യത്തിലും ആശ്രയിക്കുവാനുണ്ട് എന്ന് ശബത്താചരണം പഠിപ്പിക്കുന്നു.

iii. പ്രവാസകാലത്തെ മറ്റൊരു പ്രധാന കാര്യം ന്യായപ്രമാണത്തിന്റെയും മറ്റ് പുസ്തകങ്ങളുടെയും ക്രോഡീകരണവും അവയുടെ വായനയ്ക്കും വ്യാഖ്യാനത്തിനും പ്രാധാന്യം കൈവന്നതുമാണ്. പ്രവാസകാലത്തിനുമുമ്പ് അവരുടെ ഇടയിൽ പ്രവചിച്ചിരുന്ന ദൈവനിശ്വസിതമായ ബോധ്യങ്ങളും കഥകളും വാചികപാരമ്പര്യത്തിൽനിന്ന് ലിഖിതമായ രേഖയായിത്തീർന്നത് അധികവും ഇക്കാലത്തായിരിക്കണം. സൃഷ്ടികഥയും ഗോത്രപിതാക്കന്മാരോടും മോശെയോടും ചേർന്നുള്ള പാരമ്പര്യത്തിൽ ഏറെയും പ്രവാചകരേഖകളും വിരചിതമായത് പ്രവാസദിനങ്ങളിലാണ്.

iv. ദൈവാലയ പുനർനിർമ്മാണം സംബന്ധിച്ചുള്ള പ്രവചനഭാഗങ്ങൾ ഉടലെടുത്തതും പ്രവാസകാലത്തും പ്രവാസാനന്തര കാലത്തുമാണ്. ഹഗ്ഗായി, സഖരിയ എന്നീ പ്രവാചകന്മാർ ദൈവാലയം പുനരുദ്ധരിച്ച് പ്രതിഷ്ഠിക്കുവാൻ പ്രചോദനം നൽകിയത് പ്രവാസത്തിൽനിന്ന് മടങ്ങിയെത്തിയവർ അതിന് മുന്നിട്ടിറങ്ങണം എന്ന ഉദ്ദേശ്യത്തോടെയാണ്. ആരാധനാപരമായ കാര്യങ്ങൾ അവഗണിക്കപ്പെടാതെ അതിനു സാധ്യമായ സമയങ്ങളിലും സ്ഥലത്തും അതിനായി പരിശ്രമിക്കണം എന്നതാണ് പ്രവാചകന്മാർ പ്രഘോഷിച്ചത്.

## നമുക്ക് ചിന്തിക്കാം

1. യിസ്രായേൽ ജാതി ബാബേൽ പ്രവാസത്തിലാകുവാൻ ഇടയാക്കിയ സാഹചര്യങ്ങൾ വിശദമാക്കുക?
2. പ്രവാസകാലം യിസ്രായേല്യരുടെ സാമൂഹ്യ, മതജീവിതത്തിൽ വരുത്തിയ മാറ്റങ്ങൾ എന്തെല്ലാം?
3. ഈ പ്രവാസകാലത്തെ അനുഭവങ്ങളിൽനിന്ന് നമ്മൾ പഠിക്കുന്ന പാഠം എന്ത്?
4. ചിതറിപ്പാർത്തിരുന്ന യഹൂദന്മാർക്ക് ദൈവാലയം എത്രമാത്രം പ്രാധാന്യം ഉള്ളതായിരുന്നു?
5. പ്രവാസജീവിതത്തിലും യഹൂദന്മാർ പാലിച്ചിരുന്ന നിഷ്ഠ എന്തായിരുന്നു?
6. ദൈവത്തെ മറന്ന് ജീവിക്കുന്നവർക്ക് ഉണ്ടാകാവുന്ന പ്രതിസന്ധികൾ ഏവ? അവ എങ്ങനെ തരണം ചെയ്യാം?

## പ്രവർത്തനങ്ങൾ

1. ചുവടെ ചേർത്തിരിക്കുന്ന വേദഭാഗങ്ങൾ വായിച്ച് പ്രവാസം സംബന്ധിച്ച പ്രസക്ത കാര്യങ്ങൾ ചർച്ചചെയ്യുക.

   a. 2 രാജാ. 25:25 b. യെശയ്യാ. 40:10-11 c. സങ്കീ. 137
   d. വിലാപങ്ങൾ 4:1-10 e. നെഹമ്യാവ് 2

2. ഹഗ്ഗായി പ്രവചനം വായിച്ച് ദൈവാലയ പുനർനിർമ്മാണം, ആരാധന എന്നിവ സംബന്ധിച്ച കാഴ്ചപ്പാടുകൾ വിശദമാക്കുന്ന ഒരു ഡയറിക്കുറിപ്പ് തയ്യാറാക്കുക
3. എസ്രാ ഒന്നാം അദ്ധ്യായം വായിച്ച് പ്രവാസികളുടെ മടങ്ങിവരവും ദൈവാലയവും സംബന്ധിച്ച കാര്യങ്ങൾ ക്ലാസ്സിൽ ചർച്ച ചെയ്യുക.

## നമുക്ക് പാടാം

ഹൂദോസ് ഇത്തോ ഞായർ വി. കുർബ്ബാനയിൽ ഏവൻഗേലിക്കുശേഷം ആലപിക്കുന്ന ഒരു ഗീതം

(ആഗ്ന്യാത്മീയന്മാരീറേരും... എന്ന രീതി) (വി. കുർബ്ബാനക്രമം പേജ് 260)

മശിഹായോ-ടേവം സഭചൊല്ലി
വേശ്യാസ്ത്രീ ഞാൻ ദുർവൃത്ത

നിൻ പ്രിയയായ്-തീർക്കണമെന്നെ നീ
പരിശുദ്ധാ, പരിശു-ദ്ധ സുതാ
എന്നെ നിർമ്മലയാ-ക്കണമെ
താനുത്തരമവളോ-ടരുളി
മാമോദീസാ വെള്ളത്തിൽ
മുങ്ങി-പ്പാവനയായ് നീയെൻ
മണവാട്ടി സ്ഥാനം - കൊൾക

## നിശ്ചയം

**കാഠിന്യമേറിയ ജീവിതസാഹചര്യങ്ങളിൽപെട്ട് വലയേണ്ടി വന്നിട്ടും ദൈവത്തെ തള്ളിപ്പറയാതെ ദൈവകല്പന അനുസരിച്ച് ജീവിച്ച പ്രവാചകന്മാരെയും രാജാക്കന്മാരെയും ഞങ്ങൾ മനസ്സിലാക്കി. പ്രാർത്ഥനയും നോമ്പും മുടക്കാതെ പ്രതികൂലസാഹചര്യത്തെ നേരിട്ട് വിജയം വരിച്ച ദാവീദ് രാജാവിനെ ഞങ്ങൾ മാതൃകയാക്കും. പ്രതികൂല സാഹചര്യങ്ങളിൽ ദൈവത്തെ മുറുകെപിടിച്ച് ഞങ്ങൾ ജീവിക്കും.**

## നമുക്ക് പ്രാർത്ഥിക്കാം

*സത്യ ഏക ദൈവമേ, ഞങ്ങൾക്ക് തന്നിരിക്കുന്ന എല്ലാ ദാനങ്ങൾക്കുമായി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. സ്വാതന്ത്ര്യത്തോടെ ജീവിക്കുവാനും നിന്നെ ആരാധിക്കുവാനും ഒരുമിച്ചുകൂടിവരുവാനും ആയി ഞങ്ങൾക്ക് നീ കൃപ ചൊരിഞ്ഞുവല്ലോ. അനവധി പരീക്ഷണങ്ങളിലും പതറാതെ ഉറച്ചുനിന്ന് നിന്നെ സത്യദൈവമായി കണ്ട് ആരാധിച്ച് ജീവിച്ച പിതാക്കന്മാരെ പ്പോലെ ജീവിക്കുവാനും വിശ്വാസത്തെ കാത്തുസൂക്ഷിക്കുവാനും ഞങ്ങൾക്കും സംഗതിയാകണമെ. ഞങ്ങൾ നിനക്കും നിന്റെ ഏകജാതനും പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കുവാനായിട്ട് തന്നെ. ആമ്മീൻ.*

## തുടർവായനയ്ക്ക്

| ദിവസം | രാവിലെ | വൈകുന്നേരം |
|---|---|---|
| ഞായർ | -- | 2 രാജാ. 25 |
| തിങ്കൾ | യെശയ്യാവ് 40 | സങ്കീ. 137 |
| ചൊവ്വ | വിലാപങ്ങൾ 4 | 1 രാജാ. 8 |
| ബുധൻ | 2 ശമുവേൽ 7 | വിലാപങ്ങൾ 2 |
| വ്യാഴം | 1 ശമുവേൽ 10 | 2 രാജാ. 4 |
| വെള്ളി | അപ്പോ. 13 | എസ്രാ. 3 |
| ശനി | നെഹ. 2 | എസ്ഥേർ 4 |
| ഞായർ | എസ്രാ. 3:6 | --- |

## പാഠം 4

# യിസ്രായേൽ രാജ്യവും യവനസംസ്കാരവും

### പഠനോദ്ദേശ്യങ്ങൾ

യിസ്രായേൽ രാജ്യത്തിൽ യവനസംസ്കാരത്തിന്റെ സ്വാധീനം മനസ്സിലാക്കുക. അതു മുഖാന്തിരം ഉണ്ടായ മാറ്റങ്ങൾ തിരിച്ചറിയുക. യഹൂദന്മാർക്ക് സംഭവിച്ച വിശ്വാസ തകർച്ചയും പ്രവർത്തന വൈകല്യങ്ങളും പ്രത്യേകം മനസ്സിലാക്കുക. ദൈവത്തെ മറക്കാതെ ദൈവ കല്പനകൾ പാലിച്ച് ജീവിക്കുവാൻ പരിശീലിക്കുക. നമ്മൾ പിന്തുടരുന്ന വിശ്വാസവും അനുഷ്ഠാനങ്ങളും ഒരുനാളും ഉപേക്ഷിക്കാതിരിക്കുക.

**മനഃപാഠവാക്യം:** "ഞങ്ങൾ സേവിക്കുന്ന ദൈവത്തിനു ഞങ്ങളെ വിടുവിക്കുവാൻ കഴിയുമെങ്കിൽ അവൻ ഞങ്ങളെ എരിയുന്ന തീച്ചൂളയിൽനിന്നും രാജാവിന്റെ കൈയ്യിൽ നിന്നും വിടുവിക്കും. അല്ലെങ്കിലും ഞങ്ങൾ രാജാവിന്റെ ദേവന്മാരെ സേവിക്കുകയില്ല. രാജാവ് നിറുത്തിയ സ്വർണ്ണ ബിംബത്തെ നമസ്ക്കരിക്കുകയുമില്ല എന്നറിഞ്ഞാലും" (ദാനിയേൽ 3:17, 18).

**പഠനസഹായികൾ:**

യവന സംസ്കാരത്തെ തിരിച്ചറിയുവാൻ കഴിയുന്ന ചാർട്ട്.

അലക്സാണ്ടർ ചക്രവർത്തിയുടെ ചിത്രം.

ഹീബ്രൂ അക്ഷരമാലയും ഗ്രീക്ക് അക്ഷരമാലയും അടങ്ങിയ ചാർട്ട്.

വി. വേദപുസ്തകം, വി. കുർബ്ബാനക്രമം, പ്രാർത്ഥനാക്രമം.

### ആമുഖം

ലോകത്ത് പ്രവർത്തിച്ച് വളരുന്ന ഏതൊരു പ്രസ്ഥാനവും സമൂഹവും സമ്പർക്കത്തിലെത്തുന്ന സംസ്കാരങ്ങളുടെ സ്വാധീനത്തിലെത്താറുണ്ട് എന്നത് പരമാർത്ഥം തന്നെ. ലോകത്തെ സ്വാധീനിച്ചിട്ടുള്ള വലിയ സംസ്കാരങ്ങളിൽ ഹൈന്ദവ, മിസ്രയിം, യിസ്രാ യേല്യ മെസപ്പൊത്തോമിയൻ യവനസംസ്കാരങ്ങൾ ഉൾപ്പെടും. വേദപുസ്തകത്തിലും യഹൂദ-ക്രൈസ്തവ മാർഗ്ഗങ്ങളിലും സ്വാധീനം ചെലുത്തിയിട്ടുള്ള ലോകശക്തിയും സംസ്കാരവുമാണ് യവന അഥവാ ഗ്രീക്ക് സംസ്കാരം. പ്രശസ്തനായ അലക്സാണ്ടർ ചക്രവർത്തിയുടെ പേരിനോടും അദ്ദേഹത്തിന്റെ പിൻഗാമികളായ പ്ടോളമി/ടോളമി, സെല്യൂക്കസ് എന്നിവരോടും ചേർത്ത് ഇത് അറിയപ്പെടുന്നു. ഈ സംസ്കാരം യിസ്രായേൽ രാജ്യത്ത് ഉണ്ടാക്കിയ പ്രധാന സ്വാധീനങ്ങളെപ്പറ്റിയാണ് ഇന്ന് നമ്മൾ പഠിക്കുന്നത്.

## പാഠഭാഗം

പഴയനിയമത്തിൽ പരാമർശമുള്ള ലോകശക്തികളിൽ പ്രമുഖർ യാക്കോബിനോടും യോസേഫിനോടും ചേർത്ത് പരാമർശിക്കപ്പെടുന്ന മിസ്രയീമ്യരാണ് (ഈജിപ്റ്റ്). യോസഫും മറ്റു സഹോദരങ്ങളും പിതാവായ യാക്കോബിനോടുചേർന്ന് മിസ്രയീമിൽ പാർത്തുവെന്നും പിന്നീട് അവിടെ അടിമകളായി എന്നും വായിക്കുന്നു (ഉല്പ. 47:27, പുറ. 1:1-22). മോശെ വളർന്ന (2:9-10,15) ആ സംസ്കാരത്തിൽനിന്ന് എഴുത്തും നിയമങ്ങളും സ്വാധീനമായി എത്തി എന്നു കരുതാം. പിന്നീട് കനാൻ അധിനിവേശം ചെയ്ത് ആ സംസ്കാരത്തിൽ തങ്ങളുടെ വ്യക്തിമുദ്ര പതിപ്പിക്കത്തക്കരീതിയിൽ യിസ്രായേൽ സംസ്കാരം സ്വാധീനത്തിലേക്കു വന്നു. രാജാക്കന്മാരും മറ്റു നേതാക്കളും അവിടെ ഉണർന്നുവന്നു. എന്നാൽ പിന്നീട് ലോകശക്തികളായി ഉയർന്ന അസ്സിറിയക്കാർ (അശ്ശൂർ) യിസ്രായേലിനെ കീഴ്പ്പെടുത്തുകയും സ്വാധീനം ചെലുത്തുകയുമുണ്ടായി. അതിനുശേഷം ലോകശക്തിയായി വന്നത് സാംസ്കാരികമായി വലിയ സ്വാധീനം ചെലുത്തിയ ബാബിലോണ്യൻ ശക്തികളാണ്. യഹൂദ്യരെ കീഴടക്കി പലായനം ചെയ്യിച്ച ബാബിലോണ്യക്കാർ (Mesopatamian) എഴുപതോളം വർഷങ്ങൾ അവരുടെ സ്വാധീനത്തിൽ നിർത്തി. തുടർന്ന് പേർഷ്യക്കാരും (കോരശ്, അർത്ഥശഷ്ടാവ് എന്നീ രാജാക്കന്മാർ) യിസ്രായേൽക്കാരെ സാംസ്കാരികമായും രാഷ്ട്രീയമായും സ്വാധീനിച്ചു. അതെത്തുടർന്നാണ് മഹാനായ അലക്സാണ്ടറുടെ നേതൃത്വത്തിൽ യവനസ്വാധീനം ഉയർന്നുവന്നതും ലോകം കീഴടക്കി സാംസ്കാരികമായ അധിനിവേശം ഉടലെടുത്തതും. യേശുക്രിസ്തുവിന്റെ കാലത്ത് ലോകശക്തിയായി അറിയപ്പെട്ടത് റോമാക്കാരായിരുന്നു എന്നു നാം വായിക്കുന്നു (മത്തായി 2:1, ലൂക്കോ. 2:1). പിൻകാല യഹൂദരീതികൾ, വിശ്വാസാചരണങ്ങൾ, ഗ്രന്ഥരൂപീകരണവും ഭാഷാന്തരങ്ങളും എന്നിവയിൽ സ്വാധീനം ചെലുത്തിയ ഒന്നാണ് യവന സംസ്കാരം. യഹൂദ്യരുടെമേൽ ഉണ്ടായ യവനസ്വാധീനത്തിന്റെ വ്യത്യസ്ത വശങ്ങളാണ് ഇവിടെ പരിചിന്തനം ചെയ്യുന്നത്.

**അല്പം നിർത്താം... ചിന്തിക്കാം...**

1. പഴയനിയമത്തിൽ പരാമർശിച്ചിട്ടുള്ള ലോകശക്തികളിൽ പ്രമുഖർ ആര്?
2. ലോകത്തെ സ്വാധീനിച്ചിട്ടുള്ള വലിയ സംസ്കാരങ്ങൾ ഏവ?

### യവനസംസ്കാര സ്വാധീനങ്ങൾ

യവന (ഗ്രീക്ക്) സംസ്കാരത്തിലെ പ്രധാന സ്വാധീനങ്ങളിൽ ഒന്ന് ഗ്രീക്ക് ദാർശനികരായ പ്ലേറ്റോ, അരിസ്റ്റോട്ടിൽ എന്നിവരിലൂടെ തുടങ്ങിയ ദർശനങ്ങളുടെ (Philosophy) സ്വാധീനമാണ്. ജീവിത സത്യവും ജ്ഞാനവും കണ്ടെത്തുവാനുള്ള മനോവ്യാപാരത്തിൽ ബുദ്ധിയും വിവേകവും തത്വശാസ്ത്രവും (Love of wisdom - Philosophy) ഉപയോഗിക്കുന്നു. മനുഷ്യ അസ്ഥിത്വത്തിന്റെ ഉറവിടം, കാരണം മനുഷ്യസ്വഭാവത്തിന്റെയും ഭൗതിക പ്രതിഭാസത്തി ന്റെയും നിയാമക സാഹചര്യങ്ങൾ, ദർശനങ്ങൾ എന്നിവ വിലയിരുത്തുന്നു. യവനദാർശനി കരുടെ എഴുത്തുകൾ വളരെ ഉൾക്കാഴ്ച നൽകുന്നവയായിരുന്നു. ഗ്രീക്ക് ഭാഷാ ദർശനങ്ങൾ, മത-സാംസ്കാരിക പ്രത്യേകതകൾ, കലാ-കായിക താല്പര്യങ്ങൾ, ആരാധനാപരവും ദൈവം, മനുഷ്യൻ എന്നിവയെ സംബന്ധിച്ചുമുള്ള കാഴ്ചപ്പാടുകൾ എന്നിവയും വേറിട്ടുനിൽക്കുന്നവയായിരുന്നു. ഇതര മതങ്ങളോടും കാഴ്ചപ്പാടുകളോടും അസഹിഷ്ണുതയും ഭാഷാപരമായ കടുംപിടുത്തങ്ങൾ ശക്തമാക്കുകയും ചെയ്യുന്ന

യവനരീതി പലതുകൊണ്ടും യഹൂദന്മാരുടെമേൽ വലിയ സ്വാധീനം ചെലുത്തുവാൻ ഇടയായി.

ചക്രവർത്തി അലക്സാണ്ടർ തന്റെ പടയോട്ടത്തിൽ ബി. സി. നാലാം നൂറ്റാണ്ടിന്റെ അവസാന പാദത്തിൽ (333 ബി. സി. കാലഘട്ടം) യിസ്രായേലും മറ്റ് സമീപരാജ്യങ്ങളും കീഴടക്കി. തുടർന്നു ഗ്രീക്ക് ഭാഷയും മറ്റ് സംസ്കാരിക ഊന്നലുകളും കർശനമായി നടപ്പാക്കാൻ തുടങ്ങി. ആരാധനാകാര്യങ്ങളിൽ യഹൂദന്മാർക്ക് സ്വാതന്ത്ര്യവും കുറഞ്ഞു. ചേലാകർമ്മം അഥവാ പരിച്ഛേദനാകർമ്മം, യഹൂദരീതിയിലുള്ള ആരാധന, ശബത്താചരണം, വിവാഹജീവിതത്തിൽ പങ്കാളികൾ തമ്മിലുള്ള വിശ്വസ്തത എന്നീ കാര്യങ്ങളിൽ വ്യത്യസ്തവും പ്രമാണം വിട്ടുള്ളതുമായ രീതികളിലേക്ക് യഹൂദന്മാർ ഗ്രീക്ക് സ്വാധീനത്തിൽ ക്രമേണ വന്നുചേരുന്നു.

**അല്പം നിർത്താം... ചിന്തിക്കാം...**

1. യവനസംസ്കാരത്തിന്റെ പ്രത്യേകതകൾ ഏവ?
2. ഈ സംസ്കാരം യഹൂദന്മാരുടെ ഇടയിൽ ചെലുത്തിയ സ്വാധീനം എന്ത്?
3. ഇതുമൂലം യഹൂദന്മാരുടെ സാമൂഹ്യ-ആത്മീയ ജീവിതത്തിലുണ്ടായ മാറ്റങ്ങൾ ഏവ?

ഗ്രീക്ക് സ്വാധീനം അധികം വെളിവായത് പുതിയ തലമുറയിലായിരുന്നു. യുവാക്കളും കുട്ടികളും എബ്രായ ഭാഷ അറിയാത്തവരും ഗ്രീക്ക് ഭാഷ മാത്രം സംസാരിക്കുന്നവരും ഗ്രീക്ക് ചിന്താഗതികളാൽ സ്വാധീനപ്പെട്ടവരുമായിത്തീർന്നു. നഗ്നരായി കായികവിനോദ ങ്ങളിൽ ഏർപ്പെടുന്ന യവനക്കാർക്കൊപ്പം ചേരുവാൻ തങ്ങളുടെ ശരീരത്തിലുള്ള ദൈവിക ഉടമ്പടിയാൽ ഖചിതമായ പരിച്ഛേദനയുടെ അടയാളം ശസ്ത്രക്രിയയിലൂടെ മാറ്റുവാനും യുവാക്കൾ തയ്യാറായത് ഏറെ ആശങ്ക ഉളവാക്കി (നെഹെ. 9:1-3, 13:23-25, എസ്രാ. 9:2, 10:3, എസ്ഥേർ 1:22).

ഗ്രീക്ക് ഭാഷാസ്വാധീനത്താൽ ന്യായപ്രമാണത്തിൽനിന്ന് തലമുറ അകന്നുപോയത് യഹൂദന്മാർക്ക് ഏറെ സാംസ്കാരിക പ്രഹരമായി (Cultural shock) തോന്നി. ഭവനങ്ങളിലും ആരാധനാസ്ഥലങ്ങളിലും ഒരുമിച്ചുകൂടിയുള്ള ന്യായപ്രമാണ വായനയും വ്യാഖ്യാനവും അവതരണങ്ങളും കല്പനകൾ വൈയക്തിക തലത്തിൽ മനനം ചെയ്യുക, അതിൻപ്രകാരം ജീവിക്കുക എന്നീ നിഷ്ഠകൾ അന്യമായിത്തുടങ്ങിയത് സന്മാർഗ്ഗ അധഃപതനത്തിനും കാരണമായി. ശബത്താചരണം, സിനഗോഗിലെ നിത്യാരാധനകൾ എന്നിവ യ്ക്കെല്ലാം കുറവു വരുന്നതോടെ യവന സ്വാധീനത്തെക്കുറിച്ച് ഏറെ മുൻവിധി ഉണ്ടാകുന്ന തിനിടയാക്കി. ദൈവസങ്കല്പം, വെളിപ്പെടുത്തലുകൾ, ദൈവാന്വേഷണ മാർഗ്ഗങ്ങൾ എന്നിവയിലെല്ലാം യവനസ്വാധീനം അക്കാലത്ത് വെളിവായിരുന്നു.

### ഗ്രീക്ക് ഭാഷാന്തരം

ചിതറിപ്പാർത്ത യഹൂദന്മാർക്കും ഗ്രീക്ക് സ്വാധീനസ്ഥലങ്ങളിൽ യവനസംസ്കാരത്തിൽ ആകൃഷ്ടരായവർക്കും അതിൽ വളർന്നവർക്കുംവേണ്ടി തയ്യാറാക്കിയ ആദ്യ എബ്രായേതര വേദപുസ്തക ഭാഷാന്തരമാണ് ഗ്രീക്ക് ഭാഷയിലുണ്ടായ സെപ്റ്റുജിന്റ്

(സപ്തതി അഥവാ Septuagint എന്ന് പേര്). അലക്സാണ്ടർ ചക്രവർത്തിയുടെ പടയോട്ടത്തിൽ തകർന്ന രാജ്യാതിർത്തി സങ്കൽപ്പത്തിന്റെ പരിണിതഫലമായി എബ്രായക്കാർ ഗ്രീക്ക് ഭാഷ പഠിക്കുകയും ആ സംസ്കാരത്തിൽ ആകൃഷ്ടരാകുകയും ചെയ്തു. യെരുശലേമിൽനിന്നുള്ള എഴുപതോ, എഴുപത്തിരണ്ടോ മൂപ്പന്മാർ ടോളമി രണ്ടാമൻ രാജാവിന്റെ പ്രേരണയാൽ അലക്സാന്ത്രിയയിൽ എത്തി അത്ഭുതകരമാം വിധത്തിൽ നിർവ്വഹിച്ച ഗ്രീക്ക് ഭാഷാന്തരമാണ് സപ്തതി.

യവനമേധാവിത്വത്തിന്റെ ഭീകരത വെളിവായത് യവനസ്വാധീനത്തിന്റെ അവസാന കാലമായ ബി. സി. രണ്ടാംനൂറ്റാണ്ടിലാണ്. അതിന്റെ വിശദാംശങ്ങൾ തുടർന്നുള്ള പാഠത്തിൽ നമുക്ക് പഠിക്കാം.

## നമുക്ക് ചിന്തിക്കാം

1. യഹൂദ്യരെ സ്വാധീനിച്ച ലോകശക്തികൾ ആരെല്ലാം?
2. തിരുവചനത്തിന്റെ പരിരക്ഷയിൽ യവന സാമ്രാജ്യശക്തികൾ സ്വാധീനം ചെലുത്തിയതിന്റെ തെളിവ് എന്ത്?
3. യവനസംസ്കാരത്തിലെ പ്രധാന സ്വാധീനങ്ങൾ ഏവ?
4. ഗ്രീക്ക് സ്വാധീനത്താൽ യഹൂദന്മാരുടെ ഇടയിൽ സൻമാർഗ്ഗ അധഃപതനമുണ്ടായതെങ്ങനെ?
5. സെപ്റ്റുജിന്റ് എന്നാലെന്ത്? അത് ആർക്കുവേണ്ടി തയ്യാറാക്കി?

## പ്രവർത്തനങ്ങൾ

1. യവനസംസ്കാര സ്വാധീനത്തിൽ മാതൃഭാഷ ഉപേക്ഷിച്ച യഹൂദ തലമുറയും ആധുനിക ക്രൈസ്തവ മലയാളി തലമുറയും തമ്മിലുള്ള താരതമ്യം ചർച്ച ചെയ്യുക.
2. യേശുവിന്റെ കാലഘട്ടത്തിലെ ഗ്രീക്കുകാരുടെ പ്രവർത്തനങ്ങളെ വിലയിരുത്തി ഒരു ഡയറിക്കുറിപ്പ് തയ്യാറാക്കുക.
3. യവന സംസ്കാരത്തിന്റെ പ്രത്യേകതകൾ കാണിക്കുന്ന ചിത്രങ്ങൾ ശേഖരിച്ച് ഒരു ആൽബം തയ്യാറാക്കുക.

## നമുക്ക് പാടാം

കൂദോശ് ഈത്തോ ഞായർ വി. കുർബ്ബാനയിൽ ആലപിക്കുന്ന ഒരു ഗീതം വി. കുർബ്ബാനക്രമം പേജ് 259 (വിണ്ണുലകിന്നരചൻ... എന്ന രീതി)

സഭയേ നിത്യം നിൻ - വാതിൽ കാവൽക്കാർ
സാത്താനിൽ നിന്നും - കാക്കുന്നു നിന്നെ
ശീമോ നാധാരം - പൗലൂസോ ശില്പി
യൂഹാനോനിഷ്ടൻ - ശുശ്രൂഷക്കാരൻ
ഹാലേലുയ്യാ-ഉ-ഹാലേലുയ്യാ
റൂഹാതൻ വീണാ-നാദം ദാവീദാം

## നിശ്ചയം

**യിസ്രായേല്യരുടെ ഇടയിൽ ഗ്രീക്ക് സംസ്കാരം ചെലുത്തിയ സ്വാധീനം, അതെത്തുടർന്ന് അവർക്ക് സംഭവിച്ച വിശ്വാസ, സാമൂഹ്യ, ആത്മീയ തകർച്ചയും ഞങ്ങൾ മനസ്സിലാക്കി, അല്പ ലാഭത്തിനുവേണ്ടി സഭയുടെ മഹത്തായ പാരമ്പര്യത്തെ ഞങ്ങൾ ഒരുനാളും വിട്ടകലുകയില്ല. സഭയുടെ വിശ്വാസത്തിനെതിരായി പ്രവർത്തിക്കുന്ന ശക്തികളെ ഞങ്ങൾ ഒരിക്കലും സ്വീകരിക്കുകയില്ല.**

## നമുക്ക് പ്രാർത്ഥിക്കാം

*സർവ്വശക്തനായ ദൈവമേ, നീ ഞങ്ങളെ വിളിച്ചടുപ്പിച്ചിരിക്കുന്ന ഈ മഹത്തായ പാരമ്പര്യത്തിനായി നിന്നെ ഞങ്ങൾ സ്തുതിക്കുന്നു. അതിൽ നിന്ന് വ്യതിചലിക്കാതെ ഉറച്ചുനിന്നുകൊണ്ട് ആരാധിക്കുവാൻ ഞങ്ങൾക്ക് ഇടയാക്കണമേ. ഞങ്ങൾക്ക് ഉപദ്രവവും നഷ്ടവും വരുത്തുന്ന സകലത്തെയും ഞങ്ങളുടെ നന്മയ്ക്കായി തീർക്കണമേ. നീ ഞങ്ങളുടെ ദൈവവും ഞങ്ങൾ നിന്റെ കൈവേലയും അവകാശവുമായിരിക്കണമെ. ഞങ്ങൾ നിനക്കും നിന്റെ ഏകജാതനും നിന്റെ പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കുവാനായിട്ടുതന്നെ... ആമ്മീൻ.*

## തുടർവായനയ്ക്ക്

| ദിവസം | രാവിലെ | വൈകുന്നേരം |
|---|---|---|
| ഞായർ | ---- | ഉല്പ. 47 |
| തിങ്കൾ | പുറ. 2 | വി. മത്തായി 2 |
| ചൊവ്വ | വി. ലൂക്കോസ് 2 | നെഹമ്യ. 9 |
| ബുധൻ | എസ്രാ. 9 | എസ്ഥേർ 1 |
| വ്യാഴം | നെഹമ്യ. 13 | എസ്രാ. 10 |
| വെള്ളി | അപ്പോ. 6 | വി. യോഹ. 12 |
| ശനി | റോമർ 1 | 1 കൊരി. 1 |
| ഞായർ | അപ്പോ. 14 | ---- |

പാഠം 5

# മക്കാബിയ കാലഘട്ടം

## പഠനോദ്ദേശ്യങ്ങൾ

മക്കാബിയരെക്കുറിച്ച് മനസ്സിലാക്കുക, യഹൂദന്മാർ അനുഭവിച്ച പീഡനങ്ങളെക്കുറിച്ച് അറിയുക, യഹൂദ മതവിശ്വാസ സംരക്ഷണത്തിൽ മക്കാബിയയുടെ സ്ഥാനം മനസ്സിലാക്കുക, മക്കാബിയ പുസ്തകത്തെപ്പറ്റി മനസ്സിലാക്കുക. സഭയുടെ വിശ്വാസപാരമ്പര്യങ്ങളിൽ അടിയുറച്ചു നിൽക്കുക.

**മനഃപാഠവാക്യം:** "യെരുശലേമിന്റെ മതിൽ പ്രതിഷ്ഠിച്ച സമയം അവർ സ്തോത്രങ്ങളോടും സംഗീതത്തോടുംകൂടെ കൈത്താളങ്ങളും വീണകളും കിന്നരങ്ങളുംകൊണ്ട് സന്തോഷപൂർവ്വം പ്രതിഷ്ഠ ആചരിക്കുവാൻ ലേവ്യരെ അവരുടെ സർവ്വ വാസസ്ഥലങ്ങളിൽനിന്നും യെരുശലേമിലേക്ക് അന്വേഷിച്ചുവരുത്തി" (നെഹമ്യാവ് 12:27).

**പഠനസഹായികൾ:**

1. മതപീഡനത്തിന്റെ ചിത്രങ്ങൾ.
2. മക്കാബിയ പുസ്തകം കൂടെ ഉൾക്കൊള്ളുന്ന വേദപുസ്തകം.
4. വി. കുർബ്ബാനക്രമം, പ്രാർത്ഥനാക്രമം.

## ആമുഖം

വേദചരിത്രത്തിൽ സ്വാധീനം ചെലുത്തിയ യവനസംസ്കാരത്തെക്കുറിച്ച് മുൻപാഠത്തിൽ കണ്ടുവല്ലോ. യവനാധിപത്യത്തിന്റെ അസഹനീയ സാഹചര്യത്തിൽ ജീവനും സ്വത്വവും സംസ്കാരവും ദൈവവിശ്വാസവും ആചാരങ്ങളും നിലനിർത്തുവാൻ യത്നിച്ച യഹൂദന്മാരുടെ ചെറുത്തുനിൽപ്പിന്റെ കാലഘട്ടമാണ് മക്കാബിയ കാലഘട്ടം. ഈ കാലഘട്ടത്തിന്റെ പ്രത്യേകതകളാണ് ഇന്ന് നമ്മൾ പഠിക്കുന്നത്.

## പാഠഭാഗം

അലക്സാണ്ടർ ചക്രവർത്തിയുടെ കാലഘട്ടത്തെത്തുടർന്ന് (+323 ബി. സി.) ഗ്രീക്ക് സാമ്രാജ്യം വിഭജിക്കപ്പെട്ട് ഈജിപ്റ്റ് ടോളമിമാരുടെയും ബാബിലോൺ, സിറിയ, ഏഷ്യാമൈനർ എന്നീ പ്രവിശ്യകൾ സെല്യൂക്യന്മാരുടെ ഭരണാധിപത്യത്തിൽ വരികയുണ്ടായി. അലക്സാണ്ടറുടെ പിൻഗാമികളുടെ കാലത്ത് യവനസംസ്കാരം കുറെക്കൂടെ അടിച്ചേൽപ്പിക്കുവാനുള്ള ശ്രമങ്ങൾ നടക്കുകയുണ്ടായി. അതിൽ കുപ്രസിദ്ധനായിരുന്നു സിറിയൻ ഭരണാധികാരിയായിരുന്ന അന്ത്യോക്കസ് എപ്പിഫാനസ് (175-157 ബി. സി.).

## അന്ത്യോക്കസിന്റെ ഭരണകാലം

സാമ്രാജ്യ സൃഷ്ടിയിലും സംസ്കാര അധിനിവേശത്തിലും തല്പരനായിരുന്നു അന്ത്യോക്കസ് എപ്പിഫാനസ്. പലസ്തീനിന്റെ മേൽ അധികാരം ഉറപ്പിക്കുന്നതിലേക്ക് അന്ത്യോക്കസ് പടനയിച്ചു. സമാനതാൽപ്പര്യക്കാരായ മിസ്രയീമിനോട് യുദ്ധം ജയിച്ച് യഹൂദ്യയിന്മേൽ ആധിപത്യം അദ്ദേഹം ഉറപ്പിച്ചു. സിറിയയും പാലസ്തീനും ഈജിപ്റ്റും സംയോജിപ്പിച്ച് ഏകീകൃത ഭരണമാണ് അദ്ദേഹം ഉദ്ദേശിച്ചത്. ഒരു സംസ്കാരക്കാരെ ഒരു കുടക്കീഴിൽ ഒരുമിപ്പിച്ച് ഭരണം സുഗമമാക്കാനുള്ള ശ്രമത്തിനിടയിൽ യഹൂദന്മാരുടെ സംസ്കാരത്തനിമ, ഭാഷാതാല്പര്യം, മതാചാരങ്ങളിലുള്ള കാർക്കശ്യം, നിയമങ്ങൾ എന്നിവ തന്റെ ഏകീകരണ ഭരണലക്ഷ്യത്തിന് വിഘാതമാകാം എന്ന് കണ്ട അന്ത്യോക്കസ് അവർക്കെതിരെ മർദ്ദന രീതികൾ അവലംബിച്ചുവന്നു.

ഗ്രീക്ക് ദേവനായ സീയൂസിന്റെ അവതാരമായി സ്വയം പ്രഖ്യാപിക്കുകയും യെരുശലേം ദൈവാലയം പിടിച്ചെടുത്ത് സീയൂസിന്റെ ആലയമാക്കുകയും തദനുസാരിയായ യാഗങ്ങൾ അവിടെ നിർവഹിക്കുകയും ചെയ്തു. അങ്ങനെ യഹൂദന്മാർക്ക് നിഷിധമായ മൃഗത്തെ (പന്നി) അവിടെ യാഗം കഴിക്കുക, മഹാപുരോഹിതന്മാരെ തത്വദീക്ഷയില്ലാതെ നീക്കുകയും നിയോഗിക്കുകയും ചെയ്യുക, രാജ്യത്തുടനീളം വിഗ്രഹാരാധന പ്രചരിപ്പിക്കുക എന്നിവ അദ്ദേഹം നേരിട്ട് നടപ്പാക്കി. മോശൈക ന്യായപ്രമാണത്തിന്റെ ആചരണം, ശബത്ത്, പരിച്ഛേദന എന്നിവയുടെ ആചരണത്തിന് വിലക്കേർപ്പെടുത്തുക മുതലായവ തീവ്ര മതധ്വംസക പ്രവർത്തനങ്ങൾക്കും അദ്ദേഹം ഇടയാക്കി.

## പ്രതിരോധവും പ്രത്യാക്രമണവും

ഗ്രീക്ക് ആധിപത്യത്തോടും മതധ്വംസക പ്രവർത്തനത്തോടും വ്യത്യസ്തങ്ങളായ പ്രതികരണങ്ങളാണ് യഹൂദസമൂഹത്തിൽനിന്നുയർന്നത്. കുറെപ്പേർ രാജശിക്ഷയുടേയും പ്രലോഭനങ്ങളുടേയും മുഖത്ത് മോശൈകമാർഗ്ഗത്തെ ഉപേക്ഷിച്ചു. മറ്റു ചിലർ വനാന്തരങ്ങളിലേക്ക് ഉൾവലിഞ്ഞ് രഹസ്യത്തിൽ തങ്ങളുടെ നിഷ്ഠകളിൽ ജീവിതം തുടർന്നു. വീറുള്ള യഹൂദ വിശ്വാസികളിൽ ചിലർ 'ഹസിദിം' എന്ന ഭക്തസമൂഹമായി നിലകൊണ്ടു. മറ്റു ചിലർ തങ്ങളുടെ വിശ്വാസജീവിതത്തെ പ്രതിരോധിക്കുക മാത്രമല്ല ഒളിയുദ്ധത്തിലൂടെ പ്രത്യാക്രമണം നടത്തുവാനും മുതിർന്നു. ഇതിൽ അവസാനത്തെ കൂട്ടരെക്കുറിച്ച് ഇനി പഠിക്കാം.

**അല്പം നിർത്താം... ചിന്തിക്കാം...**

1. അന്തിയോക്കസിന്റെ മർദ്ദക ഭരണകാലത്തുണ്ടായ ദുരനുഭവങ്ങൾ ഏവ?
2. ഇവയോട് യഹൂദന്മാരുടെ പ്രതികരണമെന്തായിരുന്നു?

## മക്കാബിയരും യഹൂദവിശ്വാസ സംരക്ഷണവും

യഹൂദ മതനിന്ദ അഴിച്ചുവിട്ട അന്ത്യോക്കസിനോട് എതിരിട്ടവരാണ് മക്കാബിയർ. യഹൂദപുരോഹിതനായ മത്തത്തിയാസാണ് ഈ പ്രതിവിപ്ലവത്തിന് ആദ്യം നേതൃത്വം നൽകിയത്. വിജാതീയ ദേവന് ബലി കഴിക്കുവാനും യഹൂദരെക്കൊണ്ട് അത് നിർവ്വഹിക്കുവാനും രാജകല്പനയോടെ എത്തിയവരെ അദ്ദേഹം ധൈര്യപൂർവ്വം എതിരിട്ട് വധിച്ച ശേഷം വനാന്തരങ്ങളിലേക്ക് പോയി ഒളിയുദ്ധത്തിന് മത്തത്തിയാസ് തയ്യാറെടുത്തു. അദ്ദേഹത്തിനൊപ്പം മക്കളായ യൂദാ, യൂഹാനോൻ, ഏലിയാസർ, യോനാഥാൻ, ശീമോൻ എന്നിവരും ചേർന്നുനിന്നു. അതിൽ മൂത്തവനായ മക്കാബിയസ് എന്ന മറുപേരുള്ള യൂദാ

ആണ് മത്തത്തിയാസിനുശേഷം യഹൂദ ചെറുത്തുനിൽപ്പിന് നേതൃത്വം നൽകിയത്. ന്യായ പ്രമാണകല്പനയുടെ അനുസരണവും ആചരണവും തദനുസൃതമായ ജീവിതവും ക്രമീക രിക്കുവാൻ ആണ് ആദ്യം അവർ യത്നിച്ചത്. പരിച്ഛേദനയും യാഗവും അവർ നിർവ്വഹിച്ചു.

യഹൂദ്യപ്രദേശം യവനരിൽനിന്ന് സ്വതന്ത്രമാക്കുവാനും യെരുശലേം ദൈവാലയം വീണ്ടെടുത്ത് യഹോവ ആരാധന പുനഃസ്ഥാപിക്കുവാനും ആണ് തുടർന്ന് അവർ യത്നിച്ചത്. അങ്ങനെ ബി. സി. 165 ൽ യെരുശലേം ദൈവാലയം ശുദ്ധീകരിച്ച് പുനഃപ്രതിഷ്ഠ നടത്തി. അതാണ് പിൽക്കാലത്ത് പ്രതിഷ്ഠാ പെരുന്നാളായി (ഹനൂക്ക) ആചരിച്ചു വന്നത് (യോഹ. 10:22). മക്കാബിയരുടെ ചെറുത്തുനിൽപ്പിൽ യെരുശലേം ദൈവാലയവും യഹൂദ്യയും ശമര്യയും ഒക്കെത്തന്നെ യഹോവയിലേക്കും ന്യായപ്രമാണ ആചരണങ്ങളി ലേക്കും തിരിച്ചുവരുന്നതിന് ഇടയാക്കിയിട്ടുണ്ട്. ഏകദേശം ഒരു നൂറ്റാണ്ട് ഈ ചെറുത്തു നിൽപ്പ് വിജയകരമായി നിലനിന്നതായി കരുതാം. മക്കാബിയ സഹോദരങ്ങളിൽ ഇളയവ നായ ഹിർക്കാനസ് ബി. സി. 103-ൽ വീരചരമം പ്രാപിക്കുന്നതുവരെ ഈ ചെറുത്തു നിൽപ്പ് തുടരുന്നതിന് സാധിച്ചു.

## മക്കാബിയൻ പുസ്തകം

യവനാധിപത്യത്തിന്റെ മുഖത്ത് തീഷ്ണതയോടെ യഹോവയിലുള്ള വിശ്വാസവും ന്യായപ്രമാണ ആചരണവും നിലനിർത്തിയ മത്തത്തിയാസിനെയും മക്കളായ യൂദ മക്കാബിയസിന്റെയും സഹോദരങ്ങളുടെയും ജീവിതവും പോരാട്ടവുമാണ് ഈ പുസ്തകത്തിന്റെ ഉള്ളടക്കം. മത്തത്തിയാസിന്റെ പുസ്തകം (the book of Hasmoneans) എന്നും ഇതിന് പേരുണ്ട്. പുസ്തകത്തിന് നാലു ഭാഗങ്ങളുള്ളതായി കണക്കാക്കപ്പെടുന്നു. എങ്കിലും വേദപുസ്തകത്തിന്റെ ലത്തീൻ ഭാഷാന്തരമായ വൾഗേറ്റിന്റെ അംഗീകാരം ലഭിച്ചത് ആദ്യ രണ്ടു ഭാഗങ്ങൾ മാത്രമാകയാൽ അവയ്ക്ക് മാത്രമേ സഭയുടെ അംഗീകാരം ലഭിച്ചിട്ടുള്ളൂ. ഇക്കാലത്താണ് പരീശർ, സാദൂക്യർ തുടങ്ങിയ തീവ്ര യഹൂദസമൂഹങ്ങൾ ഉടലെടുത്തതും തീഷ്ണതയോടെ യഹോവയിലുള്ള വിശ്വാസം അരക്കിട്ടുറപ്പിച്ചതും. പ്രലോഭനങ്ങളെയും എതിർപ്പുകളെയും എതിരിട്ട് തീഷ്ണമായി ദൈവവിശ്വാസം നിലനിർത്തുവാൻ സാധിക്കുന്നില്ല എങ്കിൽ രക്തസാക്ഷിമരണം പ്രാപിക്കുക, ഏകദൈവ വിശ്വാസം വ്യത്യസ്ത അഭിപ്രായങ്ങളുള്ള കൂട്ടങ്ങളിലൂടെ ആയാലും നിലനിർത്തുക എന്നിങ്ങനെയുള്ള വിശ്വാസവഴികൾ ഉറപ്പിച്ചത് ഈ കാലഘട്ടത്തിലാണ് എന്ന് ചിന്തിക്കാം.

## നമുക്ക് ചിന്തിക്കാം

1. മക്കാബിയ കാലഘട്ടത്തിന്റെ പ്രത്യേകതകൾ ഏവ?
2. യഹൂദവിശ്വാസം സംരക്ഷിക്കുന്നതിൽ മക്കാബിയർ വഹിച്ച പങ്ക് എന്ത്?
3. യഹൂദന്മാർ പ്രതിഷ്ഠാപെരുന്നാൾ ആചരിച്ചത് എന്തിന്റെ ഓർമ്മയ്ക്കായിട്ടായിരുന്നു?
4. മക്കാബിയ പുസ്തകത്തിന്റെ ഉള്ളടക്കം, പ്രാധാന്യം ഇവ വിവരിക്കുക?

## പ്രവർത്തനങ്ങൾ

1. കൂദോശ് ഇത്തോ, ഹൂദോസ് ഇത്തോ എന്നിവയുടെ സാമ്യങ്ങളും വ്യത്യാസങ്ങളും അടിസ്ഥാനമാക്കി ക്ലാസ്സിൽ ഒരു ചർച്ച നടത്തുക.
2. മക്കാബിയ പുസ്തകത്തിൽ ഒരു അമ്മയുടെയും ഏഴ് മക്കളുടെയും ഗുരുവായ എലയാസറിന്റെയും കഥ ക്ലാസ്സിൽ നാടകംപോലെ അവതരിപ്പിക്കുക.
3. മക്കാബിയ പുസ്തകം നാലു ഭാഗങ്ങളും വായിക്കുക.

## നമുക്ക് പാടാം

സ്ലീബായുടെ പ്രഭാത നമസ്കാരത്തിലെ ഗീതം (വി. കുർബ്ബാനക്രമം പേജ് 85)

ജീവകരം മൃതികരമെന്നേവം
കണ്ടിരു സരണികൾ സഹദേന്മാർ
നൂതനമാം-ജീവിതമാർജ്ജിപ്പാൻ
ദുർഘടമാർഗ്ഗം കാംക്ഷിച്ചാർ
ദുഷ്ടാത്മാവൊടു പടവെട്ടി
ജയമോടേറിപ്പറയുന്നു
ആവശ്യക്കാർക്കാശ്രയവും
ഭക്തന്മാർക്കനുഗാമിയുമാം
കർത്താവിൻ നാമം ധന്യം

## നിശ്ചയം

**യഹൂദമത വിശ്വാസസംരക്ഷണത്തിൽ മക്കാബിയർ വഹിച്ച പങ്ക് ഞങ്ങൾ മനസ്സിലാക്കി. സഭയുടെ വിശ്വാസം സംരക്ഷിക്കുന്നതിന് എന്തു ത്യാഗം സഹിച്ചും ഞങ്ങൾ പരിശ്രമിക്കും.**
**സഭയുടെ മഹത്തായ വിശ്വാസാചാരങ്ങളിലും അനുഷ്ഠാനങ്ങളിലും പാരമ്പര്യങ്ങളിലും ഞങ്ങൾ അഭിമാനംകൊള്ളുന്നു.**

## നമുക്ക് പ്രാർത്ഥിക്കാം

*സ്വർഗ്ഗസ്ഥപിതാവാം ദൈവമേ ഞങ്ങളെ നീ ഏറെ സ്നേഹിക്കുന്നു എന്നു ഞങ്ങൾ അറിയുന്നു. നിന്നോടുള്ള വിശ്വാസത്തിൽ ഞങ്ങളെ സ്ഥിരപ്പെടുത്തണമേ. മക്കാബിയരെപ്പോലെ ഉറപ്പും ധൈര്യവും അചഞ്ചല വിശ്വാസവുമുള്ളവരായിത്തീരുവാൻ ഞങ്ങൾക്കും സംഗതിയാക്കണമേ. ഏത് പ്രതിസന്ധികളിലും പതറാതെ ഉറച്ച ക്രിസ്തീയജീവിതം നയിക്കുവാൻ ഞങ്ങളെ സഹായിക്കണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും നിന്റെ പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കുവാനായിട്ടുതന്നെ ആമ്മീൻ.*

## തുടർവായനയ്ക്ക്

| ദിവസം | രാവിലെ | വൈകുന്നേരം |
|---|---|---|
| ഞായർ | — | വി. യോഹ. 20 |
| തിങ്കൾ | നെഹമ്യാവ് 12:27, 47 | 1 രാജാ. 8:22-53 |
| ചൊവ്വ | എസ്ഥേ. 9 | പുറ. 23 |
| ബുധൻ | ലേവ്യ. 23 | സംഖ്യ. 29 |
| വ്യാഴം | ആവർത്തനം 16 | സംഖ്യ. 15 |
| വെള്ളി | നെഹ. 8 | എസ്രാ. 3 |
| ശനി | 2 രാജാ. 23 | 2 ദിന. 35 |
| ഞായർ | യോഹ. 7 | --- |

പാഠം 6

# പൗലോസിന്റെ മാനസാന്തരം

**അപ്പോ. പ്രവൃ. 9:1-19; 22:4-16, 26:9-18, ഗലാത്യ. 1:11-17**

## പഠനോദ്ദേശ്യങ്ങൾ

പീഡകനായ ശൗലിന്റെയും മാനസാന്തരപ്പെട്ട പൗലോസിന്റെയും സ്വഭാവങ്ങൾ തമ്മിൽ താരതമ്യപ്പെടുത്തുക. ക്രിസ്തു എങ്ങനെ ഒരു വ്യക്തിയിൽ മാറ്റം വരുത്തുന്നു എന്നു മനസ്സിലാക്കുക. പൗലോസിന്റെ മാനസാന്തരത്തിനു ശേഷമുള്ള ജീവിതം മാതൃകയാക്കുക

**മനഃപാഠവാക്യം:** ഇനി ജീവിക്കുന്നതു ഞാനല്ല; ക്രിസ്തു അത്രേ എന്നിൽ ജീവിക്കുന്നു (ഗലാത്യ. 2:20).

**പഠന സഹായികൾ:** വി. വേദപുസ്തകം, പൗലോസ് ശ്ലീഹായുടെ ചിത്രം, വി. കുർബ്ബാന ക്രമം, പ്രാർത്ഥനാക്രമം.

## ആമുഖം

നമ്മുടെ വിശുദ്ധ കുർബ്ബാനയിൽ പൗലോസ് ശ്ലീഹായെ നാമോർക്കുന്നു. എപ്പോൾ ആണെന്നു കണ്ടുപിടിക്കുക. നമ്മുടെ എല്ലാ കൂദാശകളിലും പൗലോസിന്റെ ലേഖനത്തിൽ നിന്നു വായിക്കുന്നു. എന്തുകൊണ്ടാവാം? ക്രിസ്തീയവിശ്വാസത്തിനും ക്രിസ്തീയജീവിതത്തിനും അത് അമൂല്യമായതുകൊണ്ട്. ഇങ്ങനെ ശ്രേഷ്ഠമായ ഉപദേശം നൽകുന്ന പൗലോസ് മുമ്പ് ക്രിസ്തുവിനെ ദ്വേഷിച്ചവനും ക്രിസ്തുവിന്റെ മാർഗ്ഗത്തിലുള്ളവരെ നിഷ്ഠൂരമായി ഉപദ്രവിച്ചവനുമായിരുന്നു.

എങ്ങനെയാണ് അദ്ദേഹം സഭയുടെ മുഖ്യപ്രചാരകനും പ്രവർത്തകനുമായി ത്തീർന്നത്? അതാണ് നാം ഇപ്പോൾ പഠിക്കുന്നത്. അതായത് പൗലോസിനു മാനസാന്തരമുണ്ടായത് എപ്രകാരം എന്ന്.

## പഠഭാഗം

### 1. പീഡകനായ ശൗൽ

അദ്ദേഹത്തിന്റെ എബ്രായനാമം ശൗൽ എന്നായിരുന്നു. ആദ്യകാലത്ത് അറിയപ്പെട്ടിരുന്നത് ആ നാമത്തിലാണ്. പൗലോസ് എന്ന റോമൻ നാമമാണ് പിൽക്കാലത്ത് പ്രചാരത്തിൽ വന്നത്.

കിലിക്യപ്രവിശ്യയിലെ തർസോസ് എന്ന നഗരമാണ് ശൗലിന്റെ ജന്മസ്ഥലം. അവിടുത്തെ പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം യെരുശലേമിൽ എത്തി. അവിടെ

ഗമാലിയേൽ എന്ന പണ്ഡിതനായ റാബിയുടെ കീഴിൽ അഭ്യസനം നടത്തി. മോശെയുടെ ന്യായപ്രമാണത്തിൽ എരിവുള്ളവനായി ആചാരങ്ങളിലും അനുഷ്ഠാനങ്ങളിലും തീഷ്ണത പുലർത്തി. യേശുക്രിസ്തുവിനെ ന്യായപ്രമാണത്തിന്റെ ശത്രുവായി കരുതി, അദ്ദേഹത്തെ ശൗൽ വെറുത്തു. മാത്രമല്ല ക്രിസ്തുവിന്റെ അനുഗാമികളായ വിശ്വാസികളെ ഉപദ്രവിക്കുവാനും പീഡിപ്പിക്കുവാനും തുടങ്ങി (സ്വന്തം മതത്തിലും വിശ്വാസത്തിലും ഉൾപ്പെടാത്തവരെ ദ്വേഷിക്കയും ഉപദ്രവിക്കുകയും ചെയ്യുന്ന സംഭവങ്ങൾ വല്ലതും കേട്ടിട്ടുണ്ടോ? അതു ശരിയാണോ? നമ്മുടെ സമീപനം എങ്ങനെ ആയിരിക്കണം?)

യെരുശലേമിൽ ക്രിസ്ത്യാനികളെ വളരെ ഉപദ്രവിച്ചശേഷം പുരാതന നഗരമായ ദമസ്കോസിലേക്കാണ് ശൗലും കൂട്ടരും പുറപ്പെട്ടത്. അവിടെയുള്ള ക്രിസ്തീയവിശ്വാസി കളെ ഉന്മൂലനം ചെയ്യാനുള്ള സന്നാഹമായിരുന്നു. രണ്ടു ദിവസത്തെ യാത്രയുണ്ട് അവിടെ എത്തുവാൻ. അവർ നഗരത്തിനു സമീപമെത്തിയപ്പോൾ മദ്ധ്യാഹ്നസമയത്ത് ഒരത്ഭുതമു ണ്ടായി. അവർക്കു ചുറ്റും അത്യുഗ്രമായ ഒരു പ്രകാശം ദൃശ്യമായി. ശൗൽ നിലത്തുവീണു. ഒരു ശബ്ദം അവൻ കേട്ടു. “ശൗലേ, ശൗലേ നീ എന്നെ ഉപദ്രവിക്കുന്നത് എന്ത്?” ശൗൽ ആശ്ചര്യത്തോടെ ചോദിച്ചു, അങ്ങ് ആരാകുന്നു, കർത്താവേ? ഉത്തരമുണ്ടായി “നീ ഉപദ്രവി ക്കുന്ന യേശു ആകുന്നു ഞാൻ, നീ എഴുന്നേറ്റു പട്ടണത്തിൽ ചെല്ലുക. നീ ചെയ്യേണ്ടുന്നത് അവിടെവച്ചു നിന്നോടു പറയും” (അ. പ്ര. 9:5).

ശൗലിന്റെ കൂടെയുള്ളവർ പ്രകാശം കണ്ടു; ശബ്ദവും കേട്ടു. എന്നാൽ യേശുവിനെ കാണുകയോ, ശൗലിനു നൽകിയ സന്ദേശം കേൾക്കുകയോ ചെയ്തില്ല. അവർ ശൗലിൽ വന്ന മാറ്റം ശ്രദ്ധിച്ചു. കാഴ്ച നഷ്ടപ്പെട്ടവനായിട്ടാണ് ശൗൽ നിലത്തുനിന്ന് എഴുന്നേറ്റത്. മാത്രമല്ല മാനസികമായി വലിയ ഒരു സന്തോഷവും അനുഭൂതിയും കൈവന്ന അവസ്ഥ ആയിരുന്നു. അന്ധനായി കൂടെ വന്നവരുടെ സഹായത്തോടെ ദമസ്കോസിൽ യൂദാ എന്ന ക്രിസ്തീയവിശ്വാസിയുടെ ഭവനത്തിൽ എത്തി.

ഇതേ സമയത്ത് ദമസ്കോസിലെ സഭാ സമൂഹത്തിന്റെ നേതാവായ അനന്യാസി നുണ്ടായ (ഇത് യെരുശലേമിൽ ദുരന്തത്തിനിരയായ വ്യക്തിയല്ല) വെളിപാടനുസരിച്ച് ശൗലിനെ അദ്ദേഹം സന്ദർശിച്ചു. ശൗലിന്റെ തലയിൽ കൈവച്ചു പ്രാർത്ഥിച്ചു. അപ്പോൾ ചെതുമ്പൽപോലെ ഒന്ന് ശൗലിന്റെ കണ്ണിൽനിന്നും അടർന്നുവീണു. ഉടൻ അവൻ കാഴ്ച പ്രാപിച്ചു. തുടർന്ന് ശൗലിനെ സ്നാനപ്പെടുത്തി. ക്രിസ്തീയസഭയുടെ അംഗമാക്കി. അതോടുകൂടി ശൗൽ മൂന്നു ദിവസത്തെ ഉപവാസം അവസാനിപ്പിച്ചുകൊണ്ട് ഭക്ഷണം കഴിച്ചു.

**അല്പം നിർത്താം... ചിന്തിക്കാം...**

1. വി. കുർബ്ബാനയിൽ പൗലോസ് ശ്ലീഹായെ ഓർക്കുന്ന സന്ദർഭങ്ങൾ ഏതെല്ലാം?
2. ശൗലിന്റെ ജന്മസ്ഥലമേത്?
3. ശൗലിന്റെ ഗുരു ആര്?
4. ദമസ്ക്കോസിലേക്കു പോകുന്ന ശൗൽ കേട്ട ദൈവശബ്ദം എന്തായിരുന്നു?

ശൗൽ ദമസ്കോസിലേക്കു പുറപ്പെട്ടത് ഏതു ലക്ഷ്യത്തോടെ ആയിരുന്നു? ക്രിസ്തീയ വിശ്വാസികളെ ഉപദ്രവിച്ച് ഇല്ലാതാക്കാനായിരുന്നു. എന്നാൽ പട്ടണത്തിലേക്കു പ്രവേശി ച്ചപ്പോൾ എന്തായിരുന്നു അവസ്ഥ? ബാഹ്യമായ കാഴ്ച നഷ്ടപ്പെട്ട് ആന്തരികമായി ഒരു വെളിച്ചം പ്രാപിച്ചവനായിട്ടാണ്. മാമോദീസാ സ്വീകരിച്ചപ്പോൾ ബാഹ്യമായ കാഴ്ചയും ലഭിച്ചു.

ഈ സംഭവം ശൗലിന്റെ ജീവിതത്തെ സമൂലമായി രൂപാന്തരപ്പെടുത്തി. ഉത്ഥിതനായ ക്രിസ്തുവിൽനിന്നും നേരിട്ടു നിയോഗം പ്രാപിക്കുവാനും കഴിഞ്ഞു. അപ്പോസ്തോലൻ എന്ന പദവിക്ക് അത് അദ്ദേഹത്തെ അർഹനാക്കി. പിൽക്കാലത്ത് അപ്പോസ്തോലനെ വിമർശിച്ചവരോട് അദ്ദേഹം ചോദിക്കുന്നു. "കർത്താവായ യേശുവിനെ ഞാൻ കണ്ടിട്ടില്ലയോ?" (1 കൊരി 9:1). മറ്റ് അപ്പോസ്തോലന്മാരേക്കാൾ താൻ ഒട്ടും കുറഞ്ഞവനല്ല എന്ന് അദ്ദേഹം അവകാശപ്പെട്ടത് ഈ ദർശനത്തിന്റെ പിൻബലത്തിലാണ്.

അദ്ദേഹത്തിന്റെ ജീവിതത്തിൽ മാത്രമല്ല വീക്ഷണത്തിലും വിശ്വാസത്തിലും വലിയ മാറ്റം സംഭവിച്ചു. പ്രധാനമായി മൂന്നു കാര്യങ്ങൾ. (1) യേശുവിനെപ്പറ്റിയുള്ള വിശ്വാസത്തിൽ ശത്രുവായി കരുതി താൻ ദ്വേഷിച്ച നസ്രായനായ യേശു തന്നെയാണ് വാഗ്ദാനം ചെയ്യപ്പെട്ട മശിഹാ എന്നു ബോധ്യമായി. (2) മരത്തിന്മേൽ തൂക്കപ്പെട്ടവനായതുകൊണ്ട് യേശു ശപിക്കപ്പെട്ടവൻ (ആവ. 21:22) എന്നു ധരിച്ചിരുന്നു. എന്നാൽ ദർശനത്തിന് ശേഷം യേശു സകല മനുഷ്യരുടേയും രക്ഷകൻ എന്നു വിശ്വസിച്ചു. (3) 'ദൈവജനം' യഹൂദന്മാർ മാത്രമെന്നുള്ള ധാരണ മാറി, യേശുവിൽ വിശ്വസിക്കുന്ന സകലരും ദൈവജനമെന്ന് മനസ്സിലാക്കി. ക്രിസ്തീയസഭയാണ് ദൈവത്തിന്റെ ജനം, അതാണ് പുതിയ യിസ്രായേൽ എന്ന് അദ്ദേഹം തിരിച്ചറിഞ്ഞു.

## നമുക്ക് ചിന്തിക്കാം

1. ശൗലിന്റെ ആദ്യത്തെ ജീവിതത്തെപ്പറ്റി വിവരിക്കുക.
2. ശൗലിന്റെ ദർശനം വിശദമാക്കുക.
3. ദമസ്ക്കോസിലേക്കുള്ള വഴിയിൽ ഉണ്ടായ അനുഭവം മൂലം പൗലോസിന്റെ വീക്ഷണത്തിൽ വന്ന മാറ്റങ്ങൾ വിവരിക്കുക.
4. ശൗലിന്റെയും പൗലോസിന്റെയും സ്വഭാവങ്ങൾ തമ്മിൽ താരതമ്യപ്പെടുത്തുക.

## പ്രവർത്തനങ്ങൾ

1. അ. പ്ര. 9, 22, 26 ഈ മൂന്ന് അദ്ധ്യായങ്ങൾ വായിച്ച് വിവരണത്തിൽ അവ തമ്മിലുള്ള വ്യത്യാസം കണ്ടുപിടിക്കുക.
2. അപ്പോസ്തോലന് പലപ്പോഴും ദർശനങ്ങൾ ഉണ്ടായിട്ടുള്ളതായി പറയുന്നു. അതിൽനിന്ന് ഇത് എപ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു?
3. തന്റെ ദർശനത്തെപ്പറ്റി വി. പൗലോസ് നമ്മോടു വിവരിക്കുന്നതായി ഒരു റോൾപ്ലേ അവതരിപ്പിക്കുക.
4. പൗലോസിനുണ്ടായിരുന്ന ശ്രേഷ്ഠ ഗുണങ്ങൾ ഫിലിപ്യലേഖനത്തിൽനിന്ന് കണ്ടുപിടിച്ച് ഒരു ലിസ്റ്റ് തയ്യാറാക്കുക (ഫിലിപ്യ. 3-ാം അദ്ധ്യായം).

## നമുക്ക് പാടാം

പത്രോസ്-പൗലോസ് ശ്ലീഹന്മാരുടെ പെരുന്നാൾ (ജൂൺ 29) ദിവസം വി, കുർബാനയിൽ ഏവൻഗേലിക്കുശേഷം ആലപിക്കുന്ന ഗീതം (കുർബ്ബാനക്രമം പേജ് 320 നോക്കുക).

(ദൈവത്തിൻപുത്രനെ മറിയാം... എന്ന രീതി)

മാർ പൗലോസ്സേ! പുണ്യനിധേ-പരിശുദ്ധാ നിൻ
നാഥനൊടർത്ഥിക്കുക നിന്നോർമ്മദിനേ-ഞങ്ങൾക്കായ്

വേ-ഗത്തിൽ ത്വൽ പ്രാർത്ഥനകൾ-ശ്രദ്ധിച്ചീശൻ
സഭയെ പ്രതിയാചിക്കുന്നവയെല്ലാം-നൽകുന്നു
ശാന്തിസഭ-യ്ക്കും മക്കൾക്കെല്ലാം
മോചനവും-നാഥൻ നൽകട്ടെ
പാരിടമെങ്ങും നിൻ സ്മൃതിയവരാഘോ-ഷിച്ചീടും.

## നിശ്ചയം

**ശൗലിന്റെ പൗലോസായുള്ള മാനസാന്തരവും തുടർന്നുള്ള പ്രേഷിതവേലയും ഞങ്ങൾ മനസ്സിലാക്കി. അദ്ദേഹത്തിന്റെ ശ്രേഷ്ഠമായ ജീവിതം ഞങ്ങൾ മാതൃകയാക്കും. ആ പരിശുദ്ധന്റെ മദ്ധ്യസ്ഥതയിൽ ഞങ്ങൾ അഭയപ്പെടും.**

## നമുക്ക് പ്രാർത്ഥിക്കാം

(പ്രാർത്ഥനാക്രമം (പാമ്പാക്കുട നമസ്കാരം) പേജ് 416, ഏക പരിശുദ്ധനോടുള്ള പ്രാർത്ഥന)

*സൗന്ദര്യ ശ്രേഷ്ഠനായ ഞങ്ങളുടെ പരിശുദ്ധ പിതാവായ മാർ പൗലോസ് ശ്ലീഹായേ നിനക്കു സമാധാനം. ദുഃഖിതർക്ക് സഹായങ്ങളെ ചൊരിഞ്ഞു കൊടുക്കുന്ന വലിയ ഭണ്ഡാരം നീയാകുന്നു. കർത്താവ് തന്ന സത്യവാഗ്ദത്ത പ്രകാരം നിന്നിലും നീ അവനിലും വസിക്കുന്നു. ദൈവത്തിന്റെ വിശ്വസ്ത കലവറക്കാരാ! പാപികളായ ഞങ്ങൾ കരുണകൾക്കും പാപമോചനത്തിനും യോഗ്യരായിത്തീരുവാനും നിന്റെ അവയവങ്ങളിൽ വസിച്ചിരിക്കുന്ന ശക്തിയാൽ സഹായം പ്രാപിപ്പാനും ഞങ്ങളുടെ ജീവകാലമെല്ലാം നിന്റെ പുണ്യാവസ്ഥയിൽ സാദൃശ്യപ്പെടുവാനുമായിട്ട് എല്ലാ സമയത്തും ഞങ്ങൾക്കുവേണ്ടി അപേക്ഷിച്ചു പ്രാർത്ഥിക്കണമേ. നിന്റെ പ്രാർത്ഥന എന്നും ഞങ്ങൾക്ക് കോട്ടയായിരിക്കട്ടെ. ആമ്മീൻ.*

## തുടർ വായനയ്ക്ക്

| ദിവസം | രാവിലെ | വൈകുന്നേരം |
|---|---|---|
| ഞായർ | - | അപ്പോ. 8:1-24 |
| തിങ്കൾ | അപ്പോ. 8:25-40 | അപ്പോ. 9:1-19 |
| ചൊവ്വ | അപ്പോ. 22:4-16 | അപ്പോ. 26:9-18 |
| ബുധൻ | അപ്പോ. 27 | ആവ. 21 |
| വ്യാഴം | 1 കൊരി. 9:1-14 | 1 കൊരി. 9:15-27 |
| വെള്ളി | ഗലാത്യ. 1:11-17 | ഗലാത്യ. 2:16-21 |
| ശനി | ഫിലിപ്യ. 3-ാം അദ്ധ്യായം | റോമർ 15-ാം അദ്ധ്യായം |
| ഞായർ | 1 കൊരി. 1-ാം അദ്ധ്യായം | |

പാഠം 7

# വി. പൗലോസ് ശ്ലീഹായുടെ ഒന്നാം മിഷനറിയാത്ര

**കാലം: എ. ഡി. 47–49**

**അപ്പോ. 13:1–14:28**

## പഠനോദ്ദേശ്യങ്ങൾ

പൗലോസ് ശ്ലീഹാ നടത്തിയ ഒന്നാം മിഷനറിയാത്രയെപ്പറ്റി മനസ്സിലാക്കുക. അദ്ദേഹത്തിന്റെ സുവിശേഷവേലയുടെ പ്രത്യേകതകൾ കണ്ടെത്തുക. ശ്ലീഹാ സഭയ്ക്കു നൽകിയ സേവനങ്ങളെ പ്രകീർത്തിക്കുക.

**മനഃപാഠവാക്യം:** “നിങ്ങൾ ഭൂലോകത്തിൽ ഒക്കെയുംപോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ. വിശ്വസിക്കയും സ്നാനം ഏൽക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും. വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും” (മർക്കോ. 16:15).

**പഠനസഹായികൾ:** പൗലോസ് ശ്ലീഹായുടെ ഒന്നാം മിഷനറിയാത്രയുടെ സ്ഥലങ്ങൾ വ്യക്തമാക്കുന്ന ഭൂപടം, വി. വേദപുസ്തകം, വി. കുർബ്ബാനക്രമം, പ്രാർത്ഥനാക്രമം.

## ആമുഖം

നാം യാത്രകൾ നടത്തുന്നത് പല ഉദ്ദേശ്യത്തോടെയാകാം. അത് ഒറ്റയായിട്ടും സമൂഹമായിട്ടുമാകാം. അങ്ങനെ നടത്തുന്ന ചില യാത്രകൾ പറയുക - ഉല്ലാസയാത്ര, പഠനയാത്ര (study tour) വിലാപയാത്ര, തീർത്ഥയാത്ര, ഘോഷയാത്ര. ഇവയിൽനിന്ന് വ്യത്യസ്തമായ ഒരു യാത്രയാണ് ക്രിസ്തുവിന്റെ സുവിശേഷം പ്രചരിപ്പിക്കുവാനുള്ള യാത്ര. അതിനു മിഷനറിയാത്ര എന്നു പറയാം. ഇത് ആദ്യം നടത്തിയത് യേശുക്രിസ്തു തന്നെയാണ്. ഗലീലയിലും യഹൂദ്യയിലുമുള്ള ഗ്രാമങ്ങളിലും പട്ടണങ്ങളിലും ചുറ്റി സഞ്ചരിച്ച് സുവിശേഷം പ്രസംഗിച്ചു (മർക്കോ 1:14–15). ഈ ദൗത്യം തുടരുവാൻ കർത്താവ് സഭയെ ചുമതലപ്പെടുത്തി. അപ്പോസ്തോലന്മാർ ആ ദൗത്യം വിശ്വസ്തതയോടും ഉത്സാഹത്തോടും നിർവ്വഹിച്ചു. പൗലോസ് അപ്പോസ്തോലന്റെ പ്രവർത്തനത്തെക്കുറിച്ച് വിശദമായ വിവരം നമുക്ക് ലഭിച്ചിട്ടുണ്ട്. അപ്പോസ്തോലപ്രവൃത്തികൾ എന്ന പുസ്തകത്തിൽ നമുക്കതു കണ്ടെത്താം. അപ്പോസ്തോലൻ മൂന്നു യാത്രകൾ നടത്തിയതായി ആ പുസ്തകത്തിൽ നാം വായിക്കുന്നു. ഇതിൽ ഒന്നാമത്തെ മിഷനറിയാത്രയെപ്പറ്റിയാണ് ഇന്ന് നാം പഠിക്കുന്നത്.

## പാഠഭാഗം

മിഷനറി യാത്രകളെപ്പറ്റി പൊതുവായി മനസ്സിലാക്കാവുന്ന കാര്യങ്ങൾ:

(1) സഭയാണ് അധികാരപ്പെടുത്തി സുവിശേഷ പ്രവർത്തനത്തിനായി അയയ്ക്കുന്നത്. (2) അവരുടെ യാത്രയിലും പ്രവർത്തനത്തിലും പരിശുദ്ധാത്മ നടത്തിപ്പും

ആലോചനയും അവർക്കു ലഭിച്ചു. (3) അവർ പട്ടണങ്ങൾ കേന്ദ്രീകരിച്ചാണ് പ്രവർത്തനങ്ങൾ നടത്തിയത്. (4) ആദ്യം യഹൂദസമൂഹത്തിലും പിന്നീട് വിജാതീയസമൂഹത്തിലും എന്ന രീതി പിന്തുടർന്നു. (5) ഒറ്റയായിട്ടല്ല, എപ്പോഴും ഒരു കൂട്ടായ്മയായിട്ടാണ് സഞ്ചരിച്ചതും പ്രവർത്തിച്ചതും. (6) സുവിശേഷം പ്രസംഗിക്കുന്നതോടൊപ്പം രോഗികളെ സുഖപ്പെടുത്തുകയും ചെയ്തു.

ഈ തത്വങ്ങൾ എക്കാലത്തുമുള്ള മിഷൻ പ്രവർത്തനത്തിന് മാതൃകയും പ്രചോദനവുമായിരിക്കേണ്ടതാണ്.

സിറിയയുടെ തലസ്ഥാനനഗരമായ അന്ത്യോഖ്യയിൽനിന്നാണ് ആദ്യത്തെ മിഷനറിയാത്ര ആരംഭിക്കുന്നത്. അവിടുത്തെ സഭാസമൂഹം ബർന്നബാസിനെയും പൗലോസിനെയും സുവിശേഷപ്രവർത്തനത്തിനായി പ്രാർത്ഥിച്ചയച്ചു. ഒരു സഹായിയായി യോഹന്നാൻ എന്നു മറുനാമമുള്ള മർക്കോസും അവരോടു ചേർന്നു. അവർ ആദ്യം പോയത് ബർന്നബാസിന്റെ നാടായ സൈപ്രസി(കുപ്രോസ്)ലേക്കാണ്. അവിടെ പാഫോസ് എന്ന സ്ഥലത്ത് ദേശാധിപതിയായ സെർഗിയോസ് പൗലോസ് മാനസാന്തരപ്പെട്ട് സ്നാനം സ്വീകരിച്ചു. ഇവിടെ മുതൽ ശൗലിന്റെ റോമൻ നാമമായ ‘പൗലോസ്’ എന്ന പേരിലാണ് അപ്പോസ്തോലൻ പരാമർശിക്കപ്പെടുന്നത്. ഈ നാമം സ്വീകരിച്ചത് തന്റെ പ്രവർത്തനഫലമായി ആദ്യം മാനസാന്തരപ്പെട്ട സെർഗിയോസ് പൗലോസിനോടുള്ള ബഹുമാനസൂചകമായിട്ടാവാം. അല്ലെങ്കിൽ വിജാതീയരുടെ അപ്പോസ്തോലനാണ് താൻ എന്ന കാര്യം വ്യക്തമാക്കാൻ റോമൻ നാമം പിന്തുടർന്നതാകാം.

ഇതുവരെ ബർന്നബാസ് ആയിരുന്നു യാത്രയുടെ ലീഡർ. എന്നാൽ ഇവിടം മുതൽ പൗലോസ് നേതൃത്വത്തിലേക്കു വരുന്നു. പിന്നീട് പരാമർശിക്കുന്നതെല്ലാം ‘പൗലോസും ബർന്നബാസും’ എന്നാണ്. എല്ലായിടത്തും പ്രസംഗം നടത്തുന്നതും പൗലോസ് തന്നെ. ഏഷ്യാമൈനറിലെ പെർഗായിൽ അവർ എത്തിയപ്പോൾ മർക്കോസ് പിന്മാറിപ്പോയി. അതു പൗലോസിനു അമർഷമുളവാക്കിയെന്നു കാണാം.

**അല്പം നിർത്താം... ചിന്തിക്കാം...**

1. മിഷനറിയാത്രയുടെ പൊതുവായ പ്രത്യേകതകൾ ഏവ?
2. ആദ്യത്തെ മിഷനറിയാത്ര ആരംഭിച്ചത് എവിടെനിന്നാണ്? ആരെല്ലാമായിരുന്നു പുറപ്പെട്ടത്?
3. ഈ യാത്രയുടെ പ്രയോജനങ്ങൾ എന്തായിരുന്നു?

പൗലോസും ബർന്നബാസും യാത്രതുടർന്ന് ഗലാത്യയുടെ തെക്കുഭാഗത്തുള്ള പിസിദ്യയിലെ അന്ത്യോഖ്യയിൽ എത്തി. അവിടെയുള്ള യഹൂദ സുനഗോഗിൽ ഒരു ശാബതു ദിവസം അവർ ചെന്നു. പൗലോസ് അവിടെ ചെയ്ത പ്രസംഗം അത്യന്തം ശ്രദ്ധേയമാണ് (അ. പ്ര. 13:17-41). യഹൂദ ന്യായപ്രമാണം, യിസ്രായേല്യചരിത്രം, പ്രവചനസത്യങ്ങൾ എല്ലാം ഉൾപ്പെടുത്തി യേശുതന്നെ ക്രിസ്തുവെന്നു സമർത്ഥിച്ചു. യേശുവിലുള്ള വിശ്വാസത്താൽ രക്ഷയിലേക്കു വരുവാൻ ആഹ്വാനം ചെയ്തു. അനേകർ വിശ്വസിക്കാൻ ഇടയായി. എന്നാൽ യഹൂദന്മാരുടെ എതിർപ്പ് ശക്തമായി വന്നപ്പോൾ അവിടെനിന്ന് ഇക്കോന്യയിലേക്ക് പോയി. ഏകദേശം 100 കി. മീ ദൂരെയുള്ള സ്ഥലമായിരുന്നു അത്.

ഇവിടെയും പൗലോസ് പതിവിൻപ്രകാരം യഹൂദരുടെ സിനഗോഗിൽ എത്തി പ്രസംഗിച്ചു. അവിടെ പല അത്ഭുതങ്ങൾ പ്രവർത്തിക്കുവാനും സംഗതിയായി. കർത്താവിന്റെ കൃപയിൽ ആശ്രയിച്ച് പ്രാഗത്ഭ്യത്തോടെ വചനശുശ്രൂഷ നടത്തി. മുമ്പ് എന്നപോലെ ഇവിടെയും അസൂയപൂണ്ട യഹൂദന്മാർ ആളുകളെ ഭിന്നിപ്പിച്ച് അപ്പോസ്തോലന്മാർക്ക് ഉപദ്രവം വരുത്തി. അക്രമം ഉയർന്നപ്പോൾ അവർ അവിടെനിന്ന് ലുസ്രയിലേക്കു പോയി. ഇവിടെ ഒരു അത്ഭുതപ്രവൃത്തി ചെയ്തു. ജനനം മുതൽ കാലിനു ശക്തിയില്ലാതെ

ഒരിക്കലും നടന്നിട്ടില്ലാത്ത ഒരാൾക്ക് സൗഖ്യം നൽകി. അവനെ നടക്കുമാറാക്കി. ഇതുകണ്ട പ്പോൾ വിജാതീയരായ ദേശവാസികൾ പൗലോസും ബർന്നബാസും രണ്ടു ദേവന്മാർ മനുഷ്യരൂപത്തിൽ പ്രത്യക്ഷപ്പെട്ടതാണെന്നു പറഞ്ഞ് അവരെ പൂജിക്കുവാൻ ഒരുമ്പെട്ടു. എന്നാൽ പൗലോസ് അവരെ തടഞ്ഞു. അവരെപ്പോലെതന്നെ കേവലം മനുഷ്യ രാണെന്നും പറഞ്ഞു. അതുകൊണ്ട് വ്യർത്ഥകാര്യങ്ങളെ ഉപേക്ഷിച്ച് ആകാശത്തെയും ഭൂമിയെയും സൃഷ്ടിച്ച സർവ്വശക്തനായ ദൈവത്തിൽ വിശ്വസിക്കുവാൻ ആഹ്വാനം ചെയ്തു. അവരുടെ പ്രവർത്തന വിജയത്തിൽ അസൂയ നിറഞ്ഞ യഹൂദന്മാർ ഇവിടെയും എതിർപ്പു ണ്ടാക്കി. അവർ അപ്പോസ്തോലനെ കല്ലെറിഞ്ഞ് അർദ്ധപ്രാണനാക്കി വിട്ടു.

**അല്പം നിർത്താം... ചിന്തിക്കാം...**

1. അന്ത്യോഖ്യയിലെ സുവിശേഷവേല എന്തായിരുന്നു?
2. ലുസ്രയിൽ നടത്തിയ അത്ഭുതപ്രവൃത്തി എന്തായിരുന്നു?

എങ്കിലും അപ്പോസ്തോലന്മാർ പീഡനത്തെ അതിജീവിച്ച് അടുത്തുള്ള 'ദർബ' എന്ന നഗരത്തിലേക്കുപോയി. അവിടെയും അനേകംപേർ മാനസാന്തരപ്പെട്ട് സഭയിലേക്കു ചേർന്നു. പിന്നീട് മടക്കയാത്ര ആയിരുന്നു. ഓർക്കുവാനുള്ളത് ഉപദ്രവവും എതിർപ്പും നേരിട്ട സ്ഥലങ്ങളിൽ വീണ്ടും സന്ദർശിച്ചു എന്നുള്ളതാണ്. മൂന്നു കാര്യങ്ങളാണ് അത് വെളിപ്പെടുത്തുന്നത്. (1) എതിർപ്പുകളുടെയും പീഡനത്തിന്റെയും മുമ്പിൽ നിരാശ ബാധിച്ചു പിന്മാറുന്ന സ്വഭാവമല്ലായിരുന്നു. ക്രിസ്തുവിനുവേണ്ടി കഷ്ടം അനുഭവിക്കുന്നത് ഭാഗ്യമെന്നു കരുതി. (2) സ്ഥാപിച്ച സഭകളെക്കുറിച്ചുള്ള ചിന്തയും കരുതലുമാണ് വീണ്ടും സന്ദർശനത്തിന് പ്രേരിപ്പിച്ചത്. എതിർപ്പുകളുടെയും പീഡനത്തിന്റെയും മുമ്പിൽ വിശ്വാസി കൾ നിരാശരായി പിന്മാറിപ്പോകാതിരിക്കാൻ അവരെ ധൈര്യപ്പെടുത്തേണ്ടിയിരുന്നു. (3) ആ സഭകളിലെ പ്രവർത്തനങ്ങൾ സുഗമമായി നടത്തിക്കൊണ്ടുപോകാൻ അവിടെ യെല്ലാം കശ്ശീശന്മാരെ അഭിഷേകംചെയ്ത് നിയോഗിക്കുകയുണ്ടായി. അങ്ങനെ സഭകൾ സ്ഥാപിച്ച് അവയുടെ പ്രവർത്തനങ്ങൾ സുഗമമാക്കിയശേഷമായിരുന്നു മടക്കയാത്ര.

അന്ത്യോഖ്യയിൽനിന്നായിരുന്നു യാത്രപുറപ്പെട്ടത്. അവിടേക്കുതന്നെ മടങ്ങിവന്ന് അവിടുത്തെ സഭാസമൂഹത്തോട് തന്റെ യാത്രയെപ്പറ്റിയും പ്രവർത്തനങ്ങളെപ്പറ്റിയും പൗലോസ് അറിയിച്ചു.

## നാം എന്തെല്ലാം മനസ്സിലാക്കി?

ഈ ഒന്നാംയാത്രയെപ്പറ്റിയുള്ള നമ്മുടെ പഠനത്തിൽനിന്നും നമുക്കു ഓർമ്മയിൽ വയ്ക്കുവാനുള്ള കാര്യങ്ങൾ എന്തെല്ലാമാണ്?

(1) സുവിശേഷത്തെപ്പറ്റി എനിക്ക് ലജ്ജയില്ല (റോമ. 1:16) എന്ന് അപ്പോസ്തോലൻ പ്രസ്താവിച്ചതിനെ വെളിപ്പെടുത്തുന്നതും സ്ഥിരീകരിക്കുന്നതുമായിരുന്നു ഈ യാത്രാ പരിപാടി. (2) സുവിശേഷം പ്രസംഗിക്കുക മാത്രമല്ല രോഗസൗഖ്യം വരുത്തുകയും ചെയ്തു ദൈവരാജ്യത്തിന്റെ ശക്തി വെളിപ്പെടുത്തി. (3) ഒറ്റയ്ക്കായുള്ള പ്രവർത്തനമല്ല, കൂട്ടായ പ്രവർത്തനമാണ് അപ്പോസ്തോലൻ പിന്തുടർന്നത്. കർത്താവ് ശിഷ്യന്മാരെ അയച്ച പ്പോഴും ഈരണ്ടുപേരെ വീതമായിട്ടാണ് അയച്ചത് (ലൂക്കോ. 10:1). (4) കർത്താവിനു വേണ്ടിയും സ്വർഗ്ഗരാജ്യത്തിനുവേണ്ടിയും കഷ്ടമനുഭവിക്കുന്നത് ഭാഗ്യം എന്ന് അപ്പോസ്തോലൻ കരുതി. ഇതു വിശ്വാസികൾക്കെല്ലാം പ്രചോദനമാകേണ്ടതാണ്.

## പ്രവർത്തനങ്ങൾ

1. പൗലോസ് ശ്ലീഹായുടെ ഒന്നാം മിഷനറിയാത്ര നിങ്ങൾ നടത്തിയതായി സങ്കല്പിച്ച് 'ഞാൻ' 'ഞങ്ങൾ' എന്നീ പ്രയോഗങ്ങൾ ഉപയോഗിച്ച് ഒരു യാത്രാവിവരണം തയ്യാറാക്കുക. ഇത് ക്ലാസ്സിൽ ഒന്നോ രണ്ടോ പേർ ചേർന്ന് അവതരിപ്പിക്കുക.

2. പൗലോസ് ശ്ലീഹായുടെ ഒന്നാം മിഷനറിയാത്രയുടെ സ്ഥലങ്ങൾ ഉൾക്കൊള്ളിച്ച് ഒരു ഭൂപടം വരയ്ക്കുക. പ്രധാന സ്ഥലങ്ങൾ എല്ലാം അടയാളപ്പെടുത്തുക.

## നമുക്ക് പാടാം

പത്രോസ്-പൗലോസ് ശ്ലീഹന്മാരുടെ പെരുന്നാൾ (ജൂൺ 29) ദിവസം വി. കുർബ്ബാനയിൽ ഏവൻഗേലിക്കുശേഷം ആലപിക്കുന്ന ഒരു ഗീതം (കുർബ്ബാനക്രമം പേജ് 320 നോക്കുക).

ധന്യേ നിൻ പ്രാർത്ഥന മേവട്ടെ... എന്ന രീതി

പൗലോസ് ശ്ലീഹാ തന്നോട്ടത്തിൽ കർത്താവിൻ ദൂ-
തെല്ലാജാതിക്കാർക്കും വീണ്ടും വീണ്ടും നൽകി.
വിശ്രാമം കൂടാതെന്നും വ്യാപാരം ചെയ്ത്
സർവ്വം ദേശം സർവ്വം മാർഗ്ഗം താൻ ചെന്നെത്തി
രാജോക്ത്യാ കീഴ്മേലായ് കീപ്പാതൂക്കപ്പെട്ടു.
സ്വർഗ്ഗം പ്രാപിപ്പാൻ തന്നാത്മം ദേഹം വിട്ടു
സാഘോഷം തന്നാത്മത്തേ കൈക്കൊണ്ടീടാനായ്
നിർദ്ദേശിച്ചാൻ സ്വർലോകേശൻ തൻ സൈന്യത്തെ.

### നിശ്ചയം

**പൗലോസ് ശ്ലീഹായുടെ ഒന്നാം മിഷനറിയാത്രാവേളയിൽ അദ്ദേഹം സഹിച്ച യാതനകൾ ഞങ്ങൾ മനസ്സിലാക്കി. സഭയ്ക്കുവേണ്ടി സ്വന്തപ്രാണനെപ്പോലും വെടിയുവാൻ തയ്യാറുള്ളവരായിരുന്നു നമ്മുടെ പൂർവ്വ പിതാക്കന്മാർ എന്ന് ഞങ്ങൾക്ക് മനസ്സിലായി. അവരുടെ നല്ല മാതൃക ഞങ്ങൾ അനുകരിക്കും.**

## നമുക്ക് പ്രാർത്ഥിക്കാം

(പ്രാർത്ഥനാക്രമം പേജ് 417, എക പരിശുദ്ധനോടുള്ള പ്രാർത്ഥന)

*പരിശുദ്ധ പിതാവായ മാർ പൗലോസ് ശ്ലീഹായേ, ദൈവം നിന്റെ സുകൃതത്തിൽ ഞങ്ങളെ സംബന്ധിപ്പിക്കുകയും നിന്റെ പ്രാർത്ഥനമൂലം എന്നേയ്ക്കും ദൈവത്തിന്റെ കരുണകൾക്കും ദയവിനും ഞങ്ങളെ യോഗ്യരാക്കിത്തീർക്കുകയും ചെയ്യുമാറാകണമെ. ആമ്മീൻ.*

## തുടർവായനയ്ക്ക്

| ദിവസം | രാവിലെ | വൈകുന്നേരം |
|---|---|---|
| ഞായർ | -- | അപ്പോ. 13:1-12 |
| തിങ്കൾ | അപ്പോ. 13:13-25 | അപ്പോ. 13:26-39 |
| ചൊവ്വ | അപ്പോ. 13:40-52 | അപ്പോ. 14:1-7 |
| ബുധൻ | അപ്പോ. 14:8-18 | അപ്പോ. 14:19-28 |
| വ്യാഴം | മർക്കോ. 1 | റോമ. 1 |
| വെള്ളി | ലൂക്കോ. 10 | 1 കൊറി. 9-16 |
| ശനി | റോമ. 15:22-23 | റോമ. 16:116 |
| ഞായർ | റോമ. 16:17-26 | --- |

പാഠം 8

# വി. പൗലോസ് ശ്ലീഹായുടെ രണ്ടാം മിഷനറിയാത്ര

**കാലം എ. ഡി. 49-52**

**അപ്പോ. പ്രവൃ. 15:35-18:22**

## പഠനോദ്ദേശ്യങ്ങൾ

പൗലോസ് ശ്ലീഹാ നടത്തിയ രണ്ടാം മിഷനറിയാത്രയെപ്പറ്റി മനസ്സിലാക്കുക. പുരാതന കാലത്തെ സഞ്ചാരരീതികളെപ്പറ്റി മനസ്സിലാക്കുകയും ഇന്നത്തെ രീതികളുമായി താരതമ്യപ്പെടുത്തുകയും ചെയ്യുക. അന്നത്തെ പിതാക്കന്മാർ സുവിശേഷഘോഷണത്തിനായി സഹിച്ച യാതനകൾ മനസ്സിലാക്കുക. സുവിശേഷവേലയ്ക്കായുള്ള താൽപ്പര്യം വികസിപ്പിക്കുക.

**മനഃപാഠവാക്യം:** "ഞാൻ സുവിശേഷം അറിയിക്കുന്നു എങ്കിൽ എനിക്ക് പ്രശംസിപ്പാൻ ഒന്നുമില്ല. നിർബ്ബന്ധം എന്റെമേൽ കിടക്കുന്നു. ഞാൻ സുവിശേഷം അറിയിക്കുന്നില്ല എങ്കിൽ എനിക്ക് അയ്യോ കഷ്ടം" (1 കൊരി. 9:16).

**പഠനസഹായികൾ:** പൗലോസ് ശ്ലീഹാനടത്തിയ രണ്ടാം മിഷനറിയാത്രയുടെ സ്ഥലങ്ങൾ വ്യക്തമാക്കുന്ന ഭൂപടം, വി. വേദപുസ്തകം, വി. കുർബ്ബാനക്രമം, പ്രാർത്ഥനാക്രമം.

## ആമുഖം

പുരാതനകാലത്തെ സഞ്ചാരസൗകര്യങ്ങളെപ്പറ്റി നാം അറിഞ്ഞിരിക്കേണ്ടതാണ്. കരമാർഗ്ഗമെങ്കിൽ ഏറിയപങ്കും കാൽനടയായി, അല്ലെങ്കിൽ കഴുതപ്പുറത്ത് മറ്റു വാഹനങ്ങൾ ഒന്നുമില്ലായിരുന്നു. മരുഭൂമിയിലെങ്കിൽ ഒട്ടകങ്ങളെ ഉപയോഗിക്കും. കടൽമാർഗ്ഗമുള്ള യാത്രയ്ക്ക് കാറ്റുകൊണ്ട് ഓടുന്ന പായ്ക്കപ്പലുകൾ മാത്രമായിരുന്നു. കാറ്റു പ്രതികൂലമെങ്കിൽ യാത്ര അപകടകരമായിരിക്കും.

പൗലോസ് ശ്ലീഹാ ഒരു വലിയ സഞ്ചാരി ആയിരുന്നു. എന്തായിരുന്നു അദ്ദേഹത്തിന്റെ യാത്രകളുടെ ലക്ഷ്യം? നാം നേരത്തേ മനസ്സിലാക്കി, യാത്രകളുടെ ഉദ്ദേശ്യം. സുവിശേഷം പ്രസംഗിക്കുകയും സഭകൾ സ്ഥാപിക്കുകയുമായിരുന്നു. ഒന്നാമത്തെ യാത്ര കഴിഞ്ഞ് അധികം വൈകാതെ രണ്ടാമത്തെ യാത്ര ആരംഭിച്ചു. ആ യാത്രയെക്കുറിച്ച് ഇന്നു നമുക്ക് പഠിക്കാം.

## പാഠഭാഗം

തുടക്കത്തിൽ പൗലോസും ബർന്നബാസും തമ്മിൽ ഒരു അഭിപ്രായഭിന്നത ഉണ്ടായി. മർക്കോസിനെ വീണ്ടും യാത്രയിൽ ചേർക്കണമെന്ന ബർന്നബാസിന്റെ അഭിപ്രായത്തെ പൗലോസ് എതിർത്തു (അ. പ്ര. 15:37-38). പ്രവർത്തനത്തിനു വന്നിട്ട് പിന്മാറിപ്പോയവൻ

എന്നുള്ള വിമർശനമായിരുന്നു മർക്കോസിന് എതിരായിട്ടുണ്ടായത്. അതുകൊണ്ട് മർക്കോസിനെ കൂടെച്ചേർക്കാൻ പൗലോസ് കൂട്ടാക്കിയില്ല. അതുമൂലം പൗലോസും ബർന്നബാസും തമ്മിൽ പിരിഞ്ഞു. ബർന്നബാസ് സ്വന്തം ബന്ധുവായ മർക്കോസിനേയും കൂട്ടി സൈപ്രസിലേക്കുപോയി അവിടെ പ്രവർത്തിച്ചു.

പൗലോസ് ശീലാസിനേയും ചേർത്ത് യാത്രയായി. ആരായിരുന്നു ശീലാസ്? അദ്ദേഹം റോമാ പൗരനും യെരുശലേമിലെ സഭയിലെ അംഗവുമായിരുന്നു. 'സിൽവാനോസ്' എന്നാണ് അദ്ദേഹത്തിന്റെ റോമൻ നാമം. ആ പേരാണ് പൗലോസ് ഉപയോഗിച്ചത് (1 തെസ്സ. 1:1, 2 തെസ്സ. 1:1). പൗലോസും ശീലാസും ആദ്യം പോയത് സിറിയ, കിലിക്യ (പൗലോസിന്റെ സ്വന്തദേശം) പ്രദേശങ്ങളിലേക്കാണ്.

അതിനുശേഷം ഒന്നാം യാത്രയിൽ സ്ഥാപിച്ച സഭകൾ സന്ദർശിച്ചു. ദർബ സന്ദർശിച്ചശേഷം ലുസ്ത്രയിലേക്കുപോയി. സഭകൾ വീണ്ടും സന്ദർശിക്കുന്നതിന്റെ ഉദ്ദേശ്യം എന്താവാം? വിശ്വാസികളെ ധൈര്യപ്പെടുത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടിയായിരുന്നു. ലുസ്രയിൽ വച്ച് യുവാവായ തീമോത്തിയോസിനെ ക്രിസ്തീയ പ്രവർത്തനത്തിനായി തിരഞ്ഞെടുക്കുന്നു.

### തീമോത്തിയോസ്

പിതാവ് യവനസംസ്കാരത്തിൽപ്പെട്ട ഒരു വിജാതീയനും, മാതാവായ യൂനിക്ക ഒരു ഉത്തമയായ യഹൂദസ്ത്രീയുമായിരുന്നു. ഈ കുടുംബത്തെ, പൗലോസിന്റെ ഒന്നാം യാത്രയിൽ മാനസാന്തരപ്പെടുത്തിയിരിക്കണം. ഇപ്പോഴത്തെ സന്ദർശനത്തിൽ തീമോത്തി യോസിനെക്കൂടെ യാത്രയിൽ ചേർക്കുന്നു. അങ്ങനെ മൂന്നുപേരുംകൂടി ലുസ്ത്രയിൽനിന്ന് ഇക്കോന്യ, അന്ത്യോഖ്യ (പിസിദ്യൻ) എന്നീ സ്ഥലങ്ങൾ സന്ദർശിച്ചു. (യെരുശലേം സുന്നഹദോസിനെപ്പറ്റി മറ്റൊരു പാഠത്തിൽ വിശദമായുണ്ട്.)

**അല്പം നിർത്താം... ചിന്തിക്കാം...**

1. പൗലോസും ബർന്നബാസും തമ്മിലുള്ള അഭിപ്രായഭിന്നത എന്തായിരുന്നു?
2. ശീലാസ് ആരായിരുന്നു?
3. പൗലോസും ശീലാസും ചേർന്ന് ആദ്യം പോയ സ്ഥലങ്ങളേവ?

സ്വന്ത ആലോചനപ്രകാരമല്ല, പരിശുദ്ധാത്മാവിന്റെ നിയോഗത്താലും നിയന്ത്രണ ത്തിലുമായിരുന്നു അവരുടെ യാത്ര. ചില സ്ഥലത്തേക്കുപോകുവാൻ തുടങ്ങിയപ്പോൾ ആത്മാവു വിലക്കി എന്നു വായിക്കുന്നു (അ. പ്ര. 16:67). അങ്ങനെ അവർ ത്രോവാസിൽ എത്തി ഇവിടെവച്ച് പൗലോസിന് ഒരു ദർശനമുണ്ടായി. "മക്കദോന്യയിലേക്കു കടന്നുവന്ന് ഞങ്ങളെ സഹായിക്കുക" എന്ന് ഒരാൾ ആവശ്യപ്പെടുന്നതായി കണ്ടു. ആ ദർശനപ്രകാരം അവിടേയ്ക്കുപോകുവാൻ തീരുമാനിച്ചു. ഇവിടെവച്ച് ലൂക്കോസ് യാത്രയിൽ ചേരുന്നു. ത്രോവാസിൽനിന്നു കപ്പൽ കയറി പിറ്റേദിവസം നിയോപോലീസിലേക്കും, അവിടെനിന്ന് മക്കദോന്യപ്രവിശ്യയിലെ പ്രധാന നഗരമായ ഫിലിപ്യയിലേക്കും പോയി.

ഫിലിപ്യയിൽ: (അ. പ്ര. 16:12-40) മൂന്നു സംഭവങ്ങളാണ് ഇവിടെ ശ്രദ്ധയിൽപ്പെടുന്നത്. (1) ലുദിയായുടെ മാനസാന്തരം (2) വെളിച്ചപ്പാടത്തിയായ അടിമപ്പെൺകുട്ടിയെ സൗഖ്യമാക്കുന്നത് (3) കാരാഗൃഹപ്രമാണിയുടെ മാനസാന്തരം.

1. **ലുദിയായുടെ മാനസാന്തരം:** തുയാത്തൈരക്കാരിയും പട്ടുവസ്ത്രം വിൽക്കുന്ന വളുമായ ലുദിയ ഭക്തിയുള്ള ഒരു വനിത ആയിരുന്നു. സിനഗോഗില്ലാത്ത അവിടെ ഒരു പുഴയരികിലാണ് സ്ത്രീകൾ ആരാധനയ്ക്കുകൂടി വന്നത്. പൗലോസും ശീലാസും അവിടെ

ശാബത്തിൽ എത്തി അവരോടു സംസാരിച്ചു. പൗലോസിന്റെ പ്രസംഗം കേട്ട് ലുദിയ മാനസാന്തരപ്പെട്ട് അവളും കുടുംബവും സ്നാനം സ്വീകരിച്ചു. "യൂറോപ്പിലെ ആദ്യത്തെ ക്രിസ്ത്യാനി" എന്ന് അവളെ വിശേഷിപ്പിക്കാറുണ്ട്.

2. വെളിച്ചപ്പാടുണ്ടായിട്ട് ഭാവിഫലം പറയുന്ന ഒരടിമപ്പെൺകുട്ടിയുണ്ടായിരുന്നു. അതുവഴി അവളുടെ യജമാനന്മാർക്ക് പണം ലഭിച്ചുകൊണ്ടിരുന്നു. എന്നാൽ പൗലോസ് അവളിൽനിന്ന് ബാധ ഒഴിപ്പിച്ചപ്പോൾ അവൾ വഴി യജമാനന്മാർക്കു ലഭിച്ചുകൊണ്ടിരുന്ന വരുമാനം നഷ്ടമായി. അപ്പോൾ അവർ കോപാക്രാന്തരായി പൗലോസിനെയും ശീലാസിനെയും പിടിച്ചുകൊണ്ടുപോയി ന്യായാധിപന്മാരുടെ മുമ്പിൽവച്ച് വസ്ത്രം ഉരിഞ്ഞുമാറ്റി വളരെ പ്രഹരിച്ചശേഷം കാരാഗൃഹത്തിലടച്ചു.

### 3. കാരാഗൃഹപ്രമാണിയുടെ മാനസാന്തരം

കാരാഗൃഹത്തിൽ അടയ്ക്കപ്പെട്ട പൗലോസും ശീലാസും അർദ്ധരാത്രിയിൽ കീർത്തനംപാടി ദൈവത്തെ സ്തുതിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു. അപ്പോൾ കാരാഗൃഹത്തിന്റെ വാതിൽ താനേ തുറക്കപ്പെട്ടു. തടവുകാർ രക്ഷപ്പെട്ടുകാണുമെന്നു കരുതി ജയിൽസൂക്ഷിപ്പുകാരൻ ഭയപ്പെട്ട് ആത്മഹത്യയ്ക്കൊരുങ്ങി. അപ്പോൾ പൗലോസ് അയാളെ തടഞ്ഞു. ആരും തടവിൽനിന്ന് പോയിട്ടില്ല എന്നു പറഞ്ഞ് അയാളെ ധൈര്യപ്പെടുത്തി. പൗലോസ് അയാളെയും കുടുംബത്തെയും മാനസാന്തരപ്പെടുത്തി.

**അല്പം നിർത്താം... ചിന്തിക്കാം...**

1. പൗലോസ് പോകുവാൻ തുടങ്ങിയപ്പോൾ പരിശുദ്ധാത്മാവ് വിലക്കിയ സ്ഥലങ്ങൾ ഏവ?
2. ഫിലിപ്പിയിലെ യാത്രയിൽ സംഭവിച്ച മൂന്ന് പ്രധാന സംഭവങ്ങൾ ഏവ?
3. കാരാഗൃഹപ്രമാണിയുടെ മാനസാന്തരം വിശദമാക്കുക.

കാരാഗൃഹത്തിൽനിന്ന് മോചിതരായ പൗലോസും ശീലാസും അംഫിപ്പോലീസ്, അപ്പോളോനിയ എന്നീ സ്ഥലങ്ങൾ കടന്നു തെസ്സലോനിക്യയിൽ എത്തി. പൗലോസ് സാധാരണ ചെയ്യാറുള്ളതുപോലെ യഹൂദന്മാരുടെ സിനഗോഗിൽ പോയി ക്രിസ്തുവിനെപ്പറ്റി പ്രസംഗിച്ചു. അതു തുടർച്ചയായ മൂന്നു ശാബത്തുകളിൽ നടന്നു. അതുമൂലം ധാരാളംപേർ മാനസാന്തരപ്പെട്ടു ക്രിസ്തീയ വിശ്വാസികളായി. യഹൂദാന്യായാധിപന്മാരുടെ ഇടയിൽ ഇതു വലിയ കോളിളക്കമുണ്ടാക്കി. പൗലോസിനെയും ശീലാസിനെയും പിടിക്കാൻ കഴിയാതിരുന്നതിനാൽ, അവർക്ക് ആതിഥ്യം നൽകിയ യാസോനെ നഗരാധിപന്മാരുടെ മുമ്പിൽ ഹാജരാക്കി. എന്നാൽ താമസിയാതെ ജാമ്യത്തിൽവിട്ടു. പൗലോസും ശീലാസും അന്നു രാത്രിയിൽതന്നെ അവിടംവിട്ടു ബെരോവയിലേക്കുപോയി. ബെരോവയിലെ യഹൂദന്മാർ ഉത്തമരായിരുന്നു. അവർ ദൈവവചനം പൂർണ്ണ ജാഗ്രതയോടെ സ്വീകരിച്ചു. അനേകർ മാനസാന്തരപ്പെട്ടു വിശ്വാസം സ്വീകരിച്ചു. ഇതറിഞ്ഞ് തെസ്സലോനിക്യയിലെ യഹൂദന്മാർ അവിടെവന്നു കലാപമുണ്ടാക്കി. പൗലോസ് അവിടംവിട്ട് ആതൻസിലേക്കു പോയി. എന്നാൽ തീമോത്തിയോസും ശീലാസും അവിടെത്തന്നെ താമസിച്ചു. പൗലോസ് ആതൻസിൽ അവരെ കാത്തിരുന്നു

**ആതൻസിൽ:** (അഥേന) ആതൻസ്, ഗ്രീസിന്റെ തലസ്ഥാനവും വിദ്യാഭ്യാസത്തിലും സംസ്കാരത്തിലും വളരെ പുരോഗതി പ്രാപിച്ച നഗരവുമാണ്. ഇവിടെ പല തത്വജ്ഞാനികളും ജീവിച്ചിരുന്നു. അനവധി ദേവന്മാരുടെ പ്രതിഷ്ഠകൾ അവിടെ ഉണ്ടായിരുന്നു. പൗലോസ് അവരുടെ ഏറ്റവും പ്രധാന സ്ഥലത്തുചെന്ന് യേശുവിന്റെ സുവിശേഷം

പ്രസംഗിച്ചു. താത്വികമായ ആ പ്രസംഗംകേട്ട് വളരെ കുറച്ചുപേർ മാത്രമേ വിശ്വസിച്ചുള്ളൂ. അവിടെ ഒരു സഭ സ്ഥാപിക്കാൻ കഴിഞ്ഞില്ല.

**അല്പം നിർത്താം... ചിന്തിക്കാം...**

1. കാരാഗൃഹത്തിൽനിന്ന് മോചിതരായ പൗലോസിന്റെയും ശീലാസിന്റെയും തുടർന്നുള്ള പ്രവർത്തനങ്ങൾ എന്തായിരുന്നു?
2. ബെരോവയിലെ യഹൂദന്മാരുടെ പ്രത്യേകതകൾ എന്തായിരുന്നു?
3. ആതൻസിന്റെ (അഥേന) പ്രത്യേകതകൾ എന്തായിരുന്നു?

**കൊരിന്തിൽ:** ആതൻസിൽനിന്നു കൊരിന്തിലേക്ക് അപ്പോസ്തോലൻ പോയി. ഈ നഗരം ഒരു വലിയ വ്യാപാരകേന്ദ്രമായിരുന്നു. അസന്മാർഗ്ഗികത ഇവിടെ നടമാടി. 'കൊരിന്ത്യർ' എന്നുള്ളത് ദുർപ്രവൃത്തിയുടെ പര്യായമായിരുന്നു.

ഇവിടെ പൗലോസ് അക്വിലയോടും ഭാര്യ പ്രിസ്കില്ലായോടുംകൂടെ താമസിച്ചു. പൗലോസിപ്പോലെ അവരും കൂടാരപ്പണി ചെയ്യുന്നവരായിരുന്നു. അവർ റോമിൽനിന്ന് എത്തിയവരാണ്. റോമിൽവച്ചുതന്നെ അവർ ക്രിസ്തീയവിശ്വാസികൾ ആയിത്തീർന്നിരിക്കാം. അതുകൊണ്ടുകൂടിയാവാം പൗലോസ് അവരുടെകൂടെ താമസിക്കാൻ ഒരുങ്ങിയത്.

യഹൂദന്മാരുടെ സുനഗോഗിൽ ആദ്യം പ്രവർത്തിച്ചു. അവിടെ എതിർപ്പുണ്ടായപ്പോൾ വിജാതീയ സമൂഹം കേന്ദ്രീകരിച്ചു പ്രവർത്തിച്ചു. ഒന്നരവർഷക്കാലം അവിടെ വേല തുടർന്നു. പിന്നീട് എതിർപ്പ് ശക്തമായപ്പോൾ അവിടം വിട്ടുപോന്നു. അക്വിലായും പ്രിസ്കില്ലായും പൗലോസിനെ അനുഗമിച്ചു. അവർ എഫേസൂസിൽ എത്തിയപ്പോൾ പൗലോസ് യാത്രതുടർന്ന് സിറിയയിലേക്കുപോയി. കൈസര്യയിൽ എത്തിയശേഷം ഗലാത്യ, ഫ്രുഗ്യ മുതലായ സ്ഥലങ്ങൾ കടന്ന് അന്ത്യോക്യയിലെത്തി. അങ്ങനെ രണ്ടാം യാത്ര അവസാനിച്ചു.

### നാം എന്തു മനസ്സിലാക്കി?

മിഷനറി യാത്രയെപ്പറ്റി നാം വിലയിരുത്തുമ്പോൾ പ്രധാനമായി നമ്മുടെ ശ്രദ്ധയിൽ വരുന്ന കാര്യങ്ങൾ ഏതെല്ലാം?

1. പഴയ സ്ഥലങ്ങൾ തന്നെ വീണ്ടും സന്ദർശിക്കുന്നു. അതിന്റെ ലക്ഷ്യം ശൈശവാവസ്ഥയിൽ ഇരിക്കുന്ന സഭാസമൂഹത്തെ വിശ്വാസത്തിൽ ബലപ്പെടുത്താനും, ധൈര്യപ്പെടുത്താനുമായിരുന്നു.
2. ഒരു സ്ഥലത്തും അധികനാൾ താമസിക്കാതെ മറ്റു സ്ഥലങ്ങളിലേക്കു പോകുന്നു. സുവിശേഷം എത്തിയിട്ടില്ലാത്ത പുതിയ സ്ഥലങ്ങൾ തേടിയാണ് അപ്പോസ്തോലൻ എപ്പോഴും യാത്ര സംഘടിപ്പിക്കുന്നത്.
3. ആദ്യം യഹൂദസമൂഹത്തിലാണ് പ്രവർത്തനം. അവർക്ക് ക്രിസ്തുവിനെക്കുറിച്ച് മനസ്സിലാക്കാൻ എളുപ്പമായിരുന്നു. 'ജാതികളുടെ അപ്പോസ്തോലൻ' എന്ന നിലയിൽ വിജാതീയ സമൂഹത്തിലും പ്രവർത്തനങ്ങൾ ശക്തമായി നടത്തി.
4. ഈ രണ്ടാം യാത്ര മൂന്നു വർഷത്തോളം നീണ്ടുനിന്നതായി കരുതാം. തങ്ങളുടെ വിജയകരമായ പ്രവർത്തനത്തെപ്പറ്റി അപ്പോസ്തോലൻ ചിന്തിച്ചത് "ദൈവം തങ്ങളുടെ കൂടെയിരുന്നു പ്രവർത്തിച്ചു" എന്നാണ്.

## പ്രവർത്തനങ്ങൾ

1. പൗലോസ് ശ്ലീഹായുടെ രണ്ടാം മിഷനറിയാത്രയുടെ ഒരു നല്ല വിവരണം പാഠപുസ്തകത്തിന്റെയും ബൈബിളിന്റെയും സഹായത്തോടെ തയ്യാറാക്കുക.

2. പൗലോസ് ശ്ലീഹായുടെ രണ്ടാം മിഷനറിയാത്രയുടെ സ്ഥലങ്ങൾ വ്യക്തമാക്കുന്ന ഒരു ഭൂപടം വരയ്ക്കുക.

3. ക്രിസ്തുവിനായി സുവിശേഷവേല ചെയ്യാൻ തുനിഞ്ഞിരിക്കുന്നവർ ഈ മിഷനറി യാത്രയിൽനിന്ന് ഉൾക്കൊള്ളുന്ന പാഠം എന്ത്?

## നമുക്ക് പാടാം

പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ പെരുന്നാൾ (ജൂൺ 29) ദിവസം വി. കുർബ്ബാന യിൽ ആലപിക്കുന്ന ഒരു ഗീതം (കുർബ്ബാനക്രമം പേജ് 320 നോക്കുക).

(ദൈവസുതന്മാരായിടുവാൻ... എന്ന രീതി)

മന്നിനു മാഴിക്കും നാഥാ-
സ്വമതം ഘോഷിപ്പാനേറ്റം
പാവപ്പെട്ടവരെ-യാകിയ ദൈവസുതാ-സ്തോത്രം
കീപ്പായെ കടലിൽ വച്ചും-പൗലോസിനെ വഴിയിൽവച്ചും
ചേർത്തു വിശുദ്ധ സഭയ്ക്കവരെ-
നീ ശില്പികളാക്കി.

### നിശ്ചയം

**പൗലോസ് ശ്ലീഹാ ക്രിസ്തുവിനുവേണ്ടി സഹിച്ച കഷ്ടതകൾ ഞങ്ങൾ മനസ്സിലാക്കി. സഭയുടെ വ്യാപ്തിക്കായി ഇത്രയേറെ ത്യാഗം സഹിച്ച പൗലോസ് ശ്ലീഹായുടെ മദ്ധ്യസ്ഥതയിൽ ഞങ്ങൾ അഭയപ്പെടും.**

## നമുക്ക് പ്രാർത്ഥിക്കാം

(പ്രാർത്ഥനാക്രമം പേജ് 221)

*കർത്താവേ വിലയേറിയ മാണിക്യംപോലെ വിശുദ്ധ ശ്ലീഹന്മാരുടെ കൈയിൽ നിന്റെ വിശുദ്ധ സഭയ്ക്കായിട്ട് നീ ഏൽപ്പിച്ചുകൊടുത്തിട്ടുള്ള സത്യവിശ്വാസത്തെ ഞങ്ങൾ മുറുകെപിടിച്ച് അതിൽ ജീവിക്കുകയും മരിക്കുകയും ചെയ്യുമാറാകണമെ. അവരോടുകൂടെയും അവരുടെ ഇടയിലും ഞങ്ങൾ നിന്നുകൊണ്ട് നിനക്ക് സ്തുതിപാടുവാൻ ഞങ്ങളെ യോഗ്യരാക്കിത്തീർക്കുകയും ചെയ്യണമേ. ആമ്മീൻ.*

## തുടർവായനയ്ക്ക്

| ദിവസം | രാവിലെ | വൈകുന്നേരം |
|---|---|---|
| ഞായർ | - | അപ്പോ: 15:35-40 |
| തിങ്കൾ | അപ്പോ. 16:1-10 | അപ്പോ. 16:16-40 |
| ചൊവ്വ | അപ്പോ. 16:19-34 | അപ്പോ. 17:16-37 |
| ബുധൻ | അപ്പോ. 17:1-9 | 1 കൊരി. 9:15-27 |
| വ്യാഴം | അപ്പോ. 17:16-21 | അപ്പോ. 17:22-34 |
| വെള്ളി | അപ്പോ. 18:1-4 | അപ്പോ. 18:5-11 |
| ശനി | അപ്പോ. 18:12-17 | അപ്പോ. 18:18-23 |
| ഞായർ | 1 കൊരി. 9:15-27 | - |

പാഠം 9

# വി. പൗലോസ് ശ്ലീഹായുടെ മൂന്നാം മിഷനറിയാത്ര

**കാലം: 53-57**

**അപ്പോ. പ്രവൃ. 18:23-21:16**

## പഠനോദ്ദേശ്യങ്ങൾ

പൗലോസ് ശ്ലീഹാ നടത്തിയ മൂന്നാം മിഷനറിയാത്രയെപ്പറ്റി മനസ്സിലാക്കുക. പൗലോസ് ശ്ലീഹായുടെ പ്രവർത്തനശൈലിയെപ്പറ്റി പൊതുവായി മനസ്സിലാക്കുക. സുവിശേഷപ്രഘോഷണത്തിനായി താൽപര്യം വർദ്ധിപ്പിക്കുക.

**മനഃപാഠവാക്യം:** "സുവിശേഷത്തെക്കുറിച്ച് എനിക്ക് ലജ്ജയില്ല; വിശ്വസിക്കുന്ന ഏവനും ആദ്യം യഹൂദനും പിന്നെ യവനനും അത് രക്ഷയ്ക്കായി ദൈവശക്തിയാകുന്നു" (റോമ. 1:16).

**പഠനസഹായികൾ:** പൗലോസ് ശ്ലീഹായുടെ മൂന്നാം മിഷനറിയാത്രയുടെ സ്ഥലങ്ങൾ രേഖപ്പെടുത്തിയ ഭൂപടം, വി. വേദപുസ്തകം, വി. കുർബ്ബാനക്രമം, പ്രാർത്ഥനാക്രമം.

## ആമുഖം

കഴിഞ്ഞ രണ്ടു പാഠങ്ങളിലായി അപ്പോസ്തോലനായ പൗലോസ് ശ്ലീഹായുടെ ഒന്നും രണ്ടും മിഷനറിയാത്രകൾ നമ്മൾ പഠിച്ചു അല്ലേ? ഈ രണ്ടു യാത്രകളും തുടങ്ങിയത് ഒരു സ്ഥലത്തുനിന്നാണ്. ഏതു സ്ഥലമാണെന്ന് പറയാമോ? ശരിയാണ്. അന്ത്യോഖ്യയിൽനിന്നാണ് ഈ രണ്ട് യാത്രകളും തുടങ്ങിയത്. പൗലോസ് ശ്ലീഹായുടെ പ്രവർത്തനശൈലിയെപ്പറ്റി നിങ്ങൾ മനസ്സിലാക്കിയ കാര്യങ്ങൾ പറയാമോ? അദ്ദേഹം എപ്പോഴും പ്രവർത്തനനിരതനായിരുന്നു. സുവിശേഷം മറ്റുള്ളവരെ അറിയിക്കുന്നതിനും യേശുക്രിസ്തുവിലുള്ള രക്ഷയിലേക്ക് അവരെ കൊണ്ടുവരുന്നതിനും താൻ വളരെ ജാഗ്രതപുലർത്തി. അതിനായി പുതിയ സ്ഥലങ്ങളിലേക്ക് യാത്ര തുടർന്നു. ആദ്യയാത്രയിൽ സ്ഥാപിച്ച സഭകളെ വീണ്ടും സന്ദർശിച്ച് വിശ്വാസികളെ ധൈര്യപ്പെടുത്തുകയും വിശ്വാസത്തിൽ സ്ഥിരപ്പെടുത്തുകയും ചെയ്യുന്നു. അതായത്, തുടർപ്രവർത്തനത്തിൽ അദ്ദേഹം ശ്രദ്ധിച്ചു എന്ന് നമുക്ക് മനസ്സിലാക്കാം.

യെരുശലേമിലെ സഭാംഗങ്ങൾ ക്ഷാമം മൂലം ക്ലേശിച്ചിരുന്നതിനാൽ അവർക്കുവേണ്ടി വിവിധ സഭാകേന്ദ്രങ്ങളിൽ നിന്നും സഹായധനം സമാഹരിക്കുവാൻ കൂടി ലക്ഷ്യമിട്ടുകൊണ്ട് അദ്ദേഹം മൂന്നാമത് ഒരു യാത്രകൂടി നടത്തി. ഇത് മൂന്നാം മിഷനറിയാത്ര എന്നറിയപ്പെടുന്നു. ഈ യാത്രയിലെ വിവിധ അനുഭവങ്ങളാണ് ഇന്ന് നമ്മൾ പഠിക്കുന്നത്.

## പാഠഭാഗം

പൗലോസ് ശ്ലീഹായുടെ മൂന്നാംമിഷനറിയാത്രയും ആരംഭിച്ചത് അന്ത്യോഖ്യയിൽനിന്നാണ്. അന്ത്യോഖ്യയിൽനിന്ന് ആരംഭിച്ച് ആദ്യ യാത്രയിൽ സ്ഥാപിച്ച സഭകൾ സന്ദർശിച്ചശേഷം എഫേസൂസിൽ എത്തുന്നു. രണ്ടാംയാത്രയിലും അപ്പോസ്തോലൻ ഇവിടെ വന്നിരുന്നു എങ്കിലും അധികനാൾ താമസിച്ചില്ല. എന്നാൽ ഈ പ്രാവശ്യം മൂന്നുവർഷക്കാലം ഇവിടെ താമസിച്ച് പ്രവർത്തിച്ചു. എഫേസൂസ് ഭൂപടത്തിൽ നമുക്ക് ഒന്നു കാണാം. വി. വേദപുസ്തകത്തിൽ അവസാനഭാഗത്ത് പൗലോസ് ശ്ലീഹാ യാത്രചെയ്ത സ്ഥലങ്ങൾ രേഖപ്പെടുത്തിയ ഭൂപടം നൽകിയിട്ടുള്ളത് നോക്കുക. അന്ത്യോഖ്യയിൽനിന്ന് എഫേസൂസിലേക്കുള്ള ദിശയും ദൂരവും നോക്കി മനസ്സിലാക്കുക. ഏഷ്യാമൈനർ പ്രവിശ്യയുടെ തലസ്ഥാനമായിരുന്നു എഫേസൂസ്. സാമ്പത്തികമായി വളരെ പുരോഗതി പ്രാപിച്ചിരുന്നു. പുറജാതിമതത്തിലെ ഒരു പ്രധാന ദേവിയായ അർത്തിമീസിന്റെ വലിയ ഒരു ക്ഷേത്രം ഇവിടെ സ്ഥിതിചെയ്തു. യഹൂദന്മാർക്കു യരുശലേം ദേവാലയം എന്നപോലെ യവനസമൂഹത്തിന് ഈ ക്ഷേത്രം സുപ്രധാനമായിരുന്നു. പല ദുരാചാരങ്ങളും അന്ധവിശ്വാസങ്ങളും അവിടെ നടമാടിയിരുന്നു.

പൗലോസ് ശ്ലീഹാ മൂന്നു വർഷക്കാലം ഇവിടെ താമസിച്ചു പ്രവർത്തിച്ചു. കയ്പ്പേറിയ പല അനുഭവങ്ങളും അദ്ദേഹത്തിനുണ്ടായി. മാനസികമായും ശാരീരികമായും വളരെ ക്ലേശങ്ങൾ അനുഭവിക്കേണ്ടിവന്നു. ജീവനെപ്പറ്റിയുള്ള ആശ തകരുന്നവിധത്തിൽ പീഡനമുണ്ടായി. അതേപ്പറ്റി അപ്പോസ്തോലൻ ലേഖനത്തിൽ സൂചിപ്പിക്കുന്നു (2 കൊരി. 1:8-10). കാരാഗൃഹവാസംവരെ അനുഭവിക്കേണ്ടിവന്നു. അതേപ്പറ്റി അപ്പോസ്തോല പ്രവൃത്തികളിൽ ലൂക്കോസ് വിവരിക്കുന്നില്ല.

**അല്പം നിർത്താം... ചിന്തിക്കാം...**

1. പൗലോസ് ശ്ലീഹായുടെ മൂന്നാം മിഷനറിയാത്ര ആരംഭിച്ചത് എവിടെനിന്ന്?
2. എഫേസൂസിന്റെ പ്രത്യേകതകൾ എന്തായിരുന്നു?
3. എഫേസൂസിൽ പൗലോസ് നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുക?

### ഇവിടെ താമസിക്കുമ്പോൾ ഉണ്ടായ പ്രധാന സംഭവങ്ങൾ

1. യോഹന്നാൻ സ്നാപകന്റെ ശിഷ്യത്വം സ്വീകരിച്ചിരുന്ന പന്ത്രണ്ടുപേർ ഇവിടെ ഉണ്ടായിരുന്നു. അവർക്കു യേശുക്രിസ്തുവിനെ സംബന്ധിച്ച വിശ്വാസം നൽകി അവരെ മാമോദീസാ മുക്കി സഭയോടു ചേർത്തു.

**2. മന്ത്രവാദികളുടെ മാനസാന്തരം**

ചില യഹൂദ മന്ത്രവാദികൾ യേശുവിന്റെ നാമം ഉപയോഗിച്ച് ചില അത്ഭുതങ്ങൾ ഒക്കെ പ്രവർത്തിച്ചു. എന്നാൽ ഒരു ഭൂതബാധിതൻ അവരുടെമേൽ ചാടിവീണ് ദേഹോപദ്രവം ഏല്പിച്ചു. എഫേസൂസ് പുരാതനകാലങ്ങളിൽ മാന്ത്രികരുടെ പ്രവർത്തനകേന്ദ്രമായിരുന്നു.

എന്നാൽ പൗലോസിന്റെ പ്രസംഗത്തിൽ മേൽപ്പറഞ്ഞ യഹൂദ മന്ത്രവാദികൾ മാനസാന്തരപ്പെട്ടു. മാത്രമല്ല അവരുടെ മന്ത്രവാദത്തിനുള്ള പുസ്തകച്ചുരുളുകൾ ചുട്ടുനശിപ്പിക്കുകയും ചെയ്തു. മാനസാന്തരം പൂർണ്ണമായിരുന്നു എന്നതിന്റെ അടയാളമാണത്.

**3. വിഗ്രഹനിർമ്മാതാക്കളുടെ പ്രക്ഷോഭം**

ക്രിസ്തീയസുവിശേഷം പ്രചരിച്ചപ്പോൾ വിഗ്രഹാരാധന ഉപേക്ഷിക്കാൻ അനേകർ

പ്രേരിതരായി. അർത്തമീസ് ദേവിയുടെ ചെറിയ വിഗ്രഹം ഉണ്ടാക്കി വില്പന നടത്തുന്നവർക്ക് അത് സാമ്പത്തികനഷ്ടം വരുത്തി അവരുടെ നേതാവ് അവരെയെല്ലാം സംഘടിപ്പിച്ച് പട്ടണത്തിൽ കലാപമുണ്ടാക്കി. പൗലോസിനും സഹപ്രവർത്തകർക്കുമെതിരായ പ്രക്ഷോഭമായി വളർന്നു. നഗരാധിപന്റെ ഉചിതമായ നീക്കത്തിൽകൂടി കലാപം ശാന്തമാക്കി.

ഇനിയും അവിടെ തുടരുന്നത് നന്നല്ല എന്നു മനസ്സിലാക്കി സഭാസമൂഹത്തെ സംബോധനചെയ്ത ശേഷം പൗലോസ് മക്കദോന്യക്കുപോയി. ആ യാത്ര സമുദ്രംവഴി ആയിരുന്നു. മക്കദോന്യയിൽ പാർക്കുമ്പോൾ സമീപപ്രദേശങ്ങളിൽ സുവിശേഷം അറിയിക്കാൻ ശ്രമിച്ചു. പിന്നീട് യെരുശലേമിലേക്കു പോകണമെന്നായിരുന്നു പരിപാടി. അവിടുത്തെ സഭയ്ക്കുവേണ്ടി സമാഹരിച്ച സഹായം അവിടെ നൽകേണ്ടിയിരുന്നു. അതിനായി വിവിധ സഭകളുടെ പ്രതിനിധികളെയും അപ്പോസ്തോലൻ തന്നോടൊപ്പം യെരുശലേമിലേക്കു കൊണ്ടുപോയി.

**ത്രോവാസിൽ:** അവിടെ നടന്ന ഒരു പ്രധാന സംഭവം ഞായറാഴ്ച ദിവസം വന്നപ്പോൾ ആരാധനയ്ക്കായി ഒരു മാളികമുറിയിൽ എല്ലാവരും സംബന്ധിച്ചതാണ്. മൂന്നു കാര്യങ്ങൾ ആ സംഭവം വെളിപ്പെടുത്തുന്നു (അ. പ്ര. 20:7-12).

(1) ഞായറാഴ്ച ആചരണം ആരംഭിച്ചു എന്നത് തെളിയിക്കുന്നു. (2) ആരാധന എന്നുള്ളത് അപ്പംനുറുക്കൽ അഥവാ കുർബ്ബാന അനുഷ്ഠാനമായിരുന്നു (3) അതോടൊപ്പം വചനശുശ്രൂഷയും (പ്രസംഗം) ഉണ്ടായിരുന്നു.

അപകടത്തിൽ മരണമടഞ്ഞ ഒരാളിനെ പൗലോസ് ജീവിപ്പിക്കുന്നു എന്നുള്ളതും ഇവിടെ നടന്ന സംഭവമാണ്.

**മിലിത്തോസിൽ:** ത്രോവാസിൽനിന്ന് സമുദ്രമാർഗ്ഗം യാത്രതുടർന്ന് പല സ്ഥലങ്ങളിൽകൂടി സഞ്ചരിച്ച് മിലിത്തോസിൽ എത്തിച്ചേർന്നു. സമീപപ്രദേശമായ ഏഫേസൂസിൽ നിന്ന് അവിടുത്തെ സഭാനേതാക്കളായ വൈദികർ അപ്പോസ്തോലനെ കാണുന്നു. അവരോട് ഹൃദ്യമായ ഒരു പ്രസംഗം അദ്ദേഹം നടത്തി (അ. പ്ര. 20:18-35). സ്വന്തം പ്രവർത്തനങ്ങളെ അയവിറക്കിക്കൊണ്ട്. വൈദികരുടെ കർത്തവ്യം എങ്ങനെ നിറവേറ്റണമെന്ന് ഉത്ബോധിപ്പിച്ചു. ദൈവത്തിന്റെ ജനത്തെ നയിക്കുവാൻ പരിശുദ്ധാത്മാവു നേതൃസ്ഥാനത്ത് അവരെ നിയമിച്ചിട്ടുള്ളതാണ്. അപ്പോസ്തോലൻ എഫേസൂസിലെ സഭയെ ദൈവത്തിന്റെ സംരക്ഷണയിൽ ഭരമേൽപ്പിച്ചുകൊണ്ട് സഭാനേതാക്കന്മാരോട് അന്ത്യയാത്ര പറയുന്നു.

**സോരിൽ:** കപ്പൽയാത്ര പല ദ്വീപുകളുടെ സമീപത്തുകൂടി ആയിരുന്നു. സുറിയായിലേക്കു പോകുവാനായിരുന്നു ലക്ഷ്യം. അവർ ഫിനിഷ്യയുടെ പ്രധാന തുറമുഖമായ സോരിൽ എത്തി. പലസ്തീൻകാരുടെ ഒരു പ്രസിദ്ധ കേന്ദ്രമായിരുന്നു ഈ നഗരം. പഴയനിയമകാലത്തുതന്നെ അതു കീർത്തി ആർജ്ജിച്ചിരുന്നു. അവിടെ ഒരാഴ്ചക്കാലം പൗലോസും സഹചാരികളും താമസിച്ചു. അപ്പോൾ അവിടെയുള്ള വിശ്വാസികളെ കാണുവാനും അവരുമായി സ്നേഹം പങ്കിടാനും കഴിഞ്ഞു.

**കൈസര്യയിൽ:** സോരിൽനിന്നു യാത്ര ചെയ്ത് അതിനു തെക്കുള്ള ടോലിമായിസിൽ എത്തി. അവിടെ ഒരുദിവസം മാത്രം താമസിച്ചശേഷം യാത്രപുറപ്പെട്ട് കൈസര്യായിലെത്തി. ഫീലിപ്പോസ് എത്യോപ്യൻ ഷണ്ഡനെ മാനസാന്തരപ്പെടുത്തിയശേഷം ഈ കൈസര്യയിൽ എത്തി താമസമുറപ്പിക്കയായിരുന്നു. പൗലോസും സഹചാരികളും ഈ ഫീലിപ്പോസിന്റെ ഭവനത്തിലാണ് താമസിച്ചത്.

**അല്പം നിർത്താം... ചിന്തിക്കാം...**

1. എഫേസൂസിൽ താമസിക്കുമ്പോഴുണ്ടായ പ്രധാന സംഭവങ്ങൾ വിശദമാക്കുക?
2. പൗലോസ് ജീവപ്പിച്ച ആൾ ആരായിരുന്നു?
3. മാളികമുറിയിൽ ഒന്നിച്ചുകൂടിയ സംഭവം വെളിപ്പെടുത്തുന്ന മൂന്നു കാര്യങ്ങൾ ഏവ?

അവർ അവിടെ താമസിക്കുമ്പോൾ അഗബോസ് എന്ന ഒരു ക്രിസ്തീയ പ്രവാചകൻ അവിടെയെത്തി. അയാൾ പൗലോസിനു യെരുശലേമിൽ ദണ്ഡനവും ബന്ധനവും ഒക്കെ നേരിടേണ്ടിവരുമെന്ന് പ്രവചിച്ചു. അതുകേട്ടിട്ട് കൂടെയുള്ളവർ അപ്പോസ്തോലനെ യെരുശലേമിൽ പോകുന്നതിൽനിന്നും വിലക്കുന്നു. എങ്കിലും ക്രിസ്തുവിനുവേണ്ടി കഷ്ടമേൽക്കുന്നതു ഭാഗ്യമെന്നു അപ്പോസ്തോലൻ കരുതി, തന്റെ യാത്ര തുടർന്നു. കൈസര്യയിൽനിന്ന് യെരുശലേമിലേക്കു കരമാർഗ്ഗമായിരുന്നു യാത്ര. യെരുശലേമിൽ സഭയിൽ അധികപങ്കും യഹൂദക്രിസ്ത്യാനികളായിരുന്നു. ഇവിടെ പൗലോസും സഹചാരികളും താമസിച്ചത് മ്നാസോന്റെ ഭവനത്തിലായിരുന്നു. അങ്ങനെ മൂന്നാം മിഷനറിയാത്ര യെരുശലേമിൽ സമാപിക്കുന്നു.

## ഈ യാത്ര നൽകുന്ന പാഠങ്ങൾ

(1) ഏതാണ്ട് 4 വർഷം നീണ്ടുനിന്ന യാത്രയാണ് അതിൽ മൂന്നരവർഷം എഫേസൂസിൽ ആയിരുന്നു. അത്രയും അവിടെ ദീർഘിക്കുവാൻ ഇടയായത് അവിടെ നേരിട്ട പീഡനവും, കാരാഗൃഹവാസവും ഒക്കെ ആയിരിക്കണം. (2) വിജാതീയരിൽനിന്ന് സഭയിൽ ചേർന്നവരാണ് സന്ദർശിച്ച സഭകളിലെ ഭൂരിഭാഗം അംഗങ്ങളും. അവരിൽ നിന്ന് യെരുശലേമിലെ സഭയ്ക്ക് സാമ്പത്തികസഹായം സമാഹരിക്കുന്നു. അതുമായിട്ടാണ് യെരുശലേമിൽ എത്തിയത്. (3) ഈ യാത്രാവേളയിൽ പലസഭകൾക്കും (കൊരിന്ത്, റോം) പല സ്ഥലങ്ങളിൽനിന്നുമായി കത്തുകൾ അയച്ചതായി കാണാം. (4) കഷ്ടതയുടെയും പീഡനത്തിന്റെയും മുന്നറിയിപ്പൊന്നും അപ്പോസ്തോലനെ യെരുശലേമിലേക്കു പോകുന്നതിൽനിന്നും പിന്തിരിപ്പിക്കുന്നില്ല. അപ്പോസ്തോലന്റെ ദൃഢനിശ്ചയവും, വിശ്വാസതീക്ഷ്ണതയും അതിൽ വെളിപ്പെടുന്നു.

## പ്രവർത്തനങ്ങൾ

1. പൗലോസ് ശ്ലീഹായുടെ മൂന്നാം മിഷനറിയാത്രയുടെ ഉദ്ദേശ്യങ്ങൾ, സന്ദർശിച്ച സ്ഥലങ്ങൾ, സഹിക്കേണ്ടിവന്ന ബുദ്ധിമുട്ടുകൾ എന്നിവ ചേർത്ത് ഒരു ഉപന്യാസം തയ്യാറാക്കുക.
2. പൗലോസ് ശ്ലീഹായുടെ മൂന്ന് മിഷനറിയാത്രകളുടെയും പ്രധാന സ്ഥലങ്ങൾ അടയാളപ്പെടുത്തിയ ഒരു ഭൂപടം വരയ്ക്കുക (ബൈബിളിൽ അവസാനഭാഗത്ത് നൽകിയിട്ടുള്ള ഭൂപടം നോക്കുക).
3. പൗലോസ് ശ്ലീഹായുടെ മൂന്നാം മിഷനറിയാത്ര നമുക്ക് നൽകുന്ന സന്ദേശങ്ങൾ എന്തെല്ലാമെന്ന് ക്ലാസ്സിൽ ഒരു ചർച്ച സംഘടിപ്പിക്കുക.
4. പൗലോസ് അപ്പോസ്തോലന്റെ ദൃഢനിശ്ചയവും വിശ്വാസതീക്ഷ്ണതയും ബോധ്യപ്പെടുത്തുന്ന വസ്തുതകൾ വേദപുസ്തകത്തിൽനിന്നും പണ്ഡിതരോട് ചോദിച്ചും വിവരശേഖരണം നടത്തി ഒരു ഡയറിക്കുറിപ്പ് തയ്യാറാക്കുക.

## നമുക്ക് പാടാം

ഏതെങ്കിലും പരിശുദ്ധന്റെ ഓർമ്മകൊണ്ടാടുന്ന ദിവസം ഏവൻഗേലിയോനുശേഷം ചൊല്ലുന്ന ഒരു ഗീതം (കുർബ്ബാനക്രമം പേജ് 337 നോക്കുക).

(യജമാനൻ വരുമന്നേരത്ത്... എന്ന രീതി)

മാർ പൗലോസ് സിദ്ധാഭാഗ്യം-സഭ തേ ചൊല്ലുന്നു
കർത്താവേകിയ സൗഭാഗ്യം-നീ സംപ്രാപിക്കും
നശ്വര വിശ്വം-വിട്ടോനേ! ഭാഗ്യം
നാഥനിലിമ്പം-പൂണ്ടോനേഭാഗ്യം
ശാശ്വത ജീവിത രാജ്യം നീ-വന്നവകാശിക്കെ-
ന്നീശൻ ചൊല്ലുന്നാ ശബ്ദം-കേൾക്കുമ്പോൾ ഭാഗ്യം
ഹാലേലുയ്യാ-നിൻ പ്രാർത്ഥന അഭയം.

### നിശ്ചയം

**അപ്പോസ്തോലനായ പൗലോസ് ശ്ലീഹായുടെ മൂന്ന് മിഷനറിയാത്രകളും ഞങ്ങൾ മനസ്സിലാക്കി. ക്രിസ്തുവിനുവേണ്ടി എത്രയധികം പീഡകൾ സഹിച്ചാണ് അനേകം സ്ഥലങ്ങളിൽ അദ്ദേഹം സഭ സ്ഥാപിച്ച് വിശ്വാസികളെ ഉറപ്പിച്ചത് എന്ന് മനസ്സിലായി. ഈ ശ്രേഷ്ഠനായ ശ്ലീഹായുടെ മദ്ധ്യസ്ഥതയിൽ അഭയപ്പെടുകയും അദ്ദേഹത്തിന്റെ നല്ല മാതൃകകൾ ജീവിതത്തിൽ അനുകരിക്കാൻ ശ്രമിക്കുകയും ചെയ്യും.**

## നമുക്ക് പ്രാർത്ഥിക്കാം

ശ്ലീഹാനോമ്പിലെ പ്രഭാതപ്രാർത്ഥനയിൽ ചൊല്ലുന്നത്.
(പ്രാർത്ഥനാക്രമം പേജ് 220 നോക്കുക)

*പരിശുദ്ധ ശ്ലീഹന്മാർ ലോകമൊക്കെയുടെയും രക്ഷയ്ക്കുവേണ്ടി ശ്രമിക്കുകയും അനേകായിരം ആത്മാക്കൾക്ക് അവർ രക്ഷയുടെ കാരണമായിത്തീരുകയും ചെയ്തപ്രകാരം കർത്താവേ! ഞങ്ങളും നിന്നെ സത്യമായിട്ട് സ്നേഹിച്ച് സൽപ്രവൃത്തികളാൽ അലങ്കരിക്കപ്പെട്ടുകൊണ്ട് അനേകരുടെ രക്ഷയ്ക്ക് കാരണക്കാരായിത്തീരണമെ.*

## തുടർവായനയ്ക്ക്

| ദിവസം | രാവിലെ | വൈകുന്നേരം |
|---|---|---|
| ഞായർ | - | അപ്പോ. 18:23-28 |
| തിങ്കൾ | അപ്പോ. 19:1-7 | അപ്പോ. 19:8-12 |
| ചൊവ്വ | അപ്പോ. 19:13-20 | അപ്പോ. 20:1-6 |
| ബുധൻ | അപ്പോ. 19:31-41 | റോമർ. 1:8-17 |
| വ്യാഴം | അപ്പോ. 20:7-12 | അപ്പോ. 20:13-16 |
| വെള്ളി | അപ്പോ. 20:17-35 | അപ്പോ. 20:36-38 |
| ശനി | അപ്പോ. 21:1-6 | അപ്പോ. 21:7-14 |
| ഞായർ | അപ്പോ. 21:15-16 | -- |

പാഠം 10

# യെരുശലേം സുന്നഹദോസ്

**വേദഭാഗം: അപ്പോ. പ്രവൃ. 15:1-29**

## പഠനോദ്ദേശ്യങ്ങൾ

യെരുശലേം സുന്നഹദോസിന്റെ ഉദ്ദേശ്യം, അവതരിപ്പിക്കപ്പെട്ട ആശയങ്ങൾ, തീരുമാനങ്ങൾ തുടങ്ങിയവ മനസ്സിലാക്കുക. സഭാചരിത്രത്തിൽ ഈ സുന്നഹദോസിനുള്ള സ്ഥാനം മനസ്സിലാക്കുക.

**മനഃപാഠവാക്യം:** "പരിച്ഛേദനയല്ല, അഗ്രചർമ്മവുമല്ല, പുതിയ സൃഷ്ടിയത്രേ കാര്യം" (ഗലാത്യ. 6:15).

**പഠനസഹായികൾ:** വി. വേദപുസ്തകം, വി. കുർബ്ബാനക്രമം, പ്രാർത്ഥനാക്രമം.

## ആമുഖം

സഭയിലെ മേൽപ്പട്ടക്കാരുടെ സമ്മേളനത്തിന് എന്തു പേരുപറയും എന്നറിയാമോ? സുന്നഹദോസ്. മൂന്നു പൊതു സുന്നഹദോസുകളെപ്പറ്റി പഠിച്ചിട്ടുണ്ടല്ലോ. ഏതെല്ലാം? നിഖ്യാ, കുസ്തന്തീനോപോലീസ്, എഫേസൂസ്. സുന്നഹദോസ് കൂടുന്ന സ്ഥലത്തിന്റെ പേര് ചേർത്താണ് സുന്നഹദോസ് അറിയപ്പെടുന്നത്. ഈ മൂന്ന് സുന്നഹദോസുകളെപ്പറ്റി പ്രതിപാദിക്കുന്ന തുബ്ദേൻ ഏതാണെന്ന് വി. കുർബ്ബാനക്രമം നോക്കി പറയാമോ? 5-ാം തുബ്ദേൻ. ഈ പൊതുസുന്നഹദോസുകൾക്കുമുമ്പ്, സഭാ ചരിത്രത്തിൽ ആദ്യമായി യെരുശലേമിൽവച്ച് ഒരു സുന്നഹദോസ് നടന്നു. യെരുശലേം സുന്നഹദോസ് എന്നാണ് ഈ സമ്മേളനം അറിയപ്പെടുന്നത്. ഈ സുന്നഹദോസിന്റെ വിശദാംശങ്ങളാണ് നമ്മൾ ഇന്ന് പഠിക്കുവാൻ പോകുന്നത്.

## പാഠഭാഗം

ആദ്യത്തെ സുന്നഹദോസ് ഏതായിരുന്നു? യെരുശലേം സുന്നഹദോസ്. എ. ഡി. 50-ലാണ് ഈ സമ്മേളനം നടന്നത് എന്ന് നിർണ്ണയിച്ചിരിക്കുന്നു. എന്തിനുവേണ്ടിയാണു സമ്മേളിച്ചത്? സഭയിൽ ഉയർന്നുവന്ന ഒരു പ്രശ്നം പരിഹരിക്കാൻവേണ്ടി ആയിരുന്നു. അന്നു സഭയുടെ ആസ്ഥാനം യെരുശലേം ആയിരുന്നുവല്ലോ. എന്തായിരുന്നു പ്രശ്നം? സഭയുടെ പ്രാരംഭത്തിൽ യഹൂദ സമൂഹത്തിൽപ്പെട്ടവരായിരുന്നു സഭയുടെ അംഗങ്ങൾ. പിന്നീട് വിജാതീയരിൽനിന്ന് അംഗങ്ങളെ സഭയിൽ ചേർത്തു. അവരെ എങ്ങനെ ആയിരിക്കണം സഭയിൽ ചേർക്കേണ്ടത് എന്ന പ്രശ്നമുണ്ടായി. രണ്ട് അഭിപ്രായങ്ങൾ ഉയർന്നുവന്നു. യഹൂദാ മതാചാരപ്രകാരമുള്ള പരിച്ഛേദന ഏറ്റശേഷമേ മാമോദീസാ നൽകി സഭയിൽ ചേർക്കാവൂ എന്ന് ഒരു കൂട്ടർ വാദിച്ചു. അവർ യഹൂദപക്ഷവാദികൾ (Judainers)

ആയിരുന്നു. യേശുക്രിസ്തുവിലുള്ള വിശ്വാസം സ്വീകരിക്കുന്നതോടുകൂടി യഹൂദ ന്യായപ്രമാണങ്ങളിൽനിന്ന് വിമുക്തരാകുന്നു. അതിനാൽ പരിച്ഛേദനയുടെ ആവശ്യമില്ലാ യെന്നു വാദിക്കുന്നവരുമുണ്ടായി. യെരുശലേമിൽ യഹൂദാപക്ഷവാദികൾ ഏറെയുണ്ടാ യിരുന്നു.

രണ്ട് അഭിപ്രായങ്ങളും ഉയർന്നുവന്നപ്പോൾ സഭയ്ക്കു പൊതുവായ ഒരു തീരുമാനം ഉണ്ടാക്കുവാൻ സഭാനേതാക്കൾ യെരുശലേമിൽ സമ്മേളിക്കുകയായിരുന്നു. ഇതിനെ സഭയുടെ ഒന്നാമത്തെ സുന്നഹദോസ് എന്നു വിശേഷിപ്പിക്കുന്നു.

സുന്നഹദോസിന്റെ അദ്ധ്യക്ഷൻ യെരുശലേമിലെ സഭയുടെ എപ്പിസ്ക്കോപ്പാ ആയിരുന്ന യാക്കോബ് ആയിരുന്നു. ഇദ്ദേഹം പന്ത്രണ്ടു ശ്ലീഹന്മാരുടെ ഗണത്തിൽപ്പെട്ട ആൾ അല്ലായിരുന്നെങ്കിലും കർത്താവിന്റെ 'സഹോദരൻ' എന്ന സ്ഥാനം അദ്ദേഹത്തിന് ഉണ്ടായിരുന്നു.

പത്രോസ് ശ്ലീഹായാണ് ആദ്യം സംസാരിക്കുന്നത്. സുവിശേഷം നൽകുന്ന സ്വാതന്ത്ര്യത്തെപ്പറ്റി അദ്ദേഹം വ്യക്തമാക്കി. വിജാതീയരെ സഭയിൽ ചേർക്കാൻ മുൻകൈ എടുത്തത് അദ്ദേഹമാണ്. അത് ദൈവനിയോഗത്താലായിരുന്നു. യഹൂദമതാനുഷ്ഠാ നങ്ങളെ 'വഹിക്കുവാൻ കഴിയാത്ത നുകം' എന്ന് അദ്ദേഹം വിശേഷിപ്പിച്ചു. ആ നുകം വിജാതീയരിൽനിന്നു സഭയിൽ ചേരുന്നവരുടെമേൽ ചുമത്തേണ്ടതില്ല. രക്ഷയ്ക്കടി സ്ഥാനം കർത്താവായ യേശുവിലുള്ള വിശ്വാസം മാത്രമെന്ന് അദ്ദേഹം ചൂണ്ടിക്കാണിച്ചു.

ജാതികളുടെ അപ്പോസ്തോലൻ എന്നു വിളിക്കപ്പെട്ട പൗലോസും ബർന്നബാസും അവരുടെ യാത്രാനുഭവങ്ങളെപ്പറ്റി വിവരിച്ചുകൊണ്ട് പത്രോസിന്റെ അഭിപ്രായങ്ങൾക്ക് പിൻബലം നൽകി. അവസാനം കൗൺസിലിന്റെ അദ്ധ്യക്ഷൻ എന്ന നിലയിൽ യാക്കോബ് സംസാരിക്കുന്നു. അവിടെ നടന്ന ചർച്ചകളെ സമാഹരിച്ചുകൊണ്ട് തന്റെ അഭിപ്രായം അവതരിപ്പിച്ചു. ക്രിസ്തീയ വിശ്വാസം സ്വീകരിക്കുന്ന വിജാതീയർ യഹൂദമതാനുഷ്ഠാ നങ്ങൾ പാലിക്കേണ്ടതില്ല. അതുകൊണ്ട് പരിച്ഛേദന അവർക്കാവശ്യമില്ല. എന്നാൽ അവർ ചില പ്രമാണങ്ങൾ പാലിക്കണം. മൂന്നു സംഗതികൾ എടുത്തുപറയുന്നു. ഒന്ന് വിഗ്രഹാരാ ധനയിൽനിന്നൊഴിഞ്ഞിരിക്കണം, വിഗ്രഹങ്ങൾക്കു നിവേദിച്ച ഭക്ഷണസാധനങ്ങൾ കഴിക്കരുത്. രണ്ട്, ലൈംഗിക കാര്യങ്ങളിൽ നിഷ്ഠ പാലിക്കണം, പരസംഗം പാടില്ല. മൂന്ന്, മാംസം ഭക്ഷിക്കാമെങ്കിലും അത് രക്തം ചേർന്നതായിരിക്കരുത്, രക്തം വർജ്ജി ക്കണം.

യാക്കോബിന്റെ നിർദ്ദേശത്തെ കൗൺസിൽ ഏകകണ്ഠമായി അംഗീകരിച്ചു. അത് പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താലായതുകൊണ്ട്, പരിശുദ്ധാത്മാവിനും ഞങ്ങൾക്കും തോന്നിയിരിക്കുന്നു എന്നു പ്രസ്താവിക്കുന്നു.

യെരുശലേം സുന്നഹദോസിന്റെ തീരുമാനങ്ങൾ എന്തൊക്കെയെന്ന് നമുക്ക് നോക്കാം.

1. പരിച്ഛേദന, വിജാതീയരിൽനിന്ന് ക്രിസ്തീയസഭയിലേക്കു വരുന്നവർക്ക് ആവശ്യ മില്ല. ക്രിസ്തീയസഭ യഹൂദമതത്തിന്റെ ഒരു അനുബന്ധമല്ല; തികച്ചും വ്യത്യസ്തവും വേറിട്ടുനിൽക്കുന്നതുമാണെന്ന് അത് തെളിയിക്കുന്നു.

2. മേൽപ്പറഞ്ഞ മൂന്നുകാര്യങ്ങൾ വിജാതീയരിൽനിന്നു വരുന്നവർ ഒഴിഞ്ഞു നിൽക്കണം. അന്നത്തെ സാഹചര്യത്തിൽ ആ തീരുമാനം ആവശ്യമായിരുന്നു. ഭക്ഷ്യ സംബന്ധമായ അന്നത്തെ നിയന്ത്രണം ഇന്നു പ്രസക്തമല്ല.

ഈ തീരുമാനങ്ങൾ രേഖപ്പെടുത്തി, വിവിധ സഭകൾക്ക് അയയ്ക്കുന്നു. ഇന്നത്തെപ്പോലെ തപാൽവഴി കത്തുകൾ അയയ്ക്കുന്ന രീതി അന്നുണ്ടായിട്ടില്ല. അതുകൊണ്ട് യെരുശലേമിലെ സഭയിൽനിന്ന് ചില പ്രതിനിധികളെ തെരഞ്ഞെടുത്ത് അവരുടെ കൈകളിൽ കത്തുകൾ വിവിധ സഭകളിലേക്ക് എത്തിക്കുകയായിരുന്നു.

കൗൺസിലിന്റെ പ്രാധാന്യം എന്തെന്ന് നാമറിഞ്ഞിരിക്കണം. എക്കാലത്തുമുള്ള സഭയ്ക്ക് കൗൺസിൽ ചില പാഠങ്ങൾ നൽകുന്നു. (1) സഭയിലും ഇടവകയിലും പ്രശ്നങ്ങൾ ഉയർന്നുവരാം. കാരണം, ബലഹീനരായ മനുഷ്യരാണ് അതിലെ അംഗങ്ങൾ. ആ പ്രശ്നങ്ങൾ എങ്ങനെ പരിഹരിക്കുന്നു എന്നതാണ് പ്രധാനം. (2) കൂട്ടായ ചർച്ചയിൽകൂടിയും പ്രാർത്ഥനയുടെ ആത്മാവിലും പരിശുദ്ധാത്മനടത്തിപ്പിലും പരിഹരിക്കപ്പെടണം. അഭിപ്രായങ്ങൾ അടിച്ചേൽപ്പിക്കൽ അല്ല പരസ്പരം ബഹുമാനിച്ചും മനസ്സിലാക്കിയും വിഷയത്തെ നേരിടണം. (3) എപ്പോഴും അനുരഞ്ജനത്തിന്റെ പാത പിന്തുടരണം. മൗലികമായ പ്രമാണങ്ങളിൽനിന്ന് മാറിപ്പോകാതെ നീക്കുപോക്കുകൾ വരുത്താൻ സന്നദ്ധമാകണം. (4) തീരുമാനങ്ങൾ വരുത്തുന്നതുകൊണ്ടുമാത്രമായില്ല, അവ പ്രാവർത്തികമാക്കാൻ തക്ക നടപടികളും കൈക്കൊള്ളണം.

## നമുക്ക് ചിന്തിക്കാം

1. യെരുശലേം സുന്നഹദോസ് കൂടുവാനുണ്ടായ സാഹചര്യം എന്ത്?
2. പത്രോസ് ശ്ലീഹാ യഹൂദ മതാനുഷ്ഠാനങ്ങളെ വിശേഷിപ്പിച്ചതെങ്ങനെ?
3. പൗലോസ് ശ്ലീഹായുടെ അഭിപ്രായം എന്തായിരുന്നു?
4. സുന്നഹദോസ് അദ്ധ്യക്ഷൻ യാക്കോബ് സുന്നഹദോസിൽ അവതരിപ്പിച്ച ആശയങ്ങൾ എന്തായിരുന്നു?
5. ക്രിസ്തീയ വിശ്വാസം സ്വീകരിച്ചുവരുന്ന വിജാതീയർ പാലിക്കേണ്ട മൂന്ന് കാര്യങ്ങൾ എന്തായിരുന്നു?
6. യെരുശലേം സുന്നഹദോസിന്റെ തീരുമാനങ്ങൾ എന്തെല്ലാം?

## പ്രവർത്തനങ്ങൾ

1. യെരുശലേം സുന്നഹദോസിന്റെ തീരുമാനങ്ങൾ ഒരു ചാർട്ടിൽ എഴുതിയുണ്ടാക്കുക.
2. യെരുശലേം സുന്നഹദോസിന്റെ അദ്ധ്യക്ഷൻ നിങ്ങളായിരുന്നു എന്നു സങ്കൽപ്പിച്ച് ഒരു അനുഭവക്കുറിപ്പ് തയ്യാറാക്കുക.
3. യെരുശലേം സുന്നഹദോസിന്റെ ഒരു ആവിഷ്കാരം ക്ലാസ്സിൽ അഭിനയിച്ച് അവതരിപ്പിക്കുക.

## നമുക്ക് പാടാം

പിതാക്കന്മാരുടെയും മല്പാന്മാരുടെയും ഓർമ്മകൊണ്ടാടുന്ന ദിവസം വി. കുർബ്ബാനയിൽ ആലപിക്കുന്ന ഗീതം.

(അൻപുടയോനെ നിൻവാതിൽ... എന്ന രീതി)

(വി. കുർബ്ബാനക്രമം പേജ് 340 നോക്കുക)

മാനം നിങ്ങൾക്കേകിയതാം-സഭയിൽ ക്ഷേമം വാഴട്ടെ
സ്മൃതി ഘോഷിച്ചോരെ ഈശൻ-വഞ്ചന നീക്കി കാക്കട്ടെ
അക്ഷയ ഭണ്ഡാരം നിങ്ങൾ-സഹായത്തിൻ നിക്ഷേപം

സ്വർഗ്ഗത്തെ മൃതിയാൽ പൂണ്ട- സ്വർഗ്ഗാത്മജരല്ലോ നിങ്ങൾ
നിങ്ങളെയേറ്റ പിതാവിന്നും-സ്മൃതി മാനിച്ചോരാത്മജനും
മുടി ചാർത്തീടും റൂഹായ്ക്കും-സ്തുതിയാചിപ്പീൻ കാരുണ്യം

**നിശ്ചയം**

**യെരുശലേം സുന്നഹദോസിൽ കൈക്കൊണ്ട**
**തീരുമാനങ്ങൾ ഞങ്ങൾ മനസ്സിലാക്കി.**
**ആദിമസഭയിൽ ക്രിസ്തീയവിശ്വാസത്തിലേക്ക് വന്ന**
**വിജാതീയരെ വളരെ പ്രയാസപ്പെടുത്തിയതായും**
**അതിനെതിരെ എടുത്ത ഈ തീരുമാനങ്ങൾ തികച്ചും**
**സഭയുടെ വളർച്ചയ്ക്ക് പ്രേരകമായി എന്നും ഞങ്ങൾ മനസ്സിലാക്കി.**
**പിതാക്കന്മാർ യാതനകൾ സഹിച്ച് കാത്തുസൂക്ഷിച്ച**
**സത്യവിശ്വാസം ഞങ്ങൾ ഒരുനാളും വിട്ടുമാറുകയില്ല.**
**അത് ഞങ്ങൾ കാത്തുസൂക്ഷിക്കും.**

## നമുക്ക് പ്രാർത്ഥിക്കാം

പിതാക്കന്മാരുടെയും മല്പാന്മാരുടെയും ഓർമ്മയിൽ സന്ധ്യാപ്രാർത്ഥനയിൽ ചേർത്തുചൊല്ലുന്ന പ്രാർത്ഥന (പ്രാർത്ഥനാക്രമം പേജ് 236 നോക്കുക).

*കർത്താവേ, സത്യവിശ്വാസം ഞങ്ങളോടുപദേശിക്കുകയും നല്ല മേച്ചിൽ സ്ഥലത്ത് ഞങ്ങളെ മേയിക്കുകയും ചെയ്തിട്ടുള്ളവരായ ഞങ്ങളുടെ പിതാക്കന്മാരുടെയും ഉപദേഷ്ടാക്കന്മാരുടെയും ഉപദേശത്തിൽ ഞങ്ങൾ സ്ഥിരപ്പെട്ടിരിപ്പാനും അവരുടെ നടപടികളിൻപ്രകാരം നടപ്പാനും ഞങ്ങളെ യോഗ്യരാക്കിത്തീർക്കണമെ. അവരുടെ പ്രാർത്ഥനകളാൽ സഭയിൽ നിരപ്പും സമാധാനവും വർദ്ധിക്കുമാറാകണമെ - ബാറെക്മോർ.*

## തുടർവായനയ്ക്ക്

| ദിവസം | രാവിലെ | വൈകുന്നേരം |
|---|---|---|
| ഞായർ | - | ഗലാ. 6:11-16 |
| തിങ്കൾ | അപ്പോ. 15:1-4 | അപ്പൊ. 15:5-7 |
| ചൊവ്വ | അപ്പോ. 15:8-11 | അപ്പോ. 15:12-13 |
| ബുധൻ | അപ്പോ. 15:14-17 | അപ്പോ. 15:18-21 |
| വ്യാഴം | അപ്പോ. 15:22-26 | അപ്പോ. 15:27-29 |
| വെള്ളി | അപ്പോ. 15:30-34 | അപ്പോ. 15:36-40 |
| ശനി | അപ്പോ. 16:1-10 | അപ്പോ. 16:11-15 |
| ഞായർ | അപ്പോ. 16:16-40 | -- |

യൂണിറ്റ് രണ്ട്

# പ്രാർത്ഥന

പാഠം 11

# സന്ധ്യാനമസ്കാരത്തിലെ ലുത്തിനിയ

## പഠനോദ്ദേശ്യങ്ങൾ

സന്ധ്യാനമസ്കാരത്തിന്റെ അവസാനം ചൊല്ലുന്ന ലുത്തിനിയായുടെ അർത്ഥവും പ്രാധാന്യവും മനസ്സിലാക്കുക. സന്ധ്യാപ്രാർത്ഥനയിൽ ദിവസേന ഇത് ചൊല്ലുക.

**മനഃപാഠവാക്യം:** "യഹോവേ കേൾക്കേണമേ; എന്നോടു കരുണയുണ്ടാകേണമേ; യഹോവേ എന്റെ രക്ഷകനായിരിക്കേണമേ" (സങ്കീ. 30:10).

**പഠനസഹായികൾ:** കുടുംബാരാധനക്രമം, വി. വേദപുസ്തകം.

## ആമുഖം

നിങ്ങളെല്ലാം സന്ധ്യയ്ക്കും പ്രഭാതത്തിലും ഭവനങ്ങളിൽ ഒരുമിച്ചു പ്രാർത്ഥിക്കുന്നവരാണോ? ഭവനത്തിലുള്ള എല്ലാവരും അതിൽ സംബന്ധിക്കുമോ? സന്ധ്യയ്ക്ക് എത്ര മണിക്കാണ് നിങ്ങളുടെ വീട്ടിൽ കുടുംബ പ്രാർത്ഥന നടക്കുന്നത്? ഏതു പുസ്തകമാണ് ഉപയോഗിക്കുന്നത്? പാമ്പാക്കുട നമസ്കാരം ഉപയോഗിക്കുന്നവരുണ്ട്, സുറിയാനി ക്രിസ്ത്യാനികളുടെ നമസ്കാരക്രമം എന്ന പുസ്തകം ഉപയോഗിക്കുന്നവരുണ്ട്, കുടുംബാരാധനക്രമം എന്ന പുസ്തകം ഉപയോഗിക്കുന്നവരുണ്ട്. കുടുംബാരാധനക്രമം എന്ന പുസ്തകത്തിൽ സന്ധ്യാനമസ്കാരത്തിന്റെയും പ്രഭാതനമസ്കാരത്തിന്റെയും അവസാനം ഓരോ ലുത്തിനിയ കൊടുത്തിട്ടുണ്ട്. അതിൽ സന്ധ്യാനമസ്കാരത്തിന്റെ ലുത്തിനിയ ആണ് ഇന്നു നാം പഠിക്കുന്നത്.

## പാഠഭാഗം

നായകൻ ചൊല്ലിക്കൊടുക്കുവാനുള്ള ഭാഗവും അതേത്തുടർന്ന് മറ്റുള്ളവർ പ്രതിവാക്യം പറയുവാനുള്ള ഭാഗവും ചേർത്ത് വാക്യവും പ്രതിവാക്യവുമായി മാറിമാറി ചൊല്ലുവാൻ ക്രമീകരിച്ചിരിക്കുന്ന പ്രാർത്ഥനകളാണ് ലുത്തിനിയാകൾ. നമസ്കാരങ്ങളുടെ അവസാനം ഉപയോഗിക്കാവുന്ന പ്രാർത്ഥനകൾ ലുത്തിനിയാരൂപത്തിൽ കൊടുത്തിരിക്കുന്നത് കുടുംബാരാധനക്രമം എന്ന ചെറിയ പുസ്തകത്തിലാണ്. സുറിയാനി ക്രിസ്ത്യാനികളുടെ നമസ്കാരക്രമം എന്ന പുസ്തകത്തിൽ 'പട്ടാങ്ങപ്പെട്ട ദൈവംതമ്പു

രാനേ' എന്നു തുടങ്ങുന്ന ഒരു അപേക്ഷ സന്ധ്യാ നമസ്കാരത്തിലെ പ്രാർത്ഥനകളോടൊപ്പം നൽകിയിട്ടുണ്ട്. ആ പ്രാർത്ഥനയുടെ ചില ഭാഗങ്ങളാണ് ലുത്തിനിയാ രൂപത്തിൽ കുടുംബാരാധനക്രമത്തിലെ സന്ധ്യാനമസ്കാരത്തിൽ നൽകിയിട്ടുള്ളത്. ഭവനങ്ങളിൽ മുതിർന്നവർക്ക് പട്ടാങ്ങപ്പെട്ട ദൈവംതമ്പുരാനേ എന്ന പ്രാർത്ഥനയായിരിക്കും പരിചിതമായിട്ടുള്ളത്. ഈ ലുത്തിനിയ നമുക്ക് ചൊല്ലാം. ടീച്ചർ ലീഡർ എന്ന ഭാഗം ചൊല്ലിത്തരും. എല്ലാവരും ചേർന്ന് പ്രതിവാക്യം ചൊല്ലണം.

## സന്ധ്യയുടെ ലുത്തിനിയാ

ലീഡർ: സ്വർഗ്ഗസ്ഥ പിതാവാം ദൈവമേ!

പ്രതിവാക്യം: **ഞങ്ങളോടു കരുണയുണ്ടാകണമേ.**

ലീഡർ: ലോകരക്ഷിതാവായ ദൈവപുത്രാ!

പ്രതിവാക്യം: **ഞങ്ങളോടു കരുണയുണ്ടാകണമേ.**

ലീഡർ: പരിശുദ്ധ റൂഹായാം ദൈവമേ!

പ്രതിവാക്യം: **ഞങ്ങളോടു കരുണയുണ്ടാകണമേ.**

ലീഡർ: ഏകദൈവമായ പരിശുദ്ധ ത്രിത്വമേ!

പ്രതിവാക്യം: **ഞങ്ങളോടു കരുണയുണ്ടാകണമേ.**

ലീഡർ: സകല തിന്മകളിൽനിന്നും പാപങ്ങളിൽനിന്നും അശുദ്ധവിചാരങ്ങളിൽനിന്നും മലിനമോഹങ്ങളിൽനിന്നും പൈശാചിക വികാരങ്ങളിൽനിന്നും ദുഃസ്വപ്നങ്ങളിൽനിന്നും മറച്ചുവച്ചിരിക്കുന്ന കെണികളിൽനിന്നും ദുഷ്ട സംസർഗ്ഗത്തിൽനിന്നും ഈ ലോകസംബന്ധമായ സകല പരീക്ഷകളിൽ നിന്നും...

പ്രതിവാക്യം: **കരുണയുള്ള ദൈവമേ! ഞങ്ങളെ രക്ഷിച്ചുകൊള്ളണമേ.**

ലീഡർ: സകല ശത്രുക്കളിൽനിന്നും വഞ്ചകരും ചതിയന്മാരുമായ സ്നേഹിതന്മാരിൽനിന്നും പിശാചുക്കളുടെ പരീക്ഷകളിൽനിന്നും ദുഷ്ട മനുഷ്യരുടെ തിന്മകളിൽനിന്നും...

പ്രതിവാക്യം: **കരുണയുള്ള ദൈവമേ! ഞങ്ങളെ രക്ഷിച്ചുകൊള്ളണമേ.**

ലീഡർ: ക്രോധത്തിന്റെ വടിയിൽനിന്നും പെട്ടെന്നുള്ള മരണത്തിൽനിന്നും കോപത്തിൽനിന്നും വിദ്വേഷത്തിൽനിന്നും മിന്നലുകളിൽനിന്നും ഇടികളിൽനിന്നും വസന്തകളിൽനിന്നും...

പ്രതിവാക്യം: **കരുണയുള്ള ദൈവമേ! ഞങ്ങളെ രക്ഷിച്ചുകൊള്ളണമേ.**

ലീഡർ: തീനരകത്തിൽനിന്നും അതിവേദനകളിൽനിന്നും ചാകാത്ത പുഴുവിൽനിന്നും കെടാത്ത തീയിൽനിന്നും കരച്ചിലിൽനിന്നും കഠിനങ്ങളായ സംഭവങ്ങളിൽനിന്നും...

പ്രതിവാക്യം: **കരുണയുള്ള ദൈവമേ! ഞങ്ങളെ രക്ഷിച്ചുകൊള്ളണമേ.**

ലീഡർ: ദോഷമുള്ള നാഴികയിൽനിന്നും ഉപദ്രവകരമായ അധികാരത്തിൽനിന്നും ക്ഷാമത്തിൽനിന്നും ഭയത്തിൽനിന്നും പരിഭ്രമത്തിൽനിന്നും സഹിപ്പാൻ പാടില്ലാത്ത സകല ശിക്ഷകളിൽനിന്നും പോകുവിൻ, ഞാൻ നിങ്ങളെ അറിയുന്നില്ല എന്നുള്ള തിരുവചനത്തിൽനിന്നും നിന്നിൽനിന്ന് ഞങ്ങളെ അകറ്റുന്നതായ സകലത്തിൽനിന്നും...

പ്രതിവാക്യം: **കരുണയുള്ള ദൈവമേ! ഞങ്ങളെ രക്ഷിച്ചുകൊള്ളണമേ.**

ലീഡർ: ദൈവമാതാവായ വിശുദ്ധ കന്യകമറിയാമിന്റെയും ഞങ്ങളുടെ പിതാവായ മാർ തോമാശ്ലീഹായുടെയും പരിശുദ്ധനായ പരുമല മാർ ഗ്രീഗോറിയോസിന്റെയും ശേഷം എല്ലാ പരിശുദ്ധന്മാരുടെയും കൂട്ടായ്മയാലും മദ്ധ്യസ്ഥതയാലും ഞങ്ങളെ അനുഗ്രഹിക്കണമേ.

പ്രതിവാക്യം: **കർത്താവേ ഞങ്ങളുടെ അപേക്ഷ കൈക്കൊള്ളണമേ.**

ലീഡർ: കർത്താവേ ഞങ്ങളെ അനുഗ്രഹിച്ചു കാക്കുകയും തിരുമുഖം ഞങ്ങളുടെ മേൽ പ്രകാശിപ്പിച്ച് കൃപ ചൊരിയുകയും തിരുമുഖം ഞങ്ങളുടെ നേരെ തിരിച്ച് ഞങ്ങൾക്ക് സമാധാനം നൽകുകയും ചെയ്യണമേ.

പ്രതിവാക്യം: **കർത്താവേ ഞങ്ങളുടെ അപേക്ഷ കൈക്കൊള്ളണമേ.**

ഓർത്തഡോക്സ് വിശ്വാസത്തിന്റെ അടിസ്ഥാനപ്രമാണമാണ് ത്രിത്വവിശ്വാസം എന്നതുകൊണ്ട് ത്രിത്വനാമത്തിലാണ് പ്രാർത്ഥന ആരംഭിക്കുന്നത്. ആ അർത്ഥത്തിൽ ത്രിത്വവിശ്വാസത്തിന്റെ പ്രഖ്യാപനം കൂടിയാണ് ഈ പ്രാർത്ഥന. ത്രിത്വനാമത്തിലുള്ള തുടക്കം കഴിഞ്ഞാൽ ആദ്യത്തെ അപേക്ഷ നമ്മുടെതന്നെ വിശുദ്ധിക്കുവേണ്ടിയുള്ളതാണ്. സകല തിന്മകളിൽനിന്നും മലിനമോഹങ്ങളിൽനിന്നും പൈശാചിക വികാരങ്ങളിൽനിന്നും ഞങ്ങളെ രക്ഷിക്കണമേ എന്നാണു പ്രാർത്ഥിക്കുന്നത്. ജീവിതവിശുദ്ധിയായിരിക്കണം നമ്മുടെ ജീവിതത്തിലെ പ്രധാന ആഗ്രഹം. പിശാചിന്റെ പരീക്ഷകളിൽ അകപ്പെട്ടു തെറ്റിലേക്കും അശുദ്ധിയിലേക്കും തിരിയാതിരിക്കണമെങ്കിൽ ദൈവകൃപ കൂടിയേ തീരൂ. വിശുദ്ധജീവിതത്തിനുവേണ്ടിയുള്ള ഈ പ്രാർത്ഥന നമ്മുടെ എപ്പോഴുമുള്ള പ്രാർത്ഥനാവിഷയമാകണം. ദൈവസ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ പാപം മൂലം ദൈവസ്വരൂപം നഷ്ടപ്പെടുത്തിയിരിക്കുന്നതിനാൽ ആ ദൈവസാദൃശ്യത്തിലേക്ക് എത്തിച്ചേരുക എന്നതാണ് നമ്മുടെ ആത്യന്തികലക്ഷ്യം. ഇതാണ് പൗരസ്ത്യ ആത്മികപാരമ്പര്യത്തിലെ 'ദൈവീകരണം' (Theosis). ഈ ദൈവീകരണ പ്രക്രിയയ്ക്കുവേണ്ടിയുള്ള പ്രാർത്ഥനയാണ് ഈ ലുത്തിനിയായിലെ ആദ്യ അപേക്ഷ.

തുടർന്ന് വ്യക്തിജീവിതത്തിലെ വിവിധ ആവശ്യങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള അപേക്ഷകളാണ്. ഓരോ നിർത്തും ലീഡർ ചൊല്ലുകയും മറ്റുള്ളവർ 'കരുണയുള്ള ദൈവമേ ഞങ്ങളെ രക്ഷിച്ചുകൊള്ളേണമേ' എന്നു പ്രതിവാക്യമായി പറയുകയും ചെയ്യുന്ന രീതിയിലാണ് പ്രാർത്ഥന ക്രമീകരിച്ചിരിക്കുന്നത്.

**അല്പം നിർത്താം... ചിന്തിക്കാം...**

1. 'ലുത്തിനിയാകൾ' എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്?
2. ഓർത്തഡോക്സ് ആരാധനയിൽ ലുത്തിനിയാകൾ ഉപയോഗിക്കുന്ന സന്ദർഭങ്ങൾ കണ്ടുപിടിക്കുക (മൂന്നു സന്ദർഭങ്ങളെങ്കിലും).
3. പൗരസ്ത്യ ആത്മികപാരമ്പര്യങ്ങളിൽ 'ദൈവീകരണം' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെന്ത്?

## നമുക്ക് തുടർന്നു പഠിക്കാം

"തീനരകത്തിൽനിന്നും ചാകാത്ത പുഴുവിൽനിന്നും കെടാത്ത തീയിൽനിന്നും രക്ഷിച്ചുകൊള്ളേണമേ" എന്ന പ്രാർത്ഥന, ന്യായവിധിയെക്കുറിച്ച് ഓർമ്മ നൽകുവാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്. ന്യായവിധിനാളിൽ ഇടത്തുള്ളവർക്കായി ഒരുക്കിയിരിക്കുന്ന സ്ഥലങ്ങ

ളിൽനിന്നു ഞങ്ങളെ രക്ഷിക്കണമേ എന്നാണ് നാം പ്രാർത്ഥിക്കുന്നത്. നാം എപ്പോഴും ഓർത്തിരിക്കേണ്ട വിഷയങ്ങളാണല്ലോ മരണം, ന്യായവിധി, നരകം, സ്വർഗ്ഗം എന്നിവ.

മരണം, ന്യായവിധി പിന്നെ നരകം, സ്വർഗ്ഗം ഇവ നാലും മരണം വരെയല്ല എന്നെന്നും സ്മരണം ചെയ്‌വിൻ ബാലകരെ.

പരി. കന്യകമറിയാമിന്റെയും പരിശുദ്ധന്മാരുടെയും മദ്ധ്യസ്ഥത അപേക്ഷിച്ചുകൊണ്ടാണ് പ്രാർത്ഥന അവസാനിപ്പിക്കുന്നത്. ഇതും നമ്മുടെ സത്യവിശ്വാസത്തിന്റെ ഭാഗമാണ്. എല്ലാ പ്രാർത്ഥനകളും പരിശുദ്ധന്മാരുടെ കൂട്ടായ്മയിലാണ് നടത്തുന്നത് എന്ന് ഈ ഭാഗം നമ്മെ ഓർമ്മിപ്പിക്കുന്നു. പരി. പരുമല മാർ ഗ്രീഗോറിയോസ് തിരുമേനിയുടെയും വട്ടശ്ശേരിൽ മാർ ദീവന്നാസിയോസ് തിരുമേനിയുടെയും പേരുകൾക്കു പുറമെ അവരവരുടെ ഇടവകയുടെ പ്രത്യേക മദ്ധ്യസ്ഥന്റെ പേരും ഈ ഭാഗത്തു ചേർത്തു പറയാവുന്നതാണ്.

## പ്രവർത്തനങ്ങൾ

1. ഈ പ്രാർത്ഥന ലുത്തിനിയാ രൂപത്തിൽ ചൊല്ലുക (ഒരാൾ പ്രാർത്ഥന ചൊല്ലുകയും മറ്റുള്ളവർ പ്രതിവാക്യം പറയുകയും ചെയ്യുക. തുടർന്ന് മറ്റൊരാളെ നായകനാക്കി ആവർത്തിക്കുക).
2. ഈ ലുത്തിനിയായും 'പട്ടാങ്ങപ്പെട്ട ദൈവം തമ്പുരാനെ' എന്ന പ്രാർത്ഥനയും തമ്മിൽ താരതമ്യം ചെയ്യുക.
3. ത്രിത്വവിശ്വാസം പ്രഖ്യാപിക്കുന്ന മറ്റു പ്രാർത്ഥനകൾ കണ്ടെത്തി ഒരു ലിസ്റ്റ് തയ്യാറാക്കുക.
4. സന്ധ്യയുടെ ലുത്തിനിയായിൽ നിങ്ങളെ ഏറ്റവും അധികം ആകർഷിച്ച വാക്യം ഏത്? ഈ വാക്യം നിങ്ങളുടെ ഡയറിയിൽ കുറിച്ചുവയ്ക്കുക.

### നിശ്ചയം

**ഞങ്ങൾ എന്നും സന്ധ്യയ്ക്ക് ഒരുമിച്ചു പ്രാർത്ഥിക്കും. ഇന്നു പഠിച്ച ലുത്തിനിയ അർത്ഥം മനസ്സിലാക്കി ചൊല്ലുകയും ചെയ്യും.**

### നമുക്കു പാടാം

പകൽപോയ് മറയുന്നൂ നാഥാ
പലതര ദേഹാദ്ധ്വാനങ്ങൾ
ചെയ്തിട്ടടിയാർ വിശ്രമമണയുന്നു
ലൗകിക ചിന്താഭാരങ്ങൾ
കൂടാതടിയാർ തിരുസവിധേ
മാനസശാന്ത്യാ വരുവാൻ വരമരുൾക
നിഖിലേശാ രക്ഷാനാഥാ
ഈ സന്ധ്യാ സമയത്തടിയാർ
നിൻ തിരുകൃപയേ സാമോദം വാഴ്ത്തും

നിത്യസ്തുതി കർത്താവിന്നും
താതവിശുദ്ധാത്മാവിന്നും
ഹാലേലുയ്യാ ഹാലേലുയ്യാ.

## നമുക്ക് പ്രാർത്ഥിക്കാം

*ദൈവമേ അങ്ങയുമായി നിരന്തരം ബന്ധപ്പെട്ട് വിശുദ്ധിയോടെ ജീവിച്ച് ദൈവികസാദൃശ്യത്തിൽ എത്തുവാൻ അങ്ങയുടെ കൃപയാൽ ഞങ്ങൾക്കു സാധിക്കണമേ.*

## തുടർവായനയ്ക്ക്

| ദിവസം | രാവിലെ | വൈകുന്നേരം |
|---|---|---|
| ഞായർ | - | സങ്കീ. 34:1-5 |
| തിങ്കൾ | വി. മത്തായി 5:21-26 | സങ്കീ. 34:6-10 |
| ചൊവ്വ | വി. മത്തായി 5:27-32 | സങ്കീ. 34:10-15 |
| ബുധൻ | വി. മത്തായി 5:33-37 | സങ്കീ. 34:16-22 |
| വ്യാഴം | വി. മത്തായി 5:38-42 | സങ്കീ. 84:1-7 |
| വെള്ളി | വി. മത്തായി 5:43-48 | സങ്കീ. 84:8-12 |
| ശനി | വി. മത്തായി 6:1-4 | സങ്കീ. 116:1-19 |
| ഞായർ | വി. മത്തായി 6:5-15 | - |

പാഠം 12

# പ്രഭാതത്തിലെ ലുത്തിനിയ

## പാഠോദ്ദേശ്യങ്ങൾ

പ്രഭാതനമസ്കാരത്തിന്റെ അവസാനം ഉപയോഗിക്കുന്ന ലുത്തിനിയായുടെ അർത്ഥവും പ്രാധാന്യവും മനസ്സിലാക്കുക. പ്രഭാതപ്രാർത്ഥനയിൽ ദിവസേന ഇത് ചൊല്ലി പരിശീലിക്കുക.

**മനഃപാഠവാക്യം:** "എന്റെ ദൈവമായ യഹോവേ, അടിയൻ ഇന്നു തിരുമുമ്പിൽ കഴിക്കുന്ന നിലവിളിയും പ്രാർത്ഥനയും കേൾക്കേണ്ടതിനു അടിയന്റെ പ്രാർത്ഥനയിലേക്കും യാചനയിലേക്കും തിരിഞ്ഞു കടാക്ഷിക്കേണമേ" (1 രാജാ. 8:28).

**പഠന സഹായികൾ:** കുടുംബാരാധനക്രമം, വി. വേദപുസ്തകം.

### ആമുഖം

സന്ധ്യാനമസ്കാരത്തിലെ ലുത്തിനിയ നാം കഴിഞ്ഞ ക്ലാസ്സിൽ പഠിച്ചു. പ്രഭാതനമസ്കാരത്തിന്റെ അവസാനം ഉപയോഗിക്കുവാനുള്ള ഒരു ലുത്തിനിയ കുടുംബാരാധനക്രമത്തിൽ നൽകിയിട്ടുണ്ട്. പ്രഭാതത്തിൽ കൃത്യമായി നിങ്ങൾ പ്രാർത്ഥിക്കാറുണ്ടോ? ഒമ്പതാം ക്ലാസ്സുവരെ സൺഡേസ്കൂളിൽ പഠിച്ച നിങ്ങൾ പ്രാർത്ഥിക്കാതിരിക്കില്ല. ഭവനത്തിൽ എല്ലാവരും ഒരുമിച്ചു പ്രാർത്ഥിക്കാറുണ്ടോ? കുടുംബാരാധനക്രമം ഉപയോഗിച്ചു പ്രാർത്ഥിക്കുന്നവർക്കു മാത്രമേ ഇന്നു നാം പഠിക്കുന്ന ലുത്തിനിയ പരിചയം കാണുകയുള്ളൂ. ഇതിനു സമാനമായ പ്രാർത്ഥന മറ്റു പുസ്തകങ്ങളിൽ കാണുന്നില്ല. എന്നാൽ ഈ ലുത്തിനിയായിലെ ആശയങ്ങൾ അടങ്ങുന്ന പ്രാർത്ഥനകൾ മറ്റു പുസ്തകങ്ങളിലുണ്ട്. ഈ ലുത്തിനിയാ ആണ് നമ്മൾ ഇന്ന് പഠിക്കുവാൻ പോകുന്നത്.

### പാഠഭാഗം

ലുത്തിനിയ എന്നാൽ എന്ത് എന്ന് കഴിഞ്ഞ പാഠത്തിൽ നാം പഠിച്ചു. ഒരാൾ പ്രാർത്ഥന ചൊല്ലുകയും മറ്റുള്ളവർ പ്രതിവാക്യം പറയുകയും ചെയ്യുന്ന രീതിയിലുള്ളതാണല്ലോ ലുത്തിനിയാകൾ. വി. കുർബ്ബാനയിൽ ഖണ്ഡിപ്പിന്റെ ശുശ്രൂഷാസമയത്തും ശവസംസ്കാര ശുശ്രൂഷയിലും പെന്തിക്കോസ്തി ശുശ്രൂഷയിലും മൂറോൻ കൂദാശയിലും മറ്റും നാം ഈ രീതിയിലുള്ള പ്രാർത്ഥനകൾ ഉപയോഗിക്കാറുണ്ട്. പ്രഭാതനമസ്കാരത്തോടൊപ്പം ചൊല്ലുന്ന ലുത്തിനിയ ഇന്നു നമുക്കു പഠിക്കാം.

### പ്രഭാതനമസ്കാരത്തിന്റെ ലുത്തിനിയ

ലീഡർ: സ്വർഗ്ഗസ്ഥപിതാവാം ദൈവമേ!

പ്രതിവാക്യം: **ഞങ്ങളോടു കരുണയുണ്ടാകണമേ.**

ലീഡർ: ലോകരക്ഷിതാവായ ദൈവപുത്രാ

പ്രതിവാക്യം: **ഞങ്ങളോടു കരുണയുണ്ടാകണമേ.**

ലീഡർ: പരിശുദ്ധ റൂഹായായ ദൈവമേ!

പ്രതിവാക്യം: **ഞങ്ങളോടു കരുണയുണ്ടാകണമേ.**

ലീഡർ: ഏകദൈവമായ പരിശുദ്ധ ത്രിത്വമേ

പ്രതിവാക്യം: **ഞങ്ങളോടു കരുണയുണ്ടാകണമേ.**

ലീഡർ: കഴിഞ്ഞ രാത്രിയിൽ ഉപദ്രവം കൂടാതെ ഞങ്ങളെ കാത്തുസൂക്ഷിച്ച് ഈ പ്രഭാതത്തിലേക്ക് ഞങ്ങളെ കൊണ്ടുവന്നവനായ കർത്താവേ! ഇന്നത്തെ ഞങ്ങളുടെ ജീവിതത്തെ, കുറ്റങ്ങളിൽനിന്നും തെറ്റുകളിൽനിന്നും കാത്തുസൂക്ഷിപ്പാൻ തിരുമനസ്സാകണമേ.

പ്രതിവാക്യം: **കർത്താവേ ഞങ്ങളുടെ അപേക്ഷ കൈക്കൊള്ളണമേ.**

ലീഡർ: അറിവോടോ അറിവുകൂടാതെയോ, മനസ്സോടോ മനസ്സുകൂടാതെയോ വിചാരത്താലും വചനത്താലും പ്രവൃത്തിയാലും വന്നുകൂടാവുന്ന വീഴ്ചകളിൽനിന്ന് ഞങ്ങളെ കാത്തുകൊള്ളുകയും ഞങ്ങളുടെ വിളിക്കനുസരണമായി ക്രിസ്തീയ ചുമതലകൾ നിർവ്വഹിപ്പാൻ ഞങ്ങളെ ശക്തിപ്പെടുത്തുകയും ചെയ്യണമേ.

പ്രതിവാക്യം: **കർത്താവേ ഞങ്ങളുടെ....**

ലീഡർ: ലോകം, ജഡം, പിശാച് എന്നിവയുടെ വ്യാമോഹങ്ങളിൽനിന്നും ദൈവസ്നേഹത്തിനെതിരായ എല്ലാ വശീകരണങ്ങളിൽനിന്നും സത്യവിശ്വാസത്തിനെതിരായ എല്ലാ കൂട്ടുകെട്ടിൽനിന്നും ഒഴിഞ്ഞു ജീവിപ്പാൻ ഞങ്ങളെ ശക്തിപ്പെടുത്തണമേ.

പ്രതിവാക്യം: **കർത്താവേ ഞങ്ങളുടെ....**

ലീഡർ: അക്രമത്തോടും അനീതിയോടും എതിർക്കുവാനും നീ വെളിപ്പെടുത്തിത്തരുന്ന സത്യത്തെ ധീരതയോടെ മുറുകെപ്പിടിപ്പാനും ഞങ്ങളുടെ എല്ലാ കാര്യങ്ങളിലും ഞങ്ങളുടെ ആയുഷ്കാലമൊക്കെയിലും നിന്റെ തിരുവിഷ്ടം നിവൃത്തിപ്പാനും ഞങ്ങളും ഞങ്ങളുടെ വാങ്ങിപ്പോയവരും സ്വർഗ്ഗീയ മോക്ഷത്തിലെ നിത്യ സൗഭാഗ്യങ്ങൾക്കും യോഗ്യരായിത്തീരുവാനും സഹായിക്കണമേ.

പ്രതിവാക്യം: **കർത്താവേ ഞങ്ങളുടെ....**

ലീഡർ: നിന്നോടും ഞങ്ങൾ തമ്മിൽത്തമ്മിലും സ്നേഹവും ഐക്യവും പാലിപ്പാനും സമാധാനത്തിലും ശാന്തിയിലും ജീവിപ്പാനും ശത്രുതയും മത്സരവും അസൂയയും മാഞ്ഞുപോകുവാനും സഹായിക്കണമേ.

പ്രതിവാക്യം: **കർത്താവേ ഞങ്ങളുടെ....**

ലീഡർ: കർത്താവേ ശക്തിയിൽ കവിഞ്ഞ പരീക്ഷകളെയും അസഹനീയങ്ങളായ രോഗങ്ങളെയും ഞങ്ങളുടെ പാപങ്ങൾ നിമിത്തം വന്നു കൂടുന്ന ശിക്ഷകളെയും ഞങ്ങളിൽനിന്ന് നിരോധിക്കണമേ.

പ്രതിവാക്യം: **കർത്താവേ ഞങ്ങളുടെ....**

ലീഡർ: ദൈവമാതാവായ വിശുദ്ധ കന്യകമറിയാമിന്റെയും ഞങ്ങളുടെ പിതാവായ മാർ തോമാശ്ലീഹായുടെയും പരിശുദ്ധനായ പരുമല മാർ ഗ്രീഗോറിയോസിന്റെയും വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസിന്റെയും ശേഷം എല്ലാ പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും കൂട്ടായ്മയാലും മദ്ധ്യസ്ഥതയാലും ഞങ്ങളെ അനുഗ്രഹിക്കണമേ.

പ്രതിവാക്യം: **കർത്താവേ ഞങ്ങളുടെ....**

ലീഡർ: കർത്താവേ, ഞങ്ങളെ അനുഗ്രഹിച്ചു കാക്കുകയും തിരുമുഖം ഞങ്ങളുടെമേൽ പ്രകാശിപ്പിച്ച് കൃപചൊരിയുകയും തിരുമുഖം ഞങ്ങളുടെ നേരെ തിരിച്ച് ഞങ്ങൾക്ക് സമാധാനം നൽകുകയും ചെയ്യണമേ.

പ്രതിവാക്യം: **കർത്താവേ ഞങ്ങളുടെ....**

സന്ധ്യയുടെ ലുത്തിനിയ പഠിച്ചപ്പോൾ നാം കണ്ടതുപോലെതന്നെ ഈ ലുത്തിനിയായും ത്രിത്വനാമത്തിൽ ആരംഭിക്കുകയും, പരി. കന്യകമറിയാമിന്റെയും പരിശുദ്ധന്മാരുടെയും മദ്ധ്യസ്ഥതയിൽ അഭയംപ്രാപിച്ചുകൊണ്ട് അവസാനിപ്പിക്കുകയും ചെയ്യുന്ന രീതിയിൽ തന്നെയാണ് ക്രമീകരിച്ചിരിക്കുന്നത്.

ത്രിത്വത്തോടുള്ള സംബോധനയ്ക്കുശേഷം ആദ്യംതന്നെ രാത്രിയിൽ കാത്തുസൂക്ഷിച്ചതിനുള്ള നന്ദി അർപ്പിക്കുകയാണ്. അതിനുശേഷം സന്ധ്യയുടെ ലുത്തിനിയായിൽ കണ്ടതുപോലെ ജീവിതവിശുദ്ധിക്കുവേണ്ടിയുള്ള കൃപയാണ് ചോദിക്കുന്നത്. ഈ പ്രാർത്ഥന ആത്മാർത്ഥമായി ചൊല്ലുമ്പോൾ തന്നെ തെറ്റുകൾ ചെയ്യാതിരിക്കുവാനുള്ള ഒരു പ്രേരണ നമുക്കുണ്ടാകും. "അറിവോടോ, അറിവുകൂടാതെയോ, മനസ്സോടോ മനസ്സു കൂടാതെയോ, വിചാരത്താലും വചനത്താലും പ്രവൃത്തിയാലും വന്നുകൂടാവുന്ന വീഴ്ചകളിൽനിന്നു ഞങ്ങളെ കാത്തുകൊള്ളണമേ" എന്നത് പ്രഭാതത്തിൽ മാത്രമല്ല എപ്പോഴും നമ്മുടെ പ്രാർത്ഥനയായിരിക്കണം.

എല്ലാ പ്രാർത്ഥനകളും ഞങ്ങൾ എന്ന ബഹുവചനരൂപത്തിലാണെന്നത് പ്രത്യേകം ശ്രദ്ധിക്കുക. 'എനിക്കുവേണ്ടി' മാത്രമുള്ള പ്രാർത്ഥനകൾ ക്രിസ്തീയമല്ല. സ്വർഗ്ഗീയ മോക്ഷത്തിലെ സൗഭാഗ്യങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുമ്പോൾ വാങ്ങിപ്പോയവർക്കുവേണ്ടിയും പ്രാർത്ഥിക്കുന്നു. പ്രാർത്ഥനകളിൽ വാങ്ങിപ്പോയവരെ ഉൾപ്പെടുത്തുക എന്നതും ഓർത്തഡോക്സ് ആദ്ധ്യാത്മികതയുടെ ഭാഗമാണ്.

### നമുക്ക് തുടർന്നു പഠിക്കാം

ഈ ലുത്തിനിയായിൽ ചേർത്തിരിക്കുന്ന മറ്റ് അപേക്ഷകൾ എന്തൊക്കെയാണെന്നു പരിശോധിക്കാം. ഈ ലോകജീവിതത്തിൽ ആവശ്യങ്ങളായ അനുഗ്രഹങ്ങളാണ് അവ. നാം ഒഴിഞ്ഞു നിൽക്കേണ്ട മൂന്നു മേഖലകളുണ്ട്. അതിനാവശ്യമായ കൃപകൾക്കായി പ്രാർത്ഥിക്കുന്നു.

1. ലോകം, ജഡം, പിശാച് എന്നിവയുടെ വ്യാമോഹങ്ങൾ
2. ദൈവസ്നേഹത്തിനെതിരായ വശീകരണങ്ങൾ
3. സത്യവിശ്വാസത്തിനെതിരായ കൂട്ടുകെട്ടുകൾ

അടുത്തതായി, നാം ചെയ്യേണ്ട കാര്യങ്ങൾക്കാവശ്യമായ കൃപയ്ക്കായുള്ള പ്രാർത്ഥനയാണ്.

1. അക്രമത്തോടും അനീതിയോടും എതിർത്തുനിൽക്കുക.
2. ദൈവം വെളിപ്പെടുത്തുന്ന സത്യത്തെ മുറുകെ പിടിക്കുക.
3. ജീവിതകാലം മുഴുവൻ ദൈവഇഷ്ടം ചെയ്യുക.
4. തമ്മിൽത്തമ്മിൽ സ്നേഹിക്കുക.
5. ശത്രുതയും മത്സരവും അസൂയയും ഉപേക്ഷിക്കുക.

ഈ കാര്യങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്ന നാം ജീവിതത്തിൽ കൃപ അനുവർത്തിക്കുവാൻ ആത്മാർത്ഥമായി ശ്രമിക്കുകയും വേണം.

സന്തോഷകരമായ ജീവിതത്തിനാവശ്യമായ മൂന്നു കാര്യങ്ങൾകൂടി അപേക്ഷിച്ചിട്ടാണ് പ്രാർത്ഥന അവസാനിപ്പിക്കുന്നത്.

1. ശക്തിയിൽ കവിഞ്ഞ പരീക്ഷകളിൽനിന്ന് ഒഴിവാക്കണം.
2. അസഹനീയമായ രോഗങ്ങളെ നിരോധിക്കണം.
3. ഞങ്ങളുടെ പാപങ്ങൾ നിമിത്തം വന്നുകൂടാവുന്ന ശിക്ഷകൾ ഒഴിവാക്കണം.

എത്ര മനോഹരമായ പ്രാർത്ഥനയാണ് അല്ലേ? ഇനി പതിവായി ഈ ലുത്തിനിയ പ്രഭാത പ്രാർത്ഥനയ്ക്കു ശേഷം ചൊല്ലുക.

## പ്രവർത്തനങ്ങൾ

1. ഈ പ്രാർത്ഥന ലുത്തിനിയ രൂപത്തിൽ ക്ലാസ്സിൽ ചൊല്ലുക.
2. ത്രിത്വത്തോടുള്ള പ്രാർത്ഥന കണ്ടുപിടിക്കുക. ത്രിത്വത്തിലെ ഓരോ ആളത്വത്തോടുമുള്ള അപേക്ഷ ചർച്ച ചെയ്യുക.
3. ഇന്നു സന്ധ്യയ്ക്കു നിങ്ങൾ വായിക്കേണ്ടതു 141-ാം സങ്കീർത്തനമാണ് നിങ്ങളുടെ കുർബ്ബാനക്രമത്തിൽ സന്ധ്യാനമസ്കാരത്തിൽ ഈ ഭാഗം 140-ാം മസ്മൂർ എന്നു കൊടുത്തിരിക്കുന്നു. കാരണം കണ്ടുപിടിക്കുക.
4. വിചാരത്താലും വചനത്താലും (വായ്കൊണ്ട്) പ്രവൃത്തിയാലും ചെയ്തുപോയിട്ടുള്ള തെറ്റുകൾ ഓർത്ത് നോക്കുക. അവ പൂർണ്ണമായി ഉപേക്ഷിക്കുവാൻ തീരുമാനമെടുക്കുക.

### പ്രഭാതത്തിൽ നമുക്കു പാടാം

(എന്നെത്തന്നെ സന്നിധിയിൽ... എന്ന രീതി)

പുലരിയിൽ നിദ്രയുണർന്നങ്ങേ
പാവനസന്നിധിയണയുന്നു
കർത്താവേ നിൻ കരുണയ്ക്കായ്
നന്ദി പറഞ്ഞു നമിക്കുന്നു
    മനുജകുലത്തിൻ പാലകനേ
    വിനയമോടങ്ങയെ വാഴ്ത്തുന്നു
    കൃപയും ശാന്തിയനുഗ്രഹവും
    പാപപൊറുതിയുമരുളണമേ
കണ്ണുകൾ നിങ്കലുറപ്പിച്ചെൻ
ദിനകൃത്യങ്ങൾ തുടങ്ങുന്നേ

വീഴാതെന്നെ നയിക്കണമേ
വിജയാനുഗ്രഹമേകണമേ.

പ്രഭാതത്തിൽ പ്രാർത്ഥിക്കാനായി ഒത്തുചേരുമ്പോൾ പാടാവുന്ന ഒരു ഗീതമാണിത്

## നിശ്ചയം

**ഈ ലുത്തിനിയായുടെ അർത്ഥം ഞങ്ങൾ മനസ്സിലാക്കി. ഞങ്ങൾ എല്ലാ ദിവസവും കൃത്യമായി പ്രഭാതനമസ്കാരം നടത്തുകയും അതിന്റെ അവസാനത്തിൽ ഈ ലുത്തിനിയാ ചൊല്ലുകയും ചെയ്യും.**

## നമുക്ക് പ്രാർത്ഥിക്കാം

*കർത്താവേ ശക്തിയിൽ കവിഞ്ഞ പരീക്ഷകളെയും അസഹനീയങ്ങളായ രോഗങ്ങളെയും ഞങ്ങളുടെ പാപങ്ങൾ നിമിത്തം വന്നുകൂടാവുന്ന ശിക്ഷകളെയും ഞങ്ങളിൽനിന്ന് ഒഴിവാക്കണമെ.*

## തുടർവായനയ്ക്ക്

| ദിവസം | രാവിലെ | വൈകുന്നേരം |
|---|---|---|
| ഞായർ | - | സങ്കീ. 141:1-10 |
| തിങ്കൾ | ലൂക്കോ. 6:12-19 | സങ്കീ. 142:1-7 |
| ചൊവ്വ | യോഹ. 20:1-10 | സങ്കീ. 119:105-112 |
| ബുധൻ | യോഹ. 21:1-6 | സങ്കീ. 91:1-8 |
| വ്യാഴം | ലൂക്കോ. 24:1-12 | സങ്കീ. 91:9-16 |
| വെള്ളി | മർക്കോ. 16:1-8 | സങ്കീ. 121:1-8 |
| ശനി | മത്താ. 28:1-10 | സങ്കീ. 91:1-16 |
| ഞായർ | 1 രാജാ. 8:22-30 | - |

പാഠം 13

# യാമപ്രാർത്ഥനകൾ

## പാഠനോദ്ദേശ്യങ്ങൾ

ഓർത്തഡോക്സ് ആരാധനയിൽ യാമപ്രാർത്ഥനകൾക്കുള്ള പ്രാധാന്യം മനസ്സിലാക്കുകയും മുടക്കം കൂടാതെ അവ അനുഷ്ഠിക്കുകയും ചെയ്യുക.

**മനഃപാഠവാക്യം:** "നിന്റെ നീതിയുള്ള വിധികൾ നിമിത്തം ഞാൻ ദിവസം ഏഴു പ്രാവശ്യം നിന്നെ സ്തുതിക്കുന്നു" (സങ്കീ. 119:164).

**പഠനസഹായികൾ:** മലങ്കര ഓർത്തഡോക്സ് ക്രിസ്ത്യാനികളുടെ കുടുംബാരാധനക്രമം, പാമ്പാക്കുട നമസ്കാരക്രമം, കുർബ്ബാനക്രമം, സുറിയാനി ക്രിസ്ത്യാനികളുടെ നമസ്കാരക്രമം, നിത്യപ്രാർത്ഥനാക്രമം, സ്ലീബാ നമസ്കാരം, മൂന്നുനോമ്പിലെയും വലിയ നോമ്പിലെയും നമസ്കാരം എന്നീ പുസ്തകങ്ങൾ, വി. വേദപുസ്തകം.

## ആമുഖം

നിങ്ങൾ ഭവനങ്ങളിൽഎല്ലാവരും ഒരുമിച്ച് നമസ്കരിക്കാറുണ്ടോ? ദിവസം എത്ര നേരം പ്രാർത്ഥിക്കും? (ഒന്ന്, രണ്ട് എന്നിങ്ങനെയായിരിക്കും ഉത്തരം.) ഓർത്തഡോക്സ് എന്ന വാക്കിന്റെ അർത്ഥം അറിയാമോ? 'ശരിയായി സ്തുതി അർപ്പിക്കുന്നവർ' അഥവാ 'സത്യ നമസ്കാരികൾ' അല്ലേ? ശരിയായി സ്തുതി അർപ്പിക്കുന്ന നാം ദിവസം എത്ര പ്രാവശ്യം പ്രാർത്ഥിക്കണമെന്നറിയാമോ?

നാം എപ്പോഴും പ്രാർത്ഥിക്കണം. ഇടവിടാതെ പ്രാർത്ഥിപ്പിൻ എന്നാണ് പ. പൗലോസ് ശ്ലീഹാ നമ്മെ പഠിപ്പിക്കുന്നത് (1 തെസ്സ. 5:17). എന്നാൽ ഒരു ഓർത്തഡോക്സ് വിശ്വാസി ഏഴു യാമങ്ങളിൽ നിർബന്ധമായും പ്രാർത്ഥിക്കണം എന്ന് സഭ നിഷ്കർഷിക്കുന്നുണ്ട്. ആരാധനയുടെ ഈ ക്രമീകരണത്തിനാണ് യാമപ്രാർത്ഥനകൾ എന്നു പറയുന്നത്. യാമപ്രാർത്ഥനകളെപ്പറ്റി പൊതുവായി അറിഞ്ഞിരിക്കേണ്ട കാര്യങ്ങളാണ് ഇന്ന് നമ്മൾ പഠിക്കുവാൻ പോകുന്നത്.

## പാഠഭാഗം

ഭവനങ്ങളിൽ രണ്ടുനേരം നമസ്കരിക്കുന്നു എന്നു ചിലർ ഇവിടെ പറഞ്ഞല്ലോ. സന്ധ്യയ്ക്കും പ്രഭാതത്തിലും. ഏതു പുസ്തകമാണ് ഉപയോഗിക്കുന്നത്? (പഠനസഹായികളായി കൊടുത്തിട്ടുള്ള ഏതെങ്കിലും പുസ്തകത്തിന്റെ പേരാണ് കുട്ടികൾ പറയുന്നത്) എന്നാൽ മറ്റു സഭകളുടെ പശ്ചാത്തലം ഉള്ള കുട്ടികൾ പുസ്തകം ഉപയോഗിക്കാറില്ല എന്നു പറയുവാൻ സാദ്ധ്യതയുണ്ട്. രണ്ടുനേരം പ്രാർത്ഥിക്കുന്നു എന്നു പറഞ്ഞവർ

നമ്മുടെ സഭയുടെ ഏതെങ്കിലും പ്രാർത്ഥനാക്രമം ഉപയോഗിച്ചാണ് പ്രാർത്ഥിക്കുന്നത് എങ്കിൽ ഏഴുയാമങ്ങളിലെയും പ്രാർത്ഥന തികയ്ക്കുന്നുണ്ട്. എങ്ങനെയാണന്നല്ലേ? സന്ധ്യാപ്രാർത്ഥനയിൽ ഒമ്പതാംമണി, സന്ധ്യ, സൂത്താറ എന്നീ യാമങ്ങളിലെയും പ്രഭാത പ്രാർത്ഥനയിൽ പാതിരാത്രി, പ്രഭാതം, മൂന്നാംമണി ആറാംമണി എന്നീ യാമങ്ങളിലെയും പ്രാർത്ഥനകൾ നാം ഒരുമിച്ചു നടത്തുകയാണ് ചെയ്യുന്നത്.

## യാമങ്ങൾ എന്നാൽ എന്ത് എന്ന് നിങ്ങൾക്കറിയാമോ?

പഴയകാലത്ത് സമയം നാഴിക കണക്കിലാണ് പറഞ്ഞിരുന്നത്. ഒരു ദിവസം അറുപത് നാഴിക കൂടുന്നതാണ്. ഉദയത്തിനുശേഷം ഓരോ ഏഴര നാഴിക കഴിയുമ്പോൾ ഒരു യാമം എന്നാണ് കണക്കാക്കിയിരുന്നത്. അതായത് രണ്ടര നാഴിക കൂടുന്നതാണ് നമ്മുടെ ഒരു മണിക്കൂർ. പ്രഭാതത്തിനു (രാവിലെ 6 മണി) ശേഷം ഏഴര നാഴിക കഴിയുമ്പോൾ ഏഴരയുടെ നമസ്കാരം. മണിക്കൂർ കണക്കിലാണെങ്കിൽ മൂന്നാം മണി നമസ്കാരം (രാവിലെ 9 മണി). വീണ്ടും ഏഴര നാഴിക അഥവാ മൂന്നു മണിക്കൂർ കഴിയുമ്പോൾ ഉച്ച നമസ്കാരം അഥവാ ആറാംമണി (ഉച്ച 12 മണി) നമസ്കാരം. വീണ്ടും മൂന്നുമണിക്കൂർ കഴിയുമ്പോൾ ഒമ്പതാംമണി നമസ്കാരം (പഴയ നാഴിക കണക്കിൽ ഇരുപത്തി രണ്ടരയുടെ നമസ്കാരം (ഉച്ചകഴിഞ്ഞ് 3 മണി). വീണ്ടും മൂന്നു മണിക്കൂർ കഴിയുമ്പോൾ സന്ധ്യാനമസ്കാരം (വൈകിട്ട് 6 മണി). ഈ അഞ്ചു യാമങ്ങൾ കൂടാതെ ഉറങ്ങുമ്പോഴുള്ള കാവലിനായി സൂത്താറ (രാത്രി 9 മണി) നമസ്കാരവും പാതിരാത്രി (രാത്രി 12 മണി) നമസ്കാരവും കൂടി ഉൾക്കൊള്ളുന്നതാണ് ഏഴു നേരത്തെ യാമപ്രാർത്ഥനകൾ.

### നിർത്താം... ചിന്തിക്കാം...

1. പ്രാർത്ഥിക്കേണ്ട ഏഴു യാമങ്ങൾ ഏവ?
2. നിങ്ങൾ ഉപയോഗിക്കുന്ന നമസ്കാരക്രമത്തിൽ ഓരോ യാമത്തിലെയും പ്രാർത്ഥനകൾ കണ്ടുപിടിക്കുക.
   (ചില പുസ്തകങ്ങളിൽ യാമങ്ങൾ തിരിച്ച് എഴുതിയിട്ടുണ്ട്. എന്നാൽ ചില പുസ്തകങ്ങളിൽ ഒരു യാമത്തിലെ പ്രാർത്ഥന അവസാനിച്ചു മറ്റൊരു യാമം ആരംഭിക്കുന്നിടത്ത് ഒരു കൗമാ ചൊല്ലണം എന്നു മാത്രമാണ് എഴുതിയിട്ടുള്ളത്)
3. വിവിധ യാമങ്ങളിൽ പ്രാർത്ഥിച്ചിരുന്ന രീതി വി. വേദപുസ്തകത്തിൽനിന്നും കണ്ടുപിടിക്കുക.
4. താഴെപ്പറയുന്ന വേദഭാഗങ്ങൾ ഓരോരുത്തരായി കണ്ടുപിടിച്ച് ക്ലാസ്സിൽ ഉറക്കെ വായിക്കുക.
   i. സങ്കീർത്തനം 55, 17; ii. സങ്കീർത്തനം 119:147, 148, 164; iii.ദാനിയേൽ 6:10
   iv. മർക്കോസ് 1:35; v. അപ്പോ. പ്രവൃത്തി 2:15; vi. അപ്പോ. പ്രവൃത്തി 3:1;
   vii. അപ്പോ. പ്രവൃത്തി 10:9; viii. അപ്പോ. പ്രവൃത്തി 16:25
5. സന്ധ്യാപ്രാർത്ഥനയിൽ നമ്മൾ ഏതെല്ലാം യാമപ്രാർത്ഥനകളാണ് നടത്തുന്നത്?
6. പ്രഭാതനമസ്കാരത്തിൽ നമ്മൾ ഏതെല്ലാം യാമപ്രാർത്ഥനകളാണ് നടത്തുന്നത്?

യാമപ്രാർത്ഥനകൾ ക്രിസ്തുവിന്റെ കഷ്ടാനുഭവവുമായി ബന്ധപ്പെട്ടിരിക്കുന്നു. യഹൂദന്മാർ ദിവസം മൂന്നു നേരം പ്രാർത്ഥിക്കണമെന്നാണ് നിഷ്കർഷിച്ചിരിക്കുന്നത്. എന്നാൽ ദാവീദ് ദിവസം ഏഴുനേരം പ്രാർത്ഥിച്ചിരുന്നു എന്നു നാം കണ്ടു. കർത്താവിന്റെ കഷ്ടാനുഭവത്തെ ധ്യാനിക്കുവാൻ കൂടിയാണ് ഓർത്തഡോക്സ് സഭ ഏഴുനേരത്തെ പ്രാർത്ഥന നിർബന്ധമാക്കിയിരിക്കുന്നത് (കർത്താവിനെ ബന്ധിക്കുന്നത് രാത്രിയിലാണ്). പ്രഭാത

ത്തിലാണ് കർത്താവിനെ വിസ്തരിച്ചത് (യോഹ. 18:28). മൂന്നാം മണിയായപ്പോൾ കർത്താവിനെ ക്രൂശിൽ തൂക്കുവാൻ വിധിച്ചു. ആറാംമണിയായപ്പോൾ കർത്താവിനെ ക്രൂശിൽ തറച്ചു (വി. മത്തായി 27:45). ഒമ്പതാംമണിയായപ്പോൾ കർത്താവ് പ്രാണനെ വിട്ടു (വി. മത്തായി 27:46). സന്ധ്യയ്ക്കു മുമ്പായി യോസഫും നിക്കോദീമോസുംകൂടി അവനെ ക്രൂശിൽനിന്നിറക്കി (വി. മത്തായി 27:57). അവർ ഉറങ്ങുന്നതിനു മുമ്പായി കർത്താവിനെ സംസ്കരിച്ചു.

കർത്താവിന്റെ കഷ്ടാനുഭവങ്ങളുടെ ഈ യാമങ്ങളിൽ പ്രാർത്ഥിക്കാതിരിക്കുവാൻ നമുക്കു സാധിക്കുമോ?

ദയറാകളിലും ആശ്രമങ്ങളിലും ഈ യാമപ്രാർത്ഥനകൾ കൃത്യമായി അതാതു സമയത്തുതന്നെ നടത്താറുണ്ട്. ഭവനങ്ങളിൽ രണ്ടു നേരമായി ഈ ഏഴു യാമപ്രാർത്ഥനകൾ നടത്തുവാൻ അനുവാദം തന്നിരിക്കുന്നതു കുടുംബാംഗങ്ങളുടെ സൗകര്യത്തെ പ്രതിയാണ്.

## മൂന്നു നോമ്പ്, അമ്പതു നോമ്പ്

മൂന്നു നോമ്പിലെയും അമ്പതുനോമ്പിലെയും നമസ്കാരക്രമം (കുടുംബാരാധനക്രമം) ഉപയോഗിച്ച് നിങ്ങൾ ഭവനങ്ങളിൽ നോമ്പുകാലങ്ങളിൽ പ്രാർത്ഥിക്കാറുണ്ടോ? ചിലർ മാത്രം ചെയ്യുന്നുണ്ട്. ഇല്ലേ? അതിൽ ചില മാറ്റങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ? ഈ നോമ്പുകളിൽ യാമപ്രാർത്ഥനകൾ മൂന്നു നേരമായിട്ടാണ് നടത്തേണ്ടത്. ഉച്ചനമസ്കാരം ഉച്ചയ്ക്കുതന്നെ നടത്തണം. ഇതിൽ മൂന്നാംമണി, ഉച്ച, ഒമ്പതാംമണി എന്നീ യാമങ്ങളിലെ പ്രാർത്ഥനകൾ ഉൾപ്പെട്ടിരിക്കുന്നു. ഉച്ചനമസ്കാരത്തിന്റെ അവസാനം നാല്പതു കുമ്പിടീലും ഈ നോമ്പുകാലത്തു നമസ്കാരത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

സ്കൂളിലോ, കോളേജിലോ ഓഫീസിലോ ആയതുകൊണ്ട് ഉച്ചയ്ക്കു നമസ്കരിക്കുവാൻ സൗകര്യം ലഭിക്കാത്തവർ ഈ നമസ്കാരംകൂടി രാവിലെ നടത്തുവാൻ മറക്കരുത്.

## നമുക്കു ചിന്തിക്കാം

1. ദൈവം നമുക്കുവേണ്ടി പ്രകാശവും പുതിയൊരു ദിവസവും രാത്രിയിൽ കാവലും തന്നതോർത്ത് ദൈവത്തെ രാവിലെ സ്തുതിക്കണ്ടേ?
2. പകൽ മുഴുവൻ കാത്തുപരിപാലിച്ചു നടത്തിയ ദൈവത്തെ സന്ധ്യയ്ക്കു നമസ്കരിക്കുന്നത് ഒഴിവാക്കുവാൻ സാധിക്കുമോ?
3. ബോധമില്ലാതെ കിടന്നുറങ്ങുന്ന നമുക്ക് രാത്രിയിലെ കാവലിനായി ഉറങ്ങുന്നതിനു മുമ്പും ദൈവത്തെ നമ്മെ ഭരമേല്പിച്ചു പ്രാർത്ഥിക്കേണ്ടതല്ലേ?
4. ശ്ലീഹന്മാരുടെമേൽ പരിശുദ്ധാത്മാവ് ഇറങ്ങിവന്ന മൂന്നാംമണിയിലും കർത്താവിനെ ക്രൂശിൽ തറച്ച ഉച്ചയ്ക്കും കർത്താവ് പ്രാണനെവിട്ട ഒമ്പതാംമണിയിലും ദൈവത്തെ സ്നേഹിക്കുന്ന ഒരു വിശ്വാസിക്ക് പ്രാർത്ഥിക്കാതിരിക്കാൻ കഴിയുമോ?

സൺഡേസ്കൂൾ ഒമ്പതാം ക്ലാസ്സുവരെ പഠിച്ച നിങ്ങൾ യാമപ്രാർത്ഥനകൾ ഒരുകാലത്തും ഒരു ദിവസവും മുടക്കരുത്. ഭവനങ്ങളിൽ അതു കുടുംബമായി ഒരുമിച്ചു നടത്തണം.

## പ്രവർത്തനങ്ങൾ

1. എല്ലാ യാമപ്രാർത്ഥനകളും നാം പഠിച്ചുകഴിഞ്ഞു. ഏഴു യാമങ്ങൾ ഏതെല്ലാം എന്നു നമുക്ക് ഒന്ന് ഓർത്തു നോക്കാം. കർത്താവിന്റെ ജീവിതവുമായി ഈ യാമങ്ങളെ എങ്ങനെ ബന്ധപ്പെടുത്തിയിരിക്കുന്നു എന്നു ചിന്തിക്കാം.

**രാത്രി: കർത്താവിനെ ബന്ധിക്കുന്നു (യോഹ. 18:12)**

**പ്രഭാതം: കർത്താവിന്റെ വിസ്താരം (പുലർച്ച) (യോഹ. 18:28)**

**മൂന്നാം മണി: പീലാത്തോസ് കർത്താവിനെ ക്രൂശിക്കുവാൻ വിധിക്കുന്നു (പുലർന്നു മൂന്നു മണിക്കൂറിനുശേഷം)**

**ആറാം മണി: കർത്താവിനെ ക്രൂശിൽ തറയ്ക്കുന്നു (ഉച്ച) (വി. മത്തായി 27:45)**

**ഒമ്പതാം മണി: കർത്താവ് പ്രാണനെ വിട്ടു (ഉച്ചയ്ക്കു ശേഷം മൂന്നു മണിക്കൂർ കഴിഞ്ഞ്) (വി. മത്തായി 27:46)**

**സന്ധ്യ: കർത്താവിനെ ക്രൂശിൽനിന്നും ഇറക്കി (വി. മത്തായി 27:57)**

**സൂത്താറാ: കർത്താവിനെ സംസ്കരിച്ചു (ഉറങ്ങുന്നതിനു മുമ്പ് സൂത്താറ = കാവൽ) (വി. ലൂക്കോസ് 23:54)**

ഈ യാമങ്ങളിൽ നിങ്ങൾ കൃത്യമായി പ്രാർത്ഥിക്കാറുണ്ടോ?

2. ഏഴു യാമങ്ങളിലെ പ്രാർത്ഥനകൾ കർത്താവിന്റെ ജീവിതവുമായി ബന്ധിപ്പിച്ച് ഒരു ചാർട്ട് തയ്യാറാക്കുക.

(മുകളിൽ കൊടുത്തിരിക്കുന്ന വിവരങ്ങൾ ഉപയോഗപ്പെടുത്താം)

## നമുക്ക് പാടാം

(എന്നുടയോനെ നീയെന്നെ... എന്ന രീതി)

സന്ധ്യാ സൂത്താറാ പിന്നെ
പാതി-രാത്രി പ്രഭാതം
മൂന്നാം മണി ആറാം മണിയും
ഒമ്പതാം മണിയും യാമങ്ങൾ
ഈ യാമങ്ങളിലെപ്പോഴും
പ്രാർത്ഥിച്ചീടണമോർക്കണമെ
പ്രാർത്ഥനയെന്നും പ്രഭയായി
ജീവിത പാതയിലൊളിയേകും

## നിശ്ചയം

**പ്രാർത്ഥന ക്രിസ്തീയജീവിതത്തിന്റെ ശക്തിയാണെന്നും സഭ കല്പിക്കുന്ന യാമപ്രാർത്ഥനകൾ വളരെ പ്രാധാന്യം അർഹിക്കുന്നവയാണെന്നും ഞങ്ങൾ മനസ്സിലാക്കി. ഞങ്ങളുടെ ജീവിതത്തിൽ ഏഴു യാമങ്ങളിലെ പ്രാർത്ഥന ഒരു ദിവസവും മുടക്കുകയില്ല.**

## നമുക്ക് പ്രാർത്ഥിക്കാം

*കർത്താവേ, എല്ലാ യാമങ്ങളിലും പ്രാർത്ഥിക്കുവാനും മുഴുവൻ സമയവും അങ്ങയെക്കുറിച്ചുള്ള ചിന്തയിൽ ജീവിക്കുവാനും ഞങ്ങളെ സഹായിക്കണമേ.*

# തുടർവായനയ്ക്ക്

| ദിവസം | രാവിലെ | വൈകുന്നേരം |
|---|---|---|
| ഞായർ | - | വി. മത്തായി 26, 36-42 |
| | | സങ്കീ. 4:1-8 |
| തിങ്കൾ | ദാനിയേൽ 9:20-23 | അപ്പോ. 16:25 |
| | സങ്കീ. 3:1-8 | എഫെസ്യ. 6:18 |
| ചൊവ്വ | സങ്കീ. 5:1-12 | വി. ലൂക്കോ. 6:12 |
| | സങ്കീ. 42: 7-11 | സങ്കീ. 55:16-23 |
| ബുധൻ | സങ്കീ. 119:57-64 | ദാനിയേൽ 6:7-12 |
| | വി. മർക്കോ. 9: 28, 29 | വി. മർക്കോ. 1:35-39 |
| വ്യാഴം | വി. മത്തായി 17:19-21 | ലൂക്കോസ് 11:1-4 |
| | സങ്കീ. 63:1-8 | വി. മർക്കോ. 14:32-42 |
| വെള്ളി | വി. മത്തായി 18:19,20 | വി. മർക്കോ. 6:46, 47 |
| | സങ്കീ. 119:154-152 | വി. ലൂക്കോ. 9:28-36 |
| ശനി | വി. മത്തായി 7:7-11 | വി. മർക്കോ. 11:24-26 |
| | സങ്കീ. 119:161-168 | |
| ഞായർ | വി. മത്താ. 6:5-15 | |
| | വി. യാക്കോബ് 5:13-18 | - |

യൂണിറ്റ് മൂന്ന്

# ആരാധനാഗീതം

പാഠം 14

# സ്ലീബാ പ്രഭാതനമസ്കാരം

## പഠനോദ്ദേശ്യങ്ങൾ

വി. കുർബ്ബാനക്രമത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള തെരഞ്ഞെടുത്ത ഗീതങ്ങൾ നന്നായി ആലപിക്കുവാൻ കഴിയുക. അവയുടെ അർത്ഥം, സന്ദർഭം, പ്രാധാന്യം എന്നിവ മനസ്സിലാക്കുക. വി. കുർബ്ബാനയിൽ സംബന്ധിക്കുമ്പോൾ ഈ ഗീതങ്ങൾ നന്നായി അർത്ഥം മനസ്സിലാക്കി ആലപിക്കുക.

**മനഃപാഠവാക്യം:** "ദൈവമേ നീ എന്റെ ദൈവം, അതികാലത്തേ ഞാൻ നിന്നെ അന്വേഷിക്കും, വെള്ളമില്ലാതെ ഉണങ്ങിവരണ്ട ദേശത്ത് എന്റെ ഉള്ളം നിനക്കായി ദാഹിക്കുന്നു" (സങ്കീർത്തനം 63:1).

**പഠനസഹായികൾ:** വി. വേദപുസ്തകം, വി. കുർബ്ബാനക്രമം, പ്രാർത്ഥനാക്രമം.

## ആമുഖം

ഞായറാഴ്ചകളിൽ നിങ്ങൾ എപ്പോഴാണ് പള്ളിയിൽ എത്തിച്ചേരുന്നത്? പ്രഭാത നമസ്കാരം തുടങ്ങുമ്പോൾതന്നെ പള്ളിയിൽ എത്തുന്ന എത്ര കുട്ടികളുണ്ട് നമ്മുടെ ക്ലാസ്സിൽ? ക്യംതാ നമസ്കാരമെന്നും സ്ലീബാനമസ്കാരമെന്നും രണ്ടു വിഭാഗം നമസ്കാരങ്ങൾ നാം ഉപയോഗിക്കാറുണ്ട് എന്നതു ശ്രദ്ധിച്ചിട്ടുണ്ടോ. സ്ലീബാനമസ്കാരം ചൊല്ലുവാൻ തുടങ്ങുന്നത് എന്നാണ്? സ്ലീബാ പെരുന്നാളുമുതൽ. ക്യംതാ നമസ്കാരം എന്നു ചൊല്ലിത്തുടങ്ങും? ഉയിർപ്പുപെരുന്നാൾ മുതൽ. ശരി, ഈ രണ്ടു നമസ്കാരങ്ങളിലും നൽകിയിട്ടുള്ള ധ്യാനവിഷയത്തിന് വ്യത്യാസമുണ്ട്. അതു ശ്രദ്ധിച്ചിട്ടുണ്ടോ? ക്യംതാനമസ്കാരത്തിൽ കർത്താവിന്റെ ഉയിർപ്പും അതോടനുബന്ധിച്ചുള്ള സംഭവങ്ങളുമാണ് കേന്ദ്രവിഷയം. എന്നാൽ സ്ലീബാനമസ്കാരത്തിൽ ദൈവമാതാവുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് നാം കൂടുതൽ ധ്യാനിക്കുന്നത്. എന്നും ഒരേ ഗീതങ്ങൾ പാടാതെ ഇടയ്ക്കൊരു മാറ്റം നല്ലതാണ് അല്ലേ. ശ്ഹീമാ നമസ്കാരത്തിലെ (സാധാരണ നമസ്കാരം) ബുധനാഴ്ച നമസ്കാരമാണ് സ്ലീബാനമസ്കാരമായി ഉൾപ്പെടുത്തിയിരിക്കുന്നത്. അതുകൊണ്ടാണ് ദൈവമാതാവ് ആ നമസ്കാരത്തിൽ മുഖ്യവിഷയമായത്. ദൈവമാതാവിനെ ധ്യാനിക്കുന്ന ദിവസമാണല്ലോ ബുധനാഴ്ച. ബുധൻ, വെള്ളി ദിവസങ്ങളിൽ നോമ്പ് അനുഷ്ഠിക്കണം എന്ന് അറിയാമല്ലോ.

വി. കുർബ്ബാനയ്ക്ക് ഏതൊക്കെ യാമങ്ങളിലെ നമസ്കാരങ്ങളാണ് നാം പള്ളിയിൽ നടത്തുന്നത്? പ്രഭാതം, മൂന്നാംമണി, മദ്ധ്യാഹ്നം. അപ്പോൾ രാത്രിനമസ്കാരം ഭവനങ്ങളിൽ നടത്തിയിട്ടുവേണം രാവിലെ ദേവാലയത്തിൽ എത്തിച്ചേരേണ്ടത്. പ്രഭാതനമസ്കാരത്തിൽ നാം ചൊല്ലുന്ന ചില ഗീതങ്ങൾ അർത്ഥം മനസ്സിലാക്കി ഇന്നു നമുക്കു പഠിക്കാം.

## പാഠഭാഗം

ഇതാ ആദ്യത്തെ ഗാനം നമുക്ക് പഠിക്കാം.

ടീച്ചർ രണ്ടു പ്രാവശ്യം പാടുന്നു. കുട്ടികൾ ശ്രദ്ധയോടെ കേട്ടിരിക്കുന്നു. തുടർന്ന് എല്ലാവരും ചേർന്ന് ഒരു പ്രാവശ്യം ചൊല്ലുന്നു.

രാജ്യത്തിൻ വാതിൽ-ചെറിയതുമാ-മാർഗ്ഗം
വീതികുറഞ്ഞതുമാ-ണാവഴി ഗമനം കാംക്ഷിപ്പോ-
നത്യുത്സാഹ മവശ്യം താൻ
അലസത ലേശം ബാധിച്ചാൽ
അശുഭ വഴിക്കു വശംവദനായ്
സ്വാത്മത്തെ സ്വയമേ നിഹനിക്കും

**അർത്ഥം**

സ്വർഗ്ഗരാജ്യത്തിലേക്കുള്ള വാതിൽ ഇടുങ്ങിയതും വഴി ഞെരുക്കമുള്ളതുമാകുന്നു. ആ വഴിയിൽ യാത്ര ചെയ്യുന്നവർക്ക് അത്യുത്സാഹം ആവശ്യമാണ്. അല്പമെങ്കിലും അലസതയുണ്ടായാൽ മോശമായ വഴികളിലേക്കു വശീകരിക്കപ്പെടുകയും സ്വന്തം ആത്മാവിനെ സ്വയമേ നശിപ്പിക്കുകയും ചെയ്യും.

ഒരു ക്രിസ്ത്യാനി തെറ്റുചെയ്യാതെ, എപ്പോഴും ജാഗരൂകനായി ഇരിക്കേണ്ടതിന്റെ പ്രാധാന്യമാണ് ഇവിടെ പറയുന്നത്. ഏതൊരു വിശ്വാസിക്കും അവശ്യം ആവശ്യമായ ഒരു ഗുണമാണ് ഉത്സാഹം. മരണകരമായ ഏഴു പാപങ്ങളിൽ ഒന്നാണ് അലസത. ചെയ്യേണ്ട കാര്യങ്ങൾ യഥാസമയം ചെയ്യാതിരിക്കുന്നതും ചെയ്യുന്ന കാര്യങ്ങൾ ഉദാസീനതയോടെ ചെയ്യുന്നതും അലസതയുടെ ഭാഗമാണ്.

ഓർത്തഡോക്സ് ആരാധനയുടെ ഒരു പ്രത്യേകതയാണ് ഗീതത്തിൽ വെളിവാകുന്നത്. വേദപുസ്തകം പഠിക്കുവാനും വിശ്വാസം പഠിക്കുവാനും സന്മാർഗ്ഗബോധം നൽകുവാനും എല്ലാം ആരാധന തന്നെയാണ് മുഖ്യമുഖാന്തിരം എന്നതാണ് ഓർത്തഡോക്സ് സഭയുടെ ചിന്ത.

ഇനി നമുക്ക് മറ്റൊരു ഗീതം പഠിക്കാം.

ഋജുമതികൾക്കിരുളിൽ ദ്യുതിയുളവായി
ദ്യുതിയുദയം-ചെയ്തെൻ കർത്താവേ
കൂരിരുൾ നീങ്ങുമ്പോൾ നിന്നെ
കൂപ്പുന്നൂ ഗഗനം ധരയെന്നീ
ദ്രുതമുണ്ടായൊരു സോദരിമാർ
നീരിമീതേ വാനിടമൊ-
ന്നപരം നീരിന്നാധാരം

നിമിഷമുയർന്നൊരു മണവറയാ-
മോയാറായതമായ് മദ്ധ്യേ
സ്തുത്യം സൃഷ്ടിവിധാനം തേ

നേർബുദ്ധിയുള്ളവർക്ക് ഇരുളിൽ പ്രകാശം ഉദിച്ചു. കർത്താവേ, പ്രകാശം വരികയും ഇരുട്ടു മായുകയും ചെയ്തിരിക്കുന്ന ഈ പ്രഭാതത്തിൽ പെട്ടെന്നു സൃഷ്ടിക്കപ്പെട്ട ആകാശവും ഭൂമിയുമാകുന്ന സഹോദരിമാർ നിന്നെ നമസ്കരിക്കുന്നു. ഉണ്ടാകട്ടെ എന്നു ദൈവം പറഞ്ഞപ്പോൾ ഉണ്ടായതാണ് ആകാശവും ഭൂമിയും (ഉല്പത്തി 1:7, 9). എന്നതു കൊണ്ടാണ് പെട്ടെന്നുണ്ടായ സഹോദരിമാരായി ആകാശത്തെയും ഭൂമിയെയും ചിത്രീ കരിച്ചിരിക്കുന്നത്. അടുത്ത വരികൾ ഒരു പ്രകൃതിവർണ്ണനയാണ്. ആകാശം വെള്ളത്തിനു മുകളിൽ നിൽക്കുന്നു, ഭൂമി വെള്ളത്തെ വഹിച്ചുനിൽക്കുന്നു. ഇവ രണ്ടും സൃഷ്ടിക്ക പ്പെട്ടപ്പോൾ ഇവയുടെ ഇടയിലുണ്ടായ വായുമണ്ഡലമാകുന്ന ഒരു മനോഹരഭവനം ഉണ്ടായിവന്നു. ദൈവമേ നിന്റെ സൃഷ്ടിയുടെ സംവിധാനം എത്രയോ സ്തുത്യമാണ്.

ഓർത്തഡോക്സ് ആരാധനയിൽ പരിസ്ഥിതിക്കു വളരെയധികം പ്രാധാന്യമാണ് നൽകുന്നത്. പ്രകൃതിയെക്കുറിച്ച് ആരാധകരെ ചിന്തിപ്പിക്കുന്ന ഒരു ആരാധനാഗീതമാണ് നാം ഇപ്പോൾ പഠിച്ചത്.

**അല്പം നിർത്താം... ചിന്തിക്കാം...**

1. ബുദ്ധിയോടെ പ്രവർത്തിക്കുന്നവർക്ക് ഇരുട്ടിൽ പ്രകാശം ലഭിക്കും എന്നു കാണിക്കുന്ന ഒരു ഉപമ കർത്താവ് പറഞ്ഞിട്ടുണ്ട്. കണ്ടുപിടിക്കുക.
2. ദൈവരാജ്യത്തിലേക്കുള്ള വഴി ഇടുക്കവും ഞെരുക്കവുമാകുന്നു എന്നു പറഞ്ഞതു കർത്താവാണ്. വാക്യം കണ്ടുപിടിക്കുക.
3. താഴെപ്പറയുന്ന വാക്കുകൾക്കു പകരം പഠിച്ച ഗീതങ്ങളിൽ ഉപയോഗിച്ചിരിക്കുന്ന വാക്കുകൾ കണ്ടുപിടിക്കുക.

| | |
|---|---|
| യാത്ര .................................................. | വഴി .................................................. |
| നശിപ്പിക്കും .......................................... | സ്വന്തം ആത്മാവ്.................................. |
| ഭൂമി................................................... | പെട്ടെന്ന് ............................................ |
| വെള്ളം ................................................ | പ്രകാശം ............................................. |
| വായുമണ്ഡലം...................................... | നേർബുദ്ധിയുള്ളവർ............................. |

ഇനി മൂന്നാമത് ഒരു ഗീതം കൂടി നമുക്ക് പഠിക്കാം.

അത്ഭുതമാം ഫലമേകും വൃക്ഷം
കർക്കശമാം ശീല മീനേവം
പാഷണ്ഡർക്കെതിരേ ദൃഷ്ടാന്തം
മൂന്നെണ്ണം സഭ കാട്ടുന്നു
കുഞ്ഞാടിനെ വൃക്ഷം നൽകി
തീക്കൽപാറ ജലം നല്കി
എസ്തീറാ മത്സ്യവുമേകി

കന്യാക്ഷേപകരേ മൂന്നും
പരിഹാസത്തൊടു വീക്ഷിപ്പൂ

സ്ലീബാ മൂന്നാംമണി നമസ്കാരത്തിലെ ഒരു ഗീതമാണിത്. പുലർന്നു മൂന്നുമണിക്കൂർ കഴിഞ്ഞുള്ള സമയം പ്രാർത്ഥിക്കാനുള്ളതാണ് മൂന്നാംമണി നമസ്കാരം. പഴയ പുസ്തകങ്ങളിൽ ഏഴരയുടെ നമസ്കാരം എന്നും എഴുതിയിരിക്കുന്നതു കാണാം. എന്തുകൊണ്ടാണിത് എന്ന് പറയാമോ?

ഒരു ദിവസത്തെ അറുപതു നാഴികകളായി കണക്കാക്കുമ്പോൾ മൂന്നുമണിക്കൂർ സമയം ഏഴരനാഴിക എന്നുവരും. ഈ പഴയ കണക്കനുസരിച്ചാണ് ഏഴരയുടെ നമസ്കാരം എന്നു പറയുന്നത്.

ഈ ഗീതം പരിശുദ്ധ ദൈവമാതാവിന്റെ കന്യകാത്വത്തെ ചോദ്യം ചെയ്യുന്നവർക്കുള്ള ഒരു മറുപടിയാണ്. അസംഭവ്യമായ കാര്യങ്ങൾ സംഭവിപ്പിക്കുവാൻ കഴിവുള്ളവനാണ് ദൈവം എന്നു കാണിക്കുവാൻ വി. വേദപുസ്തകത്തിലെതന്നെ മൂന്നു സംഭവങ്ങൾ ഇവിടെ സൂചിപ്പിച്ചിരിക്കുന്നു.

കന്യകമറിയാമിന്റെ കന്യകാത്വത്തെ ചോദ്യം ചെയ്യുന്ന വേദവിപരീതികളെ സഭയ്ക്കു കാണിച്ചുകൊടുക്കുവാനുള്ള വി. വേദപുസ്തകത്തിലെ മൂന്നു സംഗതികളാണ് - അത്ഭുതഫലം നൽകിയ വൃക്ഷം, വെള്ളം നൽകിയ തീക്കൽപാറ, വായിൽ എസ്തീറാ വഹിച്ച മത്സ്യം എന്നിവ. യഥാക്രമം ഉല്പത്തി 22:13, പുറപ്പാട് 17:6, മത്തായി 17:27 എന്നീ ഭാഗങ്ങളിൽ ഈ സംഭവങ്ങൾ നമുക്കു കാണാം

ഇസ്ഹാക്കിനെ ബലികഴിക്കുന്നതിൽനിന്നും യഹോവ അബ്രഹാമിനെ വിലക്കിയപ്പോൾ തൊട്ടടുത്ത് കൊമ്പ് വൃക്ഷത്തിൽ കുരുങ്ങിക്കിടക്കുന്ന കുഞ്ഞാടിനെ അബ്രഹാം കാണുകയും അതിനെ ബലി അർപ്പിക്കുകയുമാണ് ചെയ്തത്. അതാണ് കുഞ്ഞാടിനെ വൃക്ഷം നൽകിയ സംഭവം.

മെരീബയിൽവച്ച് വെള്ളംകിട്ടാതെ യിസ്രായേൽജനം വലഞ്ഞപ്പോൾ യഹോവയുടെ കല്പനപ്രകാരം ചുട്ടുപഴുത്തുകിടന്ന പാറയെ അടിച്ചാണ് വെള്ളം നൽകിയത്. ഇതാണ് തീക്കൽപാറ ജലം നൽകി എന്ന് നാം പാടുന്നതിന്റെ അർത്ഥം. റോമ്മാ കൈസറുടെ ആളുകൾ ചുങ്കം (tax) പിരിക്കുവാൻ വന്നപ്പോൾ കർത്താവിന്റെ നിർദ്ദേശമനുസരിച്ച് പത്രോസ് കടലിൽ ചെന്ന് ചൂണ്ട ഇട്ടപ്പോൾ അതിന്റെ വായിൽനിന്നും ഒരു എസ്തീറ (അന്നത്തെ നാണയം) ലഭിച്ചു. അതെടുത്താണ് യേശുവിനും പത്രോസിനുംവേണ്ടി ചുങ്കം കൊടുത്തത്. അതാണ് എസ്തീറാ നൽകിയ മത്സ്യം.

മറിയാമിന്റെ കന്യകാത്വത്തെ നിഷേധിക്കുന്നവരുടെ വാദങ്ങളെ നിഷ്പ്രഭമാക്കുന്ന അത്ഭുത സംഭവങ്ങളാണ് ഇവ മൂന്നും.

## നമുക്കു പ്രവർത്തിക്കാം

1. ഈ മൂന്നു ഗീതങ്ങളിലും പരാമർശിച്ചിട്ടുള്ള വേദഭാഗങ്ങൾ കണ്ടുപിടിച്ച് വായിക്കുക.
2. മത്തായി 17:27 വായിച്ചിട്ട് ഒരു എസ്തീറ എത്ര ദ്രഹ്മയാണെന്നു കണ്ടുപിടിക്കുക.
3. മൂന്നാംമണി എന്നത് ഏഴരനാഴിക എന്നതാണ് എന്ന് നമ്മൾ പഠിച്ചല്ലോ. അങ്ങനെയെങ്കിൽ ഒമ്പതാംമണി നമസ്കാരം നാഴികക്കണക്കിൽ എങ്ങനെപറയാം എന്നു കണ്ടുപിടിക്കുക.

4. സ്ലീബാ പ്രഭാതനമസ്കാരത്തിലെ മൂന്ന് ഗീതങ്ങൾ മാത്രമാണ് നാം പഠിച്ചത്. മറ്റു ഗീതങ്ങൾകൂടി അർത്ഥം മനസ്സിലാക്കി പഠിക്കുവാനും ചൊല്ലുവാനും ശ്രമിക്കുക.

## നമുക്ക് പാടാം

ഇന്ന് പഠിച്ച ഗീതങ്ങൾ എല്ലാവരും ചേർന്ന് ഭംഗിയായി ഒരിക്കൽകൂടി ചൊല്ലുക.

### നിശ്ചയം

**ഞങ്ങൾ വി. കുർബ്ബാനയിൽ സംബന്ധിക്കുവാൻ വരുമ്പോൾ നമസ്കാരസമയത്തുതന്നെ എത്തുകയും ഗീതങ്ങളുടെ അർത്ഥം മനസ്സിലാക്കി ധ്യാനപൂർവ്വം ചൊല്ലുകയും ചെയ്യും.**

## നമുക്ക് പ്രാർത്ഥിക്കാം

ദൈവമാതാവിന്റെ പുകഴ്ചയുടെ പെരുന്നാളിൽ സന്ധ്യാപ്രാർത്ഥനയിൽ ചേർത്തു ചൊല്ലുന്ന പ്രാർത്ഥന (പ്രാർത്ഥനാക്രമം പേജ് 72 നോക്കുക).

*കർത്താവിനെ വഹിപ്പാൻ തെരഞ്ഞെടുക്കപ്പെട്ടവളായ വിശുദ്ധ കന്യകയായ മാതാവേ! നിന്റെ പ്രാർത്ഥന ഞങ്ങൾക്ക് കോട്ടയായിരിക്കണമേ. ഉയരത്തിലും ആഴത്തിലും നാനാഭാഗങ്ങളിലും നിന്റെ ഓർമ്മയുടെ ദിവസം ജയം പ്രാപിക്കുന്നു. നിന്റെ ഓർമ്മയിൽ സന്തോഷിക്കുകയും ചെയ്യുന്നു. ദൈവമാതാവേ! നിന്റെ ഓർമ്മ ഞങ്ങൾക്ക് വാഴ്‌വിനായിത്തീരണമേ - ബാറെക്മോർ.*

## തുടർവായനയ്ക്ക്

| ദിവസം | രാവിലെ | വൈകുന്നേരം |
|---|---|---|
| ഞായർ | - | യോഹ. 10:7-18 |
| തിങ്കൾ | എഫേ. 2:14-22 | സങ്കീ. 1 |
| ചൊവ്വ | ഉല്പ. 1 | ഉല്പ. 22:10-19 |
| ബുധൻ | പുറ. 17:6,7 | മത്താ. 17:24-27 |
| വ്യാഴം | പുറ. 30:11-16 | പുറ. 38:24-31 |
| വെള്ളി | മത്താ. 22:17-22 | മർക്കോ. 12:13-17 |
| ശനി | റോമ. 13:1-7 | ലൂക്കോ. 20:19-26 |
| ഞായർ | സദൃ. 4:10-15 | - |

പാഠം 15

# ക്യംതാ പ്രഭാതനമസ്കാരം

## പഠനോദ്ദേശ്യങ്ങൾ

വി. കുർബ്ബാനക്രമത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ക്യംതാ പ്രഭാതനമസ്കാരത്തിലെ തെരഞ്ഞെടുത്ത ഗീതങ്ങൾ അർത്ഥം മനസ്സിലാക്കി പഠിക്കുക. വി. കുർബ്ബാനയിൽ ഈ ഗീതങ്ങൾ നന്നായി ചൊല്ലുക.

**മനഃപാഠവാക്യം:** “യഹോവേ രാവിലെ എന്റെ പ്രാർത്ഥന കേൾക്കേണമേ. രാവിലെ ഞാൻ നിനക്കായി ഒരുക്കി കാത്തിരിക്കുന്നു” (സങ്കീർത്തനം 5:3).

**പഠനസഹായികൾ:** വി. വേദപുസ്തകം, വി. കുർബ്ബാനക്രമം, പ്രാർത്ഥനാക്രമം.

## ആമുഖം

കഴിഞ്ഞ ക്ലാസ്സിൽ സ്ലീബാ പ്രഭാതനമസ്കാരത്തിലെ ചില ഗീതങ്ങൾ നാം പഠിച്ചു. ഞായറാഴ്ച പ്രഭാതനമസ്കാരസമയത്തു തന്നെ പള്ളിയിൽ എത്തിച്ചേരും എന്നു നാം അന്നു പ്രതിജ്ഞ എടുക്കുകയും ചെയ്തു. ഇന്ന് പ്രഭാതനമസ്കാരത്തിനു മുമ്പു പള്ളിയിൽ എത്തിയവർ ഒന്നു കൈ ഉയർത്തുക. എല്ലാ ഞായറാഴ്ചകളിലും പ്രഭാതനമസ്കാരത്തിനു മുമ്പു പള്ളിയിൽ എത്തിച്ചേർന്നൂ എങ്കിലേ ഇന്നു നാം പഠിക്കുന്ന മനോഹരമായ ആരാധനാഗീതങ്ങൾ ചൊല്ലുവാനും ധ്യാനിക്കുവാനും നമുക്ക് അവസരം ഉണ്ടാകുകയുള്ളൂ. ക്യംതാനമസ്കാരത്തിലെ ഗീതങ്ങളാണ് ഇന്നു പഠിക്കുന്നത് എന്നു പറഞ്ഞുവല്ലോ. ക്യംതാ എന്നാൽ എന്താണ്? ഉയിർപ്പ്. ഈസ്റ്ററിനുശേഷമുള്ള ദിവസങ്ങളിൽ കർത്താവിന്റെ ഉയിർപ്പിനെക്കുറിച്ചുള്ള ഗീതങ്ങളാണ് നാം നമസ്കാരത്തിൽ പാടുന്നത്. എന്നാണ് അതുമാറി നാം സ്ലീബാനമസ്കാരം ഉപയോഗിച്ചു തുടങ്ങുന്നത്? സ്ലീബാ പെരുന്നാളിനു ശേഷം. ക്യംതാ പ്രഭാതനമസ്കാരത്തിലെ ചില ഗീതങ്ങൾ ഇന്നു പഠിക്കാം.

## പാഠഭാഗം

കർത്താവായ യേശുക്രിസ്തുവിന്റെ ഉയിർപ്പുമായി ബന്ധപ്പെട്ടുള്ള ചില വേദഭാഗങ്ങളെ അധികരിച്ചുള്ള ഗീതങ്ങളാണ് ആദ്യമായി നാം പഠിക്കുന്നത്. ഈ ഗീതം ചില ഖണ്ഡങ്ങളായി തിരിച്ചിട്ടുണ്ട്. ഓരോ ഭാഗവും പാടി അർത്ഥം പഠിക്കാം. ഈ ഗീതങ്ങളുടെ അർത്ഥം താരതമ്യേന എളുപ്പമാണ്. എന്നാൽ നമ്മുടെ ആരാധനാഗീതങ്ങൾ വേദപുസ്തകഭാഗങ്ങളാൽ സമ്പന്നമാണ് എന്ന് ഈ ഗീതങ്ങൾ പഠിക്കുമ്പോൾ നമുക്കു മനസ്സിലാകും.

**1**

ദൈവമുയിർത്തു മഹത്വത്തോടാ-ദാമിനെയും തൻ
മക്കളെയും ജീവിപ്പിച്ചു
ദൂതഗണം തല്പതിയേ വാഴ്ത്തി ഭൂമി വിളങ്ങി
ഭ്രമമൊടു കാവൽക്കാർ നിന്നു

**അർത്ഥം**

ദൈവം മഹത്വത്തോടെ ഉയിർത്തെഴുന്നേറ്റിട്ട് ആദാമിനെയും മക്കളെയും മരണത്തിൽ നിന്നും ജീവിപ്പിച്ചു. ഇതുകണ്ട മാലാഖമാർ അവരുടെ ഉടയവനെ സ്തുതിച്ചു. ഭൂമിയിൽ പ്രകാശം പരന്നു, കാവൽക്കാർ ഭയത്തോടെ നിന്നു (മത്തായി 28:4).

**2**

ശെമഓൻ കീപ്പാ യോഹന്നാനൊടുമൊന്നിച്ചീനാ-
ളക്കബറിടമതിലേക്കോടി
യാക്കോബാനന്ദിച്ചു തോമ്മാ തൃപ്തിപ്പെട്ടു
മത്തായി സ്തോത്രം പാടി

ശീമോൻ പത്രോസും യോഹന്നാനും പുനരുത്ഥാന വിവരം കേട്ട് കർത്താവിന്റെ കബറിടത്തിലേക്ക് ഓടിച്ചെന്നു. വിവരമറിഞ്ഞ യാക്കോബ് സന്തോഷിച്ചു. തോമ്മാശ്ലീഹാ തൃപ്തിയടഞ്ഞു (യോഹന്നാൻ 20:4). ഗീതത്തിന്റെ ആദ്യഭാഗം വി. വേദപുസ്തകത്തിലെ സംഭവം തന്നെയാണെങ്കിലും രണ്ടാംഭാഗം കവിയുടെ ഭാവനയാണ്.

**3**

പാതാളം പുക്കിടയൻ വിഗ്രഹ-സേവവിടുർത്തി
തന്നുടെ സഭയെ രക്ഷിച്ചു
ജീവിച്ചു മഹത്വത്തോടെഴുന്നേറ്റതിനെ ശക്ത്യാ
ശത്രുക്കളിൽ നിന്നും വീണ്ടു

1 പത്രോസ് 3:19-ൽ പറഞ്ഞിട്ടുള്ള സംഭവമാണ് ഇവിടെ സൂചന. ക്രൂശിൽ മരിച്ച കർത്താവ് പാതാളത്തിൽചെന്ന് ബന്ധനത്തിലായിരുന്ന മരിച്ചുപോയവരോട് സുവിശേഷം അറിയിച്ചു. മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റ് വി. സഭയെ ശത്രുക്കളിൽനിന്നു രക്ഷിച്ചു. പല വിഗ്രഹങ്ങളേയും ആരാധിക്കുക എന്നതായിരുന്നു പഴയ യിസ്രായേലിന്റെ ഒരു പ്രധാന പാപം. ആ പാപം തന്റെ മരണത്താൽ താൻ ഇല്ലാതാക്കി.

**അല്പം നിർത്താം... ചിന്തിക്കാം...**

1. കർത്താവ് ഉയിർത്തെഴുന്നേറ്റ വിവരം പത്രോസിനെയും യോഹന്നാനെയും അറിയിച്ചതാരാണെന്നു കണ്ടുപിടിക്കുക.
2. മേൽക്കാണിച്ചിരിക്കുന്ന വേദഭാഗങ്ങൾ വേദപുസ്തകത്തിൽനിന്നും വായിക്കുക.
3. താഴെക്കാണുന്ന അർത്ഥം സൂചിപ്പിക്കുവാൻ ഗീതത്തിൽ ഉപയോഗിച്ചിരിക്കുന്ന വാക്കുകൾ കണ്ടുപിടിക്കുക.
   i. തന്റെ ഉടയവൻ, ii. കൂട്ടം, iii. പ്രവേശിക്കുക

**4**

വീഞ്ഞിൻ ലഹരിയൊഴിഞ്ഞവനെപ്പോൽ കർത്താവീനാൾ
മരണത്തെവിട്ടുണർന്നോടെ
മൃതിയെക്കൊന്നു തകർത്താപ്പാതാളത്തിൻ വാതിൽ
തീർത്തൊരു നിത്യക്കാൽപീഠം

വീഞ്ഞിന്റെ ലഹരി വിട്ടെഴുന്നേറ്റവനെപ്പോലെ കർത്താവ് മരണത്തെവിട്ട് ഈ ദിവസം (ഞായറാഴ്ച) ഉണർന്നെഴുന്നേറ്റു. മരണത്തെ നശിപ്പിച്ച് പാതാളത്തിന്റെ വാതിക്കൽ കർത്താവ് തന്റെ നിത്യമായ കാൽപീഠമാക്കി മാറ്റി. പാതാളം എന്നത് നിത്യമരണത്തിന്റെ പ്രതീകമായിട്ടാണ് ഉപയോഗിച്ചിരിക്കുന്നത്. അതിന്റെ, വാതിൽ അടച്ച് തന്റെ കാൽപീഠ മാക്കി എന്നാൽ തന്റെ മരണത്താൽ മരണത്തെ താൻ ഇല്ലാതാക്കി എന്നാണ് കാവ്യാത്മക മായി സൂചിപ്പിക്കുന്നത് (1 പത്രോസ് 4:6).

**5**

ദൈവമുയിർത്തു മരിച്ചവരീന്നിന്നെഴുന്നേറ്റേറ്റം
കാവൽക്കാരിൽ ഭ്രമമേറ്റി
മശിഹാജീവിച്ചെന്നവരൂർശ്ലേം പുക്കാർത്തതിനാൽ
ക്രൂശിച്ചവർ ലജ്ജിച്ചേറ്റം

ദൈവം മരിച്ചവരിൽനിന്നും ഉയിർത്തെഴുന്നേറ്റ സംഭവം കാവൽക്കാരിൽ വലിയ പരിഭ്രമമുണ്ടാക്കി (മത്തായി 28:4). അവർ യെരുശലേമിൽ ചെന്ന് മശിഹാ ഉയിർത്തെഴു ന്നേറ്റു എന്ന് അറിയിച്ചതിനാൽ ക്രൂശിക്കുവാൻ മുൻകൈ എടുത്തവർ നാണിച്ചുപോയി (മത്തായി 28:11).

മൂന്നാമത്തെ വരിയുടെ പിരിച്ചെഴുത്ത് ശ്രദ്ധിക്കുക.

മശിഹാ ജീവിച്ചു എന്ന് അവർ ഉർശ്ലേം പുക്ക് ആർത്തതിനാൽ (പുക്ക് = പ്രവേശിച്ച്, ആർത്തതിനാൽ = വിളിച്ചു പറഞ്ഞതിനാൽ)

**6**

നിൻ വരവോർത്തു വസിച്ചു മരിച്ചവർ
ഖിന്നരെ മോദി-
പ്പിക്കും നിൻ തേജസ്സതിനെ
കണ്ടിന്നേദിവസം തങ്ങളുടെ തലകളുയർത്തി
നിൻ കൃപയേ സ്തുതി ചെയ്യുന്നു

നിന്റെ വരവിനെ പ്രതീക്ഷിച്ച് ജീവിച്ച് ദുഃഖിതരായി മരിച്ചവർ, ദുഃഖിതരെ സന്തോഷി പ്പിക്കുന്ന നിന്റെ ശോഭകണ്ട് സന്തോഷത്താൽ തങ്ങളുടെ തലയുയർത്തി നിന്റെ കൃപയെ സ്തുതിക്കുന്നു.

നിങ്ങൾ കാണുന്നതിനെ കാണ്മാൻ ഏറിയ പ്രവാചകന്മാരും രാജാക്കന്മാരും ഇച്ഛിച്ചിട്ടും കണ്ടില്ല എന്നാണ് കർത്താവു പറഞ്ഞിട്ടുള്ളത് (ലൂക്കോസ് 10:24). അങ്ങനെ കർത്താവിന്റെ ജനനത്തെ പ്രതീക്ഷിച്ചിരുന്നിട്ടും കാണാൻ സാധിക്കാതെ മരിച്ചവർ

കർത്താവിന്റെ ഉയിർപ്പ് ദിനത്തിൽ അനുഭവിക്കുന്ന സന്തോഷത്തെയാണ് ഇവിടെ സൂചിപ്പിക്കുന്നത്.

നമ്മുടെ ആരാധനാഗീതങ്ങളിൽ എത്ര മനോഹരമായിട്ടാണ് വി. വേദപുസ്തകത്തിൽ നിന്നുള്ള പല സന്ദർഭങ്ങളും കോർത്തിണക്കിയിരിക്കുന്നത് എന്ന് നിങ്ങൾ ശ്രദ്ധിച്ചില്ലേ. ഓർത്തഡോക്സ് ആരാധനയുടെ പ്രത്യേകതയാണിത്.

## പ്രവർത്തനങ്ങൾ

1. ഈ ഗീതത്തിൽ ദുഃഖിതർ എന്നതിനുപകരം ഉപയോഗിച്ചിരിക്കുന്ന പദം ഏത്?
2. ക്യംതാ പ്രഭാതനമസ്കാരത്തിലെ എല്ലാ ഗീതങ്ങളും ഇതുപോലെ അർത്ഥം മനസ്സിലാക്കിയും വേദപുസ്തക സന്ദർഭങ്ങളുമായി ബന്ധപ്പെടുത്തിയും പഠിക്കണം.

ഇന്ന് നാം ഒരു ഗീതം കൂടി പഠിക്കുകയാണ്.

ദൈവത്തിൻ പുത്രനെ മറിയാ-മുത്ഥാനത്തിൻ
ശേഷം തോട്ടക്കാരൻ പോൽ കണ്ടാൾ തോട്ടത്തിൽ
'നീയെന്തിനു കരയുന്നാരേയാരായുന്നു'
എന്നതി 'നെൻ നാഥനെയവർ കൊ-
ണ്ടെങ്ങോ പോയെന്നാൾ'
താനവളെ 'മറിയാമേ' യെന്നാൻ
ഓടിപ്പോയുടനവളറിയിച്ചാൾ
കർത്താവുത്ഥാനം ചെയ്തെന്നാ ശ്ലീഹന്മാരെ
ബാറെക്മോർ

യോഹന്നാന്റെ സുവിശേഷം 20:15–18 വരെയുള്ള ഭാഗങ്ങൾ പദ്യരൂപത്തിലാക്കിയതാണ് ഈ ഗീതം. രണ്ടുപേർ തമ്മിലുള്ള സംഭാഷണമാണ് ഇതിലെ പ്രതിപാദ്യവിഷയം. ആരുതമ്മിലാണെന്നു നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ? ഉയിർത്തെഴുന്നേറ്റ കർത്താവും മഗ്ദലന മറിയാമും തമ്മിലുള്ള സംഭാഷണമാണിവിടെ ചിത്രീകരിച്ചിരിക്കുന്നത്. ഉയിർത്തെഴുന്നേറ്റ കർത്താവിനെ തോട്ടക്കാരൻ എന്ന് തെറ്റിദ്ധരിച്ചാണ് മറിയ സംസാരിക്കുന്നത്. നീയെന്തിനു കരയുന്നു, ആരെ അന്വേഷിക്കുന്നു എന്ന് കർത്താവ് ചോദിച്ചപ്പോൾ 'എന്റെ നാഥനെ' അവർ എവിടെയോ കൊണ്ടുപോയി എന്നാണ് മറിയ കർത്താവിനോട് പറയുന്നത്. കർത്താവ് 'മറിയയേ' എന്നു വിളിച്ചപ്പോൾ മറിയ കർത്താവിനെ തിരിച്ചറിഞ്ഞു. അവൾ ഓടിപ്പോയി കർത്താവ് ഉയിർത്തെഴുന്നേറ്റ വിവരം ശ്ലീഹന്മാരെ അറിയിച്ചു.

## ചിന്തിക്കുക

1. കർത്താവ് 'മറിയയേ' എന്നു വിളിച്ചപ്പോൾ മറിയ എങ്ങനെയാണ് പ്രതികരിച്ചത് എന്നു കണ്ടുപിടിക്കുക.
2. കർത്താവ് എന്താണ് മറിയയോട് ആവശ്യപ്പെട്ടത്?
3. മറ്റുപാട്ടുകളുടെ അർത്ഥംകൂടി പഠിക്കുവാൻ ശ്രമിക്കുക.

'ജീവനുള്ള ബലി' എന്ന പുസ്തകം നിങ്ങൾക്കു സഹായകമാകും.

## നമുക്ക് പാടാം

ഇന്ന് പഠിച്ച ഗീതങ്ങൾ എല്ലാവരും ചേർന്ന് ക്ലാസ്സിൽ ഭംഗിയായി ചൊല്ലുക.

## നിശ്ചയം

**ഞങ്ങൾ പഠിച്ച കൃംതാ സ്ലീബാനമസ്കാരങ്ങളിലെ എല്ലാ ഗീതങ്ങളുടെയും അർത്ഥം ഞങ്ങൾ പഠിക്കും. ഈ ഗീതങ്ങൾ വി. കുർബ്ബാനയുടെ സമയത്ത് ഞങ്ങൾ നന്നായി ആലപിക്കും.**

## നമുക്ക് പ്രാർത്ഥിക്കാം

ഉയിർപ്പു ഞായറാഴ്ചയുടെ സന്ധ്യാപ്രാർത്ഥനയിൽ ചേർത്തു ചൊല്ലുന്ന പ്രാർത്ഥന (പ്രാർത്ഥനാ ക്രമം പേജ് 207 നോക്കുക).

*കർത്താവേ, നിന്റെ ഉയിർത്തെഴുന്നേൽപ്പിൽ ആകാശവും ഭൂമിയും സന്തോഷം ധരിച്ചു മരണവും സാത്താനും പാതാളവും ലജ്ജിച്ചു. മരണത്തിന്റെ അധികാരം മാഞ്ഞുപോയി. ഈറേന്മാരും മാലാഖമാരും നിനക്ക് സ്തുതി പാടി. മനുഷ്യവർഗ്ഗം രക്ഷപ്രാപിച്ചു. നഷ്ടപ്പെട്ടുപോയ പറുദീസ തിരികെ ലഭിച്ചു. കർത്താവേ! അന്യായത്തിന്റെ കെട്ടുകളെ ഞങ്ങളിൽനിന്ന് അഴിക്കണമേ. സ്വർഗ്ഗീയ സൈന്യങ്ങളോടുകൂടെ നിനക്ക് സ്തുതി പാടുവാൻ ഞങ്ങളെ യോഗ്യരാക്കുകയും ചെയ്യണമേ - മൊറിയോറാഹേം...*

## തുടർവായനയ്ക്ക്

| ദിവസം | രാവിലെ | വൈകുന്നേരം |
|---|---|---|
| ഞായർ | - | സങ്കീ. 5 |
| തിങ്കൾ | മത്താ. 27:62-66 | മത്താ. 28:1-10 |
| ചൊവ്വ | മത്താ. 28:11-15 | യോഹ. 20:1-10 |
| ബുധൻ | യോഹ. 20:11-18 | യോഹ. 20:19-23 |
| വ്യാഴം | യോഹ. 20:24-31 | ലൂക്കോ. 24:1-12 |
| വെള്ളി | ലൂക്കോ. 14:13-35 | ലൂക്കോ. 24:36-49 |
| ശനി | മർക്കോ. 16:1-8 | മർക്കോ. 16:9-18 |
| ഞായർ | മത്താ. 28:1-20 | - |

യൂണിറ്റ് നാല്

# എന്റെ സഭ

പാഠം 16

## സഭ പന്ത്രണ്ടാം നൂറ്റാണ്ടുവരെ

**(1054 - കിഴക്ക്-പടിഞ്ഞാറ് വിഭജനം)**

### പാഠോദ്ദേശ്യങ്ങൾ

ഒരേ വിശ്വാസസംഹിത സ്വീകരിച്ചിരുന്ന ആഗോളസഭ കിഴക്ക്-പടിഞ്ഞാറ് എന്നീ രണ്ടു വിഭാഗങ്ങളായതിനെക്കുറിച്ച് മനസ്സിലാക്കുക. ആദിമസഭാവിഭജനം ഇന്നത്തെ സഭയിലുണ്ടാക്കിയ പ്രത്യാഘാതങ്ങൾ മനസ്സിലാക്കുക. പാശ്ചാത്യ-പൗരസ്ത്യ സഭകൾ തമ്മിലുള്ള വ്യത്യാസങ്ങൾ കണ്ടെത്തുക.

**മനഃപാഠവാക്യം:** "നമുക്ക് പോരാട്ടം ഉള്ളത് ജഡരക്തങ്ങളോടല്ല. വാഴ്ചകളോടും അധികാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും സ്വർലോകങ്ങളിലെ ദുഷ്ടാത്മസേനയോടും അത്രെ" (എഫേസ്യർ 6:12).

**പഠനസഹായികൾ:** വി. വേദപുസ്തകം, സഭാവിജ്ഞാനകോശം, വി. കുർബ്ബാനക്രമം, പ്രാർത്ഥനാക്രമം.

### ആമുഖം

ഇന്ന് ലോകത്ത് അനേകം സഭാവിഭാഗങ്ങളുണ്ടല്ലോ. എന്നാൽ 11-ാം നൂറ്റാണ്ടുവരെ വ്യത്യസ്ത രാജ്യങ്ങളിലും അധികാരകേന്ദ്രങ്ങളിലുമായി നിന്ന ഏകസഭയായിരുന്നു ആഗോളസഭ. ഈ വ്യവസ്ഥിതിക്ക് മാറ്റമുണ്ടാകുന്നത് 1054-ലെ വിഭജനത്തോടുകൂടിയാണ്. കിഴക്കൻ സഭയെന്നും പടിഞ്ഞാറൻ സഭയെന്നും രണ്ടായി പിരിഞ്ഞ ആഗോളസഭയെക്കുറിച്ച് ഈ പാഠത്തിൽ നമുക്ക് പഠിക്കാം.

### പാഠഭാഗം

എ. ഡി. 330-ൽ റോമാചക്രവർത്തിയായിരുന്ന കോൺസ്റ്റൻന്റെയിൻ തന്റെ തലസ്ഥാനം കുസ്തന്തിനോപോലീസിലേക്ക് നീക്കിയത് രാഷ്ട്രീയപരമായും സഭാപരമായും ഉള്ള വേർതിരിവുകൾക്ക് കാരണമായി. എ. ഡി. 395-ൽ തേവോദോസ്യോസ് ചക്രവർത്തി തന്റെ ഭരണത്തെ കിഴക്കൻ എന്നും പടിഞ്ഞാറൻ എന്നും രണ്ട് ക്രമത്തിലാക്കിയതോടെ ഇത് പൂർണ്ണമായി. സഭാതലത്തിലുണ്ടായ ഈ വിഭജനത്തിന്റെ കാരണങ്ങൾ എന്തെല്ലാമെന്ന് നോക്കാം.

## വിഭജനകാരണങ്ങൾ

1054-ൽ ആണ് സഭ പാശ്ചാത്യം, പൗരസ്ത്യം എന്നിങ്ങനെ രണ്ടായി പിരിഞ്ഞത്. റോമൻ കത്തോലിക്കാസഭ പാശ്ചാത്യഭാഗത്തും ഓർത്തഡോക്സ് സഭകൾ പൗരസ്ത്യഭാഗത്തും നിലകൊണ്ടു. സഭ രണ്ടായി പിരിയുന്നതിനുള്ള കാരണങ്ങൾ ചുവടെ പറയുന്നവയാണ്.

- ഇരു സഭകളിലും നിലനിന്നിരുന്ന വിശ്വാസ-ആചാര വൈപരീത്യങ്ങൾ
- രാഷ്ട്രീയ സ്പർദ്ധകൾ
- പാപ്പായുടെയും പാത്രിയർക്കീസിന്റെയും അധികാരഭ്രമം
- പരിശുദ്ധാത്മാവിന്റെ പുറപ്പാടിനെ (Filioque) ചൊല്ലിയുള്ള തർക്കം

**അല്പം നിർത്താം... ചിന്തിക്കാം...**

1. റോമൻ ചക്രവർത്തിയായിരുന്ന കോൺസ്റ്റന്റൈൻ തന്റെ തലസ്ഥാനം എവിടേയ്ക്കാണ് മാറ്റിയത്? ഏതുവർഷം?
2. ആദിമ സഭാവിഭജനത്തിന്റെ കാരണങ്ങൾ ഏവ?

## ഈ വിഭജനത്തിന് പെട്ടെന്നുണ്ടായ കാരണം എന്തായിരുന്നുവെന്നു നോക്കാം

പാശ്ചാത്യ-പൗരസ്ത്യ സഭകൾ തമ്മിലുണ്ടായ തർക്കം മൂർദ്ധന്യാവസ്ഥയിലേക്കെത്തിച്ചത് സഭാധികാരികൾ തമ്മിലുള്ള പരസ്പര മുടക്കിലൂടെയാണ്. 1043-ൽ കുസ്തന്തിനോപോലീസ് പാത്രിയർക്കീസായ മീഖായേൽ സെറുലേഗിയസും 1049-ൽ റോമൻ പാപ്പായായ ലിയോ 9-ാമനുമാണ് ഇതിൽ മുന്നിട്ടുനിന്നത്. റോമൻ സഭയുടെ പ്രവർത്തനങ്ങൾക്കെതിരെ തിരിഞ്ഞ പാത്രിയർക്കീസിനോട് തന്റെ മുമ്പിൽ ഹാജരാകുവാൻ പാപ്പ ആവശ്യപ്പെട്ടു. പാപ്പായുടെ പ്രതിനിധികളെ കാണുവാൻ കൂട്ടാക്കാതിരുന്ന പാത്രിയർക്കീസിനെ അവർ പാപ്പായുടെ പേരിൽ മുടക്കി. പാത്രിയർക്കീസ് പാപ്പായെയും പ്രതിനിധികളെയും തിരിച്ച് മുടക്കി. അങ്ങനെ റോമൻ സഭയും ബൈസന്റൈൻ (Greek/യവനായ) സഭയും രണ്ടായി പിരിഞ്ഞു. അലക്സന്ത്രിയായിലെയും അന്ത്യോഖ്യയിലെയും പാത്രിയർക്കീസുമാരും യവനായ പാത്രിയക്കീസിനൊപ്പം ചേർന്നതോടെ സഭയുടെ വിഭജനം പൂർത്തിയായി.

**അല്പം നിർത്താം... ചിന്തിക്കാം...**

1. സഭാവിഭജനം പൂർണ്ണമായത് എങ്ങനെ?
2. 'കിഴക്കൻ സഭയിലും' 'പടിഞ്ഞാറൻ സഭയിലും' ഉൾപ്പെടുന്ന സഭകൾ ഏതെല്ലാം?

## വിഭജനത്തിന്റെ പ്രത്യാഘാതങ്ങൾ

- സഭൈക്യ പ്രവർത്തനങ്ങൾ തടസ്സപ്പെട്ടു.
- സഭകൾ തമ്മിലുള്ള ശക്തമായ ബന്ധം താറുമാറാക്കി.
- നഗരങ്ങളുടെയും ദേശങ്ങളുടെയും മദ്ധ്യവർഗ്ഗങ്ങളുടെയും (middle class) ഉദയം സാദ്ധ്യമാക്കി.
- മിഷനറി പ്രവർത്തനങ്ങൾ ഊർജ്ജിതമായി.
- സഭാനവീകരണങ്ങൾക്ക് ഇവ വഴിമരുന്നിട്ടു.

## പാശ്ചാത്യ-പൗരസ്ത്യ സഭാവ്യത്യാസങ്ങൾ

**ഭാഷ:** പാശ്ചാത്യസഭയിൽ ലാറ്റിനും പൗരസ്ത്യസഭയിൽ ഗ്രീക്കും സാർവത്രിക ഭാഷയായി.

**ആരാധന:** വി. കുർബ്ബാനയിൽ ഉപയോഗിക്കുന്ന അപ്പം (പുളിപ്പിച്ചത്/ഇല്ലാത്തത്) നോമ്പുകളുടെ ദിവസങ്ങൾ, ആരാധനാക്രമീകരണങ്ങൾ, പുരോഹിതരുടെ വിവാഹം, പുരോഹിതർ താടി വളർത്തുന്നത് തുടങ്ങിയവയിലെ വ്യത്യാസം.

**ദൈവശാസ്ത്രം:** പാശ്ചാത്യർ ശുദ്ധീകരണസ്ഥലം (purgatory) പരിശുദ്ധാത്മാവിന്റെ പുറപ്പാട് (filioque) തുടങ്ങിയവയ്ക്ക് പ്രാമുഖ്യം നൽകിയപ്പോൾ പൗരസ്ത്യർ ഇവയെ നിരാകരിച്ചു.

## നമുക്ക് ചിന്തിക്കാം

1. സഭാവിഭജനത്തിന്റെ പ്രത്യാഘാതങ്ങൾ എന്തെല്ലാം?
2. പാശ്ചാത്യ-പൗരസ്ത്യ സഭകൾ തമ്മിലുള്ള വ്യത്യാസങ്ങൾ എന്തെല്ലാം?
3. സഭയിൽ വിഭജനം ഉണ്ടായിരുന്നില്ലെങ്കിൽ സഭയുടെ അവസ്ഥ എന്താകുമായിരുന്നു?

## പ്രവർത്തനങ്ങൾ

1. ആദിമ സഭാവിഭജനത്തെ ഇന്നത്തെ വിവിധ സഭാവിഭജനങ്ങളുടെ അടിസ്ഥാനത്തിൽ അപഗ്രഥിച്ച് ഒരു ഉപന്യാസം തയ്യാറാക്കുക.
2. സഭാവിഭജനത്തിന്റ വിവിധ ഘട്ടങ്ങളെ കോർത്തിണക്കുന്ന ഒരു ചാർട്ട് തയ്യാറാക്കുക.
3. സഭാവിഭജനവുമായി ബന്ധപ്പെട്ട് കൂടുതൽ വിവരശേഖരണം നടത്തുക.

## നമുക്ക് ഓർക്കാം

"തെറ്റുവരുത്തുക മനുഷ്യ സഹജമാണ്. എന്നാൽ അതിൽ അടിയുറച്ച് നിൽക്കുന്നത് പൈശാചികമാണ്" - സെന്റ് അഗസ്റ്റിൻ.

## നമുക്ക് പാടാം

ഹൂദോസ്-ഈത്തോ ഞായറാഴ്ച വി. കുർബ്ബാനയിൽ ആലപിക്കുന്ന ഒരു ഗീതം (വി. കുർബ്ബാനക്രമം പേജ് 261 നോക്കുക)

(ഞങ്ങൾക്കുള്ള കർത്താവേ... എന്ന രീതിയിൽ പാടാം)

സഭയേ! നിന്നുടെ വിശ്വാസം
ശരിതന്നേ സൗഭാഗ്യംതേ!
മൃതി നിന്നെ പ്രതി പൂണ്ടവനിൽ
പുകഴുന്നഭിമാനത്താൽ നീ
നിർമ്മലയാക്കി വസിച്ചീടും
നിൻ മണവാളൻ മശിഹായിൽ
സമ്മോദിക്കുക ശുദ്ധസഭേ
നിന്റെ വിരുന്ന് തരുന്നിമ്പം

## നിശ്ചയം

**കാതോലികവും അപ്പോസ്തോലികവും**
**ഏകവും വിശുദ്ധവുമായ മലങ്കര ഓർത്തഡോക്സ് സഭയിൽ**
**അംഗമായിരിക്കുന്നതിൽ ഞങ്ങൾ അഭിമാനംകൊള്ളുന്നു.**
**സഭയുടെ സത്യവിശ്വാസവും അഖണ്ഡതയും**
**കാത്തുസൂക്ഷിക്കുവാൻ ഞങ്ങൾ പരിശ്രമിക്കും.**

## നമുക്ക് പ്രാർത്ഥിക്കാം

കൂദോശ്-ഈത്തോ ഞായറാഴ്ചയിൽ സന്ധ്യാപ്രാർത്ഥനയിൽ ചേർത്തു ചൊല്ലുന്ന പ്രാർത്ഥന (പ്രാർത്ഥനാക്രമം പേജ് 57 നോക്കുക).

*കർത്താവേ നിന്റെ സമാധാനം നിന്റെ സഭയിൽ നിലനിൽക്കുമാറാകണമേ. നിന്റെ സ്നേഹത്തെ അതിന്റെയുള്ളിൽ കലർത്തണമേ. കലഹങ്ങളും ശണ്ഠകളും ദുസ്തർക്കങ്ങളും അതിൽനിന്ന് നീക്കിക്കളയണമേ. കർത്താവേ നിന്റെ കുരിശുമരണത്തിന്റെ പുണ്യമുള്ള രക്തത്താൽ നീ രക്ഷിച്ചിരിക്കുന്ന ആടുകളെ ശരിയായിട്ട് മേയിപ്പാനും ഭരിപ്പാനുംവേണ്ടി പട്ടക്കാരെയും മേൽപ്പട്ട ക്കാരെയും രാജാക്കന്മാരെയും ഉദ്യോഗസ്ഥന്മാരെയും നീ ബോധജ്ഞാന മുള്ളവരാക്കി തീർക്കണമേ - മൊറിയോറാഹേം.*

## തുടർവായനയ്ക്ക്

ഈ ആഴ്ച മുതൽ വി. വേദപുസ്തകത്തിലെ ചില പുസ്തകങ്ങൾ പൂർണ്ണമായി വായിച്ച് ധ്യാനിക്കുകയാണ് നാം ചെയ്യുന്നത്. അപ്പോസ്തോലനായ പൗലോസ് വിവിധ സഭകൾക്കെഴുതിയ ലേഖനങ്ങളാണ് നമ്മൾ ആദ്യമായി വായിക്കുന്നത്.

| ദിവസം | രാവിലെ | വൈകുന്നേരം |
|---|---|---|
| ഞായർ | - | റോമർ 1 |
| തിങ്കൾ | റോമർ 2 | റോമർ 3 |
| ചൊവ്വ | റോമർ 4, 5 | റോമർ 6 |
| ബുധൻ | റോമർ 7 | റോമർ 8 |
| വ്യാഴം | റോമർ 9 | റോമർ 10 |
| വെള്ളി | റോമർ 11 | റോമർ 12, 13 |
| ശനി | റോമർ 14 | റോമർ 15 |
| ഞായർ | റോമർ 16 | - |

പാഠം 17

# കുരിശുയുദ്ധങ്ങൾ

## പഠനോദ്ദേശ്യങ്ങൾ

കുരിശുയുദ്ധങ്ങളുടെ കാരണങ്ങളും ഫലങ്ങളും മനസ്സിലാക്കുക. ക്രൈസ്തവ ജനതയുടെ പോരാട്ടവീര്യങ്ങളെക്കുറിച്ച് അവബോധം വളർത്തുക.

**മനഃപാഠവാക്യം:** "യഹോവേ, നിന്റെ വഴി എന്നെ കാണിക്കേണമേ, എന്റെ ശത്രുക്കൾ നിമിത്തം നേരെയുള്ള പാതയിൽ എന്നെ നടത്തേണമേ" (സങ്കീർത്തനങ്ങൾ 27:11).

**പഠനസഹായികൾ:** വി. വേദപുസ്തകം, സഭാവിജ്ഞാനകോശം, വി. കുർബ്ബാനക്രമം, പ്രാർത്ഥനാക്രമം.

## ആമുഖം

ലോകചരിത്രം വിവിധ പോരാട്ടങ്ങളുടെ ചരിത്രംകൂടിയാണ്. സ്വാതന്ത്ര്യത്തിനുവേണ്ടി നടത്തുന്ന പോരാട്ടങ്ങൾ എക്കാലത്തും സ്മരിക്കപ്പെടുന്നതാണ്. ക്രൈസ്തവലോകത്തും ഇപ്രകാരം ധാരാളം പോരാട്ടങ്ങൾ നടന്നിട്ടുണ്ട്. അവയിൽ പ്രധാനമർഹിക്കുന്ന ഒന്നാണ് കുരിശുയുദ്ധങ്ങൾ. അവയെക്കുറിച്ച് ഈ പാഠത്തിൽ നമുക്ക് പഠിക്കാം.

## പാഠഭാഗം

സഭാചരിത്രത്തിൽ വേദശാസ്ത്രപരമായും ഭരണപരമായുമുള്ള ഭിന്നതകൾക്ക് ശേഷം ഉടലെടുത്ത വളരെ പ്രധാനപ്പെട്ട ഒരു സംഭവമാണ് കുരിശുയുദ്ധങ്ങൾ. 11, 12, 13 നൂറ്റാണ്ടുകളിലായി പശ്ചിമ യൂറോപ്പിൽ ആവിർഭവിച്ച ഒന്നാണിത്. കുരിശുയുദ്ധങ്ങളെക്കുറിച്ച് നമുക്ക് വിശദമായി പരിശോധിക്കാം.

### കുരിശുയുദ്ധങ്ങൾ

ക്രിസ്ത്യാനികൾക്ക് എക്കാലവും പുണ്യമായിരിക്കുന്ന യെരുശലേം നഗരം 1071-ൽ സെലൂഷ്യൻ തുർക്കികൾ ആക്രമിച്ച് കീഴ്പ്പെടുത്തി. ഈ പുണ്യസ്ഥലത്തെ മുഹമ്മദീയ ശത്രുക്കളിൽനിന്ന് വീണ്ടെടുക്കുകയെന്ന ആഗ്രഹത്തോടെ 1095-ൽ ആരംഭിച്ചതാണ് കുരിശുയുദ്ധങ്ങൾ. പ്രധാനമായും എട്ട് കുരിശുയുദ്ധങ്ങളാണ് നടന്നിട്ടുള്ളത്.

ഈ യുദ്ധത്തിൽ പങ്കെടുത്തവരെല്ലാം വലതു തോളിലോ, നെഞ്ചിലോ ചുവന്ന കുരിശടയാളം വഹിച്ചിരുന്നു. കൂടാതെ അവരുടെ കൊടിയും ബാഡ്ജും കുരിശാകൃതിയിലായിരുന്നു. അതുകൊണ്ടാണിതിനെ കുരിശുയുദ്ധമെന്ന് പറയുന്നത്.

## കുരിശുയുദ്ധങ്ങളുടെ കാരണങ്ങൾ

- 970-1085 കാലയളവിൽ യൂറോപ്പിൽ ഉണ്ടായ ക്ഷാമം.
- സ്പെയിൻ, മെഡിറ്ററേനിയൻ പ്രദേശങ്ങൾ തുടങ്ങിയിടങ്ങളിൽ മുസ്ലീം പിൻഗാമികളായി ക്രിസ്ത്യാനികൾ ഭരണത്തിലെത്തിയത്.
- വിശുദ്ധ നാടുകളിലും തിരുശേഷിപ്പുകളിലുമുള്ള ജനവിശ്വാസം.
- തുർക്കികളുടെ മുസ്ലീം മതതീവ്രതയും ക്രിസ്ത്യാനികൾക്കെതിരായ പീഡനങ്ങളും.
- ക്രിസ്തുവിനുവേണ്ടിയുള്ള യുദ്ധങ്ങളിലൂടെ പാപമോചനവും സ്വർഗ്ഗരാജ്യവുമെന്ന കത്തോലിക്കാസഭാ പഠിപ്പിക്കലുകൾ.

**അല്പം നിർത്താം... ചിന്തിക്കാം...**

1. കുരിശുയുദ്ധങ്ങൾ എന്നാലെന്ത്? എന്തുകൊണ്ട് അതിങ്ങനെ അറിയപ്പെടുന്നു?
2. കുരിശുയുദ്ധ സാദ്ധ്യതാകാരണങ്ങൾ ഏവ?

## പ്രധാന കുരിശുയുദ്ധങ്ങൾ

**ഒന്നാം കുരിശുയുദ്ധം (1095-1099):** ഏർബൻ രണ്ടാമൻ പാപ്പായും ഗോഡ്ഫ്രീ, പീറ്റർ തുടങ്ങിയവരുമായിരുന്നു ഇതിന് നേതൃത്വം വഹിച്ചത്. യെരുശലേം, അന്ത്യോഖ്യാ, എഡേസ്സാ എന്നിവ മുഹമ്മദീയരിൽനിന്ന് പിടിച്ചെടുത്തു.

**രണ്ടാം കുരിശുയുദ്ധം (1147-1148):** 1147-ൽ എഡേസ്സാ ക്രിസ്ത്യാനികൾക്ക് നഷ്ടമായതോടെ ഇതാരംഭിച്ചു. യുജിനിയസ് രണ്ടാമൻ പാപ്പായും വി. ബർണാഡുമായിരുന്നു ഇതിന്റെ നേതൃത്വം. തികഞ്ഞ പരാജയമായിരുന്നു ഈ യുദ്ധം.

**മൂന്നാം കുരിശുയുദ്ധം (1188-1192):** 1187-ൽ തുർക്കി സുൽത്താൻ സലാഡിൻ, യെരുശലേം പിടിച്ചെടുത്തതാണ് ഇതിന്റെ ആരംഭം. ഫ്രാൻസിലെയും ഇംഗ്ലണ്ടിലെയും രാജാക്കന്മാർ പങ്കെടുത്തെങ്കിലും വേണ്ടത്ര വിജയം കണ്ടില്ല. പാലസ്തീന് സമീപമുള്ള ചില പ്രദേശങ്ങൾ മാത്രമാണ് വീണ്ടെടുക്കാൻ കഴിഞ്ഞത്.

**നാലാം കുരിശുയുദ്ധം (1202-1204):** ഇന്നസെന്റ് മൂന്നാമൻ പാപ്പായാണ് ഇതിന് നേതൃത്വം നൽകിയത്. കുസ്തന്തീനോപോലീസിലെ രാജാവിനെ നീക്കംചെയ്ത് അവിടെ ലത്തീൻ സാമ്രാജ്യം സ്ഥാപിക്കുകയാണിതിലൂടെ നടന്നത്. പാപ്പായുടെ അധികാരം ഉറപ്പിക്കുന്നതിനുള്ള ഒരു മുഖാന്തിരം മാത്രമായിരുന്നു ഈ കുരിശുയുദ്ധം.

**കുട്ടികളുടെ കുരിശുയുദ്ധം**

ഇന്നസെന്റ് മൂന്നാമൻ പാപ്പായുടെ കാലത്ത് തന്നെയാണ് ഇത് നടന്നത് ഏകദേശം 30,000 ബാലികാ ബാലന്മാർ ചേർന്നാണ് ഇത് നടത്തിയത്. പക്ഷേ, പൂർണ്ണപരാജയമായിരുന്നു ഈ യുദ്ധം നിരവധിപേർ കൊല്ലപ്പെടുകയും ബാക്കിയുള്ളവർ അടിമകളായി കൊണ്ടുപോകപ്പെടുകയും ചെയ്തു.

**അല്പം നിർത്താം... ചിന്തിക്കാം...**

1. ഒന്നാം കുരിശുയുദ്ധം നടന്നതെന്ന്? അതിന് നേതൃത്വം കൊടുത്തതാര്?
2. കുട്ടികളുടെ കുരിശുയുദ്ധം എന്നാലെന്ത്?

## നമുക്ക് തുടരാം

**അഞ്ചാം കുരിശുയുദ്ധം (1217-1221):** ഇന്നസെന്റ് മൂന്നാമൻ പാപ്പായും ഹംഗറി രാജാവായ ആൻഡ്രൂ രണ്ടാമനുമായിരുന്നു ഇതിന്റെ നേതൃത്വത്തിൽ. ഈജിപ്ത് വീണ്ടെടുക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച ഇതും പരാജയത്തിൽ കലാശിച്ചു.

**ആറാം കുരിശുയുദ്ധം (1228–1229):** കുരിശുയുദ്ധങ്ങളിൽ പങ്കെടുക്കുന്നതിൽ വൈമുഖ്യം കാണിച്ചതിനാൽ സഭയിൽനിന്ന് ബഹിഷ്കരിക്കപ്പെട്ട ജർമ്മൻ ചക്രവർത്തിയായ ഫ്രിഡറിക് രണ്ടാമൻ ചക്രവർത്തിയുടെ നേതൃത്വത്തിൽ നടത്തപ്പെട്ടതാണിത്. ഒരു ഉടമ്പടിയിലൂടെ യെരുശലേം, ബേത്‌ലഹേം, നസ്രത്ത്, യോപ്പാ തുടങ്ങിയ പ്രദേശങ്ങൾ ഇദ്ദേഹം നേടിയെടുത്തു.

**ഏഴാം കുരിശുയുദ്ധം (1248–1254):** ഇന്നസെന്റ് IV മാർപ്പാപ്പായുടെ നേതൃത്വത്തിൽ ഫ്രാൻസ് രാജാവായ ലൂയി IX–ാമന്റെ നേതൃത്വത്തിലാണ് ഇത് നടന്നത്. 1244–ൽ തുർക്കികൾ വീണ്ടും യെരുശലേം കീഴടക്കിയതാണിതിന് പ്രേരകം. എന്നാൽ ഇതും പരാജയത്തിൽ കലാശിക്കുകയാണുണ്ടായത്.

**എട്ടാം കുരിശുയുദ്ധം (1270–1274):** അർബൻ നാലാമൻ പാപ്പായുടെ പ്രേരണയാൽ ലൂയി 9–ാമന്റെ നേതൃത്വത്തിൽ തന്നെ നടന്നതാണിത്. എന്നാൽ യുദ്ധത്തിനിടയി ൽപ്പെട്ട് പ്ലേഗ് രോഗബാധിതനായി ലൂയി 9–ാമൻ മരിക്കുകയും രണ്ട് വർഷങ്ങൾക്കുശേഷം ഒരു ഉടമ്പടിയിലൂടെ യുദ്ധം അവസാനിക്കുകയും ചെയ്തു. പക്ഷെ യുദ്ധാവസാനം യരുശലേമിന്റെ ഭൂരിഭാഗവും മുഹമ്മദീയരുടെ കൈവശം ചെന്നുചേരുകയാണുണ്ടായത്.

### കുരിശുയുദ്ധങ്ങളുടെ ഫലങ്ങൾ

- പൗരസ്ത്യ സാമ്രാജ്യം ക്ഷയിക്കുന്നതിന് കാരണമായി.
- ക്രിസ്ത്യാനികളും സംഘടനാബോധവും ദൈവികവിചാരവും ഉണർന്നു.
- പൗരസ്ത്യ-പാശ്ചാത്യ ക്രിസ്ത്യാനികളുടെ ഭിന്നത രൂക്ഷമാക്കി.
- റോമൻ പാപ്പായുടെ ശക്തി സീമാതീതമായി വർദ്ധിച്ചു.
- യൂറോപ്യൻ സംസ്കാരത്തിന്റെ വ്യാപനത്തിന് കാരണമായി.
- ക്രിസ്ത്യാനികളും മുസ്ലീങ്ങളും തമ്മിലുള്ള ഭിന്നത രൂക്ഷമാക്കി.

## നമുക്ക് ചിന്തിക്കാം

1. കുരിശുയുദ്ധങ്ങളെ എങ്ങനെ നിർവചിക്കാം?
2. കുരിശുയുദ്ധങ്ങളിലേക്ക് നയിച്ച സാഹചര്യങ്ങൾ എന്തെല്ലാം?
3. കുരിശുയുദ്ധങ്ങളിൽ നിങ്ങളെ ആകർഷിച്ച മൂന്നെണ്ണം പ്രസ്താവിക്കുക. കാരണം വിശദമാക്കുക.
4. കുരിശുയുദ്ധങ്ങൾ റോമൻ പാപ്പാമാരെ കേന്ദ്രീകരിച്ച് നടന്നിട്ടുള്ളതാണ്. എന്തുകൊണ്ട്?
5. കുരിശുയുദ്ധങ്ങളുടെ പൊതുസ്വഭാവങ്ങൾ വിശദീകരിക്കുക?
6. കുരിശുയുദ്ധങ്ങളുടെ ഫലങ്ങൾ എന്തെല്ലാം?

## പ്രവർത്തനങ്ങൾ

1. കുരിശുയുദ്ധങ്ങളുടെ പ്രധാന ആശയങ്ങൾ ഉൾപ്പെടുത്തി ഒരു പട്ടിക തയ്യാറാക്കുക.
2. കുരിശുയുദ്ധങ്ങളിലെ പ്രധാന വ്യക്തിത്വങ്ങളുടെ ചിത്രങ്ങൾ ശേഖരിച്ച് ഒരു ആൽബം തയ്യാറാക്കുക.
3. കുരിശുയുദ്ധങ്ങളെ ഇന്നത്തെ സാഹചര്യത്തിൽ വിലയിരുത്തുക.

## നമുക്ക് ഓർക്കാം

"സമാധാനത്തിന്റെ മനുഷ്യർ ചുരുക്കവും കലഹത്തിന്റെ പുത്രന്മാർ വളരെയുമാകുന്നു. അത് ഒടുക്കകാലമാകകൊണ്ടായിരിക്കാം" പ. പരുമല തിരുമേനി.

## നമുക്ക് പാടാം

സ്ലീബാ പെരുനാളിൽ വി. കുർബ്ബാനയിൽ ആലപിക്കുന്ന ഗീതം

(മാതാവും ശുദ്ധന്മാരും... എന്ന രീതി)

സ്ലീബാ തൻ സ്മൃതിനാൾ സഭയും-മക്കളുമാഹ്ലാദിക്കുന്നു
സ്ലീബായാൽ രക്ഷിച്ചോനാം-ആത്മജനെ വാഴ്ത്തീടുന്നു
സ്ലീബാ മാനവരെ വാനം-ഏറ്റീടും വൻ പ്രസാദം
ഭൂവെല്ലാം ഘോഷിച്ചീടും-സ്ലീബാ തൻ സ്മരണം കാമ്യം
ജേതാവാം കുസ്തന്തീനോസ്-സ്ലീബായാൽ ജയമാർജിച്ചു.

### നിശ്ചയം

**സഭാചരിത്രത്തിൽ സുപ്രധാന പോരാട്ടങ്ങളായ കുരിശുയുദ്ധങ്ങളെപ്പറ്റി ഞങ്ങൾ മനസ്സിലാക്കി. ക്രൈസ്തവ ജനതയുടെ പോരാട്ടവീര്യം എത്ര അധികമായിരുന്നു എന്ന് ഞങ്ങൾക്ക് ബോദ്ധ്യമായി. സഭയുടെ സ്വാതന്ത്ര്യത്തിനായി പോരാടിയ എല്ലാ പിതാക്കന്മാരെയും ഞങ്ങൾ എക്കാലവും സ്മരിക്കും. അവരുടെ നല്ല മാതൃക ഞങ്ങൾ പിന്തുടരും.**

## നമുക്കു പ്രാർത്ഥിക്കാം

സ്ലീബാപെരുന്നാളിലെ സന്ധ്യാപ്രാർത്ഥനയിൽ ചേർത്തു ചൊല്ലുന്ന പ്രാർത്ഥന (പ്രാർത്ഥനാക്രമം പേജ് 229 നോക്കുക).

*കർത്താവേ, നിന്റെ സ്ലീബായാൽ ആദാമിന്റെ വർഗ്ഗം രക്ഷിക്കപ്പെട്ടു. നിന്റെ സ്ലീബായാൽ വലത്തുഭാഗത്തെ കള്ളൻ നിത്യജീവനെ അവകാശമാക്കി. നിന്റെ വിശുദ്ധ സഭ നിന്റെ സ്ലീബായിൽ പ്രശംസിച്ചു. സ്ലീബാ അതിന്റെ പരിചയാകുന്നുവെന്ന് ലജ്ജിക്കാതെ ഏറ്റുപറയുകയും ചെയ്യുന്നു. നിന്റെ സ്ലീബാ ഞങ്ങൾക്ക് യുദ്ധത്തിൽ ആയുധവും പരിചയും ആയിരിക്കണമേ. ബാറെക്മോർ.*

## തുടർവായനയ്ക്ക്

| ദിവസം | രാവിലെ | വൈകുന്നേരം |
|---|---|---|
| ഞായർ | – | 1 കൊരി. 1 |
| തിങ്കൾ | 1 കൊരി. 2 | 1 കൊരി. 3 |
| ചൊവ്വ | 1 കൊരി. 4 | 1 കൊരി. 5 |
| ബുധൻ | 1 കൊരി. 6 | 1 കൊരി. 7 |
| വ്യാഴം | 1 കൊരി. 8, 9 | 1 കൊരി 10 |
| വെള്ളി | 1 കൊരി. 11 | 1 കൊരി. 12, 13 |
| ശനി | 1 കൊരി. 14 | 1 കൊരി. 15 |
| ഞായർ | 1 കൊരി. 16 | – |

പാഠം 18

# ദക്ഷിണേന്ത്യൻ ക്രിസ്തീയ രാജവംശം

## പഠനോദ്ദേശ്യങ്ങൾ

കേരളത്തിൽ നിലനിന്നിരുന്നെന്ന് വിശ്വസിക്കപ്പെടുന്ന ഏക ക്രിസ്തീയ രാജവംശ ത്തെക്കുറിച്ച് മനസ്സിലാക്കുക. വില്ല്യാർവട്ടം രാജവംശത്തെ സംബന്ധിച്ച തെളിവുകൾ ശേഖരിക്കുക. ഈ രാജവംശത്തെ അന്ന് നിലനിന്നിരുന്ന മറ്റ് രാജവംശങ്ങളുമായി താരതമ്യം ചെയ്യുക.

**മനഃപാഠവാക്യം:** "ഭയപ്പെടേണ്ട, ഞാൻ നിന്നെ വീണ്ടെടുത്തിരിക്കുന്നു; ഞാൻ നിന്നെ പേരുചൊല്ലി വിളിച്ചിരിക്കുന്നു; നീ എനിക്കുള്ളവൻ തന്നേ" (യെശയ്യാവ് 43:1).

**പഠനസഹായികൾ:** വി. വേദപുസ്തകം, വി. കുർബ്ബാനക്രമം, പ്രാർത്ഥനാക്രമം, കേരളത്തിന്റെ ഭൂപടം.

## ആമുഖം

ഭാരതത്തിന് സ്വാതന്ത്ര്യം ലഭിച്ചത് എന്നാണ്? അതിനുമുമ്പ് നമ്മുടെ രാജ്യം നിര വധി നാട്ടുരാജാക്കന്മാരുടെ ഭരണത്തിൻകീഴിലായിരുന്നുവെന്ന് അറിയാമല്ലോ. അവരുടെ ഭരണപരിഷ്കാരങ്ങളും മറ്റും ഇന്ത്യയുടെ സാംസ്കാരിക വളർച്ചയ്ക്ക് വളരെ സഹായ കമായിട്ടുണ്ട്. എന്നാൽ ആ കാലത്ത് ക്രിസ്ത്യൻ രാജവംശങ്ങളുടെ എണ്ണം ഭാരതത്തിൽ തുലോം കുറവായിരുന്നു. ദക്ഷിണേന്ത്യയിൽ എ. ഡി. 9 മുതൽ 14 വരെയുള്ള നൂറ്റാണ്ടു കളിൽ ഒരു ക്രിസ്തീയ രാജവംശം നിലനിന്നിരുന്നുവെന്ന് വിശ്വസിക്കപ്പെടുന്നു. അതിനെ ക്കുറിച്ച് വിശദമായി ഈ പാഠത്തിൽ നമുക്ക് പഠിക്കാം.

## പാഠഭാഗം

കേരള ക്രൈസ്തവരുടെ ആദിമ സാമൂഹിക നിലവാരോന്നതിയെ വിളിച്ചറിയിക്കുന്ന മറ്റനേകം സംഗതികളോടൊപ്പം കൂട്ടിച്ചേർത്ത് ചിന്തിക്കാവുന്ന ഒന്നാണ് ഈ രാജവംശം. 'വില്യാർവട്ടം രാജകുടുംബം' എന്നറിയപ്പെട്ടിരുന്ന ഇത് ഇക്കാലത്ത് ഒരു പ്രബല ക്രിസ്തീയ രാജവംശമായിരുന്നു.

### വില്യാർവട്ടം രാജവംശം

ചേരമാൻ പെരുമാൾമാർക്കു ശേഷം കേരളം നാട്ടുരാജാക്കന്മാരുടെയും ഇടപ്രഭുക്ക ന്മാരുടെയും ഭരണത്തിൻകീഴിലായി. ഇത്തരത്തിൽപ്പെട്ട ഒന്നാണ് വില്യാർവട്ടം രാജവംശം. കൊടുങ്ങല്ലൂരിന് തെക്കുള്ള ചേന്നമംഗലമായിരുന്നു ഇവരുടെ ആസ്ഥാനം. പിന്നീട്

ഉദയംപേരൂർ വരെ ഈ രാജവംശത്തിന്റെ അതിർത്തി വ്യാപിച്ചിരുന്നുവെന്നാണ് വിശ്വസിക്കപ്പെടുന്നത്. കേരളത്തിന്റെ ഭൂപടത്തിൽനോക്കി കൊടുങ്ങല്ലൂർ, ചേന്നമംഗലം, ഉദയംപേരൂർ തുടങ്ങിയ സ്ഥലങ്ങൾ കണ്ടെത്തുക. ഈ രാജവംശം പെരുമ്പടപ്പ് സ്വരൂപ ത്തിന്റെ ഒരു ശാഖയിൽപെട്ടതാണെന്ന് പാലിയം ഗ്രന്ഥവരിയിൽ പറയുന്നു. പില്ക്കാലത്ത് ഈ രാജവംശം അന്യംനിന്ന് പോവുകയും തുടർന്ന് ഈ പ്രദേശം കൊച്ചി രാജാവിന്റെ അധികാരത്തിൽ വന്നുവെന്നും വിശ്വസിക്കപ്പെടുന്നു.

ഉദയംപേരൂരിലെ പള്ളി എ. ഡി. 510-ൽ വില്യാർവട്ടം രാജാവ് പണികഴിപ്പിച്ചതാണെന്ന് ഒരു പാരമ്പര്യം നിലവിലുണ്ട്.

തോമ്മാരാജാക്കന്മാർ എന്ന പേരിലായിരുന്നു വില്യാർവട്ടം രാജാക്കന്മാർ അറിയപ്പെട്ടിരുന്നത്. സ്വന്തമായ ഒരു സൈന്യത്തെ ഇവർ സംരക്ഷി ച്ചിരുന്നു. ഈ രാജ്യത്ത് അവസാനമായി വാണിരുന്ന തോമ്മാ രാജാവ് മരിക്കുമ്പോൾ അദ്ദേഹത്തിന്റെ ഭാര്യ മാത്രം ആ കുടുംബത്തിൽ അവശേഷിച്ചു. ആ റാണിയെ കൊച്ചിരാജകുടുംബത്തിലെ ഒരു രാജകുമാരൻ ക്രിസ്ത്യാനിയായ ശേഷം വിവാഹം കഴിക്കുകയും ഇത് രാജാവിന്റെ അതൃപ്തിക്ക് കാരണമാവുകയും ചെയ്തു. താൻനിമിത്തം രാജകുമാരന് നാടുവിടേണ്ടതായിവന്നു. ഈ സാഹചര്യത്തിൽ ദുഃഖിത യായ റാണി നിര്യാണം പ്രാപിച്ചുവെന്നൊരു കഥ ഈ രാജവംശത്തിന്റെ അവസാനത്തെ പരാമർശിച്ച് നിലവിലുണ്ട്.

**അല്പം നിർത്താം... ചിന്തിക്കാം...**

1. വില്യാർവട്ടം രാജ്യത്തിന്റെ അതിർത്തി ഏതെല്ലാം?
2. വില്യാർവട്ടം രാജവംശത്തിന്റെ പ്രത്യേകതകൾ എന്തെല്ലാം?
3. വില്യാർവട്ടം രാജാക്കന്മാർ അറിയപ്പെട്ടിരുന്നത് ഏത് പേരിലാണ്?
4. വില്യാർവട്ടം രാജവംശത്തിന്റെ ക്ഷയം എങ്ങനെ ചിത്രീകരിക്കാം?

## വില്യാർവട്ടം: അർത്ഥവ്യാപ്തി

വില്യാർവട്ടം എന്ന രാജവംശത്തിന്റെ ഉത്ഭവത്തെക്കുറിച്ച് വിവിധ അഭിപ്രായങ്ങൾ ഉണ്ട്. 'ആയുധാഭ്യാസ നിപുണൻ' എന്ന അർത്ഥത്തിൽ 'വില്ലാർപെട്ട'മെന്നതിൽനിന്നോ 'വലിയെടത്ത്' എന്നതിന്റെ രൂപപരിണാമത്തിൽനിന്നോ ആകാമെന്ന് ചില ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നു. എന്നാൽ മറ്റുചില അഭിപ്രായങ്ങൾ ആ പ്രദേശത്തിന്റെ ആകൃതിയു മായി ബന്ധപ്പെടുത്തിയാണ്. രാജവംശത്തിന്റെ ആദ്യ ആസ്ഥാനമായിരുന്ന ചേന്നമംഗ ലത്തെ ചുറ്റിയൊഴുകുന്ന ആറ് വില്ലിന്റെ ആകൃതിയിൽ ഉള്ളതാകയാൽ അതിനുള്ളിലുള്ള പ്രദേശം എന്ന അർത്ഥത്തിൽ (വില്ലാറുവട്ടം) നിന്നാകാം വില്യാർവട്ടം എന്ന പദം ഉണ്ടായതെന്നാണ് ഇവരുടെ അഭിപ്രായം.

## വില്യാർവട്ടം: തെളിവുകൾ

വില്യാർവട്ടം എന്ന പേരിൽ ഒരു രാജവംശം നിലനിന്നിരുന്നുവോ എന്നത് ഇന്നും ചരിത്രകാരന്മാരുടെ ഇടയിൽ തർക്കവിഷയമാണ്. വേണ്ടത്ര വിശ്വസനീയ രേഖകളോ, തെളിവുകളോ ഇതിനില്ല എന്നതു തന്നെയാണ് പ്രധാന കാരണം. ചുരുക്കം ചില രേഖകൾ ചുവടെ ചേർക്കുന്നു.

- 1439-ൽ റോമൻ പാപ്പായായിരുന്ന യൂജിനിയസ് തോമ്മാ രാജാവിന് അയച്ച കത്ത്.

- 1502-ൽ വാസ്കോ-ഡി-ഗാമായെ സന്ദർശിച്ച കേരള ക്രിസ്ത്യാനികൾ അദ്ദേഹത്തിന് സമർപ്പിച്ച രാജാവിന്റേതെന്ന് അവകാശപ്പെടുന്ന ഒരു ദണ്ഡ്.
- ഈ രാജവംശത്തിലെ അവസാന രാജാവിന്റെ മരണത്തെക്കുറിക്കുന്ന ഒരു ശിലാലിഖിതം (1952-ൽ ഉദയംപേരൂർ പള്ളിയുടെ പരിസരത്തുനിന്നും കണ്ടെടുത്തു വെന്ന് പറയപ്പെടുന്നു).
- വില്യാർവട്ടം പാന എന്നൊരു പഴയപാട്ട്.
- അസിമാൻ (റോമൻ കത്തോലിക്കാ ചരിത്രകാരൻ), ഗുവയാ (ഉദയംപേരൂർ സുന്നഹദോസ് ചരിത്രകാരൻ) എന്നിവരുടെ സാക്ഷ്യങ്ങൾ.
- 1911-ൽ വിരചിതമായ കൊച്ചി സെൻസസ് റിപ്പോർട്ട്.

## നമുക്ക് ചിന്തിക്കാം

1. വില്യാർവട്ടം എന്നതിന്റെ അർത്ഥതലങ്ങൾ ഏതെല്ലാം?
2. വില്യാർവട്ടം രാജവംശം നിലനിന്നിരുന്നു എന്ന് സമർത്ഥിക്കുന്ന രേഖകൾ ഏതെല്ലാം?
3. നിങ്ങളുടെ അഭിപ്രായത്തിൽ ഇത്തരത്തിലുള്ള ഒരു രാജവംശത്തെ എങ്ങനെ സാധൂകരിക്കാം?

## പ്രവർത്തനങ്ങൾ

1. വില്യാർവട്ടം രാജവംശത്തെക്കുറിച്ച് ഒരു വിവരശേഖരണം നടത്തുക.
2. കേരളത്തിന്റെ ഭൂപടത്തിൽ ഈ രാജവംശം നിലനിന്നിരുന്ന പ്രദേശങ്ങൾ.

## നമുക്ക് ഓർക്കാം

ദൈവത്തെ ശുശ്രൂഷിക്കുക, ദൈവത്തെ സേവിക്കുക, ദൈവത്തിന് സ്തോത്രം നൽകുക, ദൈവത്തിന് മഹത്വം നൽകുക ഇവ സാധിക്കുമ്പോൾ ജീവിതം താനേ ശുദ്ധീകരിക്കപ്പെടും - മൈലപ്ര മാത്യൂസ് റമ്പാൻ.

## നമുക്ക് പാടാം

ശ്ഹീമാ നമസ്കാരക്രമത്തിൽ വെള്ളി പ്രഭാതത്തിൽ ചൊല്ലുന്ന ഒരു ഗീതം.

കേരളചരിത്രത്തിൽ ക്രിസ്തീയ വിശ്വാസിയായ വില്യാർവട്ടം രാജാവിനെക്കുറിച്ചാണല്ലോ നാം പഠിച്ചത്. റോമാസാമ്രാജ്യത്തിന്റെ ഭരണാധികാരിയായിരിക്കേ ക്രിസ്തീയ വിശ്വാസം സ്വീകരിച്ച ഒരു ചക്രവർത്തിയാണ് കുസ്തന്തീനോസ് ചക്രവർത്തി. കർത്താവിന്റെ ക്രൂശ് കണ്ടെടുക്കുവാൻ അദ്ദേഹം കാണിച്ച ഉത്സാഹം നമുക്ക് അറിവുള്ളതാണ്. അദ്ദേഹത്തിന്റെ മാനസാന്തരത്തിനിടയാക്കിയ സംഭവമാണ് ഈ ഗീതത്തിന്റെ ഇതിവൃത്തം. ഈ ഗീതം നമുക്ക് ഒന്നിച്ച് ആലപിക്കാം.

(പ്രാർത്ഥിപ്പിൻ ശ്ലീഹന്മാരെ..... എന്ന രീതി)

രാജാവാം കുസ്ന്തീനോ-സാകാശത്തിൽ<br>
വിസ്മയകരമായ് സ്ലീബായുടെ-രൂപം ദർശിച്ചു

കേട്ടാനവനരുളപ്പാ-ടപ്പോഴേവം
പ്രാണകര സ്ലീബായാൽ പ്രാ-പിക്കും നീ വിജയം
പ്രതിമകളെ-നിർമ്മൂലം നീക്കി
സ്ലീബായെ -മാത്രം മാനിച്ചാൻ
ധന്യൻ സ്ലീബാക്കോട്ടയെ-ഞങ്ങൾക്കായ് നിർത്തിയവൻ

## നിശ്ചയം

കേരളത്തിലെ ക്രൈസ്തവ പൗരാണികതയെപ്പറ്റി ഞങ്ങൾ മനസ്സിലാക്കി. ഇതേപ്പറ്റി കൂടുതൽ പഠിക്കുവാൻ ഞങ്ങൾ പരിശ്രമിക്കും.

## നമുക്ക് പ്രാർത്ഥിക്കാം

പ്രാർത്ഥനാക്രമത്തിൽ പ്രത്യേക പ്രാർത്ഥനകൾ എന്ന ഭാഗത്ത് നൽകിയിട്ടുള്ള രാജാക്കന്മാർക്കുവേണ്ടിയുള്ള പ്രാർത്ഥനയിൽനിന്നും (പേജ് 447 പാമ്പാക്കുട നമസ്കാരം).

*രാജാധിരാജാവും കർത്താധികർത്താവും സർവ്വശക്തനുമായ ദൈവമേ! രാജത്വവും അധികാരവും ശക്തിയും ആധിപത്യവും എന്നേയ്ക്കും നിന്റേതാകുന്നുവല്ലോ. രാജാക്കന്മാരെയും ഉദ്യോഗസ്ഥന്മാരെയും നിയമിക്കുന്നവനും നീയാകുന്നുവല്ലോ നിന്നെ ഭയപ്പെട്ടും ആദരിച്ചും ആരാധിച്ചും നടക്കുന്ന രാജാക്കന്മാരെയും അധികാരികളെയും നീ സഹായിക്കുന്നു. നിന്നെ വിചാരിക്കാതെയും അനീതിയായിട്ടു നടക്കുകയും ഭരിക്കുകയും ചെയ്യുന്നവരെ നീ ശിക്ഷിക്കുന്നു. ദൈവമേ! ഇങ്ങനെ സകല അധികാരവും നിന്നിൽനിന്നുള്ളതാണെന്ന് നീ വചനത്താലും പ്രവൃത്തിയാലും ഞങ്ങളെ പഠിപ്പിച്ചിരിക്കുന്നതുകൊണ്ട് രാജാക്കന്മാരെയും അധികാരികളെയും അനുസരിച്ച് നടക്കേണ്ടത് ഞങ്ങളുടെ കടമയാകുന്നു. നിന്റെ കൃപ മൂലം അവരിൽനിന്ന് ഞങ്ങൾ അനുഭവിക്കുന്നതായ സർവ്വസഹായങ്ങൾക്കും നന്മകൾക്കായിട്ടും ഞങ്ങൾ അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും എല്ലായ്പ്പോഴും ഇടവിടാതെ നിന്നെ മഹത്വപ്പെടുത്തുകയും ചെയ്യുമാറാകണമേ. ആമ്മീൻ.*

## തുടർവായനയ്ക്ക്

| ദിവസം | രാവിലെ | വൈകുന്നേരം |
|---|---|---|
| ഞായർ | - | 2 കൊരി. 1 |
| തിങ്കൾ | 2 കൊരി. 2 | 2 കൊരി. 3 |
| ചൊവ്വ | 2 കൊരി. 4 | 2 കൊരി. 5 |
| ബുധൻ | 2 കൊരി. 6 | 2 കൊരി. 7 |
| വ്യാഴം | 2 കൊരി. 8 | 2 കൊരി. 9 |
| വെള്ളി | 2 കൊരി. 10 | 2 കൊരി. 11:1-20 |
| ശനി | 2 കൊരി. 11:21-33 | 2 കൊരി. 12 |
| ഞായർ | 2 കൊരി. 13 | - |

പാഠം 19

# പോർട്ടുഗീസ് ആഗമനം

**(ഉദയംപേരൂർ സുന്നഹദോസ്, കൂനൻകുരിശ് സത്യം)**

## പാഠനോദ്ദേശ്യങ്ങൾ

മലങ്കരസഭയുടെ ചരിത്രത്തിൽ വഴിത്തിരിവായ രണ്ടു പ്രധാന സംഭവങ്ങളെക്കുറിച്ച് മനസ്സിലാക്കുക. വിദേശ നുകത്തിൻകീഴിൽ സഭാമക്കൾ അനുഭവിച്ച ദുരിതങ്ങൾ മനസ്സിലാക്കുക. സഭയുടെ വിശ്വാസം കാത്തുസൂക്ഷിക്കാൻ താൽപര്യം കാണിക്കുകയും സഭയോട് കൂറും വിധേയത്വവും വികസിപ്പിക്കുകയും ചെയ്യുക.

**മനഃപാഠവാക്യം:** "നിങ്ങളോട് ദൈവവചനം പ്രസംഗിച്ച് നിങ്ങളെ നടത്തിയവരെ ഓർത്തുകൊൾവിൻ. അവരുടെ ജീവതാവസാനം ഓർത്ത് അവരുടെ വിശ്വാസം അനുകരിപ്പിൻ" (എബ്രാ 13:7).

**പഠനസഹായികൾ:** കൂനൻകുരിശ് സത്യത്തിന്റെ ചിത്രം, വി. വേദപുസ്തകം, വി. കുർബ്ബാനക്രമം, പ്രാർത്ഥനാക്രമം.

## ആമുഖം

ഭാരതത്തിലെ വിദേശ മേൽക്കോയ്മയ്ക്ക് തുടക്കമിട്ടത് പോർട്ടുഗീസുകാരും അതിന് അവസാനമിട്ടത് ബ്രിട്ടീഷുകാരുമാണെന്ന് നമുക്കറിയാം. വിവിധ പോരാട്ടങ്ങളിലൂടെയാണ് ഭാരതത്തിന് സ്വാതന്ത്ര്യം വീണ്ടുകിട്ടിയത്. ഭാരത ക്രൈസ്തവസഭയും ഇപ്രകാരം ഒരു പാരതന്ത്ര്യത്തിന്റെ ഭാരം ദീർഘനാൾ അനുഭവിച്ചിട്ടുണ്ട്. ഇതിന് ആരംഭമിട്ട സംഭവമാണ് ഉദയംപേരൂർ സുന്നഹദോസ്. ഈ വിദേശാധിപത്യത്തിനെതിരായിട്ടുള്ള മലങ്കര നസ്രാണികളുടെ ചെറുത്തുനിൽപ്പാണ് കൂനൻകുരിശു സത്യം. അവയെക്കുറിച്ച് ഈ പാഠത്തിൽ നമുക്ക് പഠിക്കാം.

## പാഠഭാഗം

മലങ്കരസഭയെ റോമൻ കത്തോലിക്ക രാജ്യമായിരുന്ന പോർട്ടുഗീസ് അധീശത്വത്തിന്റെ കീഴിൽകൊണ്ടുവന്ന സംഭവമായിരുന്നു ഉദയംപേരൂർ സുന്നഹദോസ്. പോർട്ടുഗീസ് അധീശത്വത്തിൽനിന്നും മുക്തിനേടുന്നതിനായി മലങ്കരനസ്രാണികൾ നടത്തിയ ചെറുത്തുനിൽപ്പാണ് കൂനൻകുരിശ് സത്യം. ഈ രണ്ടു സംഭവങ്ങളുടെയും വിശദാംശങ്ങളിലേക്ക് നമുക്ക് കടക്കാം.

### ഉദയംപേരൂർ സുന്നഹദോസ്

പോർട്ടുഗീസുകാരുടെ ഭാരതപ്രവേശനം വാണിജ്യം ലക്ഷ്യമാക്കിയുള്ളതായിരുന്നു. എന്നാൽ ക്രമേണ രാഷ്ട്രീയവും മതപരവുമായ കാര്യങ്ങളിൽ അവർ ഇടപെടുവാൻ

തുടങ്ങി. റോമൻ കത്തോലിക്കാ വിശ്വാസത്തിന്റെ വ്യാപനം എന്ന ലക്ഷ്യപൂർത്തീകരണ മായിരുന്നു ഉദയംപേരൂർ സുന്നഹദോസ്.

1599 ജൂൺ 20 മുതൽ 26 വരെയുള്ള ദിവസങ്ങളിലാണ് ഉദയംപേരൂർ സുന്നഹദോസ് കൂടിയത്. ഗോവയിലെ റോമൻ കത്തോലിക്കാ ആർച്ചുബിഷപ്പായിരുന്ന അലക്സിസ് ഡി. മെനസ്സിസിന്റെ നേതൃത്വത്തിൽ റോമൻ കത്തോലിക്കാ വൈദികരെയും വേദശാസ്ത്ര ജ്ഞരെയും കൂടാതെ മലങ്കര സഭാംഗങ്ങളായ 153 പട്ടക്കാരും ഏകദേശം 671 പള്ളിപ്രതിനി ധികളും ഇതിൽ സംബന്ധിച്ചു. ഉദയംപേരൂർ പള്ളിയിൽവച്ച് കൂടിയ സുന്നഹദോസിന്റെ ഒമ്പതു യോഗങ്ങളിലായി 200 നിശ്ചയങ്ങൾ പാസ്സാക്കി. ആർച്ച്ബിഷപ്പ് മെനസ്സിസ് മുൻകൂട്ടി തയ്യാറാക്കിയ കാര്യങ്ങൾ ഭീഷണിപ്പെടുത്തൽവഴി പ്രതിനിധികളെക്കൊണ്ട് അംഗീക രിപ്പിക്കുകയാണ് യോഗത്തിൽ ചെയ്തതത്. കൂടാതെ, യോഗശേഷം സ്വന്തനിലയിൽ ചില തീരുമാനങ്ങൾ കൂട്ടിച്ചേർത്തതായും ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നു.

സ്വന്തം വ്യക്തിത്വവും തനിമയും കാത്തുസൂക്ഷിച്ചിരുന്ന മലങ്കരസഭയെ കുത്സിത ശ്രമങ്ങളിലൂടെ റോമൻ കത്തോലിക്കാ വിശ്വാസത്തിന്റെ അധീശത്വത്തിൽ കൊണ്ടുവരു വാൻ സാധിച്ചു എന്നതാണ് ഉദയംപേരൂർ സുന്നഹദോസിന്റെ ഏറ്റവും വലിയ വിജയം. വിജയപൂർത്തീകരണത്തിനായി മലങ്കരസഭയിൽ നിലനിന്നിരുന്ന ആചാരക്രമങ്ങളിൽ മാറ്റം വരുത്തുകയും വിശ്വാസ-മതഗ്രന്ഥങ്ങൾ അഗ്നിക്കിരയാക്കുകയും ചെയ്തു. കൂടാതെ ലത്തീൻ മെത്രാന്മാരെക്കൂടി മലങ്കരസഭയുടെ ഭരണത്തിൽ ഉൾപ്പെടുത്തി. അങ്ങനെ മലങ്കരസഭയെ പൂർണ്ണമായും ലത്തീൻവൽക്കരിക്കുവാൻ ഉദയംപേരൂർ സുന്നഹദോസിനു സാധിച്ചു.

**അല്പം നിർത്താം... ചിന്തിക്കാം...**

1. പോർട്ടുഗീസ് ആഗമനം മലങ്കരസഭയെ എങ്ങനെ പ്രതികൂലമായി ബാധിച്ചു?
2. ഉദയംപേരൂർ സുന്നഹദോസിനു നേതൃത്വം നൽകിയതാര്?
3. ഉദയംപേരൂർ സുന്നഹദോസിന്റെ വിജയകാരണങ്ങൾ ഏവ?

## കൂനൻകുരിശു സത്യം

ഉദയംപേരൂർ സുന്നഹദോസിലൂടെ പോർട്ടുഗീസുകാർ/റോമൻ കത്തോലിക്കർ നേടിയ വിജയം ദീർഘകാലം നീണ്ടുനിന്നില്ല. കൈമറിഞ്ഞുപോയ സ്വാതന്ത്ര്യം കൂനൻ കുരിശുസത്യത്തിലൂടെ മലങ്കരനസ്രാണികൾ തിരിച്ചുപിടിച്ചു.

പൗരസ്ത്യ സഭാവിശ്വാസവും ആരാധനാരീതികളും പിന്തുടർന്നുവന്നിരുന്ന മലങ്കര നസ്രാണികൾക്ക് പുതിയ പരിഷ്കാരങ്ങളോട് യോജിക്കുവാൻ കഴിഞ്ഞില്ല. ഈ അവസ്ഥയിൽനിന്നുള്ള മോചനത്തിനായി വിവിധ പൗരസ്ത്യസഭാ മേലദ്ധ്യക്ഷന്മാർക്ക് മലങ്കര സഭാധികാരികൾ വിവിധ കത്തുകളയച്ചു. ഇതിന്റെ മറുപടിയെന്നോണം 1652-ൽ അഹത്തുള്ളാ എന്ന പൗരസ്ത്യ മെത്രാന്റെ ആഗമനം മലങ്കരയിൽ ഒരു പുതിയ ഉണർവ്വുണ്ടാക്കി (അഹത്തുള്ള ഏത് പാത്രിയർക്കീസിന്റെ പ്രതിനിധിയാണെന്നതിനെ സംബന്ധിച്ച് ചരിത്രകാരന്മാരുടെ ഇടയിൽ ഭിന്നാഭിപ്രായമാണ് നിലവിലുള്ളത്).

അഹത്തുള്ളായുടെ ആഗമനം മനസ്സിലാക്കിയ റോമൻ കത്തോലിക്കാ സഭാധികാരി കൾ അദ്ദേഹത്തെ ബന്ധനസ്ഥനാക്കി മൈലാപ്പൂരിലേക്ക് കൊണ്ടുപോയി. അവിടെവെച്ച് ഇട്ടി, കുര്യൻ എന്നീ വൈദികർ/വൈദികവിദ്യാർത്ഥികൾ യാദൃച്ഛികമായി അഹത്തു

ള്ളായെ കണ്ടു. ആഗമനോദ്ദേശ്യം മനസ്സിലാക്കി. ഇതറിഞ്ഞ മലങ്കരനസ്രാണികൾ അഹത്തുള്ളായുടെ മോചനം ആവശ്യപ്പെട്ടു. എന്നാൽ പിന്നീട് കേൾക്കുന്നത് അഹത്തുള്ളായെ കടലിൽ കെട്ടിത്താഴ്ത്തിക്കൊന്നു എന്ന വാർത്തയാണ്.

ക്ഷുഭിതരായ മലങ്കരനസ്രാണികൾ 1653 ജനുവരി 3-ന് തോമ്മാ അർക്കദിയാക്കോന്റെ നേതൃത്വത്തിൽ മട്ടാഞ്ചേരി പള്ളിയിൽ കൂടുകയും അവിടെയുണ്ടായിരുന്ന ഒരു കൽക്കുരിശിൽ കയറുകൾ കെട്ടി റോമൻ കത്തോലിക്കാ സഭയ്ക്കെതിരെ പ്രതിജ്ഞ ചെയ്യുകയും ചെയ്തു. (കൂനൻകുരിശു സത്യത്തിന്റെ ഒരു ചിത്രം ടീച്ചർ നിങ്ങൾക്ക് കാണിച്ചുതരും.) മലങ്കരയിൽ ഉണ്ടായിരുന്ന രണ്ടുലക്ഷം ക്രിസ്ത്യാനികളിൽ 400 പേർ ഒഴികെയുള്ളവർ ഈ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തുവെന്നാണ് ചരിത്രകാരന്മാരുടെ സാക്ഷ്യം. ജനബാഹുല്യത്താൽ കുരിശ് ഒരു വശത്തേക്ക് ചരിഞ്ഞു. അതിനാൽ ഈ മുന്നേറ്റം 'കൂനൻകുരിശു സത്യം' എന്നറിയപ്പെടുന്നു

കൂനൻകുരിശു സത്യത്തിൽ പങ്കെടുത്തവരെ പുത്തൻകൂറ്റുകാരെന്നും പങ്കെടുക്കാത്തവരെ പഴയകൂറ്റുകാരെന്നുമാണ് റോമൻ കത്തോലിക്കാ ചരിത്രകാരന്മാർ വിശേഷിപ്പിക്കുന്നത്.

കൂനൻകുരിശു സത്യപ്രതിജ്ഞയ്ക്കു ശേഷം ആലങ്ങാട് പള്ളിയിൽ ചേർന്ന മലങ്കര നസ്രാണികൾ തോമ്മാ അർക്കദിയാക്കോനെ മാർത്തോമ്മാ എന്ന പേരിൽ മെത്രാപ്പോലീത്തയായി അവരോധിച്ച് തങ്ങളുടെ ഭരണകർത്താവായി സ്വീകരിച്ചു. അങ്ങനെ കൂനൻകുരിശു സത്യത്തിലൂടെ മലങ്കര നസ്രാണികൾ തങ്ങളുടെ നഷ്ടപ്പെട്ട സത്യവും സ്വാതന്ത്ര്യവും നേടിയെടുത്തു. വിദേശാധിപത്യത്തിനെതിരായി ഇന്ത്യയിൽതന്നെ നടന്ന ആദ്യ സ്വാതന്ത്ര്യസമരമായിരുന്നു കൂനൻകുരിശു സത്യം.

## നമുക്ക് ചിന്തിക്കാം

1. കൂനൻകുരിശു സത്യത്തിലേക്ക് നയിച്ച സാഹചര്യങ്ങൾ എന്തെല്ലാം?
2. കൂനൻകുരിശു സത്യം എപ്രകാരം മലങ്കരസഭയെ സ്വാതന്ത്ര്യത്തിലേക്ക് നയിച്ചു.?
3. 'പുത്തൻകൂറ്റ്', 'പഴയകൂറ്റ്' എന്നതിന്റെ സത്യാവസ്ഥ എന്ത്?

## പ്രവർത്തനങ്ങൾ

1. പോർട്ടുഗീസ് ആഗമനത്തെക്കുറിച്ച് കൂടുതൽ വിവരങ്ങൾ ശേഖരിക്കുക.
2. ഉദയംപേരൂർ സുന്നഹദോസിന്റെ തീരുമാനങ്ങൾ മൂലം മലങ്കരസഭയ്ക്കുണ്ടായ ദോഷങ്ങൾ എന്തെല്ലാം? വിവരശേഖരം നടത്തി ഒരു ഡയറിക്കുറിപ്പ് തയ്യാറാക്കുക.
3. കൂനൻകുരിശു സത്യത്തിന്റെ ചിത്രം നിരീക്ഷിച്ച് മനസ്സിലാക്കിയ വിവരങ്ങൾ ഒരു നോട്ടുബുക്കിൽ കുറിക്കുക.
4. "കൂനൻകുരിശു സത്യം മലങ്കരസഭയുടെ ആദ്യത്തെ സ്വാതന്ത്ര്യസമരം" എന്ന വിഷയത്തെ ആസ്പദമാക്കി ഒരു ഉപന്യാസം തയ്യാറാക്കുക.

## നമുക്ക് ഓർക്കാം

"സന്തതിയുള്ള കാലം വരെ മാർത്തോമ്മാ ക്രിസ്ത്യാനികൾ റോമാ വിശ്വാസം സ്വീകരിക്കുകയോ, മാർപ്പാപ്പായുടെ അധികാരത്തിന് വിധേയരാകുകയോ ചെയ്യുകയില്ല" - കൂനൻകുരിശു സത്യം.

## നമുക്ക് പാടാം

ആഹ്വാനം ചെയ്യുന്നുതവി-ക്കെത്തുക നാഥാ!
കലഹിപ്പിക്കുന്നുലകത്തെ ദുഷ്ടൻ-വഞ്ചനയാൽ
ഭിന്നത നൃപ വിധികർത്താക്കളി-ലവനുളവാക്കി
ധാർമ്മികരേയും വീഴിപ്പാൻ വഴിനോ-ക്കീടുന്നു.
കർത്താവേ! നിൻ കരുണയിലെന്യേ
സങ്കേതം-ഞങ്ങൾക്കെങ്ങുള്ളൂ?
ദുഷ്ടനെ ഞങ്ങളിൽ നിന്നോടിക്കുക നിൻ-സ്ലീബായാൽ.

### നിശ്ചയം

**വിദേശാധിപത്യത്തിൻകീഴിൽ സഭാമക്കൾ അനുഭവിച്ച ദുരിതങ്ങളും അതേത്തുടർന്ന് ഉണ്ടായ സംഭവങ്ങളും ഞങ്ങൾ മനസ്സിലാക്കി. നമ്മുടെ പിതാക്കന്മാർ കാട്ടിത്തന്ന സത്യവിശ്വാസത്തിൽ ഞങ്ങൾ ഉറച്ചുനിൽക്കും.**

## നമുക്ക് പ്രാർത്ഥിക്കാം

പിതാക്കന്മാരുടെയും മല്പാന്മാരുടെയും ഓർമ്മകൊണ്ടാടുന്ന ദിവസം പ്രഭാത പ്രാർത്ഥനയിൽ ചേർത്തു ചൊല്ലുന്ന പ്രാർത്ഥന (പ്രാർത്ഥനാക്രമം പേജ് 237 നോക്കുക).

*കർത്താവേ! കാതോലികവും ശ്ലൈഹികവുമായ സത്യവിശ്വാസത്തിൽനിന്ന് അവസാന ശ്വാസംവരെ ഇളകാതെ നിൽപ്പാനും അതിൽ ജീവിപ്പാനും അതിൽ മരിപ്പാനും അതിന്റെ വൈരികളെ മറിച്ചിടുവാനും നിന്റെ കൃപ ഞങ്ങളെ സഹായിക്കുമാറാകണമേ. എല്ലായ്പ്പോഴും നാലുഭാഗങ്ങളിലും സത്യവിശ്വാസമെന്ന വിളക്ക് കത്തിച്ച് ലോകത്തെ പ്രകാശിപ്പിക്കയും സത്യവിശ്വാസത്തിനു വേണ്ടി ഞെരുക്കങ്ങളും പീഡകളും സഹിക്കയും ചെയ്തവരായ ഞങ്ങളുടെ പിതാക്കന്മാരുടെ ഓർമ്മയെ നീ മഹത്വപ്പെടുത്തണമേ. അവരുടെ പ്രാർത്ഥനകളാൽ അവരെപ്പോലെ നിന്നെ സ്നേഹിക്കുന്നവരായിരിപ്പാൻ ഞങ്ങളെ യോഗ്യരാക്കിത്തീർക്കണമേ. ആമ്മീൻ.*

## തുടർവായനയ്ക്ക്

| ദിവസം | രാവിലെ | വൈകുന്നേരം |
|---|---|---|
| ഞായർ | – | ഗലാത്യ. 1 |
| തിങ്കൾ | ഗലാത്യ. 2 | ഗലാത്യ. 3 |
| ചൊവ്വ | ഗലാത്യ. 4 | ഗലാത്യ. 5 |
| ബുധൻ | ഗലാത്യ. 6 | എഫേസ്യ. 1 |
| വ്യാഴം | എഫേസ്യ. 2 | എഫേസ്യ. 3 |
| വെള്ളി | എഫേസ്യ. 4:1–6 | എഫേസ്യ. 4:17–32 |
| ശനി | എഫേസ്യ. 5:1–14 | എഫേസ്യ. 5:15–33 |
| ഞായർ | എഫേസ്യ. 6 | – |

യൂണിറ്റ് 5

# വി. കുർബ്ബാന ഒരു പഠനം

പാഠം 20

# അഞ്ചാം തുബ്ദേനിലെ പരിശുദ്ധ പിതാക്കന്മാർ

ഒന്നാം ഭാഗം

## നാലാം നൂറ്റാണ്ടുവരെയുള്ള പിതാക്കന്മാർ

### പഠനോദ്ദേശ്യം

വി. കുർബ്ബാനയിലെ അഞ്ചാം തുബ്ദേനിൽ ഉൾപ്പെടുത്തിയിരിക്കുന്ന പരിശുദ്ധ പിതാക്കന്മാരെക്കുറിച്ചു പഠിക്കുക.

**മനഃപാഠവാക്യം:** അതുകൊണ്ട് ശരീരത്തിൽ വസിച്ചാലും ശരീരം വിട്ടാലും, ഞങ്ങൾ അവനെ പ്രസാദിപ്പിക്കുന്നവർ ആകുവാൻ അഭിമാനിക്കുന്നു (2 കൊരി. 5:9).

**പഠനസഹായി:** വി. കുർബ്ബാനക്രമം

### ആമുഖം

നമ്മുടെ വി. കുർബ്ബാനയിലെ ശ്രേഷ്ഠമായ ഒരു ഭാഗമാണല്ലോ തുബ്ദേനുകൾ. ആദ്യത്തെ മൂന്നു തുബ്ദേനുകൾ ജീവിച്ചിരിക്കുന്നവരെയും പിന്നീടുള്ള മൂന്നെണ്ണം വാങ്ങിപ്പോയവരെയും അനുസ്മരിപ്പിക്കുന്നവയാണെന്ന് നാം നേരത്തെതന്നെ പഠിച്ചുകഴിഞ്ഞതാണ്. ഇവയിൽ അഞ്ചാം തുബ്ദേനിൽ നാം അനുസ്മരിക്കുന്നത് സഭയുടെ അടിസ്ഥാനവിശ്വാസസത്യങ്ങൾ ക്രോഡീകരിച്ച ഗുരുക്കന്മാരെയും സഭയുടെ ആത്മീയ പ്രസ്ഥാനങ്ങൾക്ക് അടിത്തറ പാകിയ വിശുദ്ധ പിതാക്കന്മാരെയുമാണ്. സഭാചരിത്രത്തിലെ ആദ്യത്തെ ഏഴു നൂറ്റാണ്ടുകളിൽ ജീവിച്ചിരുന്ന 23 പിതാക്കന്മാരെ കൂടാതെ, മലങ്കരസഭ പരിശുദ്ധന്മാരായി പ്രഖ്യാപിച്ച മൂന്നുപേരെക്കൂടി ഉൾപ്പെടുത്തിയിരിക്കുന്നു. പൊതുവായി പറഞ്ഞാൽ, ഈ 26 പിതാക്കന്മാരെ സമയക്രമമനുസരിച്ചല്ല, അഞ്ചാം തുബ്ദേനിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ പഠനസൗകര്യാർത്ഥം നാം ഇവരെ വിവിധ കാലഘട്ടങ്ങളിലായി വേർതിരിച്ച് പഠിക്കുവാനാണാഗ്രഹിക്കുന്നത്. ഇതിൽതന്നെ ചില പിതാക്കന്മാ

രെപ്പറ്റി നമുക്ക് ധാരാളം കാര്യങ്ങൾ അറിയാമെങ്കിൽ മറ്റുചിലരെ സംബന്ധിച്ച് തുലോം വിരളമായ വിവരങ്ങളേ നമുക്ക് ലഭിച്ചിട്ടുള്ളൂ. രണ്ട് പാഠങ്ങളിലായി ഇത്രയുംപേരെ സംബന്ധിച്ച് പറയേണ്ടിവരുന്നതിനാൽ സംക്ഷിപ്തമായി മാത്രമേ ഓരോരുത്തരെയും പറ്റി വിവരിക്കുവാൻ സാധിക്കുന്നുള്ളൂ.

## പൊതുവായ കാര്യങ്ങൾ

വി. കുർബ്ബാനക്രമത്തിൽനിന്നും അഞ്ചാം തുബ്ദേനിന്റെ തുടക്കം നമുക്കൊന്നു വായിക്കാം (ഞങ്ങളുടെ പിതാക്കന്മാരെയും വരെ).

1. ഒന്നാമതായി, ഈ പിതാക്കന്മാർ "ശ്ലൈഹികവും (apostolic) കുറ്റമില്ലാത്തതുമായ (orthodox) ഏകവിശ്വാസത്തെ (faith of the undivided church) പാലിച്ച്" നമ്മെ ഭരമേല്പിച്ചവരാണ്, ഇവർ. "ശുദ്ധിമാന്മാരുടെ സ്ഥലത്ത് ശുദ്ധതയോടെ" ജീവിക്കുകയും "നിദ്രപ്രാപിച്ച് വിശ്രമിക്കുന്നവരുമാണ്." ഇവരുടെ "മദ്ധ്യസ്ഥത നമുക്ക് കോട്ടയായിത്തീരാനായി"ട്ടാണ് നാം എല്ലാ വി. കുർബ്ബാനകളിലും ഇവരെ അനുസ്മരിക്കുന്നത്.

2. ഇവരുടെ അനുസ്മരണം മൂലം കേവലം ഒരു മദ്ധ്യസ്ഥപ്രാർത്ഥന നടത്തുക മാത്രമല്ല സഭയുടെ ഉദ്ദേശ്യം. മറിച്ച് "സ്തുതി ചൊവ്വാകപ്പെട്ട വിശ്വാസം" (orthodox faith) നമുക്ക് കൈമാറിത്തന്നവർ ആരൊക്കെയാണെന്ന് ഓർക്കുമ്പോൾതന്നെ അവർ പഠിപ്പിച്ച വിശ്വാസം എന്തെന്നുകൂടി പരിശോധിക്കുവാനും അവയെ കാലാനുസൃതമായി പഠിക്കുവാനും പഠിപ്പിക്കുവാനും നമുക്ക് ബാധ്യതയുണ്ട്. ചുരുക്കത്തിൽ, അവരിൽക്കൂടെ കൈമാറി ലഭിച്ച വിശ്വാസം നാം മരണംവരെയും പരിപാലിക്കും എന്ന നിലപാടു സ്വീകരിക്കുന്ന നിമിഷമാണ് 5-ാം തുബ്ദേൻ വായനാസമയം. നിഖ്യാ. (ക്രി. വ. 325), കുസ്തന്തീനോപ്പോലീസ് (ക്രി. വ. 381), എഫേസൂസ് (ക്രി. വ. 431), കൽക്കദോൻ (ക്രി. വ. 451) എന്നീ സുന്നഹദോസുകളുടെ കാലഘട്ടത്തിൽ സഭയിൽ ഉരുത്തിരിഞ്ഞുവന്ന വിശ്വാസം പ്രഖ്യാപിച്ചവരാണിവർ. ഇതിൽ ആദ്യത്തെ മൂന്നു സുന്നഹദോസുകളിൽ നമ്മുടെ പിതാക്കന്മാരുടെ നിലപാടുകൾ സ്വീകരിക്കപ്പെട്ടതുകൊണ്ട് അവയുടെ പേരുകളും നാം ഈ തുബ്ദേനിൽ എടുത്തുപറയുന്നു.

3. കൽക്കദോൻ സുന്നഹദോസിൽ (ക്രി. വ. 451) നമ്മുടെ പിതാക്കന്മാരെ തള്ളിക്കളഞ്ഞ് മറ്റൊരു വിശ്വാസപ്രഖ്യാപനമാണുണ്ടായത് എന്നു നാം പഠിച്ചിട്ടുണ്ടല്ലോ. ആയതിനാൽ നമ്മുടെ വിശ്വാസത്തിനുവേണ്ടി ആ സുന്നഹദോസിൽ നിലപാടുകൾ സ്വീകരിച്ചവരും പിന്നീട് ആ നാമത്തിൽ പീഡനമനുഭവിച്ചവരുമായ പിതാക്കന്മാരെ നാം ഓർമ്മിക്കേണ്ടതായിട്ടുണ്ട്. 1964 മുതൽ നടന്ന എക്യൂമെനിക്കൽ പഠനങ്ങളിലൂടെ നമ്മുടെ പിതാക്കന്മാരുടെ നിലപാടുകൾ ശരിയായിരുന്നുവെന്നു തെളിയിക്കപ്പെട്ടിട്ടുണ്ട്.

4. മുകളിൽ പറഞ്ഞവരെ അനുസ്മരിച്ചശേഷം നാം ഓർമ്മിക്കുന്നത് ആദ്യനൂറ്റാണ്ടുകളിൽ സത്യവിശ്വാസാധിഷ്ഠിതമായി ഗീതങ്ങളും പ്രാർത്ഥനകളും രചിച്ചവരും സന്യാസപ്രസ്ഥാനങ്ങൾക്ക് നേതൃത്വം കൊടുക്കുകയും ചെയ്ത പിതാക്കന്മാരെയാണ്.

5. ഏറ്റവും ഒടുവിൽ മലങ്കരസഭയുടെ ആധുനിക ചരിത്രത്തിൽ പരിശുദ്ധ പദവിയിലേക്ക് ഉയർത്തപ്പെട്ടവരായ മൂന്നു പിതാക്കന്മാരെ നാം ഓർമ്മിക്കുന്നു.

ഇനി നമുക്ക് ഓരോരുത്തരെയും പറ്റി ചുരുക്കമായി പഠിക്കാം. ഇവരെല്ലാം “നീതിമാന്മാരും മല്പാന്മാരും സ്തുതിക്കപ്പെട്ടവരും ദൈവത്തെ ധരിച്ചവരു”മായിരുന്നു.

## പാഠഭാഗം

## A. നിഖ്യാസുന്നഹദോസിനു മുൻപുള്ള സഭാപിതാക്കന്മാർ

ഇനി നമുക്ക് തുബ്ദേന്റെ ബാക്കി ഭാഗം വായിക്കാം.

### 1. യെറുശലേമിലെ വി. യാക്കോബ് St. James, brother of Jesus (+62 AD)

നമ്മുടെ കർത്താവായ യേശുതമ്പുരാന്റെ ‘സഹോദരൻ’ എന്നറിയപ്പെട്ടിരുന്നയെറുശലേമിലെ വി. യാക്കോബ് എ. ഡി. 62-ൽ വധിക്കപ്പെട്ടു. ഇദ്ദേഹത്തെപ്പറ്റി തുബ്ദേനിൽ പറയുന്നത് “യെറുശലേമിലെ ഒന്നാമത്തെ പ്രധാനാചാര്യനും പുണ്യവാനും ശ്ലീഹായും സഹദായു”മെന്നാണ്. അപ്പോസ്തലപ്രവൃത്തികളിൽ പറയുന്ന യെറുശലേം സുന്നഹദോസിന്റെ (അപ്പോ. പ്ര. 15-ാം അദ്ധ്യായം) അദ്ധ്യക്ഷനായിരുന്ന വി. യാക്കോബ് പത്രോസ് ശ്ലീഹായോടും വി. യോഹന്നാനോടുമൊപ്പം ചേർന്നു “യെറുശലേമിലെ തൂണുകൾ” എന്നറിയപ്പെട്ടിരുന്നു (ഗലാ. 1:19). മറ്റു ശ്ലീഹന്മാരെയെല്ലാം (പത്രോസ്, പൗലോസ്, തോമസ്) നാലാം തുബ്ദേനിൽ ഓർക്കുന്നുവെങ്കിലും യാക്കോബിനെ അഞ്ചാം തുബ്ദേനിൽ ഓർക്കുവാൻ കാരണം അദ്ദേഹം സുറിയാനി സഭയുടെ തുടക്കക്കാരനായതിനാലാണ്. വി. യാക്കോബിന്റെ തക്സാ ഇദ്ദേഹത്തിന്റെ പേരിലാണറിയപ്പെടുന്നത്.

### 2. വി. ഇഗ്നാത്തിയോസ് നൂറോനോ Ignatius of Antioch (AD 35-107)

അന്ത്യോഖ്യായിലെ രണ്ടാമത്തെയോ മൂന്നാമത്തെയോ മെത്രാപ്പോലീത്തായായിരുന്ന ഇദ്ദേഹം അപ്പോസ്തോലന്മാരുടെ ശിഷ്യനായിരുന്നു. ആദിമസഭയുടെ കേന്ദ്രബിന്ദുവും പ. പൗലോസ് അപ്പോസ്തോലന്റെ മിഷനറിയാത്രകളുടെയൊക്കെ പ്രാരംഭസ്ഥലവുമായിരുന്ന അന്ത്യോഖ്യായിൽ പ. പത്രോസാണ് സഭ സ്ഥാപിച്ചത്. പൗലോസും യോഹന്നാനും ബർന്നബാസും ശിമയോനുമൊക്കെ (അപ്പോ. പ്ര. 13:1) ഈ സഭയിൽ പ്രവർത്തിച്ചിരുന്നുവെങ്കിലും ആ നാട്ടുകാരനായിരുന്ന വി. ഇഗ്നാത്തിയോസ് സുറിയാനിസഭയുടെ പിതാക്കന്മാരുടെ കൂട്ടത്തിൽ അഗ്രഗണ്യനായി അറിയപ്പെടുന്നു. യേശുതമ്പുരാൻ ഒരിക്കൽ തന്റെ കൈയിൽ ഒരു കുഞ്ഞിനെ എടുത്തുകാണിച്ച് “നിങ്ങൾ തിരിഞ്ഞു ശിശുക്കളെപ്പോലെ...” എന്നു പറഞ്ഞത് ശിശുവായ ഇഗ്നാത്തിയോസിനെ വഹിച്ചുകൊണ്ടായിരുന്നു എന്നു പറയപ്പെടുന്നു. തൽഫലമായി അദ്ദേഹത്തെ ‘തെയോഫോറസ്’ (God bearer) എന്നും ചിലയവസരങ്ങളിൽ ‘തീക്കടുത്തവൻ’ എന്നു വിളിച്ചിരുന്നു. എ. ഡി. 107-ൽ റോമിൽ വച്ച് സിംഹങ്ങൾക്ക് ഇരയായിത്തീർന്ന ഇദ്ദേഹത്തിന്റെ ലേഖനങ്ങളിൽ ‘എപ്പിസ്കോപ്പാ’ എന്ന സ്ഥാനത്തെപ്പറ്റിയും ‘വി. കുർബ്ബാന’യുടെ ശ്രേഷ്ഠതകളെപ്പറ്റിയും പ്രതിപാദിക്കുന്നുണ്ട്. ഇദ്ദേഹത്തിന്റേതായി ഏഴു ലേഖനങ്ങൾ സഭയ്ക്ക് ലഭിച്ചിട്ടുണ്ട്.

**3. റോമിലെ വി. ക്ലീമ്മീസ് Clement of Rome (+101 AD)**

ക്രിസ്തുവർഷം ഒന്നാം നൂറ്റാണ്ടിന്റെ അവസാനം റോമിലെ ബിഷപ്പായിരുന്ന (എ. ഡി. 96) വി. ക്ലീമ്മീസ് വി. പത്രോസിന്റെ പിൻഗാമിയായിരുന്നു. പ. പത്രോസ് ശ്ലീഹായുടെ ശിഷ്യനായിരുന്ന ഇദ്ദേഹം എഴുതിയ ലേഖനങ്ങളിൽ പൗരോഹിത്യം, വി. കൂദാശകൾ എന്നിവയെപ്പറ്റിയുള്ള ആദിമ സഭാവിശ്വാസം നമുക്ക് പഠിക്കുവാൻ സാധിക്കും. കൊരിന്ത്യർക്ക് അദ്ദേഹം എഴുതിയ ഒന്നാം ലേഖനം വളരെ പ്രാധാന്യമുള്ളതാണ്.

**4. അലക്സാന്ത്രിയായിലെ വി. ദിവന്നാസ്യോസ് Dionysius of Alexandria (+264 AD)**

പുരാതനസഭയിലെ പ്രസിദ്ധ വേദശാസ്ത്രകേന്ദ്രമായിരുന്ന അലക്സാന്ത്രിയായിലെ ക്രിസ്തീയ വിദ്യാലയത്തിന്റെ തലവനായിരുന്ന ഇദ്ദേഹം പിന്നീട് മേൽപ്പട്ടക്കാരനായി അവരോധിക്കപ്പെട്ടു. 17 വർഷം മേൽപ്പട്ടക്കാരനായിരുന്ന ഇദ്ദേഹം എ. ഡി. 252-ൽ അലക്സാന്ത്രിയാ പട്ടണത്തിൽ പ്ലേഗ് ബാധയുണ്ടായപ്പോൾ പുരോഹിതന്മാരെയും ശെമ്മാശന്മാരെയും കൂട്ടി രോഗികളെയും മരണത്തിന്റെ വക്കിൽ എത്തിയവരെയും ശുശ്രൂഷിച്ചു. വലിയ വായനക്കാരനായിരുന്ന ഇദ്ദേഹത്തിന്റെ കൃതികളിൽ വി. ലൂക്കോസിന്റെയും വി. യോഹന്നാന്റെയും സുവിശേഷങ്ങളെപ്പറ്റിയും വെളിപ്പാടുപുസ്തകത്തെപ്പറ്റിയുമുള്ള വ്യാഖ്യാനങ്ങൾ ശ്രദ്ധേയങ്ങളാണ്.

**നിർത്താം ചിന്തിക്കാം**

1. യാക്കോബ് ശ്ലീഹായ്ക്കു തുബ്ദേനിൽ നൽകിയിരിക്കുന്ന വിശേഷണങ്ങൾ ഏവ?
2. 'യെറുശലേമിലെ തൂണുകൾ' ആരെല്ലാം?
3. തെയോഫോറസ്, നൂറോനോ എന്നീ വാക്കുകളുടെ അർത്ഥമെന്ത്?
4. നിങ്ങൾ തിരിഞ്ഞു ശിശുക്കളെപ്പോലെ.................................................................. (വാക്യം പൂരിപ്പിക്കുക)

**നമുക്ക് തുടരാം**

അഞ്ചാം തുബ്ദേനിൽ ഏറ്റവുമധികം ഓർമ്മിക്കപ്പെടുന്നത് ആകമാന സഭയെ നാലും അഞ്ചും ആറും നൂറ്റാണ്ടുകളിൽ നയിച്ചവരെയാണ്. ഇക്കാലഘട്ടത്തിലാണ് സഭ ധാരാളം വേദപവിപരീതങ്ങൾ നേരിട്ടതും വിശ്വാസപരമായ പ്രഖ്യാപനങ്ങൾ ക്രോഡീകരിച്ചതും എന്നതാണതിനു കാരണം. നിഖ്യാ, കുസ്തന്തീനോപ്പോലീസ്, എഫേസൂസ് എന്നീ സുന്നഹദോസുകളിൽ രൂപപ്പെട്ട വിശ്വാസപ്രഖ്യാപനങ്ങൾക്കും നിഖ്യാ-കുസ്തന്തീനോപ്പോലീസ് സുന്നഹദോസുകളിലൂടെ സഭ സ്വാംശീകരിച്ച നമ്മുടെ വിശ്വാസപ്രമാണത്തിനും (നിഖ്യാവിശ്വാസപ്രമാണമെന്നപേരിൽ അറിയപ്പെടുന്നു) ആധാരമായിത്തീർന്നത് ഈ പിതാക്കന്മാരുടെ ദൈവശാസ്ത്രദർശനങ്ങളാണ്. കൽക്കദോൻ സുന്നഹദോസിൽ നമ്മുടെ പിതാക്കന്മാർ തിരസ്കരിക്കപ്പെടുകയും പിന്നീട് പീഡനമനുഭവിക്കുകയും ചെയ്തുവെങ്കിലും അവർ പഠിപ്പിച്ച വിശ്വാസം നമുക്കിന്നും നിധിപോലെ വിലപ്പിടിപ്പുള്ളതാണ്. നമുക്കിനി ഈ പിതാക്കന്മാരെ ഓരോരുത്തരെയായി പരിചയപ്പെടാം.

## B. നാലാം നൂറ്റാണ്ടിലെ പിതാക്കന്മാർ

### 1. അലക്സാന്ത്രിയായിലെ മാർ അത്താനാസ്യോസ് St. Athanasius of Alexandria (296-373 AD)

ഈജിപ്തിലെ തുറമുഖ പട്ടണമായിരുന്ന അലക്സാന്ത്രിയായിൽ ജനിച്ച വി. അത്താനാസ്യോസ് എ. ഡി. 318-ൽ ശെമ്മാശനാവുകയും നിഖ്യാസുന്നഹദോസിൽ മാർ അലക്സാണ്ടർ മെത്രാപ്പോലീത്തായുടെ സെക്രട്ടറിയായി പങ്കെടുക്കുകയും ചെയ്തു. അറിയോസിന്റെ വേദവിപരീതം സഭാകനൗകയെ പിടിച്ചുലച്ചപ്പോൾ വേദശാസ്ത്രപാരംഗതനായ ഈ ചെറുപ്പക്കാരനാണ് സത്യവിശ്വാസത്തിനുവേണ്ടി പോരാടിയത്. സന്യാസപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവായിരുന്ന വി. അന്തോണിയോസിന്റെ ശിഷ്യനായിരുന്ന ഇദ്ദേഹം എ. ഡി. 328-ൽ മെത്രാപ്പോലീത്തായായി ഉയർത്തപ്പെട്ടു. അഞ്ചുതവണ നാടുകടത്തപ്പെട്ട ഈ പിതാവ് എഴുതിയ ദൈവശാസ്ത്രഗ്രന്ഥങ്ങൾ സഭയ്ക്കിന്നും പഠനഗ്രന്ഥങ്ങളായി നിലകൊള്ളുന്നു. നമ്മുടെ കർത്താവിന്റെ മനുഷ്യാവതാര രഹസ്യം, പരിശുദ്ധാത്മാവിനെപ്പറ്റിയുള്ള പ്രബന്ധം, വി. അന്തോണിയോസിന്റെ ജീവചരിത്രം എന്നിവ വിശ്വപ്രസിദ്ധങ്ങളായ കൃതികളാണ്. എ. ഡി. 373-ൽ ഇദ്ദേഹം ഇഹലോകവാസം വെടിഞ്ഞു.

### 2. റോമിലെ വി. യൂലിയോസ് St. Julious of Rome (+352 AD)

എ. ഡി. 352-ൽ അന്തരിച്ച മാർ യൂലിയോസ് ആകമാനസഭയുടെ പ്രധാനകേന്ദ്രങ്ങളിലൊന്നായിരുന്ന റോമിലെ ബിഷപ്പായിരുന്നു. അലക്സാന്ത്രിയായിലെ വി. അത്താനാസ്യോസിന്റെ ഉത്തമസുഹൃത്തായിരുന്ന യൂലിയോസ് അറിയോസിന്റെ വേദവിപരീതത്തിനെതിരായി ശക്തമായ നിലപാടെടുത്തിരുന്നു. ഇദ്ദേഹത്തിന്റെ നാമത്തിൽ നമുക്ക് ഒരു കുർബ്ബാന തക്സാ ലഭിച്ചിട്ടുണ്ട്. ഇദ്ദേഹമാണ് കർത്താവിന്റെ ജനനപ്പെരുന്നാളിനെ യൽദോ (Christmas) എന്നും ദനഹാ (Epiphany) എന്നും രണ്ടു പെരുന്നാളുകളായി തിരിച്ചത്.

### 3. കൈസറിയായിലെ വി. ബസേലിയോസ് St. Basil of Caesarea (AD 330-379)

നാലാം നൂറ്റാണ്ടിലെ പ്രശസ്ത വേദശാസ്ത്രപണ്ഡിതരായിരുന്ന കപ്പദോക്യൻ പിതാക്കന്മാരിൽ (Cappadocean fathers) അഗ്രഗണ്യനായിരുന്നു കൈസറിയായിലെ ബിഷപ്പായിരുന്ന വി. ബസേലിയോസ്. കൈസറിയായിലും കുസ്തന്തീനോപ്പോലീസിലും പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയ ഇദ്ദേഹം ഏഥൻസിലെ പഠനകാലത്ത് നാസിയാൻസിലെ വി. ഗ്രിഗോറിയോസിനെ പരിചയപ്പെടുകയും ആ സുഹൃദ്ബന്ധം സഭയ്ക്ക് വലിയ മുതൽക്കൂട്ടാവുകയും ചെയ്തു. എ. ഡി. 370-ൽ കൈസറിയായിലെ മെത്രാപ്പോലീത്തായായ ബസേലിയോസ് ദൈവശാസ്ത്രരംഗത്ത് വിവിധതരത്തിൽ സംഭാവനകൾ നൽകിയ വ്യക്തിയാണ്. സന്യാസജീവിതത്തെപ്പറ്റി അദ്ദേഹം രചിച്ച ഗ്രന്ഥങ്ങൾ പ്രൗഢഗംഭീരമാണ്. സന്യാസമഠങ്ങൾ സ്ഥാപിച്ച അദ്ദേഹം ദരിദ്രർക്കായുള്ള ഹോസ്റ്റൽ, ആശുപത്രികൾ എന്നിവ സ്ഥാപിച്ചു. പരിശുദ്ധാത്മാവിനെക്കുറിച്ച് അദ്ദേഹമെഴുതിയ ഗ്രന്ഥം ഇന്നും ആ വിഷയത്തിലെ പ്രഥമ റഫറൻസ് പുസ്തകമാണ്. ത്രിത്വവിശ്വാസത്തെ താത്വികമായി അപഗ്രഥിക്കുന്നതിൽ അദ്ദേഹം വിജയിച്ചു. ഇദ്ദേഹം സഭാചരിത്രത്തിൽ വലിയ മാർ ബസേലിയോസ് എന്നറിയപ്പെടുന്നു.

### 4. നിസ്സായിലെ വി. ഗ്രീഗോറിയോസ് St. Gregory of Nyssa (AD 330-335)

അഞ്ചാം തുബ്ദേനിൽ മാർ ഗ്രീഗോറിയോസ് എന്ന പേരുപറയുന്നത് നിസ്സായിലെ വി. ഗ്രീഗോറിയോസിനെക്കുറിച്ചാണോ അതോ നാസിയാൻസിലെ വി. ഗ്രീഗോറിയോ

സിനെപ്പറ്റിയാണോ (എ. ഡി. 329-389) എന്ന് ചിലർ തർക്കിക്കാറുണ്ട്. അതല്ല, പഴയ കുർബ്ബാനക്രമത്തിൽ രണ്ടുതവണ മാർ ഗ്രീഗോറിയോസ് എന്നു അച്ചടിച്ചിരുന്നു എന്നും ചിലർ പറയുന്നു. കാരണം ഈ രണ്ടു പിതാക്കന്മാരും (നിസ്സായിലെ വി. ഗ്രീഗോറിയോസും നാസിയാൻസിലെ വി. ഗ്രീഗോറിയോസും) സഭാപിതാക്കന്മാരിൽ അഗ്രഗണ്യരായിരുന്നു.

നിസ്സായിലെ വി. ഗ്രീഗോറിയോസ് വലിയ മാർ ബസേലിയോസിന്റെ സഹോദരനായിരുന്നു. പൊന്തോസിലെ വി. പത്രോസ് ഇദ്ദേഹത്തിന്റെ മറ്റൊരു സഹോദരനും വി. മക്രീനാ സഹോദരിയുമായിരുന്നു. എ. ഡി. 371-ലാണ് മാർ ഗ്രീഗോറിയോസ് നിസ്സാ എന്ന പട്ടണത്തിലെ മെത്രാപ്പോലീത്തായായി സ്ഥാനമേറ്റത്. കുസ്തന്തീനോപ്പോലീസ് സുന്നഹദോസിൽ സംബന്ധിച്ച ഇദ്ദേഹം കിഴക്കൻ സഭകളിലെ ദൈവശാസ്ത്രജ്ഞരിൽ പ്രമുഖനായിരുന്നു. ഇദ്ദേഹത്തിന്റെ 'മതബോധനപ്രസംഗ'ത്തിൽ പരിശുദ്ധ ത്രിത്വം, കർത്താവിന്റെ മനുഷ്യാവതാരം, വി. മാമോദീസാ, വി. കുർബ്ബാന എന്നിവയെപ്പറ്റി ആധികാരമായി പരാമർശിക്കുന്നുണ്ട്. പരിശുദ്ധാത്മാവിന്റെ ദൈവത്വത്തെപ്പറ്റി പറയുന്ന പ്രബന്ധം കൂടാതെ 'മോശയുടെ ജീവചരിത്രം', 'കർത്തൃപ്രാർത്ഥന', 'വി. മക്രീനയുടെ ജീവചരിത്രം' എന്നിവയും 'ഉത്തമഗീതം' പോലെയുള്ള വേദപുസ്തകഗ്രന്ഥങ്ങളുടെ വ്യാഖ്യാനങ്ങളും ഇദ്ദേഹത്തിന്റെ കൃതികളാണ്.

### 5. സ്വർണ്ണനാവുകാരൻ മാർ ഈവാനിയോസ് John Chrysostom (AD 347-407)

ഇദ്ദേഹത്തെ മാർ ഈയാവാനിയോസ് എന്നു വിളിക്കുന്നത് ഗ്രീക്കുപദത്തിന്റെ ഉച്ചാരണശൈലിയിലാണ്. മുകളിൽ പറഞ്ഞ പിതാക്കന്മാരുടെ കാലഘട്ടത്തിൽ ജീവിച്ച ഇദ്ദേഹത്തെ അഞ്ചാം തുബ്ദേനിൽ പരാമർശിക്കുന്നത് അടുത്ത നൂറ്റാണ്ടിലെ നാലുപേരുകൾ പറഞ്ഞുകഴിഞ്ഞാണ്. കപ്പദോക്യൻ പിതാക്കന്മാരുടെ ഉത്തമസ്നേഹിതനായിരുന്ന ഇദ്ദേഹം ഗ്രീക്കുഭാഷയിലെ വാഗ്മികളുടെ ശൈലി (rhetoric) അവലംബിച്ച പ്രഗത്ഭനായ പ്രസംഗകനായിരുന്നു; അതിനാലാണ് 'സ്വർണ്ണനാവുകാരൻ' (Chrysostom) എന്നറിയപ്പെട്ടത്. ഉല്പത്തിപുസ്തകം, വി. മത്തായിയുടെയും വി. യോഹന്നാന്റെയും സുവിശേഷങ്ങൾ, വി. പൗലോസിന്റെ ലേഖനങ്ങൾ എന്നിവയെ ആസ്പദമാക്കിയുള്ള ഇദ്ദേഹത്തിന്റെ പ്രസംഗങ്ങൾ ആദ്യകാലഘട്ടത്തിന്റെ പ്രത്യേകതയായിരുന്നു. എ. ഡി. 398-ൽ ഇദ്ദേഹം കുസ്തന്തീനോപ്പോലീസിലെ പാത്രിയർക്കീസായി നിയമിക്കപ്പെട്ടു.

### നമുക്കു ചിന്തിക്കാം

1. 'ഈയാവാനീസ്, 'ഈവാനിയോസ്' - പഴയ പുസ്തകങ്ങളിലും പുതിയ പുസ്തകങ്ങളിലും ഈ പേരിന് ഇങ്ങനെ രണ്ടു രൂപം വരാൻ കാരണമെന്ത്?
2. ക്രിസോസ്റ്റം എന്ന വാക്കിന്റെ അർത്ഥമെന്ത്? ഈ പേര് മാർ ഈവാനിയോസിന് ലഭിക്കാൻ കാരണമെന്ത്? നിങ്ങളുടെ കാലഘട്ടത്തിൽ ആർക്കെങ്കിലും ഈ പേരു നൽകണമെന്ന് നിങ്ങൾക്കു തോന്നുന്നുണ്ടോ?
3. അഞ്ചാം തുബ്ദേനിൽ മാർ ഗ്രീഗോറിയോസ് എന്നു പ്രതിപാദിക്കപ്പെടുന്നവർ ആരെല്ലാം?

4. ‘അപ്പൊസ്തോലിക പിതാക്കന്മാർ’, ‘കപ്പദോക്യൻ പിതാക്കന്മാർ’ എന്നീ വാക്കുകൾ വിശദീകരിക്കുക.

## നമുക്കു പാടാം

(അൻപുടയോനെ നിൻ വാതിൽ എന്ന രീതിയിൽ പാടാം)

ഇഷ്ടർക്കായ് ജീവൻ വച്ച് - ക്നൂമായെ ബലിയർപ്പിച്ച
കർത്താവിന്റെ വിരുന്നിൽ നാം - ക്ഷണമാർന്നീടട്ടെ മേന്മേൽ
പന്ത്രണ്ടപ്പൊസ്തോലന്മാർ - പന്തീരാർ അറിയിപ്പോരും
മുന്നൂറ്റിപ്പതിനെട്ടാകും - മല്പാന്മാരുമതിൽപ്പെട്ടു
ആബൂൻ മാർ ബസേലിയോസ് - ഗ്രീഗോറിയോസെന്നവരെ
മായം വിട്ടാട്ടിൻകൂട്ടം - മേയിപ്പാനായതിലാക്കി.

## നിശ്ചയം

**തുബ്ദേൻ സമയത്ത് ഉദാസീനതയോടെ ഇരിക്കാതെ ധ്യാനപൂർവ്വം ഇരിക്കയും പിതാക്കന്മാരുടെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിക്കുകയും ചെയ്യും.**

## നമുക്കു പ്രാർത്ഥിക്കാം

*സത്യവിശ്വാസത്തിനുവേണ്ടി പോരാടുകയും കഷ്ടതയനുഭവിക്കുകയും ചെയ്ത പരിശുദ്ധ പിതാക്കന്മാരേ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ. ദൈവമായ കർത്താവേ, അവരും ഞങ്ങളും എന്നും നിനക്കു സ്തുതിപാടുവാൻ സംഗതിയാക്കണമേ. പിതാക്കന്മാർ പഠിപ്പിച്ച വിശ്വാസം എന്നും മുറുകെ പിടിക്കുവാൻ ഞങ്ങളെ സഹായിക്കേണമേ.*

## തുടർവായനയ്ക്ക്

| ദിവസം | രാവിലെ | വൈകുന്നേരം |
|---|---|---|
| ഞായർ | | എബ്രായർ 11:1-6 |
| തിങ്കൾ | യോഹന്നാൻ 5:19-29 | എബ്രായർ 11:7-12 |
| ചൊവ്വ | യോഹന്നാൻ 5:30-36 | എബ്രായർ 11:13-19 |
| ബുധൻ | 1 പത്രോസ് 1:3-25 | എബ്രായർ 11:20-29 |
| വ്യാഴം | എഫെസ്യർ 2:11-22 | എബ്രായർ 11:30-40 |
| വെള്ളി | എഫെസ്യർ 4:1-7 | എബ്രായർ 12:1-6 |
| ശനി | മത്തായി 5:3-12 | എബ്രായർ 13:7-17 |

പാഠം 21

# അഞ്ചാം തുബ്ദേനിലെ പിതാക്കന്മാർ (തുടർച്ച)

ഭാഗം 2

## നാലാം നൂറ്റാണ്ടിനുശേഷം

### പാഠനോദ്ദേശ്യം

അഞ്ചാം തുബ്ദേനിൽ നാം ഓർക്കുന്ന പിതാക്കന്മാരിൽ നാലാം നൂറ്റാണ്ടിനുശേഷം ജീവിച്ചിരുന്നവരെക്കുറിച്ച് പഠിക്കുക.

**മനഃപാഠവാക്യം:** നിങ്ങളോടു ദൈവവചനം പ്രസംഗിച്ച് നിങ്ങളെ നടത്തിയവരെ ഓർത്തുകൊൾവിൻ; അവരുടെ ജീവാവസാനം ഓർത്ത് അവരുടെ വിശ്വാസം അനുകരിപ്പിൻ (എബ്രായർ 13:7).

**പഠനസഹായി:** വി. കുർബ്ബാനക്രമം

### ആമുഖം

അഞ്ചാം തുബ്ദേനിൽ ഓർക്കുന്ന പിതാക്കന്മാരെക്കുറിച്ചാണല്ലോ നാം കഴിഞ്ഞ ക്ലാസ്സിൽ പഠിച്ചത്. നാലാം നൂറ്റാണ്ടുവരെ ജീവിച്ചിരുന്നവരെക്കുറിച്ച് നാം പഠിച്ചു. അതിനുശേഷമുള്ള പിതാക്കന്മാരെക്കുറിച്ചാണ് ഇന്നു പഠിക്കുന്നത്. അഞ്ചാം നൂറ്റാണ്ടിൽ സഭയിലുണ്ടായ ഒരു പ്രധാന സംഭവവികാസമാണ് കൽക്കദോൻ സുന്നഹദോസ്. അതുകൊണ്ട് കൽക്കദോൻ സുന്നഹദോസ് കാലഘട്ടത്തിലെ പിതാക്കന്മാർ, അതിനുശേഷമുള്ളവർ എന്നിങ്ങനെ വേർതിരിച്ചാണ് ഇവരെ പഠിക്കുന്നത്. പുരാതനസഭയിലെ കവികളും സന്യാസശ്രേഷ്ഠന്മാരുമായ പിതാക്കന്മാരെക്കുറിച്ചും പ്രത്യേകമായി പഠിക്കേണ്ടതുണ്ട്. മലങ്കരയിലെ പരിശുദ്ധന്മാരെയും നാം ഓർക്കണം. പ. പരുമല തിരുമേനിയെക്കുറിച്ചും പ. വട്ടശ്ശേരിൽ തിരുമേനിയെക്കുറിച്ചും പത്താം ക്ലാസ്സിൽ വിശദമായി പഠിക്കുന്നുണ്ട്.

### പാഠഭാഗം

### C. കൽക്കദോൻ സുന്നഹദോസ് കാലഘട്ടത്തിലെ പിതാക്കന്മാർ

അഞ്ചാം നൂറ്റാണ്ടിൽ സഭാനൗകയെപ്പിടിച്ചുലച്ച വേദവിപരീതങ്ങളാണ് എവുനോമിയോസ് (Eunomius), അപ്പല്ലോനോറിയസ് (Apollonorius) എന്നിവർ അഴിച്ചുവിട്ടത്. നെസ്തോറിന്റെ പഠിപ്പിക്കലുകളുടെ ചുവടുപിടിച്ച് ഇവർ വേദവിപരീതം പ്രചരിപ്പിച്ചു. നമ്മുടെ കർത്താവിന്റെ മനുഷ്യാവതാരത്തിൽ ദൈവത്വവും മനുഷ്യത്വവും എങ്ങനെ കൂടിക്കലർന്നു

വെന്നതായിരുന്നു ഇവരുടെ ചിന്താവിഷയം. ഈ വേദവിപരീതങ്ങൾക്ക് അറുതിവരുത്തുവാനായി എ. ഡി. 451-ൽ കൽക്കദോനിൽ കൂടിയ സുന്നഹദോസിൽ (Council of Chalcedon) സഭയുടെ വിശ്വാസത്തെ പ്രതിനിധീകരിച്ച മൂന്നു പ്രധാന പിതാക്കന്മാരാണ് ഈ കാലഘട്ടത്തിന്റെ കാവൽഭടന്മാർ. ഇവരുടെ പേരുകൾ അവരുടെ പ്രാധാന്യമനുസരിച്ച് പരിശോധിക്കാം.

**1. അലക്സാന്ത്രിയായിലെ മാർ കൂറിലോസ് Cyril of Alexandria (AD 376-444)**

മുകളിൽപറഞ്ഞ വേദവിപരീതങ്ങൾക്കെതിരായി സത്യവിശ്വാസം പഠിപ്പിക്കുന്നതിൽ അഗ്രഗണ്യൻ അലക്സാന്ത്രിയായിലെ വി. കൂറിലോസ് ആയിരുന്നു. എ. ഡി. 429-ൽ അലക്സാന്ത്രിയായിലെ പാത്രിയർക്കീസായി അവരോധിക്കപ്പെട്ട ഇദ്ദേഹം എഫേസൂസ് സുന്നഹദോസിന്റെ അദ്ധ്യക്ഷനായിരുന്നു. കുസ്തന്തീനോപ്പോലീസിലെ പാത്രിയർക്കീസായിരുന്ന നെസ്തോറിന്റെ വേദവിപരീതത്തെ നഖശിഖാന്തം എതിർത്ത ഇദ്ദേഹം പഠിപ്പിച്ച സത്യവിശ്വാസം പിൽക്കാലത്ത് കൽക്കദോൻ സുന്നഹദോസിനെ അനുകൂലിച്ചവർക്കും അതിനെ എതിർത്ത നമ്മുടെ പിതാക്കന്മാർക്കും അടിസ്ഥാനമായിരുന്നു.

ഇദ്ദേഹം പഠിപ്പിച്ച വിശ്വാസതത്വം വ്യാഖ്യാനിക്കുന്നതിൽ വന്ന വ്യത്യസ്തതയും ഇരുവിഭാഗക്കാരും ഉപയോഗിച്ച ഭാഷകളുടെ വൈവിധ്യവുമാണ് വാസ്തവത്തിൽ കൽക്കദോൻ സുന്നഹദോസിൽവച്ച് സഭയെ രണ്ടായി പിളർത്തിയത്. ഇദ്ദേഹത്തെപ്പറ്റി അഞ്ചാം തുബ്ദേനിൽ പറയുന്ന വിശേഷണങ്ങൾ ശ്രദ്ധിക്കുക: "വചനമായ ദൈവം ശരീരിയായിത്തീർന്നുവെന്ന് നമ്മുടെ കർത്താവായ യേശുമശിഹായുടെ മനുഷ്യാവതാരത്തെക്കുറിച്ച് സ്പഷ്ടമായി തെളിയിച്ചവനും സത്യവാനും ഉന്നതഗോപുരവുമായ പ്രസിദ്ധമായ മാർ കൂറിലോസ്."

**2. അലക്സാന്ത്രിയായിലെ മാർ ദീയസ്കോറോസ് Dioscoros of Alexandria (+454 AD)**

എ. ഡി. 444-ൽ മാർ കൂറിലോസിന്റെ പിൻഗാമിയായി അലക്സാന്ത്രിയ പാത്രിയർക്കീസായത് മാർ ദീയസ്കോറോസായിരുന്നു. തന്റെ മുൻഗാമിയുടെ അനന്തിരവനായിരുന്ന ഇദ്ദേഹം എ. ഡി. 447-ൽ എഫേസൂസിലെ രണ്ടാം സുന്നഹദോസിൽ അദ്ധ്യക്ഷനും കൽക്കദോൻ സുന്നഹദോസിൽ പങ്കെടുത്തയാളുമാണ്. എന്നാൽ കുസ്തന്തീനോപ്പോലീസിലെയും റോമിലെയും പാത്രിയർക്കീസുമാർ ഒത്തുചേർന്ന് ദീയസ്കോറോസിനെതിരെ നിലപാടുകൾ എടുക്കുയും ഇരുസ്വഭാവവാദിയും റോമിലെ പാത്രിയർക്കീസുമായിരുന്ന ലേയോന്റെ വിശ്വാസം (Pope Leo of Rome) കൽക്കദോൻ സുന്നഹദോസിന്റെ പ്രമാണരേഖയായി സ്വീകരിക്കുകയും ചെയ്തു. നിർദ്ദയമായി പീഡിപ്പിക്കപ്പെട്ട ദീയസ്കോറോസിനെ എതിരാളികൾ ഗാംഗ്റായിലേക്ക് (Gangra) നാടുകടത്തി.

**3. അലക്സാന്ത്രിയായിലെ മാർ തിമോത്തിയോസ് Mar Timothy of Alexandria (+477 AD)**

തന്റെ മുൻഗാമികളെപ്പോലെ ഇരുസ്വഭാവവാദത്തിനെതിരായി പോരാടിയ മാർ തിമോത്തിയോസ് സത്യവിശ്വാസസംരക്ഷകനായിരുന്നു, അലക്സാന്ത്രിയായിലെ കൂറിലോസിന്റെ ശിഷ്യനായിരുന്നു. കൽക്കദോൻ നിശ്ചയങ്ങൾക്കെതിരായി ഒരു സുന്നഹദോസ് വിളിച്ചുകൂട്ടിയ ഇദ്ദേഹം സത്യവിശ്വാസസംരക്ഷണത്തിനായി ധാരാളം ത്യാഗങ്ങൾ സഹിച്ചിട്ടുണ്ട്. നോമ്പ്, പ്രാർത്ഥന, ഉപവാസം എന്നീ ആദ്ധ്യാത്മികസിദ്ധികളിൽ മുന്നിട്ടുനിന്ന ഇദ്ദേഹം എ. ഡി. 497-ൽ ഇഹലോകവാസം വെടിഞ്ഞു.

**നിർത്താം ചിന്തിക്കാം**

1. കൽക്കദോൻ സുന്നഹദോസ് നമ്മുടെ സഭ സ്വീകരിക്കുന്നില്ല. എന്തുകൊണ്ട്?
2. കൽക്കദോൻ സുന്നഹദോസ് കാലഘട്ടത്തിൽ സത്യവിശ്വാസത്തിനുവേണ്ടി പോരാടിയ പ്രധാന പിതാക്കന്മാർ ആരെല്ലാം?
3. അലക്സാന്ത്രിയായിലെ കൂറിലോസിനെക്കുറിച്ച് അഞ്ചാം തുബ്ദേനിൽ പറയുന്ന വാചകത്തിലെ പ്രധാന ആശയങ്ങൾ ഏതെല്ലാം?

### തുടരാം

## D. കൽക്കദോൻ സുന്നഹദോസിനുശേഷമുള്ള പിതാക്കന്മാർ

കൽക്കദോൻ സുന്നഹദോസിൽ വച്ച് സഭ വിഭജിക്കപ്പെടുകയും ഇന്നത്തെ പാശ്ചാത്യസഭകളും (റോമൻ കത്തോലിക്കാ, പ്രൊട്ടസ്റ്റന്റ് സഭകൾ), ബൈസന്റയിൻ ഓർത്തഡോക്സ് സഭകളും (ഉദാ. റഷ്യൻ, ഗ്രീക്ക്, റുമേനിയാ etc.) കൽക്കദോൻ അനുകൂലികളായും (Chalcedonian Believers) ഓറിയന്റൽ ഓർത്തഡോക്സ് സഭകളുടെ പിതാക്കന്മാർ, കൽക്കദോൻ വിരോധികളായും (Non-Chalcedonian Believers) അറിയപ്പെട്ടുവന്നു. 1500 വർഷങ്ങൾക്കുശേഷം 1964 മുതൽ ഇരുവിഭാഗക്കാരും തമ്മിൽ നടത്തിയ ചർച്ചകളിൽവച്ച് കൽക്കദോൻ സുന്നഹദോസിൽ രണ്ടു ചേരിക്കാരും പറഞ്ഞത് അലക്സാന്ത്രിയായിലെ വി. കൂറിലോസിന്റെ വിശ്വാസംതന്നെയായിരുന്നുവെന്ന് പരസ്പരം സമ്മതിക്കുകയുണ്ടായിട്ടുണ്ട്. എന്തായിരുന്നാലും നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനം കൽക്കദോൻ വിരോധികളായ പിതാക്കന്മാരുടെതായിരുന്നു. അവർ താഴെപ്പറയുന്നവരാണ്.

### 1. മാബൂഗിലെ മാർ പീലക്സിനോസ് Philoxenos of Mabbug (440-523)

എ. ഡി. 485-ൽ മാബൂഗിലെ മെത്രാപ്പോലീത്തായായിത്തീർന്ന ഇദ്ദേഹം മഹാപണ്ഡിതനും മല്പാനും തത്വശാസ്ത്രജ്ഞനും വേദശാസ്ത്രത്തിൽ അഗ്രഗണ്യനും നിയമജ്ഞനുമായിരുന്നു. എ. ഡി. 523-ൽ രക്തസാക്ഷിയായിത്തീർന്ന ഇദ്ദേഹത്തിന്റെ വേദപുസ്തകവ്യാഖ്യാനഗ്രന്ഥങ്ങൾ പ്രൗഢഗംഭീരങ്ങളായിരുന്നു. വി. മത്തായി, വി. ലൂക്കോസ്, വി. യോഹന്നാൻ എന്നിവരെഴുതിയ സുവിശേഷങ്ങൾക്ക് എഴുതിയ വ്യാഖ്യാനങ്ങൾ കൂടാതെ വി. ത്രിത്വത്തെയും കർത്താവിന്റെ മനുഷ്യാവതാരത്തെപ്പറ്റിയും എഴുതിയ കൃതികളും ധാർമ്മികമായ വിഷയങ്ങളെപ്പറ്റിയെഴുതിയ പുസ്തകങ്ങളും ദൈവശാസ്ത്രരംഗത്തെ അമൂല്യസംഭാവനകളാണ്. സുറിയാനിഭാഷയിൽ രചിച്ച ഇദ്ദേഹത്തിന്റെ കൃതികൾ നമ്മുടെ സഭയ്ക്ക് സുപ്രധാനങ്ങളാണ് എന്നു പറയേണ്ടതില്ലല്ലോ.

### 2. വി. അന്തീമോസ് St. Antimus

കുസ്തന്തീനോപ്പോലീസിലെ പാത്രിയർക്കീസായി എ. ഡി. 535-ൽ വാഴിക്കപ്പെട്ട ഇദ്ദേഹം തികഞ്ഞ ഒരു സന്യാസി ശ്രേഷ്ഠനായിരുന്നു. നമ്മുടെ ആരാധനയിലെ പല 'എക്ബോ'കളും ഇദ്ദേഹത്തിന്റെ പേരിൽ അറിയപ്പെടുന്നു. സുപ്രസിദ്ധ ഗായകനായിരുന്ന നെക്സന്തിയോസിന്റെ ശിഷ്യനായിരുന്നു ഇദ്ദേഹം.

### 3. അന്ത്യോഖ്യായിലെ മാർ സേവേറിയോസ് Severius of Antioch (AD 465-538)

കൽക്കദോൻ പക്ഷക്കാർക്കെതിരെ സത്യവിശ്വാസം പഠിപ്പിക്കുന്നതിൽ ഏറ്റവുമധികം വിജയിച്ച മാർ സേവേറിയോസ് എ. ഡി. 512-ൽ അന്ത്യോഖ്യ പാത്രിയർക്കീസായി അവരോധിക്കപ്പെട്ടു. പണ്ഡിതശ്രേഷ്ഠനായിരുന്ന ഇദ്ദേഹമെഴുതിയ മാർ സേവേറിയോസിന്റെ മാനീസാ നാം വി. കുർബ്ബാനയുടെ പ്രാരംഭത്തിൽ ചൊല്ലുന്നു (നിൻ മാതാവു വിശുദ്ധന്മാർ...) ഇതിൽ ത്രിത്വരഹസ്യത്തെപ്പറ്റിയും കർത്താവിന്റെ മനുഷ്യാവതാരത്തെ

പ്പറ്റിയും പറയുന്ന വിശ്വാസപ്രഖ്യാപനം സംക്ഷിപ്തമെങ്കിലും ആഴമേറിയ ദൈവശാസ്ത്ര മാണ്. അതുകൊണ്ടാണ് അഞ്ചാം തുബ്ദേനിൽ ഇദ്ദേഹത്തെ വാനോളം പുകഴ്ത്തുന്നത്. "സുറിയാനിക്കാരുടെ കിരീടവും ദൈവത്തിന്റെ വിശുദ്ധ സഭ മുഴുവന്റെയും വിവേകമുള്ള വായും, തൂണും, മല്പാനും, പുഷ്പങ്ങൾകൊണ്ട് നിറച്ച മേച്ചിൽസ്ഥലവും, മറിയാം സംഭ്രമം കൂടാതെ ദൈവമാതാവെന്ന് എല്ലായ്പ്പോഴും പ്രസംഗിച്ചവനുമായ ഞങ്ങളുടെ പാത്രിയർക്കീസ്" എന്നാണ് നാമദ്ദേഹത്തെ വിശേഷിപ്പിച്ചിരിക്കുന്നത്.

### 4. മാർ യാക്കോബ് ബുർദ്ദാനാ Mar Jacob Baradeus (500-578)

കൽക്കദോൻ വിരോധികളുടെ പ്രധാന നേതാവ് മാർ യാക്കോബ് ബുർദ്ദാനായായിരുന്നു. 'തുണിത്തുണ്ടുകൾ തുന്നിച്ചേർത്ത കട്ടിയുള്ള ഒരു തടിയൻ' വസ്ത്രം ധരിച്ചതു കാരണമാണ് 'കീറത്തുണി ഉടുത്തവൻ' എന്നർത്ഥമുള്ള 'ബുർദ്ദാനാ' എന്നു വിളിച്ചിരുന്നത്. മറ്റു ഭാഗക്കാർ നമ്മുടെ പിതാക്കന്മാരെ നിഷ്കരുണം പീഡിപ്പിച്ച കാലഘട്ടത്തിൽ ഇദ്ദേഹം കിഴക്കൻ നാടുകളിൽ ഓടിനടന്ന് സഭാവിശ്വാസികളെ സംഘടിപ്പിച്ച് സഭയുടെ കെട്ടുറപ്പ് ഭദ്രമാക്കുകയും ധാരാളംപേരെ വൈദികരായും മേൽപ്പട്ടക്കാരായും വാഴിക്കുകയും ചെയ്തതുമൂലമാണ് 'ഏകസ്വഭാവവാദക്കാർ' എന്ന ആക്ഷേപനാമമുണ്ടായിരുന്ന നമ്മുടെ പിതാക്കന്മാരുടെ വിശ്വാസം കാലഘട്ടത്തെ അതിജീവിച്ചത്. അതുമൂലമാണ് ഇദ്ദേഹത്തെ പിൻപറ്റിയവരെ 'യാക്കോബായക്കാർ' എന്നു കളിയാക്കി വിളിക്കാനിടയായത്. സത്യവിശ്വാസം രക്ഷിച്ച കൂട്ടമായതുകൊണ്ട് 'ഓർത്തഡോക്സുകാർ' എന്ന നാമമായിരുന്നു ഇവർക്ക് അനുയോജ്യമെന്നതു കാലം തെളിയിച്ചു. എ. ഡി. 542-ൽ ഉറഹായുടെ എപ്പിസ്കോപ്പായായിത്തീർന്ന ഇദ്ദേഹം 20 മേൽപ്പട്ടക്കാരെയും ആയിരക്കണക്കിന് പട്ടക്കാരെയും ശെമ്മാശന്മാരെയും വാഴിച്ചതു ഈജിപ്തിലും സിറിയായിലും ബാബിലോൺ പ്രദേശങ്ങളിലും ഒളിവിൽ പാർത്തുകൊണ്ടും, വൻ രാഷ്ട്രീയസ്വാധീനമുണ്ടായിരുന്ന എതിർപക്ഷക്കാരുടെ ക്രൂരമർദ്ദനങ്ങളെ നേരിട്ടുമായിരുന്നു.

**നിർത്താം ചിന്തിക്കാം പ്രവർത്തിക്കാം**

1. മാബൂഗിലെ മാർ പീലക്സിനോസിന്റെ രചനകൾ എന്തെല്ലാം?
2. അന്ത്യോഖ്യയിലെ മാർ സേവേറിയോസിനെക്കുറിച്ച് അഞ്ചാം തുബ്ദേനിൽ പറയുന്ന ഭാഗം വി. കുർബ്ബാനക്രമത്തിൽനിന്നും വായിച്ചു ചർച്ചചെയ്യുക.
3. യാക്കോബ് ബുർദ്ദാന എന്ന പേരിലെ 'ബുർദ്ദാനാ' എന്ന നാമം എങ്ങനെയുണ്ടായി?

**നമുക്കു തുടരാം**

## E. പുരാതന സഭയിലെ കവികളും സന്യാസശ്രേഷ്ഠന്മാരുമായ പിതാക്കന്മാർ

അഞ്ചാം തുബ്ദേനിൽ പിതാക്കന്മാരുടെ പേരുകൾ കാലക്രമമനുസരിച്ചല്ല കൊടുത്തിരിക്കുന്നത് എന്നു നാം നേരത്തെതന്നെ മനസ്സിലാക്കിയല്ലോ. അടുത്തുപറയുന്ന എട്ടു പിതാക്കന്മാർ നാലു മുതൽ ഏഴുവരെ നൂറ്റാണ്ടുകളിൽ ജീവിച്ചിരുന്നവരാണ്.

### 1. വി. റൂഹായുടെ കിന്നരമായിരുന്ന മാർ അപ്രേം St. Ephrem of Nisibis (AD 306-373)

ഇദ്ദേഹം വളരെയധികം വേദവ്യാഖ്യാനങ്ങൾ എടുക്കുകയും വേദശാസ്ത്രപരമായി നൂറുകണക്കിന് ഗാനങ്ങൾ (മെമ്രാകൾ) രചിക്കുകയും ചെയ്തിട്ടുണ്ട്. ഒരു ചെറുപ്പക്കാരനായ സന്യാസിയായി ഇദ്ദേഹം നിസിബിസിലെ മെത്രാപ്പോലീത്തായോടൊപ്പം നിഖ്യാ

സുന്നഹദോസിൽ സംബന്ധിച്ചിട്ടുണ്ട്. 38 വർഷം നിസിബിസിലെ വൈദിക വിദ്യാലയത്തിലെ അദ്ധ്യാപകനായിരുന്ന ഈ മഹാകവിയെ 'സുറിയാനിക്കാരുടെ സൂര്യൻ' (the Sun of Syrians), 'സഭയുടെ സ്തംഭം' (the Column of the Church), 'വി. റൂഹായുടെ കിന്നരം' (the Harp of the Holy Spirit), 'സുറിയാനിക്കാരുടെ പ്രവാചകൻ' (the Prophet of Syrians) എന്നെല്ലാം വിളിക്കുന്നതിലൂടെ സുറിയാനിയാരാധനയിലും വിശ്വാസപ്രചരണത്തിലും എന്തുമാത്രം സ്ഥാനം നേടിയെടുത്ത ഒരു പിതാവായിരുന്നു എന്നു നമുക്കനുമാനിക്കാം. നല്ല ഒരു സന്യാസിയായി ജീവിച്ച ഇദ്ദേഹം സുറിയാനി ഭാഷയുടെ യഥാർത്ഥ ശില്പിയായും അറിയപ്പെട്ടിരുന്നു.

### 2. സെറൂഗിലെ മാർ യാക്കോബ് (Jacob of Sarug) (451-521)

മാർ യാക്കോബ് എന്ന പേരിൽ സുറിയാനിസഭയ്ക്ക് പല പിതാക്കന്മാരും ഉണ്ടായിട്ടുണ്ട്. 'മെസോപ്പൊട്ടാമിയായിലെ മോശ' എന്നറിയപ്പെട്ടിരുന്ന നിസിബിസിലെ മാർ യാക്കോബ് നിഖ്യാസുന്നഹദോസിൽ പങ്കെടുത്തയാളാണ്. കൂടാതെ ഉറഹായിലെ വി. യാക്കോബും (എ. ഡി. 649-708) വലിയ പണ്ഡിതനും സഭാചരിത്രകാരനും വേദവ്യാഖ്യാനങ്ങൾ എഴുതിയ ആളുമായിരുന്നു.

നമ്മുടെ കഥാപുരുഷനായ സെറൂഗിലെ മാർ യാക്കോബ് അനേകം ഗാനങ്ങൾ എഴുതിയിട്ടുള്ള വലിയൊരു സന്യാസിയായിരുന്നു. നമ്മുടെ ആരാധനകളിൽ ഉപയോഗിക്കുന്നവയുൾപ്പെടെ ഏകദേശം 800-ഓളം മെമ്രാകളും ബോവൂസോകളും അദ്ദേഹം രചിച്ചിട്ടുണ്ട്. കൂടാതെ ഇദ്ദേഹത്തിന്റെ 95 പ്രസംഗങ്ങൾ ലഭിച്ചിരിക്കുന്നതിൽ 'ക്രിസ്തുവിന്റെ പീഡാനുഭവം', 'വിശ്വാസവും സൗഭാഗ്യങ്ങളും', 'ശുദ്ധീകരണസ്ഥലം' എന്നിവ വിശ്വപ്രസിദ്ധങ്ങളാണ്.

### 3. നിനവെയിലെ മാർ ഇസഹാക്ക് Isaac of Nineveh (+AD 461)

മാർ അപ്രേമിന്റെ ശിഷ്യനായിരുന്ന മാർ ഇസഹാക്ക് ഉറഹായിലെ ഒരു ഉയർന്ന പർവ്വതത്തിൽ സന്യാസജീവിതം നയിച്ചയാളാണ്. സന്യാസാശ്രമജീവിതത്തെക്കുറിച്ച് ഇദ്ദേഹമെഴുതിയ കൃതികൾ ഇന്ന് ഗ്രീക്കിലും അറബിയിലും എത്യോപ്യൻ ഭാഷയിലും വിവർത്തനം ചെയ്തു പൗരസ്ത്യസഭകൾ ഉപയോഗിക്കുന്നു. എ. ഡി. 461-ൽ ഇദ്ദേഹം നിര്യാതനായി.

### 4. സഭാഗായകനായ മാർ ബാലായി Mar Balai (അഞ്ചാം നൂറ്റാണ്ട്)

നമ്മുടെ ആരാധനാക്രമത്തിൽ ബോവൂസോകളുടെ ഗണത്തിൽ യാക്കോബിനോടും അപ്രേമിനോടും ചേർന്നുപറയുന്ന പേരാണ് മാർ ബാലായിയുടേത്. ആദ്യം കോർ-എപ്പിസ്കോപ്പായായും പിന്നീട് എപ്പിസ്കോപ്പായായും ഉയർത്തപ്പെട്ട ഇദ്ദേഹം സത്യവിശ്വാസം സംബന്ധിച്ച് ധാരാളം ഗീതങ്ങൾ എഴുതിയിട്ടുണ്ട്. 'യൗസേഫിന്റെ ചരിത്രവും', 'മോശയ്ക്കും അഹറോനും വിട' എന്ന കൃതിയും ഇദ്ദേഹത്തെ പ്രസിദ്ധനാക്കി.

### 5. മാർ ബർസൗമാ Barsauma (+AD 458)

എ. ഡി. 449-ൽ എഫേസൂസിൽ കൂടിയ രണ്ടാം സുന്നഹദോസിലും എ. ഡി. 451-ലെ കൽക്കദോൻ സുന്നഹദോസിലും സന്യാസിമാരുടെ പ്രതിനിധിയായി പങ്കെടുത്ത ഈ പിതാവ് നിഷ്ഠയുള്ള ജീവിതം നയിച്ചവരിൽ പ്രമുഖനായിരുന്നു. രാവും പകലും നിന്നുകൊണ്ട് പ്രാർത്ഥിച്ചിരുന്ന ഈ പിതാവ് നോമ്പിന്റെ കാഠിന്യത്താൽ 'നോമ്പിന്റെ പുത്രൻ' എന്നർത്ഥമുള്ള 'ബർസൗമാ' എന്നറിയപ്പെട്ടു. ആബീലന്മാരുടെ (ദുഃഖിതന്മാർ) തലവനായ ഇദ്ദേഹം കൽക്കദോൻ സുന്നഹദോസിനുശേഷം പീഡിപ്പിക്കപ്പെടുകയും എ. ഡി.

458-ൽ നിര്യാതനാവുകയും ചെയ്തു. ധാരാളം അത്ഭുതങ്ങൾ പ്രവർത്തിച്ചിട്ടുള്ള ഈ പിതാവ് ഒരേസമയം വിശ്വാസധീരനും സന്യാസിശ്രേഷ്ഠനും പരിശുദ്ധനുമായിരുന്നു.

**6. മാർ ശെമവൂൻ ദെസ്തുനി Simeon the Stylite (AD 390-459)**

സന്യാസപ്രസ്ഥാനങ്ങളിൽ എന്തുകൊണ്ടും വ്യതിരിക്തത പുലർത്തിയ ഒരാളായിരുന്നു മാർ ശെമവൂൻ ദെസ്തുനി. ഇദ്ദേഹം ഒരു സ്തംഭത്തിലിരുന്നു തപസ്സുചെയ്തതുകൊണ്ടാണ് 'സ്തൂപവാസി' (Stylite) എന്നു വിളിക്കപ്പെട്ടത്. സിറിയായിലെ ആലപ്പോയ്ക്കടുത്ത് പണിതുയർത്തിയ ഒരു സ്തംഭത്തിന്മേൽ 40 വർഷം പ്രാർത്ഥനയും വ്രതാനുഷ്ഠാനങ്ങളുമായി കഴിച്ചുകൂട്ടിയ ആളാണിദ്ദേഹം. താഴെ കൂട്ടംകൂടിയ ആളുകൾ ഉപദ്രവിച്ചതു നിമിത്തം ഒരവസരത്തിൽ ഇദ്ദേഹം ഇരുന്ന സ്തംഭത്തിന്റെ ഉയരം 60 അടിയായി ഉയർത്തേണ്ടിവന്നു.

**7. തെരഞ്ഞെടുക്കപ്പെട്ടവനായ മാർ അബഹായി**

എ. ഡി. 401 മുതൽ 450 വരെ റോമാസാമ്രാജ്യം ഭരിച്ചിരുന്ന തെവോദോസ്യോസ് ചക്രവർത്തി മാർ അബഹായിയെ നിഖ്യായുടെ മെത്രാപ്പോലീത്തായായി വാഴിച്ചു. 32 വർഷം സഭയെ നയിച്ച ഇദ്ദേഹം തന്റെ പിതൃസ്വത്തുക്കൾ ദരിദ്രർക്കായി വിതരണം ചെയ്യുകയും രോഗികളെ തന്റെ അത്ഭുതശക്തിയാൽ സുഖപ്പെടുത്തുകയും ചെയ്തു. മർദ്ദീനടുത്തുള്ള ഒരു ദയറായിൽ കഴിഞ്ഞ ഇദ്ദേഹം 110-ാം വയസ്സിലാണ് നിര്യാതനായത്.

**പ്രവർത്തനങ്ങൾ**

1. മാർ അപ്രേമിന്റെ അഞ്ചു വിശേഷണങ്ങൾ കണ്ടുപിടിക്കുക.

   ..........................................................................................................

   ..........................................................................................................

   ..........................................................................................................

   ..........................................................................................................

   ..........................................................................................................

2. മാർ അപ്രേമിന്റെ ഒരു മെമ്രായും ഒരു ബോവൂസോയും താഴെ എഴുതുക. (ആദ്യത്തെ വരി മാത്രം)

   മെമ്രാ..........................................................................................................

   ബോവൂസോ..........................................................................................................

3. മാർ ബാലായിയുടെ രണ്ടു ഗീതങ്ങൾ വി. കുർബ്ബാനക്രമത്തിൽനിന്നും കണ്ടുപിടിക്കുക. (ആദ്യത്തെ വരി മാത്രം)

   ..........................................................................................................

   ..........................................................................................................

4. ബർസൗമാ, ദെസ്തുനി എന്നീ വാക്കുകളുടെ അർത്ഥം എഴുതുക.

.............................................................................................................

.............................................................................................................

## F. ആധുനിക കാലഘട്ടത്തിലെ പിതാക്കന്മാർ

മലങ്കര സഭ ഇരുപത്, ഇരുപത്തൊന്ന് നൂറ്റാണ്ടുകളിൽ പരിശുദ്ധരായി പ്രഖ്യാപിച്ച മൂന്നു പിതാക്കന്മാരെയാണ് 5-ാം തുബ്ദേൻ അവസാനമായി അനുസ്മരിക്കുന്നത്.

**1. യെൽദോ മാർ ബസേലിയോസ് (+1685 AD)**

മെസപ്പോട്ടോമിയായിലെ കുദൈദ് ഗ്രാമത്തിൽ ജനിച്ച ഇദ്ദേഹം 1662-ൽ കിഴക്കിന്റെ മഫ്രിയാനായി ഉയർത്തപ്പെടുകയും 1685-ൽ മലങ്കരസഭ സന്ദർശിക്കുവാനായി കോതമംഗലത്ത് എത്തിച്ചേരുകയും ചെയ്തു. വയോവൃദ്ധനായിരുന്ന ഈ പിതാവ് നാട്ടിലെത്തിയതിന്റെ 13-ാം ദിവസം കാലംചെയ്തു. ഇദ്ദേഹത്തിന്റെ കബറിടം കോതമംഗലത്തുള്ള മാർത്തൊമ്മൻ ചെറിയ പള്ളിയിൽ സ്ഥിതിചെയ്യുന്നു. അത്ഭുതസിദ്ധികളുള്ള ഈ പരിശുദ്ധന്റെ ഓർമ്മയ്ക്കായി ആ പ്രദേശങ്ങളിലുള്ള ധാരാളമാളുകൾക്ക് തങ്ങളുടെ മാതാപിതാക്കന്മാർ 'യെൽദോ' എന്നോ 'ബേസിൽ' എന്നോ പേരു നൽകാറുണ്ട്. മലങ്കരസഭ 1947-ൽ ഇദ്ദേഹത്തെ പരിശുദ്ധനായി പ്രഖ്യാപിച്ചു.

**2. പരിശുദ്ധനായ പരുമല തിരുമേനി (1848-1902)**

മലങ്കരസഭയിൽ ജനിച്ചുവളർന്നവരിൽ ആദ്യമായി പരിശുദ്ധ പദവിയിലേയ്ക്കുയർത്തപ്പെട്ടത് മുളന്തുരുത്തി ചാത്തുരുത്തി കുടുംബത്തിൽ ജനിക്കുകയും പിന്നീട് മാർ ഗ്രീഗോറിയോസ് എന്നപേരിൽ നിരണം, തുമ്പമൺ, കൊല്ലം എന്നീ ഭദ്രാസനങ്ങളുടെ അധിപനായി വാഴിക്കപ്പെടുകയും ചെയ്ത ഗീവറുഗീസ് മാർ ഗ്രീഗോറിയോസ് എന്ന പിതാവാണ്. വളരെ ചെറുപ്പത്തിൽ തന്നെ മെത്രാപ്പോലീത്തായായ ഇദ്ദേഹം 'പരുമല കൊച്ചുതിരുമേനി' എന്നറിയപ്പെടുന്നു. 1947-ൽ യൽദോ മാർ ബസേലിയോസിനോടൊപ്പം ഇദ്ദേഹത്തെ സഭ പരിശുദ്ധനായി പ്രഖ്യാപിച്ചു.

**3. വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് (1858-1934)**

മല്ലപ്പള്ളിയിൽ വട്ടശ്ശേരിൽ കുടുംബത്തിൽ ജനിച്ച ഈ പിതാവ് പ. പരുമല തിരുമേനിയുടെ അരുമ ശിഷ്യനും സഭാചരിത്രം, സുറിയാനി ഭാഷ, വിശ്വാസസംഹിതകൾ എന്നിവയിൽ ജ്ഞാനമുണ്ടായിരുന്നയാളാണ്. അദ്ദേഹമെഴുതിയ 'മതോപദേശസാര'ങ്ങളിൽ നമ്മുടെ സഭയുടെ വിശ്വാസം സംക്ഷിപ്തമായി പ്രതിപാദിച്ചിട്ടുണ്ട്. മലങ്കരസഭയെ അന്ത്യോഖ്യൻ സഭയുടെ അടിമത്തത്തിൽനിന്നും വിമോചിപ്പിച്ച ഈ പിതാവ് കോട്ടയം പഴയ സെമിനാരിയിൽ കബറടങ്ങിയിരിക്കുന്നു. 2003-ൽ ഇദ്ദേഹത്തെ സഭ പരിശുദ്ധനായി പ്രഖ്യാപിച്ചു.

ചുരുക്കത്തിൽ, അഞ്ചാം തുബ്ദേനിൽ ഓർമ്മിക്കപ്പെടുന്ന പിതാക്കന്മാരെല്ലാം നമ്മുടെ സഭയുടെ വിശ്വാസശില്പികളും പരിശുദ്ധരായ പിതാക്കന്മാരുമാണ്. "ചൊവ്വുള്ളതും കുറ്റമില്ലാത്തതുമായ ഏകവിശ്വാസത്തെ പാലിച്ച് നമുക്ക് ഏല്പിച്ചുതന്നവരായ" ഈ പിതാക്കന്മാരെ ഓർക്കുന്നതോടൊപ്പം അവരുടെ ജീവിതമാതൃക പിൻപറ്റുവാനും നമുക്ക് ശ്രമിക്കാം.

## നമുക്കു പാടാം

(ശിശുവായ് സ്വയമേ വെളിവായ്... എന്നപോലെ)

ഓർത്തോദുക്സോ വിശ്വാസം-
നിശ്ചിതമായ് സ്ഥാപിച്ചോരാം
ഇഗ്നാത്തീയോസഗ്നിമയൻ-
ജ്ഞാനാർണ്ണവ-തേവോലോഗോസ്
നല്ലുറവാകും കൂറീലോസ് കാഞ്ചനജിഹ്വൻ-
മാർ ഈവാനിയോസ്
മാർ ബേസിൽ ഗ്രീഗോറിയോസ്-
മാർ ദീയസ്കോറോസ്, ക്ലീമ്മീസ്
മാർ പീലക്സീനോസ് - ഉൽക്കൃഷ്ടൻ സേവേറിയോസ്
ഈ നിർമ്മലതാതന്മാർ ത-
ന്നോർമ്മദിനങ്ങൾ - ആഘോഷിച്ചീടാം വരുവിൻ.

## നമുക്കു പ്രാർത്ഥിക്കാം

*ഞങ്ങളുടെ കർത്താവേ, അങ്ങ് പഠിപ്പിച്ചിട്ടുള്ള സത്യവിശ്വാസം നിലനിർത്തുവാൻ യത്നിച്ച പരിശുദ്ധ പിതാക്കന്മാരെ ഓർക്കുവാനും അവർ പഠിപ്പിക്കുകയും കാണിച്ചുതരികയും ചെയ്ത വഴികളിലൂടെ എന്നും നടക്കുകയും ചെയ്യുവാൻ ഞങ്ങൾക്കു കൃപ നൽകണമേ.*

### നിശ്ചയം

**ഏതു പ്രതിസന്ധിയിലും സമ്മർദ്ദങ്ങളെ അതിജീവിച്ച് പിതാക്കന്മാർ പഠിപ്പിച്ച സത്യവിശ്വാസത്തിൽ ഞങ്ങൾ ഉറച്ചുനിൽക്കും.**

### തുടർവായനയ്ക്ക്

| | രാവിലെ | വൈകുന്നേരം |
|---|---|---|
| ഞായർ | | യോഹന്നാൻ 11:23-27 |
| തിങ്കൾ | മത്തായി 10:16-23 | വെളിപാട് 7:10-17 |
| ചൊവ്വ | മത്തായി 10:24-33 | യാക്കോബ് 5:13-18 |
| ബുധൻ | മത്തായി 10:34-39 | എബ്രായർ 12:22-28 |
| വ്യാഴം | മത്തായി10:40-42 | 2 കൊരി. 5:1-10 |
| വെള്ളി | മർക്കോസ് 9:2-8 | റോമർ 8:18-25 |
| ശനി | റോമർ 8:26-30 | റോമർ 8::31-39 |

യൂണിറ്റ് ആറ്

# വിശ്വാസ സത്യങ്ങൾ

പാഠം 22

## വിശ്വാസ പ്രമാണം - പിതാവായ ദൈവം

### പഠനോദ്ദേശ്യങ്ങൾ

സഭയുടെ വിശ്വാസപ്രമാണത്തിന്റെ അർത്ഥവും പ്രാധാന്യവും മനസ്സിലാക്കുക, വി. ത്രിത്വത്തിലുള്ള വിശ്വാസം ഉറപ്പിക്കുക. നമ്മുടെ എല്ലാ പ്രാർത്ഥനാസമയത്തും വിശ്വാസപ്രമാണം അർത്ഥം മനസ്സിലാക്കി ചൊല്ലുക. സഭയുടെ വിശ്വാസം കാത്തു സൂക്ഷിക്കുക.

**മനഃപാഠവാക്യം:** "എന്നാൽ ഞങ്ങൾ നിങ്ങളോട് അറിയിച്ചതിന് വിപരീതമായി ഞങ്ങൾ ആകട്ടെ സ്വർഗ്ഗത്തിൽനിന്ന് ഒരു ദൂതൻ ആകട്ടെ നിങ്ങളോട് സുവിശേഷം അറിയിച്ചാൽ അവൻ ശപിക്കപ്പെട്ടവൻ" (ഗലാത്യ 2:8).

**പഠനസഹായികൾ:** പിതാവാം ദൈവത്തിന്റെ വിശേഷണങ്ങൾ അടങ്ങിയ ചാർട്ട്, വി. ത്രിത്വത്തെ സൂചിപ്പിക്കുന്ന ഒരു ചിത്രം (കർത്താവിന്റെ മാമോദീസാ), വി. വേദപുസ്തകം, വി. കുർബ്ബാനക്രമം, പ്രാർത്ഥനാക്രമം.

### ആമുഖം

എല്ലാവരും ടീച്ചർ കാണിച്ചു തരുന്ന ചിത്രം (കർത്താവിന്റെ മാമോദീസാ, വി. ത്രിത്വം) ശ്രദ്ധിച്ചുകാണുക. എന്തെല്ലാമാണ് നമ്മൾ ഈ ചിത്രത്തിൽ കാണുന്നത്? മാമോദീസാ എൽക്കുന്ന യേശുവിനെയും പ്രാവിന്റെ രൂപത്തിൽ പരിശുദ്ധാത്മാവിനെയും അശരീരിയായി പിതാവാം ദൈവത്തെയും കാണുന്നു.

**വി. ത്രിത്വത്തിലുള്ള വിശ്വാസം:** നമ്മൾ ഏറ്റുപറയുന്ന പ്രാർത്ഥന ഏതാണ്? വിശ്വാസപ്രമാണം. ശരിയാണ് "സർവ്വശക്തിയുള്ള പിതാവായി ആകാശത്തിന്റെയും ഭൂമിയുടെയും" എന്നാരംഭിക്കുന്ന മഹത്തായ വിശ്വാസപ്രമാണം പിതാവിലും പുത്രനിലും പരിശുദ്ധാത്മാവിലും സഭയിലുമുള്ള നമ്മുടെ വിശ്വാസം ഉറപ്പിക്കുന്നതിനുള്ള പ്രാർത്ഥനയാണ്. നമ്മുടെ എല്ലാ യാമപ്രാർത്ഥനകളും വി. കൂദാശകളും അവസാനിപ്പിക്കുന്നത് ഈ വിശ്വാസപ്രമാണത്തോടെയാണ്. വി. കുർബ്ബാനയിൽ പട്ടക്കാരൻ ധൂപക്കുറ്റി വാഴ്ത്തി ധൂപം വീശിയതിനുശേഷം, വളരെ ഭക്തിയോടെ വിശ്വാസപ്രമാണം ചൊല്ലുന്നു. ഈ വിശ്വാസപ്രമാണത്തിന്റെ ഉല്പത്തിയും അർത്ഥവും പ്രാധാന്യവുമാണ് നമ്മൾ പഠിക്കുവാൻ പോകുന്നത്.

## പാഠഭാഗം

യാമപ്രാർത്ഥനകളിലും വി. കുർബ്ബാനയിലും മറ്റു കൂദാശാനുഷ്ഠാനങ്ങളിലും നിഖ്യാ-കുസ്തന്തീനോപോലീസ് വിശ്വാസപ്രമാണം ചൊല്ലുന്നു. നിഖ്യാവിശ്വാസപ്രമാണം എന്നു സാധാരണ പറയാറുണ്ടെങ്കിലും, കുസ്തന്തീനോപോലീസിൽവെച്ചാണ് വിശ്വാസ പ്രമാണം ഇന്നത്തെ രൂപത്തിൽ സഭ അംഗീകരിച്ചത്.

പുതിയനിയമകാലം മുതലുള്ള ക്രിസ്തീയവിശ്വാസത്തിന്റെ രത്നച്ചുരുക്കമാണ് വിശ്വാസപ്രമാണം. പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്ന ത്രിയേകദൈവത്തിലും വി. സഭയിലും ഏകമാമോദീസായിലും മരിച്ചവരുടെ ഉയിർപ്പിലും വരുവാനിരിക്കുന്ന ദൈവരാജ്യത്തിലെ നിത്യജീവനിലും ഉള്ള വിശ്വാസമാണ് നാം ഏറ്റുപറയുന്നത്.

### നിഖ്യാസുന്നഹദോസ് (325)

പുതിയനിയമകാലം മുതൽ വിശ്വാസവിപരീതങ്ങൾ സഭയിൽ ഉടലെടുത്തിട്ടുണ്ട്. അവയിൽ പലതും യേശുക്രിസ്തുവിനെ സംബന്ധിച്ചുള്ളവയായിരുന്നു. യേശുക്രിസ്തു പൂർണ്ണ ദൈവവും പൂർണ്ണ മനുഷ്യനുമാണ്. ചില വിശ്വാസവിപരീതികൾ ദൈവസ്വഭാവ ത്തെയും മറ്റുചിലർ മനുഷ്യസ്വഭാവത്തെയും നിഷേധിക്കുകയോ അവയുടെ പ്രാധാന്യത്തെ കുറച്ചു കാണിക്കുകയോ ചെയ്തു.

നാലാം നൂറ്റാണ്ടിൽ അറിയോസിന്റെ വേദവിപരീതം സഭയിൽ കോളിളക്കങ്ങൾ സൃഷ്ടിച്ചു. അലക്സന്ത്രിയായിലെ പട്ടക്കാരനായിരുന്ന അറിയോസ് പണ്ഡിതനും വാഗ്മിയുമായിരുന്നു. അയാൾ അടിയുറച്ച ഏകദൈവവിശ്വാസിയായിരുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവും ദൈവമാണെന്ന് പറയുന്നത് ഏകദൈവവിശ്വാസത്തിന്റെ വെളിച്ചത്തിൽ വിശദീകരിക്കാനാണ് അറിയോസ് ശ്രമിച്ചത്. പിതാവ് എന്ന ഏകദൈവം മാത്രമാണ് നിത്യദൈവമെന്നും പുത്രനും പരിശുദ്ധാത്മാവും കാലത്തിലും നിത്യതയിലും പിതാവിനേക്കാൾ ന്യൂനതയുള്ളവരുമാണെന്ന് അറിയോസ് വാദിച്ചു. കാലങ്ങൾക്കുമുമ്പെ പുത്രൻ പിതാവിൽനിന്നു ജനിച്ചു, പരിശുദ്ധാത്മാവ് പിതാവിൽനിന്നു പുറപ്പെടുന്നു എന്നി ങ്ങനെയുള്ള പുതിയനിയമഭാഗങ്ങൾ ഇരു ആളത്വങ്ങളും പിതാവിനോട് സമത്വമുള്ള വരല്ലെന്നു കാണിക്കുന്നു എന്ന് അറിയോസ് പഠിപ്പിച്ചു.

"പുത്രൻ പിതാവിൽനിന്നു ജനിച്ചതാണെങ്കിൽ, പുത്രന് ആരംഭമുണ്ട്, പുത്രൻ ഇല്ലാ യിരുന്ന കാലം ഉണ്ടായിരുന്നു" എന്ന് അറിയോസ് യുക്തിസഹമായി തന്റെ ആശയങ്ങൾ പ്രചരിപ്പിച്ചു. അറിയോസ് പക്ഷക്കാരും അയാളെ എതിർക്കുന്നവരും തമ്മിലുള്ള ഭിന്നത രൂക്ഷമായപ്പോൾ പ്രശ്നപരിഹാരത്തിനായി കുസ്തന്തീനോസ് ചക്രവർത്തി, എ. ഡി. 325-ൽ നിഖ്യായിൽ ഒരു പൊതുസുന്നഹദോസ് വിളിച്ചുകൂട്ടി. ഇന്നത്തെ തുർക്കിയുടെ തലസ്ഥാനമായ ഇസ്താമ്പൂളിന് (പഴയപേര് കോൺസ്റ്റാന്റിനോപ്പിൾ) സമീപമുള്ള ഒരു പട്ടണമായിരുന്നു നിഖ്യ. റോമൻ സാമ്രാജ്യത്തിലെ വിവിധ സ്ഥലങ്ങളിൽനിന്നും 318 പിതാക്കന്മാർ സുന്നഹദോസിൽ സംബന്ധിച്ചു.

**അല്പം നിർത്താം... ചിന്തിക്കാം...**

1. വിശ്വസപ്രമാണത്തിൽകൂടി നാം ഏറ്റുപറയുന്ന വിശ്വാസങ്ങൾ ഏതെല്ലാം?
2. അറിയോസിന്റെ വേദപിപരീതം എന്തായിരുന്നു?
3. നിഖ്യാസുന്നഹദോസ് കൂടിയ വർഷം ഏത്?

## ഇനി നമുക്ക് തുടരാം

അറിയോസിനെതിരെ സത്യവിശ്വാസത്തിന്റെ പ്രധാന വക്താവ് അലക്സന്ത്രിയായിലെ ബിഷപ്പായിരുന്ന അലക്സാണ്ടറുടെ ശെമ്മാശ്ശൻ അത്താനാസ്യോസ് ആയിരുന്നു. പുത്രൻ, പിതാവിനോട് ദൈവത്വത്തിലും നിത്യതയിലും സാരാംശത്തിലും സമനാണെന്ന് അത്താനാസ്യോസ് വാദിച്ചു. ഈ ആശയങ്ങൾ ഉൾക്കൊള്ളുന്ന 'ഹോമോ ഊസിയോസ്' സാരാംശത്തിൽ സമത്വമുള്ളവൻ എന്ന വാക്ക് വിശ്വാസപ്രമാണത്തിൽ ഉൾപ്പെടുത്തുവാൻ അത്താനാസ്യോസ് മുൻകൈയെടുത്തു. അറിയോസിനോട് താല്പര്യമുള്ള വിഭാഗത്തിന്റെ തലവൻ നിക്കോമീദ്യയിലെ ബിഷപ്പ് യൂസേബിയോസ് ആയിരുന്നു. സാരാംശത്തിൽ പിതാവിനെപ്പോലെയുള്ളവൻ എന്ന വാക്ക് ഉൾപ്പെടുത്തുവാൻ യൂസേബിയോസ് വാദിച്ചു. കാരണം, അറിയോസ് പക്ഷക്കാരിൽ ഒരു വിഭാഗത്തിന് ഈ വാക്ക് സ്വീകാര്യമായിരുന്നു. പിതാവിനെപ്പോലെയുള്ളവൻ എന്നു പറഞ്ഞാൽ സമനല്ലെന്നും അർത്ഥമാവാം.

നിഖ്യായിൽവച്ച് വിശ്വാസപ്രമാണത്തിന്റെ ആദ്യത്തെ രണ്ടു ഖണ്ഡികകൾ അംഗീകരിച്ചു. അതായത് പിതാവിനെപ്പറ്റിയും പുത്രനെപ്പറ്റിയുമുള്ളവ. നിഖ്യായിലെ പ്രധാന തർക്കവിഷയം പുത്രന്റെ ദൈവത്വവും പിതാവിനോടുള്ള സമത്വവും ആയതിനാൽ പുത്രനാം ദൈവത്തെക്കുറിക്കുന്ന രണ്ടാം ഖണ്ഡികയാണ് ഏറ്റവും ദൈർഘ്യമുള്ളത്.

ഒന്നാമത്തെ ഖണ്ഡികയിൽ ത്രിത്വത്തിന്റെ പ്രഭവകേന്ദ്രമായ പിതാവിലുള്ള വിശ്വാസം അതായത് ഏകദൈവവിശ്വാസം ഏറ്റുപറയുന്നു. "സർവ്വശക്തിയുള്ള പിതാവായി ആകാശത്തിന്റെയും ഭൂമിയുടെയും കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സകലത്തിന്റെയും സ്രഷ്ടാവായ സത്യ ഏകദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു."

ദൃശ്യവും അദൃശ്യവുമായ സകലത്തിന്റെയും സ്രഷ്ടാവായ ഏകദൈവത്തിലുള്ള വിശ്വാസം പ്രഖ്യാപിക്കുന്നതുവഴി ഏകദൈവവിശ്വാസമാണ് സഭയുടേത് എന്ന് വ്യക്തമാകുന്നു. മൂന്ന് ആളത്വങ്ങളുടെ ഉത്ഭവകേന്ദ്രവും ഐക്യത്തിന്റെ അടിസ്ഥാനവും പിതാവാണ്. 'പിതാവ്' എന്ന നാമം ഉച്ചരിക്കുന്നതുവഴി ത്രിത്വത്തിലെ മറ്റു ആളത്വങ്ങളെപ്പറ്റിയുള്ള വിശ്വാസപ്രഖ്യാപനവും നടത്തുന്നു.

വിശ്വാസപ്രമാണത്തിൽ പിതാവിനെപ്പറ്റി, പിതാവ്, സ്രഷ്ടാവ്, സത്യേകദൈവം എന്നീ മൂന്നു വിശേഷണങ്ങൾ മാത്രമേ പ്രയോഗിച്ചിട്ടുള്ളൂ. കാരണം പിതാവാം ദൈവം മനുഷ്യബുദ്ധിക്കും വാക്കുകൾക്കും അതീതനാണ്. എന്നാൽ പെന്തിക്കോസ്തി പെരുന്നാളിന്റെ പ്രൊമിയോൻ പോലുള്ള പ്രാർത്ഥനകളിൽ പിതാവിന്റെ കൂടുതൽ വിശേഷണങ്ങൾ ഉപയോഗിച്ചിട്ടുണ്ട്.

### അല്പം നിർത്താം... ചിന്തിക്കാം...

1. അറിയോസിനെതിരെ വാദിച്ച സഭാപിതാവ് ആര്?
2. നിഖ്യാസുന്നഹദോസിൽവച്ച് വിശ്വാസപ്രമാണത്തിന്റെ ഏതെല്ലാം ഭാഗങ്ങൾ അംഗീകരിച്ചു?
3. പിതാവിനെപ്പറ്റി നൽകിയിരിക്കുന്ന വിശേഷണങ്ങൾ ഏവ?

## ഇനി തുടരാം

"സകല മാനുഷിക ബുദ്ധിക്കും വിചാരങ്ങൾക്കും ബോധങ്ങൾക്കും മറഞ്ഞ് അതീതനായി സ്ഥിതിചെയ്യുന്ന അദൃശ്യനായ കർത്താവിനു സ്തുതി. അവൻ സ്വയംഭൂവും സ്വയം അറിയുന്നവനും സ്വയം പര്യാപ്തനുമാകുന്നു. അവൻ ദൃശ്യങ്ങളും അദൃശ്യങ്ങളുമായ

സകലത്തിന്റെയും സൃഷ്ടാവും നിയന്താവും ആകുന്നു. അനാദ്യന്തവും അപ്രമേയവുമായ സ്വയംഭൂവാകുന്നു. അവൻ പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്ന ഏകസ്വഭാവത്തോടും ഏക അധികാരത്തോടും ഏകമനസ്സോടുംകൂടിയ സത്യേകദൈവമാകുന്നു'' (പെന്തിക്കോസ്തി പെരുന്നാൾ, ഒന്നാം ശുശ്രൂഷ, പ്രൊമിയോൻ).

ദൈവത്തെ സംബന്ധിച്ചുള്ള ബുദ്ധിപരമായ അറിവു നൽകുകയല്ല ഈ വിശേഷണങ്ങളുടെ ലക്ഷ്യം. ദൈവം നമ്മുടെ ചിന്തയ്ക്കും ബുദ്ധിക്കും അതീതനും, അദൃശ്യനുമാണെന്ന് അവ സൂചിപ്പിക്കുന്നു. ദൈവത്തിന്റെ അദൃശ്യാവസ്ഥയും ഔന്നത്യവും മനസ്സിലാക്കി ദൈവത്തെ ആരാധിക്കുവാനുള്ള ആഹ്വാനമാണ് ഈ വിശേഷണങ്ങൾ നൽകുന്നത്.

വിശ്വാസപ്രമാണത്തിന്റെ ഒന്നാം ഖണ്ഡികയിൽ സത്യേകദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു എന്നു എല്ലാവരും ഏറ്റുപറയുമ്പോൾ, അദൃശ്യനും സർവ്വശക്തനുമായ ദൈവസന്നിധിയിൽ നാം നിൽക്കുന്നു എന്ന് സമ്മതിച്ച് ഏറ്റുപറയുന്നു.

ദൈവം പിതാവാണെന്ന് ഏറ്റുപറയുമ്പോൾ എല്ലാ മനുഷ്യരും ദൈവമക്കളാണെന്നും നമ്മുടെ സഹോദരങ്ങളാണെന്നും നാം അംഗീകരിക്കുന്നു. മറ്റു മനുഷ്യരെപ്പറ്റി കരുതുവാനും അവരെ സഹായിക്കുവാനും സാധിക്കുമ്പോഴാണ് പിതാവായ ഏകദൈവത്തിലുള്ള വിശ്വാസം അർത്ഥപൂർണ്ണമാകുന്നത്.

## നമുക്ക് ചിന്തിക്കാം

1. വിശ്വാസപ്രമാണത്തിൽ അടങ്ങിയിരിക്കുന്ന അടിസ്ഥാനവിശ്വാസസത്യങ്ങൾ ഏവ?
2. നിഖ്യാസുന്നഹദോസ് കൂടുവാനിടയായ സഹചര്യം ചുരുക്കമായി വിവരിക്കുക.
3. അറിയോസിന്റെ വേദവിപരീതത്തിനെതിരായി വി. അത്താനാസ്യോസ് ഉന്നയിച്ച വാദങ്ങൾ ഏവ?
4. പെന്തിക്കോസ്തി പെരുന്നാളിലെ ഒന്നാം ശുശ്രൂഷയിലെ പ്രൊമിയോൻ-സെദ്റ വായിച്ച് പിതാവാം ദൈവത്തിന്റെ അഞ്ചു വിശേഷണങ്ങൾ കണ്ടെത്തി എഴുതുക.
5. ഏകദൈവവിശ്വാസം ആത്മീയജീവിതത്തിൽ എങ്ങനെയാണ് പ്രകടമാക്കുന്നത്?

## പ്രവർത്തനങ്ങൾ

1. വിശ്വാസപ്രമാണത്തിൽ പിതാവിനെപ്പറ്റി പറഞ്ഞിരിക്കുന്ന വിശേഷണങ്ങൾ കാർഡുരൂപത്തിൽ എഴുതിയുണ്ടാക്കുക.
2. നിഖ്യാസുന്നഹദോസിൽ നിങ്ങൾ പങ്കാളിയായിരുന്നു എന്ന് സങ്കൽപിച്ച് അന്നത്തെ സഭാനടപടികൾ വിശദീകരിക്കുക.
3. അറിയോസും അത്താനാസ്യോസും തമ്മിലുള്ള വാദം രണ്ടുപേർ നിന്ന് ക്ലാസ്സിൽ റോൾപ്ലെ ആയി അഭിനയിക്കുക.

## നമുക്ക് പാടാം

(നമ്മൾ OVBSൽ പഠിച്ച, വി. ത്രിത്വത്തെ സംബന്ധിക്കുന്ന ഒരു ഗാനം നമുക്കൊന്നിച്ചു പാടാം)

ഒന്ന് രണ്ട് മൂന്ന് ദൈവം നമുക്കൊന്ന്
പിതാ പുത്ര റൂഹാ ത്രിത്വം നമുക്കൊന്ന്
ഏകം തന്നെ ത്രിത്വം
ത്രിത്വം തന്നെ ദൈവം

മാതാപിതാഗുരു ദൈവം നമുക്കൊന്ന്
വഴി സത്യം ജീവൻ എല്ലാമവൻ തന്നെ
ഏകം തന്നെ ത്രിത്വം
ത്രിത്വം തന്നെ ദൈവം

## നിശ്ചയം

**വിശുദ്ധ ത്രിത്വത്തിൽ ഞങ്ങൾ പൂർണ്ണമായി വിശ്വസിക്കുന്നു. ഞങ്ങളുടെ എല്ലാ പ്രാർത്ഥനയിലും ഈ വിശ്വാസപ്രമാണം അർത്ഥം മനസ്സിലാക്കി ഞങ്ങൾ ചൊല്ലും. ഓർത്തഡോക്സ് സഭയുടെ മഹത്തായ പാരമ്പര്യത്തിൽ ഞങ്ങൾ അഭിമാനംകൊള്ളുന്നു.**

## നമുക്ക് പ്രാർത്ഥിക്കാം

പ്രാർത്ഥനാക്രമത്തിലെ പ്രത്യേക പ്രാർത്ഥനകൾ എന്ന ഭാഗത്ത് നൽകിയിട്ടുള്ള, സഭയ്ക്ക് വേണ്ടിയുള്ള പ്രാർത്ഥനയുടെ ആദ്യഭാഗം (പേജ് 440-441).

*സർവ്വശക്തനും കാരുണ്യവാനും ദയവാനും ദീർഘക്ഷമയുള്ളവനും വളരെ കൃപയുള്ളവനുമായ ദൈവമേ... നിന്റെ സഭയുടെ രക്ഷയ്ക്ക് വേണ്ടി നിന്റെ വാത്സല്യമുള്ള ഏക പുത്രനെ ഹീനതകൾ അനുഭവിപ്പാനായിട്ട് ലോകത്തിലേക്ക് കല്പിച്ചയപ്പാൻ നിന്നെ നിർബ്ബന്ധിച്ചതായ ആ മഹാകരുണയും മഹാസ്നേഹവും നിമിത്തം ബലഹീനരും പാപികളും നിന്റെ ഏകപുത്രന്റെ തിരുരക്തത്താൽ രക്ഷിക്കപ്പെട്ടവരുമായ ഞങ്ങളുടെ പ്രാർത്ഥനകളെ കേട്ട് ഞങ്ങളോടുത്തരമരുളിച്ചെയ്യണമേ. സർവ്വ നീതിയുടെയും സർവ്വനന്മകളുടെയും വൈരിയായ സാത്താൻ വിശുദ്ധസഭയിൽ വരുത്തിക്കൂട്ടുന്ന ഭിന്നതകളെയും പിരിച്ചിലുകളെയും കലഹങ്ങളെയും തർക്കങ്ങളെയും കൃപയോടെ അതിൽനിന്ന് നീക്കിക്കളഞ്ഞ്, സാത്താന്റെയും സൈന്യങ്ങളുടെയും യാതൊരുവക തന്ത്രങ്ങളും ദുഷ്പ്രേരണകളും അതിൽ പ്രവേശിക്കാതെ അതിന്റെ വാതിലുകളിൽ വിശുദ്ധ സ്ലീബായാൽ മുദ്രകുത്തണമെ... ആമ്മീൻ.*

## തുടർവായനയ്ക്ക്

| ദിവസം | രാവിലെ | വൈകുന്നേരം |
|---|---|---|
| ഞായർ | - | 2 കൊരിന്ത്യർ 1:1-17 |
| തിങ്കൾ | യോഹന്നാൻ 14:1-9 | യോഹന്നാൻ 14:10-21 |
| ചൊവ്വ | യോഹന്നാൻ 10:29-39 | യോഹന്നാൻ 4:1-26 |
| ബുധൻ | യോഹന്നാൻ 6:53-59 | യോഹന്നാൻ 3:13-21 |
| വ്യാഴം | മത്തായി 5:43-48 | ലൂക്കോസ് 22:39-46 |
| വെള്ളി | മത്തായി 6:16-18 | എഫെസ്യർ 4:1-10 |
| ശനി | മത്തായി 10:24-33 | അപ്പൊ. പ്രവൃ. 1-5 |

പാഠം 23

# വിശ്വാസ പ്രമാണം - യേശുക്രിസ്തു ഏക കർത്താവ്

## പഠനോദ്ദേശ്യങ്ങൾ

സഭയുടെ വിശ്വാസപ്രമാണത്തിലെ രണ്ടാം ഖണ്ഡികയിലെ ആശയങ്ങളുടെ അർത്ഥവും പ്രാധാന്യവും മനസ്സിലാക്കുക. വി. ത്രിത്വത്തിൽ രണ്ടാമനായ പുത്രൻ തമ്പുരാന്റെ ശ്രേഷ്ഠതകൾ മനസ്സിലാക്കുകയും വിശ്വാസം ഉറപ്പിക്കുകയും ചെയ്യുക. നമ്മുടെ എല്ലാ പ്രാർത്ഥനാ സമയത്തും വിശ്വാസപ്രമാണം അർത്ഥം മനസ്സിലാക്കി ചൊല്ലുക.

**മനഃപാഠവാക്യം:** “ആകയാൽ ദൈവപുത്രനായ യേശു ആകാശത്തിൽകൂടി കടന്നുപോയൊരു ശ്രേഷ്ഠമഹാപുരോഹിതനായി നമുക്ക് ഉള്ളതുകൊണ്ട് നാം നമ്മുടെ സ്വീകാരം മുറുകെ പിടിച്ചുകൊള്ളുക” (എബ്രായർ 4:14)

**പഠനസഹായികൾ:** പുത്രനായ ക്രിസ്തുവിന്റെ വിശേഷണങ്ങൾ അടങ്ങിയ ചാർട്ട്, യേശുവിന്റെ മനുഷ്യാവതാരത്തിന്റെ വിവിധ ചിത്രങ്ങൾ, വി. വേദപുസ്തകം, വി. കുർബ്ബാനക്രമം, പ്രാർത്ഥനാക്രമം.

## ആമുഖം

കഴിഞ്ഞക്ലാസ്സിൽ നമ്മൾ സഭയുടെ വിശ്വാസപ്രമാണത്തെക്കുറിച്ചും പിതാവായ ദൈവത്തെപ്പറ്റിയുള്ള നമ്മുടെ വിശ്വാസം ഉറപ്പിക്കുന്ന ആദ്യഭാഗവും പഠിച്ചല്ലോ. ടീച്ചർ കാണിച്ചുതരുന്ന കുറെ ചിത്രങ്ങൾ ശ്രദ്ധിക്കുക. എന്തെല്ലാമാണ് ഈ ചിത്രങ്ങളിൽ നമ്മൾ കാണുന്നത്. യേശുവിന്റെ ജനനം മുതൽ ക്രൂശുമരണം വരെയുള്ള സംഭവങ്ങളാണ് ഇതിൽ കാണുന്നത്. യേശുക്രിസ്തുവിനെപ്പറ്റി നിങ്ങൾക്ക് അറിയാവുന്ന കാര്യങ്ങൾ പറഞ്ഞു കേൾപ്പിക്കുക. പാപത്തിൽ അകപ്പെട്ടുപോയ നമ്മെ ദൈവമക്കളാക്കിത്തീർക്കുവാനായി ഈ ലോകത്തിൽ അവതരിച്ച് നമുക്കുവേണ്ടി സ്വന്തപ്രാണനെ കാൽവറിയിൽ യാഗമായി സമർപ്പിച്ച ദൈവപുത്രനായ ക്രിസ്തുവിനെപ്പറ്റിയുള്ള വിശ്വാസമാണ് നമ്മൾ ഇന്ന് പഠിക്കുവാൻ പോകുന്നത്.

## പാഠഭാഗം

വിശ്വാസപ്രമാണത്തിന്റെ രണ്ടാം ഖണ്ഡികയുടെ ഉള്ളടക്കം, യേശുക്രിസ്തുവിനെ സംബന്ധിച്ചുള്ള വേദവിപരീതങ്ങൾക്ക് സഭ നൽകുന്ന മറുപടിയാണ്. അപ്പോസ്തോലിക

കാലം മുതൽ അത്തരം വേദവിപരീതങ്ങളെ സഭ നേരിട്ടിട്ടുണ്ട് (യൂദാ. 4-ാം വാക്യം). യേശുക്രിസ്തു പൂർണ്ണദൈവവും പൂർണ്ണ മനുഷ്യനുമാണെന്ന് പുതിയനിയമം പഠിപ്പിക്കുന്നു. എന്നാൽ ക്രിസ്തു യഥാർത്ഥ ദൈവമെന്ന് വിശ്വസിച്ചവരിൽ ചിലർ, അവൻ യഥാർത്ഥത്തിൽ മനുഷ്യനായി എന്ന് അംഗീകരിച്ചില്ല. അത്യുന്നതനായ ദൈവത്തിന് മനുഷ്യനാകുവാൻ കഴിയുകയില്ല എന്ന് അവർ ചിന്തിച്ചു. അറിയോസിന്റെ വേദവിപരീതം ഇതിൽനിന്നു വ്യത്യസ്തമായിരുന്നു. കഴിഞ്ഞപാഠത്തിൽ നാം മനസ്സിലാക്കിയതുപോലെ, പിതാവ് മാത്രമാണ് സത്യദൈവം, പുത്രന് ഉത്ഭവം ഉള്ളതുകൊണ്ട് പിതാവിനു സമനല്ല. പിതാവിനേക്കാൾ താഴ്ന്നപദവിയാണ് പുത്രനുള്ളത് എന്നിങ്ങനെ ത്രിത്വവിശ്വാസത്തെ പാടേ നിഷേധിക്കുന്ന നിലപാടായിരുന്നു അറിയോസിന്റേത്.

അറിയോസിന്റെ വേദവിപരീതത്തിനുള്ള മറുപടിയായിട്ടാണ് രണ്ടാമത്തെ ഖണ്ഡിക പ്രധാനമായും എഴുതിയിരിക്കുന്നത്. യേശുക്രിസ്തുവിനെപ്പറ്റി നാലു കാര്യങ്ങളാണ് ഇവിടെ പറഞ്ഞിരിക്കുന്നത്.

1. യേശുക്രിസ്തു ദൈവത്തിന്റെ ഏകജാതനാണ്. ലോകത്തിന്റെയും അഖിലാണ്ഡത്തിന്റെയും ഉത്ഭവത്തിനുമുമ്പ് പിതാവിൽനിന്നും മനുഷ്യബുദ്ധിക്ക് അതീതമായ രീതിയിൽ ജനിച്ചു. എന്നാൽ പുത്രൻ ഇല്ലാതിരുന്ന ഒരു കാലം ഉണ്ടായിരുന്നില്ല. പുത്രൻ സൃഷ്ടിയല്ല. ദൈവത്വത്തിൽ (സാരാംശത്തിൽ) താൻ പിതാവിനു സമനാണ്.
2. ദൈവപുത്രൻ സകലത്തിന്റെയും സ്രഷ്ടാവാകുന്നു. പുത്രൻ മുഖാന്തരമാണ് പിതാവ് സകലവും സൃഷ്ടിച്ചത്.
3. ദൈവപുത്രൻ മനുഷ്യരുടെ രക്ഷയ്ക്കുവേണ്ടി സ്വന്ത ഇഷ്ടപ്രകാരം മനുഷ്യനായി അവതരിച്ചു. പരിശുദ്ധ റൂഹാമൂലം താൻ കന്യകമറിയാമിൽനിന്നും ജനിച്ചു. പൊന്തിയോസ് പീലാത്തോസിന്റെ ഭരണകാലത്ത് കുരിശിൽ മരിച്ച്, അടക്കപ്പെട്ടു മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റു. യേശുവിന്റെ മരണവും ഉത്ഥാനവും ചരിത്രസത്യങ്ങളാണെന്ന് കാണിക്കുവാനാണ് പീലാത്തോസിന്റെ പേരു പറഞ്ഞിരിക്കുന്നത്. കഷ്ടതയനുഭവിച്ചു എന്നുപറയുന്നത് താൻ യഥാർത്ഥത്തിൽ മനുഷ്യനായിരുന്നുവെന്ന് കാണിക്കുന്നു. ഉയിർത്തെഴുന്നേറ്റു സ്വർഗ്ഗത്തിലേക്കു കരേറി എന്നു പറയുമ്പോൾ താൻ സത്യദൈവമായിരുന്നുവെന്നും കാണിക്കുന്നു.
4. ലോകാന്ത്യത്തിൽ ന്യായവിധിക്കായി താൻ വീണ്ടും വരും. തന്റെ രാജ്യം നിത്യമാണ്. ന്യായവിധി, നിത്യജീവൻ എന്നിവയിലുള്ള വിശ്വാസം ഇവിടെ ഏറ്റുപറയുന്നു.

**അല്പം നിർത്താം... ചിന്തിക്കാം...**

1. പുത്രൻതമ്പുരാനെ സംബന്ധിച്ചുള്ള അറിയോസിന്റെ വേദവിപരീതം എന്താണ്?
2. യേശുക്രിസ്തുവിനെ സംബന്ധിക്കുന്ന നാല് പ്രധാന സത്യങ്ങൾ ഏവ?

അറിയോസിനുശേഷം ലാവോദോക്യയിലെ (ഇന്നത്തെ തുർക്കിയിൽ) അപ്പോളിനാറിയോസ് യേശു പൂർണ്ണ ദൈവമാണെങ്കിലും പൂർണ്ണമനുഷ്യനായിരുന്നില്ലെന്ന് പഠിപ്പിച്ചു. യേശു മനുഷ്യനായി എങ്കിലും തനിക്ക് മനുഷ്യാത്മാവ് ഇല്ലായിരുന്നു; പകരം ദൈവത്തിന്റെ വചനം (ലോഗോസ്) തന്നിൽ വസിച്ചു എന്നായിരുന്നു അയാളുടെ ചിന്ത. എ. ഡി. 381-ൽ കുസ്തന്തീനോപോലീസിൽ ചേർന്ന സുന്നഹദോസ് അപ്പോളിനാറി

യോസിന്റെ ഉപദേശം വേദവിപരീതമാണെന്ന് വിധിച്ചു. യേശു പൂർണ്ണമനുഷ്യനാണെന്ന് കാണിക്കുവാൻ മനുഷ്യനായി എന്ന വാക്കുകൂടി ചേർത്തു.

നിഖ്യാവിശ്വാസപ്രമാണം എന്നു പൊതുവെ അറിയപ്പെടുന്നു എങ്കിലും, നിഖ്യാസുന്നഹദോസിനുമുമ്പ് യെരുശലേം സഭയിൽ ഉപയോഗത്തിലിരുന്ന വിശ്വാസപ്രമാണം ചില മാറ്റങ്ങളോടുകൂടി അംഗീകരിക്കപ്പെടുകയാണ് ചെയ്തത്. യെരുശലേമിൽ മാമോദീസാ യേൽക്കുന്നവർ സമാനമായ വിശ്വാസപ്രമാണം ഏറ്റുപറഞ്ഞിരുന്നു. നിഖ്യായിൽ അംഗീകരിച്ച വിശ്വാസപ്രമാണത്തിൽ ഇന്നത്തെ ഒന്നും രണ്ടും ഖണ്ഡികകൾ മാത്രമാണ് ഉണ്ടായിരുന്നത്. തുടർന്ന് "പരിശുദ്ധാത്മാവിലും ഞങ്ങൾ വിശ്വസിക്കുന്നു" എന്ന ചെറുവാചകത്തോടെ വിശ്വാസപ്രമാണം അവസാനിച്ചിരുന്നു. അതിനുശേഷം അറിയോസിന്റെ വേദവിപരീതത്തെ ശപിച്ചുകൊണ്ടുള്ള നാലു വാചകങ്ങളും നിഖ്യായിൽ അംഗീകരിച്ച് വിശ്വാസപ്രമാണത്തോടു കൂട്ടിച്ചേർത്തു. (ഉദാ. പുത്രൻ ഇല്ലാതിരുന്ന കാലം ഉണ്ടായിരുന്നു എന്നും പിതാവിൽനിന്നും വ്യത്യസ്തമായ ആളത്വവും, സാരാംശവുമാണ് പുത്രനുള്ളതെന്നും വിശ്വസിക്കുന്നവരെ പരിശുദ്ധസഭ ശപിക്കുന്നു). എന്നാൽ പിൽക്കാലത്ത് വിശ്വാസപ്രമാണം ആരാധനയിൽ ഉപയോഗിച്ചുതുടങ്ങിയപ്പോൾ ശാപവാക്കുകൾ സഭ ഒഴിവാക്കി.

അന്ത്യോഖ്യൻ സുറിയാനി സഭയിലെ പത്രോസ് പാത്രിയർക്കീസ് (Peter the Fuller + 488) ആണ് വിശ്വാസപ്രമാണം വി. കുർബ്ബാനയിൽ ചൊല്ലുന്ന രീതി ഏർപ്പെടുത്തിയത്. കൽക്കദോന്യ സുന്നഹദോസിനെത്തുടർന്ന് (എ. ഡി. 451) പൗരസ്ത്യസഭയിൽ വലിയ ഭിന്നത ഉണ്ടായി. ബൈസന്റയിൻ (ഗ്രീക്ക്), ലാറ്റിൻ സഭകൾ കൽക്കദോന്യ സുന്നഹദോസിനെ അനുകൂലിച്ചു. ഈജിപ്റ്റ് (കോപ്റ്റിക്ക്), സുറിയാനിസഭകൾ ഈ സുന്നഹദോസിനെ അംഗീകരിക്കുന്നില്ല. പിന്നീട് എത്യോപ്യൻ, അർമീനിയൻ, മലങ്കരസഭകളും കൽക്കദോന്യ സുന്നഹദോസിനെ തിരസ്കരിച്ചു. നിഖ്യാ (325), കുസ്തന്തീനോപോലീസ് (381), എഫെസൂസ് (431) എന്നീ മൂന്നു പൊതുസുന്നഹദോസുകളുടെ വിശ്വാസത്തിൽനിന്നും വ്യത്യസ്തമായ നിലപാട് കൽക്കദോന്യ സുന്നഹദോസ് സ്വീകരിച്ചതുകൊണ്ടാണ്, മലങ്കരസഭയുൾപ്പെടെയുള്ള സഭകൾ ഇതിനെ അംഗീകരിക്കാത്തത്. കൽക്കദോന്യ പക്ഷക്കാരിൽനിന്നും വ്യത്യസ്തമായി, സുറിയാനിസഭ നിഖ്യാവിശ്വാസത്തിൽ ഉറച്ചുനിൽക്കുന്നുവെന്നു കാണിക്കുവാനാണ് വി. കുർബ്ബാനയിൽ വിശ്വാസപ്രമാണം ചൊല്ലണമെന്ന് പത്രോസ് പാർത്രിയർക്കീസ് (മരണം 488) നിർദ്ദേശിച്ചത്. പിന്നീട് ബൈസന്റയിൻസഭയും ലാറ്റിൻസഭയും ഈ മാതൃക പിന്തുടർന്നു.

## നമുക്ക് ചിന്തിക്കാം

1. വിശ്വാസപ്രമാണത്തിന്റെ രൂപീകരണത്തിന് ഇടയാക്കിയ സാഹചര്യം വിശദമാക്കുക.
2. വിശ്വാസപ്രമാണത്തിൽ യേശുക്രിസ്തുവിനെപ്പറ്റി പറഞ്ഞിരിക്കുന്ന കാര്യങ്ങൾ നാലു വാചകങ്ങളിൽ സംഗ്രഹിച്ച് എഴുതുക.
3. വിശ്വാസപ്രമാണത്തിൽ പിതാവിനും പുത്രനും നൽകിയിരിക്കുന്ന വിശേഷണങ്ങൾ ഏവ?
4. വിശ്വാസപ്രമാണം വി. കുർബ്ബാനയിൽ ഉപയോഗിക്കുവാൻ തുടങ്ങിയ സാഹചര്യം വിശദമാക്കുക?
5. ഓറിയന്റൽ ഓർത്തഡോക്സ് സഭകളും ബൈസന്റയിൻ സഭയും തമ്മിലുള്ള പ്രധാന വ്യത്യാസങ്ങൾ ഏവ?

6. കൽക്കദോന്യ സുന്നഹദോസിനെ എതിർക്കുന്നതും അനുകൂലിക്കുന്നതുമായ സഭ കൾ ഏതെല്ലാം?
7. നമ്മുടെ സഭ അതിനെ എതിർക്കുവാനുള്ള കാരണം എന്ത്?

## പ്രവർത്തനങ്ങൾ

1. വിശ്വാസപ്രമാണത്തിൽ യേശുക്രിസ്തുവിനെപ്പറ്റി പറഞ്ഞിരിക്കുന്ന വിശേഷണങ്ങൾ ചേർത്ത് ഒരു ചാർട്ട് തയ്യാറാക്കുക.
2. നിഖ്യാസുന്നഹദോസ് ആദിമ സഭാചരിത്രത്തിലെ നാഴികക്കല്ലായിരുന്നു. ഈ സുന്ന ഹദോസിനെപ്പറ്റി കൂടുതൽ വിവരങ്ങൾ സഭാചരിത്രപുസ്തകങ്ങളിൽനിന്നും സഭാപണ്ഡിതന്മാരിൽനിന്നും ശേഖരിച്ച് ഒരു ലഘു പ്രോജക്ട് തയ്യാറാക്കുക.
3. വിശ്വാസപ്രമാണത്തിലെ ആദ്യത്തെ രണ്ട് ഖണ്ഡികകൾ മനഃപാഠമാക്കി ക്ലാസ്സിൽ ചൊല്ലി ക്കേൾപ്പിക്കുക.

## നമുക്ക് പാടാം

ദെനഹാ (കർത്താവിന്റെ മാമോദീസാ ജനുവരി 6) ദിവസം വി. കുർബ്ബാനയിൽ ആലപിക്കുന്ന ഗീതം (വി. കുർബ്ബാനക്രമം പേജ് 277).

(അൻപുടയോനെ നിൻവാതിൽ..... എന്ന രീതി)

സ്ക്കറിയാ തനയൻ-യൂഹാനോൻ
ആറ്റിൻ തീരത്തായ് നിന്നാൻ
ബലവാനീറേർക്കുമഗമ്യൻ
മാമോദീസായ്ക്കാഗതനായ്
കർത്തൻ മാമോദീസായ്ക്കും
യൂഹാനോൻ സാക്ഷിപ്പാനും
താതൻ മൽപ്രിയ പുത്രനിവൻ
എന്നോതാൻ വാനിലുമെത്തി
രൂപ വിഹീനൻ താതനും
സ്നാനാർത്ഥം വന്നാത്മജനും
പ്രാവു സമാനം മൂർദ്ധാവിൽ
മേവിയ റൂഹായ്ക്കും സ്തോത്രം

### നിശ്ചയം

**സഭയുടെ വിശ്വാസപ്രമാണത്തിലെ,
പുത്രൻതമ്പുരാനെപ്പറ്റിയുള്ള വിശ്വാസം ഞങ്ങൾ മനസ്സിലാക്കി.
ആദിമസഭയിലെ പിതാക്കന്മാർ ഈ സത്യവിശ്വാസം
ഉറപ്പിക്കുന്നതിനായി സഹിച്ച യാതനകൾ ഞങ്ങൾക്ക് ബോദ്ധ്യമായി.
ഈ വിശ്വാസം ഞങ്ങൾ എന്നാളും കാത്തുസൂക്ഷിക്കുകയും
ഞങ്ങളുടെ പ്രാർത്ഥനയിൽ ഇത് വിശ്വാസപൂർവ്വം
ഏറ്റുചൊല്ലുകയും ചെയ്യും.**

## നമുക്ക് പ്രാർത്ഥിക്കാം

പ്രാർത്ഥനാക്രമത്തിലെ പ്രത്യേക പ്രാർത്ഥനകൾ എന്ന ഭാഗത്തുള്ള, സഭയ്ക്കുവേണ്ടിയുള്ള പ്രാർത്ഥനയുടെ തുടർച്ച (പേജ് 441)

*സർവ്വശക്തനും കാരുണ്യവാനും ദയവാനും ദീർഘക്ഷമയുള്ളവനും വളരെ കൃപയുള്ളവനുമായ ദൈവമേ... നിന്റെ ഏക പുത്രന്റെ മനുഷ്യാവതാരത്തെയും കഷ്ടതകളെയും രക്തത്തെയും കുരിശു മരണത്തെയും നീ ഓർത്ത് വിശുദ്ധസഭയിൽ നിരപ്പും സമാധാനവും ഐക്യവും വാഴുമാറാക്കണമെ. അതിലെ വിശ്വാസാചാരനടപടികളെയും നിയമങ്ങളെയും ഉടച്ചുതകർക്കുവാനും അതിന്റെ മഹത്വത്തെയും ശോഭയെയും സൗന്ദര്യത്തെയും നശിപ്പിപ്പാനും പിരിച്ചിലുകളും തർക്കങ്ങളും ഭാഗങ്ങളും വർദ്ധിപ്പിപ്പാനും ശ്രമിക്കുന്നവരെ നീ നിർമ്മൂലമാക്കണമേ. അതിനെ നീ ഉയർത്തുകയും അതിന്റെ നാനാഭാഗങ്ങളിലും നിന്റെ ഏകപുത്രന്റെ വന്ദ്യ ഏവൻഗേലിയോൻ പ്രബലപ്പെടുകയും അതിലെ തലവന്മാരെയും അധികാരികളെയും നീ ജ്ഞാനവും ശക്തിയും ഉള്ളവരാക്കിത്തീർക്കുകയും അനേക പുറജാതികൾ നിന്റെ ഏക പുത്രനിൽ വിശ്വസിച്ച് അതിൽവന്നു കൂടുവാനിടയാക്കുകയും ചെയ്യണമേ. ആമ്മീൻ.*

## തുടർ വായനയ്ക്ക്

| ദിവസം | രാവിലെ | വൈകുന്നേരം |
|---|---|---|
| ഞായർ | - | കൊലോസ്യ. 1:1-14 |
| തിങ്കൾ | കൊലോസ്യ. 1:15-29 | കൊലോസ്യ. 2 |
| ചൊവ്വ | കൊലോസ്യ. 3 | കൊലോസ്യ. 4 |
| ബുധൻ | 1 തെസ്സ. 1 | 1 തെസ്സ. 2 |
| വ്യാഴം | 1 തെസ്സ. 3 | 1 തെസ്സ. 4 |
| വെള്ളി | 1 തെസ്സ. 5 | 2 തെസ്സ. 1 |
| ശനി | 2 തെസ്സ. 2:1-12 | 2 തെസ്സ. 2:13-17 |
| ഞായർ | 2 തെസ്സ. 3 | - |

പാഠം 24

# വിശ്വാസപ്രമാണം
# പരിശുദ്ധാത്മാവ്: ജീവൻ നൽകുന്ന കർത്താവ്

### പഠനോദ്ദേശ്യങ്ങൾ

സഭയുടെ വിശ്വാസപ്രമാണത്തിലെ മൂന്നും നാലും ഖണ്ഡികയിലെ ആശയങ്ങളുടെ അർത്ഥവും പ്രാധാന്യവും മനസ്സിലാക്കുക. വി. ത്രിത്വത്തിൽ മൂന്നാമനായ പരിശുദ്ധറൂഹായുടെ ശ്രേഷ്ഠതകൾ മനസ്സിലാക്കുകയും സത്യവിശ്വാസം ഉറപ്പിക്കുകയും ചെയ്യുക. എല്ലാ പ്രാർത്ഥനാ സമയത്തും വിശ്വാസപ്രമാണം, അർത്ഥം മനസ്സിലാക്കി ചൊല്ലുക.

**മനഃപാഠവാക്യം:** "കർത്താവ് താൻ പറഞ്ഞുതുടങ്ങിയതും ദൈവം അടയാളങ്ങളാലും അത്ഭുതങ്ങളാലും വിവിധ വീര്യപ്രവൃത്തികളാലും തന്റെ ഇഷ്ടപ്രകാരം പരിശുദ്ധാത്മാവിനെ നൽകിക്കൊണ്ടും സാക്ഷിനിന്നതും കേട്ടവർ നമുക്ക് ഉറപ്പിച്ചുതന്നതുമായ ഇത്ര വലിയ രക്ഷ നാം ഗണ്യമാക്കാതെ പോയാൽ എങ്ങിനെ തെറ്റി ഒഴിയും (എബ്രായർ 2:3-4)."

**പഠനസഹായികൾ:** പരിശുദ്ധറൂഹായുടെ വിശേഷണങ്ങൾ അടങ്ങിയ ചാർട്ട്, പെന്തിക്കോസ്തിയിലെ അഗ്നിനാവുകളുടെ ചിത്രം, വി. വേദപുസ്തകം, വി. കുർബ്ബാന ക്രമം, പ്രാർത്ഥനാക്രമം.

### ആമുഖം

കഴിഞ്ഞ രണ്ടുപാഠങ്ങളിൽ സഭയുടെ വിശ്വാസപ്രമാണത്തിലെ ആദ്യത്തെ രണ്ടു ഭാഗങ്ങൾ നമ്മൾ പഠിച്ചുകഴിഞ്ഞല്ലോ. ഈ ഭാഗങ്ങൾ എല്ലാവരും ചേർന്ന് ചൊല്ലിക്കേൾപ്പിക്കാമോ? പരിശുദ്ധറൂഹായെപ്പറ്റി നിങ്ങൾക്ക് അറിയാവുന്ന കാര്യങ്ങൾ എന്തെല്ലാമാണ്? നമ്മെ സകല സത്യത്തിലും വഴിനടത്തുന്നത് പരിശുദ്ധ റൂഹായാണ്. പെന്തിക്കോസ്തിയിലെ അഗ്നിനാവുകളുടെ ചിത്രം ടീച്ചർ കാണിക്കുന്നു. പരിശുദ്ധ റൂഹായായ സത്യദൈവത്തിലും വി. സഭയിലുമുള്ള വിശ്വാസമാണ് ഇന്ന് നമ്മൾ പഠിക്കുവാൻ പോകുന്നത്.

### പാഠഭാഗം

പരിശുദ്ധാത്മാവിലും വി. സഭയിലുമുള്ള വിശ്വാസമാണ് വിശ്വാസപ്രമാണത്തിന്റെ മൂന്നാം ഖണ്ഡികയുടെ ഉള്ളടക്കം. കഴിഞ്ഞപാഠത്തിൽ പരാമർശിച്ചതുപോലെ നിഖ്യായിൽ അംഗീകരിച്ച വിശ്വാസപ്രമാണത്തിൽ ഒന്നും രണ്ടും ഖണ്ഡികകൾക്കുശേഷം "പരിശുദ്ധാത്മാവിലും ഞങ്ങൾ വിശ്വസിക്കുന്നു" എന്നായിരുന്നു സമാപനവാക്യം. പരിശുദ്ധാത്മാവിന്റെ വിശേഷണങ്ങളും വി. സഭയെപ്പറ്റിയുള്ള ഭാഗവും കൂടി ചേർത്തത് 381-ൽ

കുസ്തന്തീനോസ്പോലീസിലെ സുന്നഹദോസിൽവച്ചാണ് (Constantinople Istambul). കുസ്തന്തീനോസ്പോലീസിലെ മെത്രാപ്പോലീത്താ ആയിരുന്ന മാസിഡോണിയസ്, പരിശുദ്ധാത്മാവ് പിതാവിന്റെ സൃഷ്ടിയാണെന്നും, അതിനാൽ പിതാവിനോട് സമനല്ലെന്നും, പിതാവിനെക്കാളും പുത്രനെക്കാളും താണവനാണെന്നും പഠിപ്പിച്ചു. ഈ വേദവിപരീതത്തിനെതിരായി അപ്പൊസ്തോലികവിശ്വാസം പ്രഖ്യാപിക്കുന്നതിനാണ് 381-ലെ സുന്നഹദോസ് കൂടിയത്. പരിശുദ്ധാത്മാവിനെ സംബന്ധിച്ച് താഴെപ്പറയുന്ന തീരുമാനങ്ങൾ എടുത്തു.

പരിശുദ്ധാത്മാവ് സകലത്തിലും ജീവൻ നൽകുന്ന കർത്താവാണ്. അതായത് താൻ സ്രഷ്ടാവും, പൂർണ്ണദൈവവും, പിതാവിനോടും പുത്രനോടും സമനുമാണ്. അതിനാൽ പിതാവിനെയും പുത്രനെയുംപോലെ ആരാധനയ്ക്ക് യോഗ്യനാണ്. താൻ പിതാവിൽനിന്നും പുറപ്പെടുന്നു (യോഹ. 15:26). പ്രവാചകന്മാരും, ശ്ലീഹന്മാരും വഴി, അതായത് പഴയനിയമവും, പുതിയ നിയമവും വഴി ദൈവിക വെളിപാടുകൾ ലോകത്തിനു നൽകിയവനുമാണ്.

"പിതാവിൽനിന്നു പുറപ്പെട്ട് പിതാവിനോടും പുത്രനോടുംകൂടെ വന്ദിക്കപ്പെട്ടു സ്തുതിക്കപ്പെടുന്ന റൂഹാ" എന്നാണ് വിശ്വാസപ്രമാണത്തിൽ പറയുന്നത്. എന്നാൽ ആറാംനൂറ്റാണ്ടിൽ റോമൻ കത്തോലിക്കാസഭ (ലാറ്റിൻസഭ) "പിതാവിൽനിന്നും പുത്രനിൽനിന്നും" പുറപ്പെട്ട് എന്നു ഭേദപ്പെടുത്തി. "പുത്രനിൽനിന്നും" (and from the son) എന്നതിന് ലാറ്റിൻഭാഷയിൽ ഫിലിയൊക്കെ (filoque) എന്നാണ് പറയുന്നത്. ഓർത്തഡോക്സ് സഭകൾ ഈ വാക്ക് കൂട്ടിച്ചേർത്തതിനെ എതിർത്തു. ഇതാണ് 'ഫിലിയോക്കെ വിവാദം' (Filioque Controversy) എന്നറിയപ്പെടുന്നത്. എ. ഡി. 1054-ൽ ബൈസന്റയിൽ (ഗ്രീക്ക്) ഓർത്തഡോക്സ് സഭകൾ കത്തോലിക്കാസഭയുമായുള്ള കുർബ്ബാനബന്ധം അവസാനിപ്പിക്കുന്നതിനുള്ള ഒരു കാരണം വിശ്വാസപ്രമാണത്തിൽ ഈ വാക്കുകൂടി ചേർത്തതാണ്.

**അല്പം നിർത്താം... ചിന്തിക്കാം...**

1. പരിശുദ്ധാത്മാവിനെ സംബന്ധിച്ചുള്ള വേദവിപരീതം എന്തായിരുന്നു?
2. "ഫില്യോക്കെ വിവാദം" എന്നാൽ എന്ത്?

സഭയുടെ അപ്പൊസ്തോലികവിശ്വാസത്തിന്റെ രത്നച്ചുരുക്കമായ നിഖ്യാ-കുസ്തന്തീനോസ് വിശ്വാസപ്രമാണത്തിൽ എന്തെങ്കിലും കൂട്ടിച്ചേർക്കാനോ, വിട്ടുകളയാനോ ആർക്കും അവകാശമില്ല. സാർവ്വത്രിക സുന്നഹദോസുകൾക്കു പോലും അതിന് അധികാരമില്ലെന്നാണ് സഭയുടെ പഠിപ്പിക്കൽ. പരിശുദ്ധാത്മാവ് "പുത്രനിൽനിന്നു പുറപ്പെടുന്നു" എന്നു പറഞ്ഞാൽ, പ. ത്രിത്വത്തിൽ രണ്ട് ഉത്ഭവസ്ഥാനങ്ങൾ ഉണ്ടെന്നും, പരിശുദ്ധാത്മാവ് പിതാവിനേക്കാളും പുത്രനേക്കാളും താണവനാണെന്നും തെറ്റിദ്ധരിക്കപ്പെട്ടേക്കാം. കൂടാതെ സുവിശേഷത്തിൽ "പിതാവിന്റെ അടുക്കൽനിന്നും പുറപ്പെടുന്ന സത്യാത്മാവ്" (യോഹ. 15:26) എന്നാണ് യേശുക്രിസ്തു പരിശുദ്ധാത്മാവിനെ വിശേഷിപ്പിച്ചിരിക്കുന്നത്. സുവിശേഷത്തിനും സഭാപിതാക്കന്മാരുടെ ഉപദേശങ്ങൾക്കും വിരുദ്ധമായ ഈ വാക്ക് (Filioque) ഉപയോഗിച്ച് കത്തോലിക്കാസഭ ചില അവസരത്തിൽ വിശ്വാസപ്രമാണം ചൊല്ലുന്നുണ്ട്.

നമ്മുടെ ആരാധനയിൽ "പിതാവിനും പുത്രനും പരിശുദ്ധറൂഹായ്ക്കും സ്തുതി" (ശുബഹോ) എന്നു പറയുന്നത് അർത്ഥവത്താണ്. അറിയോസിനും, മാസിഡോസിയസിനും, ത്രിത്വവിശ്വാസം അംഗീകരിക്കാത്ത വേദവിപരീതികൾക്കും ഉള്ള മറുപടിയാണ് ഈ ത്രിത്വസ്തുതി. ഈ സ്തുതിവചനങ്ങളിലൂടെ പിതാവും പുത്രനും പരിശുദ്ധറൂഹായും സാരാംശത്തിൽ സമന്മാരാണെന്നും തുല്യ ദൈവത്വമുള്ള ആളത്വങ്ങളാണെന്നും സഭ

പ്രഖ്യാപിക്കുന്നു. പിതാവും, പുത്രനും, പരിശുദ്ധ റൂഹായും ഒന്നാണെന്ന് വ്യക്തമാക്കുന്ന ഒരു വേദഭാഗം Authorised King James Version Bible-ൽ I John 5:7-ൽ നമുക്ക് കാണാം. “For there are three that bear record in Heaven, the father, the word and the Holy Ghost; and these three are one” “സ്വർഗ്ഗത്തിൽ സാക്ഷ്യമുള്ള മൂന്നുപേരുണ്ട് പിതാവ്, വചനം, പരിശുദ്ധാത്മാവ് ഇവ മൂന്നും ഒന്നാണ്.” പ്രാർത്ഥനകളുടെ ആരംഭത്തിലും, അവസാനത്തിലും, വി. മാമോദീസാ തുടങ്ങിയ കൂദാശകളിലും മൂന്ന് ആളത്വങ്ങളുടെ പേരുകൾ പ്രഖ്യാപിക്കുന്നതുവഴി അവരുടെ സമത്വമാണ് നാം ഏറ്റുപറയുന്നത്.

പിതാവിനെയും പുത്രനെയും പരിശുദ്ധറൂഹായേയും സ്തുതിക്കുന്നത് പുതിയനിയമകാലം മുതൽ ഉള്ള പാരമ്പര്യമാണ്. അങ്ങനെ സ്തുതിക്കുന്ന സമൂഹത്തിന്റെ പേരാണ് ‘ഓർത്തഡോക്സ്’ എന്നത്. ഈ ഗ്രീക്കുവാക്കിന്റെ അർത്ഥം ‘ശരിയായി സ്തുതി അർപ്പിക്കുന്നവർ’ എന്നാണ്. മനുഷ്യരെ നന്മയുള്ളവരാക്കിത്തീർത്ത്, ദൈവരാജ്യത്തിന് അവകാശികളാക്കിത്തീർക്കുകയാണ് പരിശുദ്ധാത്മാവ് ചെയ്യുന്നത്. മാമോദീസായിലെ വി. മൂറോനഭിഷേകത്തിലൂടെ നാം പരിശുദ്ധാത്മാവിനെ സ്വീകരിക്കുന്നു. വി. കുർബ്ബാനയിലൂടെയും മറ്റു കൂദാശകളിലൂടെയും പരിശുദ്ധാത്മാവ് നമ്മെ ശുദ്ധീകരിക്കുകയും നമ്മിൽ വസിക്കുകയും ചെയ്യുന്നു. പരിശുദ്ധാത്മാവ് വസിക്കുന്നവരിൽ ആത്മാവിന്റെ ഫലം ദൃശ്യമാകുന്നു (ഗലാ. 5:22-23).

**അല്പം നിർത്താം... ചിന്തിക്കാം...**

1. പരിശുദ്ധാത്മാവിനെ സംബന്ധിച്ചുള്ള സത്യവിശ്വാസം എന്താണ്?
2. വി. ത്രിത്വം ഏകസത്യദൈവമാണ് എന്ന് എങ്ങനെ തെളിയിക്കാം.

### വി. സഭ

വിശ്വാസപ്രമാണത്തിന്റെ മൂന്നാം ഖണ്ഡികയിൽ “കാതോലികവും, അപ്പൊസ്തോലികവുമായ ഏക വിശുദ്ധസഭയിലും” ഞങ്ങൾ വിശ്വസിക്കുന്നു എന്ന് ഏറ്റുപറയുന്നു.

മാമോദീസാമൂലം യേശുക്രിസ്തുവിനോടു ചേർന്നവരുടെ സമൂഹമാണ് സഭ. ക്രിസ്തുവിനോടുള്ള ബന്ധത്തിന്റെ ആഴം സൂചിപ്പിക്കുവാൻ സഭയെ ‘ക്രിസ്തുവിന്റെ ശരീരം’, ‘ക്രിസ്തുവിന്റെ മണവാട്ടി’ എന്നിങ്ങനെ പുതിയനിയമത്തിൽ വിശേഷിപ്പിച്ചിരിക്കുന്നു. ‘ദൈവജനം’, ‘പുതിയ യിസ്രായേൽ’ എന്നീ പേരുകളും സഭയ്ക്ക് ഉപയോഗിച്ചിരിക്കുന്നു. ദൈവത്തിന്റെ സ്നേഹവും കരുണയും ലോകത്തെ അറിയിക്കുവാൻ യിസ്രായേൽ ജനതയെ പഴയനിയമകാലത്ത് ദൈവം തെരഞ്ഞെടുത്തു. അവർക്ക് ന്യായപ്രമാണവും യാഗങ്ങളും ആരാധനാരീതികളും പൗരോഹിത്യവും ദൈവം സ്ഥാപിച്ചു നൽകി. ദൈവത്തെ ആരാധിച്ച് ദൈവഹിതമനുസരിച്ച് ജീവിക്കുവാനായിരുന്നു അത്. എന്നാൽ പഴയ യിസ്രായേൽ ആ ദൗത്യത്തിൽ പരാജയപ്പെട്ടപ്പോൾ വി. സഭയെ, അതായത് പുതിയ യിസ്രായേലിനെ ദൈവം തെരഞ്ഞെടുത്തു.

വിശ്വാസപ്രമാണത്തിൽ സഭയ്ക്ക് നാല് വിശേഷണങ്ങൾ ഉപയോഗിച്ചിരിക്കുന്നു. കാതോലികം, അപ്പൊസ്തോലികം, ഏകം, വിശുദ്ധം. ‘കാതോലികം’ എന്ന വാക്ക് ഗ്രീക്കിൽ നിന്നും ഉത്ഭവിച്ചതാണ് (Katholike). ‘എല്ലായിടത്തും വ്യാപിച്ചത്,’ ‘സമ്പൂർണ്ണം’ എന്നീ അർത്ഥങ്ങൾ ഈ വാക്കിനുണ്ട്. എല്ലാ ഭൂഖണ്ഡങ്ങളിലും എല്ലാ ജാതികളിലും സഭാംഗങ്ങളുണ്ട്. വിശ്വാസത്തിന്റെ സമ്പൂർണ്ണത ഓർത്തഡോക്സ് സഭയ്ക്കാണുള്ളത്. അതുകൊണ്ടാണ് കതോലികസഭ എന്നും ഓർത്തഡോക്സ് സഭ അറിയപ്പെടുന്നത്.

അപ്പൊസ്തോലികസഭ എന്നു പറഞ്ഞാൽ അപ്പോസ്തോലന്മാരുടെ വിശ്വാസവും പാരമ്പര്യവും കാത്തുസൂക്ഷിക്കുന്ന സഭ എന്നാണർത്ഥം. വി. മാർത്തോമ്മാശ്ലീഹാ

സ്ഥാപിക്കുകയും, അദ്ദേഹത്തിൽനിന്നു ലഭിച്ച വിശ്വാസവും പാരമ്പര്യവും പിന്തുടരുകയും ചെയ്യുന്ന സഭയാണ് നമ്മുടേത്.

യേശുക്രിസ്തു സ്ഥാപിച്ച സത്യസഭയാണ് 'ഏകസഭ', വിശ്വാസവിപരീതങ്ങൾ സ്വീകരിച്ച് പോകുന്നവർ ഏകസഭയുടെ അംഗങ്ങളല്ല.

ദൈവം മാത്രമാണ് വിശുദ്ധൻ, ക്രിസ്തുവിന്റെ ശരീരമായതുകൊണ്ടും പരിശുദ്ധാത്മാവ് വസിക്കുന്ന സമൂഹമായതുകൊണ്ടുമാണ് വിശുദ്ധസഭയെന്നു പറയുന്നത്.

## ഏക മാമോദീസായും നിത്യജീവനും

"പാപമോചനത്തിനു മാമോദീസ ഒരിക്കൽ മാത്രമാകുന്നു" എന്നു ഏറ്റുപറയുന്നതിന്റെ അർത്ഥം, മാമോദീസാ ആവർത്തിക്കുവാൻ പാടില്ലായെന്നാണ്. ത്രിത്വനാമത്തിൽ ഉള്ള സ്നാനം എല്ലാ അപ്പൊസ്തോലികസഭകളും അംഗീകരിക്കുന്നു. എന്നാൽ വിശ്വാസ വിപരീതങ്ങൾ പിന്തുടരുന്ന സഭകൾ നൽകുന്ന മാമോദീസ അപൂർണ്ണമാണെന്ന് സഭ പഠിപ്പിക്കുന്നു. അത്തരം സഭകളിൽ സ്നാനമേറ്റവരെ വി. മൂറോൻ അഭിഷേകം നൽകി, സ്നാനം പൂർത്തീകരിക്കുന്നു. മാർത്തോമ്മാ, സി. എസ്. ഐ, ആംഗ്ലിക്കൻസഭകളിൽ സ്നാനമേറ്റവരെ ഓർത്തഡോക്സ് സഭ മൂറോൻ അഭിഷേകം നൽകിയാണ് സഭാംഗത്വം നൽകുന്നത്.

മരണത്തോടുകൂടി ജീവിതം അവസാനിക്കുന്നില്ല. പുനരുത്ഥാനവും, നിത്യജീവനും പ്രത്യാശയുടെ അടിസ്ഥാന ഘടകങ്ങളാണ്. ആ പ്രത്യാശയുടെ പ്രഖ്യാപന ത്തോടെ വിശ്വാസപ്രമാണം സമാപിക്കുന്നു.

## നമുക്ക് ചിന്തിക്കാം

1. കുസ്തന്തീനോസ്പോലീസിലെ സുന്നഹദോസിൽവെച്ച് വിശ്വാസപ്രമാണത്തിൽ വരുത്തിയ മാറ്റങ്ങൾ ഏവ?
2. 'ഫിലിയോക്കെ വിവാദം' എന്താണെന്ന് ചുരുക്കമായി വിവരിക്കുക?
3. സഭയുടെ നാലു ലക്ഷണങ്ങൾ അഥവാ വിശേഷണങ്ങൾ ഏവ?
4. 'കാതോലികം' എന്ന വാക്കിന്റെ അർത്ഥം വിശദമാക്കുക?
5. ചില സഭാംഗങ്ങളെ വി. മൂറോൻ അഭിഷേകം നൽകി ഓർത്തഡോക്സ് സഭയിൽ സ്വീകരിക്കുന്നത് എന്തുകൊണ്ട്?

## പ്രവർത്തനങ്ങൾ

1. വിശ്വാസപ്രമാണത്തിൽ പരിശുദ്ധാത്മാവിനെപ്പറ്റിയും വി. സഭയെപ്പറ്റിയും സൂചിപ്പിച്ചിരിക്കുന്ന വിശേഷണങ്ങൾ ചേർത്ത് ഒരു ചാർട്ട് തയ്യാറാക്കുക.
2. സഭയുടെ വിശേഷണങ്ങൾ കാർഡുകളായി എഴുതി സൂക്ഷിക്കുക.
3. വിശ്വാസപ്രമാണം മുഴുവനായി ഹൃദിസ്ഥമാക്കി ക്ലാസ്സിൽ ചൊല്ലിക്കേൾപ്പിക്കുക.
4. പ്രാർത്ഥനാസമയത്തു വിശ്വാസപ്രമാണം അർത്ഥം മനസ്സിലാക്കി ചൊല്ലുക.

## നമുക്ക് പാടാം

ക്യംതായുടെ സന്ധ്യാനമസ്കാരത്തിൽ ചൊല്ലുന്ന ഗീതം
(വി. കുർബ്ബാനക്രമം, പേജ് 108).

മോദിക്ക വിശുദ്ധ സഭേ നമ്മുടെ നാഥൻ
മൂന്നാം നാളിൽ ജീവിച്ച-കബറീ-ന്നെഴുന്നേറ്റാൻ

പാപത്തെ കൊലയാൽ കൊന്നാൻ-മൃതിയെ മൃതിയാൽ
ക്രോബകൾ കുന്തം താനേറ്റക്കുന്ത-ത്താൽ നീക്കി
തൻ കബറാൽ-തീർത്താൻ കബർ നാശം
തന്നുത്ഥാ-നാലിങ്ങുയിരേകി
ഏറ്റിവ താൻ പോക്കി വഴിത്തെറ്റെല്ലാം ഞങ്ങളുടെ

## നിശ്ചയം

**സഭയുടെ വിശ്വാസപ്രമാണം മുഴുവൻ ഞങ്ങൾ മനസ്സിലാക്കി.
വി. ത്രിത്വത്തിൽ ഞങ്ങൾ അടിയുറച്ച് വിശ്വസിക്കും.
ഞങ്ങളുടെ പ്രാർത്ഥനകളിൽ വിശ്വാസപ്രമാണം
അർത്ഥം മനസ്സിലാക്കി ഞങ്ങൾ ചൊല്ലും.**

## നമുക്ക് പ്രാർത്ഥിക്കാം

പ്രാർത്ഥനാക്രമത്തിൽ പ്രത്യേക പ്രാർത്ഥനകൾ എന്ന ഭാഗത്തുള്ള സഭയ്ക്കും പട്ടക്കാർക്കും വേണ്ടിയുള്ള പ്രാർത്ഥനയിൽനിന്ന് (പേജ് 443)

*പിതാവും പുത്രനും പരിശുദ്ധറൂഹായുമായ സത്യമുള്ള ഏകദൈവമേ... ദൈവികവചനങ്ങളെ ഞങ്ങളോട് ഉപദേശിക്കുകയും ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നവരായി ഞങ്ങളുടെ സഭയിലെ എല്ലാ മേല്പട്ടക്കാരേയും പട്ടക്കാരേയും നീ അനുഗ്രഹിച്ച് അവരുടെ സകല വചനങ്ങളും പ്രവൃത്തികളും നിന്റെ തിരുനാമ മഹത്വത്തിനാക്കിത്തീർക്കണമെ.. നാനാ ഭാഗങ്ങളിൽനിന്നുള്ള നിന്റെ പള്ളികളിൽനിന്നും ദയറാകളിൽനിന്നും മറ്റ് വിശുദ്ധ സ്ഥലങ്ങളിൽനിന്നും അതിന്റെ പ്രജകളുടെ എല്ലാ ഭവനങ്ങളിൽ നിന്നും പ്രത്യേകംപ്രത്യേകം ഓരോരുവനിൽനിന്നും നിനക്കും നിന്റെ ഏക പുത്രനും നിന്റെ പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും ഇപ്പോഴും എല്ലാ സമയത്തും എന്നേയ്ക്കും ഇടവിടാതെ കരേറ്റുകയും ചെയ്യുമാറാകണമേ. ആമ്മീൻ.*

## തുടർവായനയ്ക്ക്

| ദിവസം | രാവിലെ | വൈകുന്നേരം |
|---|---|---|
| ഞായർ | - | 1 തീമോത്തി 1 |
| തിങ്കൾ | 1 തീമോത്തി. 2 | 1 തീമോത്തി. 3 |
| ചൊവ്വ | 1 തീമോത്തി. 4 | 1 തീമോത്തി. 5:1-16 |
| ബുധൻ | 1 തീമോത്തി. 5:17-25 | 1 തീമോത്തി. 6:1-10 |
| വ്യാഴം | 1 തീമോത്തി. 6:11-22 | 2 തീമോത്തി. 1 |
| വെള്ളി | 2 തീമോത്തി. 2:1-13 | 2 തീമോത്തി. 2:14-26 |
| ശനി | 2 തീമോത്തി 3 | 2 തീമോത്തി 4:1-8 |
| ഞായർ | 2 തീമോത്തി. 4:9-22 | - |

യൂണിറ്റ് 7

# മഹത്വ്യക്തി പരിചയം

പാഠം 25

# അൽവാറീസ് മാർ യൂലിയോസ്

## പഠനോദ്ദേശ്യങ്ങൾ

അൽവാറീസ് മാർ യൂലിയോസ് തിരുമേനിയുടെ ജീവചരിത്രം മനസ്സിലാക്കുകയും ആ പിതാവിന്റെ നല്ല മാതൃകകൾ ജീവിതത്തിൽ പ്രാവർത്തികമാക്കുകയും ചെയ്യുക.

**മനഃപാഠവാക്യം:** "ക്രിസ്തുവിൽ വിശ്വസിപ്പാൻ മാത്രമല്ല അവനുവേണ്ടി കഷ്ടം അനുഭവിപ്പാനും കൂടെ നിങ്ങൾക്കു വരം നല്കിയിരിക്കുന്നു" (ഫിലി. 1:29).

**പഠനസഹായികൾ:** ജീവചരിത്രം, അൻവറീസ് മാർ യൂലിയോസ് (ഡി. മാത്യൂസ്), സഭാവിജ്ഞാനകോശം, വി. വേദപുസ്തകം, വി. കുർബ്ബാനക്രമം, പ്രാർത്ഥനാക്രമം

## ആമുഖം

കേരളത്തിലെ നമ്മുടെ സഭയിൽതന്നെ ജനിച്ചുവളർന്ന് മലയാളഭാഷ സംസാരിക്കുന്നവരിൽനിന്നാണ് ഇന്നുവരെയും നമ്മൾ മെത്രാപ്പോലീത്താമാരെ തെരഞ്ഞെടുത്തിട്ടുള്ളത്. അവരിൽ നിന്നും തികച്ചും വ്യത്യസ്തനായ ഒരു മെത്രാപ്പോലീത്താ നമുക്കുണ്ട്. വിശുദ്ധനായി നമ്മൾ പ്രഖ്യാപിച്ചിട്ടില്ലെങ്കിലും ആ നിലയിൽത്തന്നെ പരിഗണിക്കപ്പെടുന്ന ഒരു പിതാവാണ് അദ്ദേഹം. അദ്ദേഹത്തിന്റെ പേര് അൽവാറീസ് മാർ യൂലിയോസ് എന്നാണ്. ആ പിതാവിനെക്കുറിച്ചാണ് ഇന്ന് നാം പഠിക്കുന്നത്.

## പാഠഭാഗം

യൂലിയോസ് എന്ന പേര് ഇപ്പോൾ നമുക്ക് പരിചിതമായിരിക്കാം. അല്ലേ? ആ പേരിൽ നമുക്ക് ഒരു മെത്രാപ്പോലീത്ത ഉണ്ട്. ആരാണെന്നറിയാമോ? അഹമ്മദാബാദ് ഭദ്രാസനാധിപനായ അഭിവന്ദ്യ ഡോ. ഗീവറുഗീസ് മാർ യൂലിയോസ് തിരുമേനി. എന്നാൽ അൽവാറീസ് എന്ന പേരുകേൾക്കുമ്പോൾതന്നെ അറിയാം, നമ്മുടെ കേരളത്തിലെ, മലയാളി നാമങ്ങളിൽപെടുന്ന ഒന്നല്ല എന്ന്. അദ്ദേഹം ഗോവയിലെ 'വെർന്ന' എന്ന സ്ഥലത്ത് കുലീനമായ ഒരു കത്തോലിക്കാ കുടുംബത്തിലാണ് ജനിച്ചത്. 1836 ഏപ്രിൽ 29-ന് ജനിച്ച അദ്ദേഹത്തിന്റെ പേര് അന്റോണിയോ ഫ്രാൻസിസ് സേവ്യർ അൽവാറീസ് എന്നായിരുന്നു. കുടുംബത്തിൽ ആത്മീയമായ അന്തരീക്ഷം ഉണ്ടായിരുന്നു എന്നു മാത്രമല്ല ദുഃഖി

ക്കുന്ന മനുഷ്യരോട് സഹാനുഭൂതിയും അനുകമ്പയും പ്രകടിപ്പിക്കുന്ന ഒരു വ്യക്തിത്വവും ചെറുപ്പം മുതലേ അദ്ദേഹത്തിനുണ്ടായിരുന്നു. വൈദികജീവിതത്തോട് താൽപ്പര്യമുള്ള തിനാൽ, ഗോവയിലെ കത്തോലിക്കാ സെമിനാരിയിൽ പഠിച്ചു. പിന്നീട് ബോംബെയിൽ എത്തി. അവിടത്തെ ബിഷപ്പായിരുന്ന വാൾട്ടർ എസ്റ്റീനിൽനിന്ന് 1862-ൽ പട്ടം സ്വീക രിച്ചു.

കത്തോലിക്കാസഭയിൽ വൈദികരെ പാതിരി എന്നു വിളക്കപ്പെടാറുണ്ടല്ലോ. അങ്ങനെ അൽവറീസ് പാതിരി ഗോവയിൽ തിരിച്ചെത്തി പഞ്ചിം ആസ്ഥാനമായി പ്രവർത്തിച്ചു. ഇടവകശുശ്രൂഷയോടൊപ്പം ജീവകാരുണ്യപ്രവർത്തനങ്ങൾ, വിദ്യാഭ്യാസം, പത്രപ്രവർത്തനം എന്നിവയിലും അദ്ദേഹത്തിന്റെ ശ്രദ്ധ വ്യാപരിച്ചിരുന്നു.

**അല്പം നിർത്താം... ചിന്തിക്കാം...**

1. ഇന്നു നമ്മൾ പഠിച്ചുതുടങ്ങിയത് ആരെക്കുറിച്ചാണ്?
2. അദ്ദേഹത്തിന്റെ ആദ്യത്തെ പേര് എന്തായിരുന്നു?
3. നമ്മുടെ സഭയുടെ ചരിത്രത്തിലും മറ്റു മെത്രാപ്പോലീത്താമാരിൽ നിന്നും അദ്ദേ ഹത്തിന്റെ പശ്ചാത്തലം ഏതെല്ലാം വിധത്തിൽ വ്യത്യസ്തമായിരുന്നു?
4. ഇടവകയുടെ ശുശ്രൂഷയോടൊപ്പം അദ്ദേഹത്തിന്റെ താൽപ്പര്യമുള്ള മറ്റു പ്രവർത്ത നമേഖലകൾ ഏതൊക്കെയായിരുന്നു?

ഇത്രയും കാര്യങ്ങൾ വ്യക്തമായെങ്കിൽ ഇനി നമുക്കു തുടരാം.

## കത്തോലിക്കാസഭയിൽനിന്ന് ഓർത്തഡോക്സ് സഭയിലേക്ക്

പാശ്ചാത്യനാടുകളിൽ പ്രത്യേകിച്ച് യൂറോപ്പിലും അമേരിക്കയിലും ഇന്ന് അനേകംപേർ ഓർത്തഡോക്സ് സഭയിലേക്ക് ചേരുന്നുണ്ട്. ഇവിടെ അങ്ങനെ അധികം പേർ സഭ മാറി യിട്ടില്ല. എന്നാൽ ഈ അൽവാറീസ് പാതിരിക്ക് രണ്ട് കാര്യങ്ങളോട് ശക്തമായ എതിർപ്പു ണ്ടായിരുന്നു. ഒന്ന്, ആന്തരികമായ വ്യതിയാനം സംഭവിക്കാതെ ആചാരാനുഷ്ഠാനങ്ങ ളിലുള്ള കത്തോലിക്കാസഭയുടെ അതിരുകവിഞ്ഞ താൽപര്യം. രണ്ട്, പോർട്ടുഗീസ് ഗവൺമെന്റിന്റെ സമീപനവും കത്തോലിക്കാസഭയെ പ്രീതിപ്പെടുത്തുകയും ഭാരതത്തിന്റെ ദേശീയമായ പലതിനെയും എതിർക്കുന്ന സമീപനവും. വിശുദ്ധജീവിതവും നീതിബോ ധവുമുള്ള ഈ പുരോഹിതന് ഈ കാര്യങ്ങളോട് ശക്തമായ എതിർപ്പുണ്ടായി. ശരിയായ ഒരു ആത്മീയതയും ദേശീയതയും കണ്ടെത്താൻ അദ്ദേഹം ആഗ്രഹിച്ചു. കാര്യങ്ങൾ ആ നിലയിൽ മനസ്സിലാക്കാൻ ശ്രമിച്ചു. പൗരസ്ത്യസഭകളെക്കുറിച്ച് മനസ്സിലാക്കി ഓർത്ത ഡോക്സ് സഭയുടെ ആത്മീയതയോട് അദ്ദേഹത്തിന് വളരെ താല്പര്യമുണ്ടായി. അങ്ങനെ സഭാംഗത്വം സ്വീകരിച്ചു.

## മെത്രാൻവാഴ്ച

അൽവാറീസ് പാതിരിയുടെ ആത്മീയജീവിതവും നിഷ്ഠയും മനസ്സിലാക്കിയ പരുമല തിരുമേനി അദ്ദേഹത്തെ റമ്പാച്ചനാക്കി (സന്യാസവ്രതം), പിന്നീട് ആ റമ്പാച്ചനെ 1889 ജൂലൈ 29-ാം തീയതി പഴയ സെമിനാരിയിൽ വച്ച് അൽവാറീസ് മാർ യൂലിയോസ് എന്ന പേരിൽ മെത്രാപ്പോലീത്തായായി വാഴിച്ചു. പുലിക്കോട്ടിൽ ദീവന്നാസ്യോസ് (രണ്ടാമൻ) ഗീവർഗീസ് മാർ ഗ്രീഗോറിയോസ് (പരുമല തിരുമേനി), പൗലോസ് മാർ ഈവാനിയോസ് (പിന്നീട് ഒന്നാം കാതോലിക്ക), കടവിൽ പൗലോസ് മാർ അത്താനാ

സ്യോസ് എന്നീ തിരുമേനിമാരാണ് സ്ഥാനാരോഹണശുശ്രൂഷയ്ക്ക് നേതൃത്വം നൽകിയത്. കേരളത്തിനുപുറത്ത് സഭയ്ക്കായി ആദ്യത്തെ ബാഹ്യ കേരള മെത്രാപ്പോലീത്താ യായി അദ്ദേഹത്തിന് ഭദ്രാസനഭരണവും നൽകി. ആ കാലത്ത് ബാഹ്യ കേരളത്തിൽ നമുക്ക് അധികം ജനങ്ങൾ ഉണ്ടായിരുന്നില്ല.

## കത്തോലിക്കാസഭയുടെ എതിർപ്പ്

കത്തോലിക്കാസഭ വിട്ട് ഓർത്തഡോക്സ് സഭയിൽ ചേർന്ന് മെത്രാപ്പോലീത്തായായത് അവർക്ക് ഒട്ടും ഇഷ്ടമായില്ല എന്നു മാത്രമല്ല, അദ്ദേഹത്തെ ഗോവയിൽ പ്രവർത്തിക്കാൻ അനുവദിച്ചില്ല. അവിടെനിന്നും അദ്ദേഹം കർണാടകത്തിലെ കാനറാഭാഗത്തുള്ള ബ്രഹ്മവാർ എന്ന സ്ഥലത്തേക്കുപോയി ഏറ്റവും അടുത്ത സ്നേഹിതനായിരുന്ന ഫാദർ നൂറോനോയുമായി ചേർന്നു പ്രവർത്തിച്ചു. 5000 കുടുംബങ്ങൾ കത്തോലിക്കാസഭയിൽനിന്നും ഓർത്തഡോക്സ് സഭയിൽ ചേർന്നു അവരെ കരുതലോടെ ശുശ്രൂഷിക്കുവാൻ മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് കഴിയാഞ്ഞതിനാൽ നല്ല പങ്കും കത്തോലിക്കാസഭയിലേക്ക് തന്നെ തിരികെപോയി. ഏകദേശം 700 കുടുംബങ്ങൾ ഇന്നും അവിടെ ഓർത്തഡോക്സ് സഭയിൽ തുടരുന്നു. വിശ്വാസകാര്യങ്ങൾ ഒഴികെ അവരുടെ ഭാഷയും (കൊങ്കിണിയും) മറ്റു രീതികളും തുടരാൻ അവർക്കു അനുവാദം നൽകിയിരുന്നു. നമ്മുടെ സഭയ്ക്ക് ബ്രഹ്മവാർ എന്ന പേരിൽ ഒരു ഭദ്രാസനം തന്നെയുണ്ടായത് അൽവാറീസ് മാർ യൂലിയോസ് പിതാവിന്റെ ശ്രമഫലമായി അവിടെയുണ്ടായ ഇടവകയുടെ അടിസ്ഥാനത്തിലാണ്. അഭിവന്ദ്യ യാക്കൂബു മാർ ഏലിയാസ് തിരുമേനി ആ ഭദ്രാസനത്തിന്റെ അധിപനായി ഇന്ന് പ്രവർത്തിക്കുന്നു.

**അല്പം നിർത്താം... ചിന്തിക്കാം...**

1. അൽവാറീസ് പാതിരി ഓർത്തഡോക്സ് സഭയിലേക്കു ചേരുവാനുണ്ടായ കാരണങ്ങൾ എന്താണ്?
2. അദ്ദേഹത്തെ റമ്പാച്ചനായി വാഴിച്ചതാരാണ്?
3. എവിടെവെച്ചാണ് അദ്ദേഹം മെത്രാപ്പോലീത്തായായി വാഴിക്കപ്പെട്ടത്? അതിനു നേതൃത്വം കൊടുത്ത മേൽപ്പട്ടക്കാർ ആരെല്ലാമായിരുന്നു.?
4. ബ്രഹ്മവാർ എന്ന പേരിൽ ഒരു ഭദ്രാസനം നമുക്കുണ്ടാകാനുള്ള പശ്ചാത്തലം എന്തായിരുന്നു?

## അൽവാറീസ് തിരുമേനിയുടെ മറ്റു പ്രവർത്തനങ്ങൾ

കത്തോലിക്കാസഭയുടെ എതിർപ്പുമൂലം ബ്രഹ്മവാറിലേക്കു അദ്ദേഹം നീങ്ങിയെങ്കിലും ഗോവയും തലസ്ഥാനമായ പഞ്ചിമും ഒക്കെയായുള്ള ബന്ധം അദ്ദേഹം വിട്ടുകളഞ്ഞില്ല. കോളനിവാഴ്ചയെ അദ്ദേഹം എതിർത്തു. അദ്ദേഹം ഭാരതത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി വാദിച്ചു. "Times of Goa" തുടങ്ങി മറ്റുചില പത്രങ്ങളിൽ കൂടി അദ്ദേഹം ദേശീയതയ്ക്കും സ്വാതന്ത്ര്യത്തിനുംവേണ്ടി പോരാടി. അതോടൊപ്പം സമൂഹ്യ, ജീവകാരുണ്യപ്രവർത്തനങ്ങളിലും മുഴുകി. അദ്ദേഹം പാവങ്ങളുടെ അപ്പോസ്തോലനായി മാറി. ദുഃഖിക്കുന്നവർക്കും വേദനിക്കുന്നവർക്കുംവേണ്ടി ജീവിതം ഉഴിഞ്ഞുവച്ചു. മദർതെരേസയ്ക്കു മുമ്പേ അദ്ദേഹത്തിനുണ്ടായ സമാനമായ അനുഭവത്തേപ്പറ്റി ചരിത്രകാരന്മാർ രേഖപ്പെടുത്തിയത് അദ്ദേഹത്തിന്റെ പാവങ്ങളോടുള്ള ദയയുടെ അടയാളമാണ്. അതായത് പാവങ്ങൾക്കുവേണ്ടി അദ്ദേഹം അക്ഷരാർത്ഥത്തിൽ ഭിക്ഷയാചിച്ചു. ഒരു വ്യാപാരശാലയിൽ ചെന്നപ്പോൾ ഇഷ്ടപ്പെടാത്ത ഉടമസ്ഥൻ അദ്ദേഹത്തിന്റെ പാത്രത്തിലേക്കു

തുപ്പുകയുണ്ടായി. ഒരു ഈർഷ്യയും കൂടാതെ അദ്ദേഹം മറുപടി നൽകി “സാരമില്ല, ഈ തുപ്പൽ എനിക്കുള്ളതാണ്, ഇനി അഗതികൾക്കായി എന്തെങ്കിലും തരിക.” ആ വ്യാപാരിക്ക് ഇതുമൂലം മനംമാറ്റമുണ്ടായി. പിന്നീടുള്ള തിരുമേനിയുടെ എല്ലാ പ്രവർത്തനങ്ങൾക്കും അദ്ദേഹം വലിയ സഹായിയായിത്തീരുകയും ചെയ്തു. ക്രിസ്തുവിനെപ്പോലെ എല്ലാവിധത്തിലും ലളിതജീവിതവും ത്യാഗവും ഏറ്റുവാങ്ങി. അദ്ദേഹത്തിന്റെ ദേശസ്നേഹവും ത്യാഗവും മനസ്സിലാക്കി ജീവചരിത്രം എഴുതിയ ഡോ. കർമോ അത്വേദാ പുസ്തകത്തിന് പേരിട്ടത് Patriot and Saint എന്നാണ്.

ഈ പ്രവർത്തനങ്ങൾ മൂലം കത്തോലിക്കാസഭയും പോർട്ടുഗീസ് ഗവൺമെന്റും അദ്ദേഹത്തെ ഒട്ടേറെ പീഡിപ്പിച്ചു. ബിഷപ്പിന്റെ വസ്ത്രങ്ങൾ, വേണ്ട, സാധാരണ വേഷം പോലും ധരിക്കാൻ അനുവദിച്ചില്ല. ശാരീരികമായി ഭത്സിപ്പിച്ച് പലപ്രാവശ്യം കൽതുറുങ്കിലടച്ചു. മരണം ഒഴികെ ആദിമസഭയിലെ രക്തസാക്ഷികളെപ്പോലെ അനവധി പീഡകൾ ശരീരത്തിലും മനസ്സിലും അദ്ദേഹം ഏറ്റുവാങ്ങി. എന്നാൽ ആത്മാവിൽ അദ്ദേഹം ശക്തിപ്പെട്ടിരുന്നു, ഒരിക്കലും തളർന്നില്ല.

താൻ ഉത്തമബോദ്ധ്യത്തോടെ ചേർന്ന ഓർത്തഡോക്സ് സഭയെ അദ്ദേഹം തള്ളിപ്പറഞ്ഞില്ല. പീഡകളിൽകൂടി തിരിച്ചുചെല്ലുമെന്ന കത്തോലിക്കാസഭയുടെ കണക്കുകൂട്ടൽ വിജയിച്ചില്ല. ആ കാലത്തെ സാഹചര്യങ്ങൾമൂലമാകാം കേരളത്തിലെ സഭയിൽനിന്ന് അദ്ദേഹത്തിന് കൈത്താങ്ങൽ കൊടുക്കാനും ആർക്കും സാധിച്ചില്ല. 1923 സെപ്റ്റംബർ 23-ാം തീയതി അദ്ദേഹം പ്രിയംവച്ച യേശുനാഥന്റെ അടുക്കലേക്ക് തന്റെ ആത്മാവിനെ കൂട്ടിച്ചേർത്തു. കത്തോലിക്കാസഭ തള്ളിപ്പറഞ്ഞെങ്കിലും പൊതുസമൂഹം അദ്ദേഹത്തിന്റെ വിലപ്പെട്ട സംഭാവനകളെ മറന്നില്ല. അവർ അദ്ദേഹത്തിന് വീരോചിതമായ യാത്രയയപ്പുതന്നെ നൽകി. പഞ്ചിം മുൻസിപ്പൽ അധീനതയിലുള്ള സെ. ഐനസ് സെമിത്തേരിയിൽ ഗവർണർ ജനറലുടെ പ്രതിനിധി, ചീഫ് ജസ്റ്റീസ് തുടങ്ങി സമൂഹത്തിലെ ഉന്നത ശീർഷരുടെ സാന്നിദ്ധ്യത്തിൽ അദ്ദേഹത്തെ കബറടക്കി.

## വിസ്മൃതിയുടെ കാലംകഴിഞ്ഞുള്ള ഉയിർത്തെഴുന്നേൽപ്പ്

1923 മുതൽ 1967 വരെയുള്ള 44 വർഷം ആരും അദ്ദേഹത്തെ കാര്യമായി ഓർത്തില്ല. 1967-ൽ ബാഹ്യ കേരള മെത്രാപ്പോലീത്തയായിരുന്ന മാത്യൂസ് മാർ അത്താനാസ്യോസ് തിരുമേനി പിന്നീട് (മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവ) കബറിടം സന്ദർശിക്കുകയും അദ്ദേഹത്തിന്റെ തിരുശേഷിപ്പ് വീണ്ടെടുക്കാൻ ശ്രമിക്കുകയും ചെയ്തു. അതിനു ഫലമുണ്ടായി. 1979 ഒക്ടോബർ 5-ന് അദ്ദേഹത്തിന്റെ കബറിടത്തിൽ നിന്ന് തിരുശേഷിപ്പ് സ്വീകരിച്ച്, പുതുതായി ഗോവയിലെ റിസാന്തറിൽ പണിത ചെറിയ പള്ളിയിലേക്ക് മാറ്റി സ്ഥാപിച്ചു. റിസാന്തർ പഞ്ചിം സെന്റ്മേരീസ് പള്ളിയെ ഒരു തീർത്ഥാടനകേന്ദ്രമായി പ്രഖ്യാപിക്കുകയും എല്ലാ സെപ്റ്റംബർ 23-നും ശ്രാദ്ധപ്പെരുന്നാൾ കൊണ്ടാടുകയും ചെയ്തുവരുന്നു. സഭയിലുള്ളവരും അല്ലാത്തവരുമായി നൂറുകണക്കിന് വിശ്വാസികൾ ഇപ്പോൾ കബറിങ്കൽ പ്രാർത്ഥനയ്ക്കായി വരുന്നുണ്ട്. നമ്മുടെ സഭ ആദിമസഭകളെപ്പോലെ പീഡനത്തിൽകൂടി കടന്നുപോയിട്ടുള്ള സഭയല്ല. അതുകൊണ്ടുതന്നെ ഒരു തരത്തിൽ രക്തസാക്ഷികളും ഉണ്ടായിട്ടില്ല. ആ നിരയിൽ നമ്മുടെസഭയുടെ ചരിത്രത്തിൽ ഏറ്റംമുന്നിൽ നൽക്കുന്ന പിതാവാരാണെന്നു ചോദിച്ചാൽ ഒറ്റ മറുപടിയേ ലഭിക്കാനുള്ളൂ. അതാണ് വിശുദ്ധനായ അൽവാറീസ് മാർ യൂലിയോസ് മെത്രാപ്പോലീത്ത. സത്യവിശ്വാസത്തിനും, അഗതികൾക്കും രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനും വേണ്ടി അദ്ദേഹം പീഡകൾ ഏറ്റുവാങ്ങി. അക്ഷരാർത്ഥത്തിൽ ക്രിസ്തുവിന്റെ ക്രൂശിൽ അദ്ദേഹം പങ്കാളിയായി. അതുകൊണ്ടുതന്നെ അനേകരുടെ ജീവിതത്തിൽ അദ്ദേഹം ഉയിർത്തെഴുന്നേറ്റുകൊണ്ടേയിരിക്കും.

## നമുക്ക് ചിന്തിക്കാം

1. അൽവാറീസ് തിരുമേനിയുടെ പ്രവർത്തനമേഖലകൾ ഏതെല്ലാമായിരുന്നു?
2. പാവങ്ങൾക്കുവേണ്ടി അദ്ദേഹം സഹിച്ച ത്യാഗത്തിന് ഒരു ഉദാഹരണം ചൂണ്ടിക്കാട്ടുക?
3. ഏതെല്ലാം കാര്യങ്ങളുടെ പേരിലാണ് അദ്ദേഹം പീഡിക്കപ്പെട്ടത്?
4. അദ്ദേഹത്തിന്റെ പരിപാവനമായ ഓർമ്മ നിലനിർത്തുവാൻ മലങ്കര ഓർത്തഡോക്സ് സഭ എന്തെല്ലാം ചെയ്തു. ഇനി എന്തെല്ലാം നാം ചെയ്യേണ്ടിരിക്കുന്നു?

## പ്രവർത്തനങ്ങൾ

1. അൽവാറീസ് മാർ യൂലിയോസ് തിരുമേനിയുടെ ജീവിതവൈശിഷ്ട്യങ്ങൾ എന്ന വിഷയത്തെ ആസ്പദമാക്കി ഒരു ലഘു പ്രോജക്ട് തയ്യാറാക്കുക. പണ്ഡിതന്മാരിൽ നിന്നും പിതാക്കന്മാരുടെ ജീവചരിത്രം ഉൾക്കൊള്ളുന്ന പുസ്തകങ്ങളിൽ നിന്നും വിവരശേഖരണം നടത്താം.
2. അൽവാറീസ് മാർ യൂലിയോസ് തിരുമേനിയുടെ ചിത്രങ്ങൾ ശേഖരിക്കുക.
3. തിരുമേനിയുടെ ജീവിതത്തിൽ നിങ്ങൾ കണ്ടെത്തിയ പ്രത്യേകതകൾ എഴുതി ഒരു ചാർട്ട് തയ്യാറാക്കുക.

## നമുക്ക് പാടാം

പരിശുദ്ധന്മാരെ ഓർക്കുന്ന ദിവസം വി. കുർബ്ബാനയിൽ ഏവൻഗേലിക്കുശേഷം ആലപിക്കുന്ന ഗീതം (വി. കുർബ്ബാനക്രമം, പേജ് 337).

(യജമാനൻ വരുമന്നേരത്ത് എന്ന രീതി)

മാർ യൂലിയോസ് സിദ്ധാ ഭാഗ്യം-സഭതേ ചൊല്ലു-ന്നു
കർത്താവേകിയ സൗഭാഗ്യം-നീസംപ്രാപി-ക്കും
നശ്വരവിശ്വം-വിട്ടോനേ! ഭാഗ്യം
നാഥനിലിമ്പം-പൂണ്ടോനേ! ഭാഗ്യം
ശാശ്വത ജീവിത രാജ്യം നീ-വന്നവകാശി-ക്കെ-
ന്നീശൻ ചൊല്ലുന്നാ ശബ്ദം-കേൾക്കുമ്പോൾ ഭാ-ഗ്യം
ഹാലേലൂയ്യാ-നിൻ പ്രാർത്ഥന അഭയം

### നിശ്ചയം

**അഭിവന്ദ്യ അൽവാറീസ് മാർ യൂലിയോസ് തിരുമേനിയുടെ ജീവിതത്തിലെ വിവിധ സംഭവങ്ങൾ ഞങ്ങൾ മനസ്സിലാക്കി. സഭയ്ക്കുവേണ്ടിയും ക്രിസ്തുവിനുവേണ്ടിയും അദ്ദേഹം വഹിച്ച കഷ്ടതകളും ഞങ്ങൾ മനസ്സിലാക്കി. ആ പിതാവ് കാട്ടിത്തന്ന നല്ല മാതൃകകൾ ഞങ്ങൾ ജീവിതത്തിൽ അനുകരിക്കും. ലളിതവും ത്യാഗപൂർണ്ണവുമായ ജീവിതം നയിക്കുവാൻ ഞങ്ങൾ ശ്രമിക്കും.**

## നമുക്ക് പ്രാർത്ഥിക്കാം

ആചാര്യന്മാരുടെ ഞായറാഴ്ച പ്രഭാതപ്രാർത്ഥനയിൽ ചേർത്ത് ചൊല്ലുന്ന പ്രാർത്ഥന (പ്രാർത്ഥനാക്രമം, പേജ് 108)

*കർത്താവേ... ജീവിച്ചിരിക്കുമ്പോൾ നിന്റെ നുകത്തെ വഹിക്കുകയും നിന്റെ സത്യത്തെ സ്നേഹിക്കുകയും ആയുഷ്ക്കാലമെല്ലാം നിന്റെ ശുദ്ധസ്ഥലത്ത് അദ്ധ്വാനിക്കുകയും ചെയ്തവരായ ഞങ്ങളുടെ ആചാര്യന്മാർ പുനരുദ്ധാന ത്തിങ്കൽ മുഖപ്രസാദത്തോടുകൂടെ നിന്നെ കാണുകയും നിന്റെ മണവറയിൽ ആനന്ദിക്കുകയും ചെയ്യുമാറാകണമെ. ബാറെക്മോർ*

## തുടർവായനയ്ക്ക്

| ദിവസം | രാവിലെ | വൈകുന്നേരം |
|---|---|---|
| ഞായർ | – | തീത്തോസ് 1:1–5 |
| തിങ്കൾ | തീത്തോസ് 1: 6–9 | തീത്തോസ് 1:10–16 |
| ചൊവ്വ | തീത്തോസ് 2:1–11 | തീത്തോസ് 2:12–15 |
| ബുധൻ | തീത്തോസ് 3: | ഫിലമോൻ 1–25 |
| വ്യാഴം | എബ്രാ. 1 | എബ്രാ. 2 |
| വെള്ളി | എബ്രാ. 3 | എബ്രാ. 4 |
| ശനി | എബ്രാ. 5 | എബ്രാ. 6 |
| ഞായർ | എബ്രാ. 7 | – |

പാഠം 26

# പത്രോസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത

## പഠനോദ്ദേശ്യങ്ങൾ

സുവിശേഷത്തിന് വ്യത്യസ്തമായ മാനങ്ങളുണ്ട്. സമൂഹത്തിൽ അടിച്ചമർത്തപ്പെട്ടവരുടെ വിമോചനത്തിനുവേണ്ടി ത്യാഗനിർഭരമായി പ്രവർത്തിച്ച പുണ്യപിതാവായ പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ ജീവിതവൈശിഷ്ട്യങ്ങൾ മനസ്സിലാക്കുക, ആ പിതാവിന്റെ നല്ല മാതൃക ജീവിതത്തിൽ അനുകരിക്കുക. ആ പിതാവിന്റെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിക്കുക.

**മനഃപാഠവാക്യം:** "എന്റെ ഈ ഏറ്റവും ചെറിയ സഹോദരന്മാരിൽ ഒരുത്തനു നിങ്ങൾ ചെയ്തേടത്തോളം എല്ലാം എനിക്കു ചെയ്തു എന്ന് ഞാൻ സത്യമായി നിങ്ങളോടു പറയുന്നു എന്ന് അരുളിച്ചെയ്യും" (വി. മത്തായി 25:40).

**പഠന സഹായികൾ:** മലങ്കര സഭാവിജ്ഞാനകോശം, മലങ്കര സഭാപിതാക്കന്മാർ, ഡോ. സാമുവൽ ചന്ദനപ്പള്ളി, പത്രോസ് മാർ ഒസ്താത്തിയോസ് ജീവചരിത്രങ്ങൾ, പി. പി. വർക്കി, കെ. വി. മാമ്മൻ, വി. വേദപുസ്തകം, വി. കുർബ്ബാനക്രമം, പ്രാർത്ഥനാക്രമം

## ആമുഖം

മലങ്കര ഓർത്തഡോക്സ് സുറിയാനിസഭ ഭാരതത്തിലെ ദേശീയസഭയാണ്. ഭാരതത്തിലെ ജാതിവ്യത്യാസത്തിൽ മലങ്കരസഭയും ഉന്നതജാതിയുമായി താദാത്മ്യപ്പെട്ടു പോയി. സമൂഹത്തിൽ അതിന്റെ മാന്യത ഉണ്ടായി എങ്കിലും സകല ജാതികളെയും എന്റെ ശിഷ്യന്മാരാക്കിക്കൊൾവിൻ എന്ന സുവിശേഷം ഉൾക്കൊണ്ട് പ്രവർത്തിക്കാൻ സഭയ്ക്ക് സാധിച്ചില്ല. എന്നാൽ ഈ ദർശനം ഉൾക്കൊള്ളുകയും സുവിശേഷം മാത്രമല്ല ജാതിവ്യത്യാസത്തിൽ താഴത്തെത്തട്ടിലായവരെ ഉയർത്തുവാനുള്ള സാമൂഹ്യപരിഷ്ക്കരണത്തിനും നേതൃത്വം നൽകിയ ഒരു വലിയ പിതാവ് സഭയുടെ ചരിത്രത്തിൽ ഉണ്ടായിരുന്നു. പത്രോസ് മാർ ഒസ്താത്തിയോസ് എന്നായിരുന്നു അദ്ദേഹത്തിന്റെ പേര്. ആ പിതാവിനെക്കുറിച്ചാണ് ഈ പാഠത്തിൽ നമ്മൾ പഠിക്കുന്നത്.

## പാഠഭാഗം

എം. പി. പീറ്റർ എന്നായിരുന്നു ഈ പിതാവിന്റെ ആദ്യകാല നാമം. തൃപ്പൂണിത്തുറ മൂക്കഞ്ചേരി തറവാട്ടിൽ 1886 ജൂൺ 26-ന് അദ്ദേഹം ജനിച്ചു. പഠനത്തിൽ സമർത്ഥനായ

അദ്ദേഹം മെട്രിക്കുലേഷൻ പരീക്ഷ റാങ്കോടുകൂടി പാസ്സായി. വിദ്യാർത്ഥിയായിരിക്കുമ്പോൾതന്നെ ചുറ്റുപാടുമുള്ള സമൂഹത്തെക്കുറിച്ച് വീക്ഷിക്കുകയും മനസ്സിലാക്കുകയും ചെയ്തു. താഴ്ന്നജാതിക്കാരെ അകറ്റിനിർത്തുന്ന തീണ്ടലും തൊടീലും ശക്തമായിരുന്ന ഒരു കാലഘട്ടമായിരുന്നു അത്. ദൈവസാദൃശ്യത്തിലും സ്വരൂപത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യരെ ജാതിയുടെ പേരിൽ അകറ്റിനിർത്തിയ വ്യവസ്ഥിതിയെ ചെറുപ്പക്കാരനായ എം. പി. പീറ്റർ ശക്തമായി എതിർത്തു. തന്റെ വീടിനു ചുറ്റുമുള്ള ഹരിജനങ്ങളുടെ കുടിലുകൾ സന്ദർശിച്ച് അവരുമായി ആശയവിനിമയം നടത്തുവാനും സൗഹൃദം പങ്കിടുവാനും അദ്ദേഹം മടിച്ചില്ല. ആ കാലത്ത് ഉയർന്ന ജാതിയിലുള്ളവർ ആരും അങ്ങനെ ചെയ്യുമായിരുന്നില്ല. ഇതിനിടയിൽ ബിരുദവും അദ്ധ്യാപകനാകാനുള്ള ട്രെയിനിംഗും സെറാംപൂറിൽ നിന്ന് വേദശാസ്ത്രത്തിൽ ബിരുദവും (BD) കരസ്ഥമാക്കി. വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് തിരുമേനിയിൽനിന്ന് ശെമ്മശുപട്ടം സ്വീകരിച്ചു. മലയാള മനോരമയിൽ എം. പി. പത്രോസ് ശെമ്മാച്ചൻ "തീണ്ടലും തൊടീലും" എന്ന പേരിൽ പ്രസിദ്ധീകരിച്ച ലേഖനം വളരെ ശ്രദ്ധേയമായി.

**അല്പം നിർത്താം... ചിന്തിക്കാം...**

1. പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ ആദ്യപേര് എന്തായിരുന്നു?
2. ആ പിതാവിന്റെ ജന്മസ്ഥലം എവിടെയാണ്?
3. തീണ്ടൽ-തൊടീൽ എന്നാൽ നിങ്ങൾ എന്താണ് മനസ്സിലാക്കുന്നത്?

മലങ്കരസഭയിൽ മറ്റാർക്കും ലഭിക്കാത്ത ഒരു പദവിയാണ് ഈ സമയത്ത് ശെമ്മാച്ചനെ തേടിയെത്തിയത്. അതായത് കൊച്ചീമഹാരാജാവ് താണജാതിക്കാരുടെ പുനരുദ്ധാരണത്തിനായി ആവിഷ്ക്കരിച്ച പദ്ധതിയുടെ സ്പെഷ്യൽ ഓഫീസറായി പത്രോസ് ശെമ്മാച്ചനെ നിയോഗിച്ചു. ജാതിവ്യവസ്ഥയുടെ ഈറ്റില്ലമായ ഹിന്ദുമതത്തിൽനിന്നും ആരെയും നിയമിക്കാതെ ശെമ്മാച്ചനെതന്നെ കണ്ടെത്തിയത് അദ്ദേഹത്തിന്റെ ഈ വിഷയത്തിലുള്ള താല്പര്യവും ആത്മാർത്ഥതയും കണ്ടതുകൊണ്ടായിരിക്കുമല്ലോ. സർക്കാരിലെ ഉന്നത പദവിയിലുള്ളവർ അദ്ദേഹത്തോടൊപ്പം പ്രവർത്തിച്ചു. അതിന്റെ ഫലമായി സമൂഹത്തിലെ താഴ്ന്ന ജാതിയിലെ അനേകം കുട്ടികൾ വിദ്യാഭ്യാസം ചെയ്യാനായി സ്കൂളുകളിൽ ചേർന്നുതുടങ്ങി. എഴുത്തുകൾ, പ്രഭാഷണങ്ങൾ ഇവയിൽകൂടി തീണ്ടൽ-തൊടീലിനെതിരായി സമൂഹത്തെ ബോധവൽക്കരിക്കാൻ ശെമ്മാച്ചൻ വളരെ പരിശ്രമിച്ചു. ചരിത്രപ്രസിദ്ധമായ വൈക്കം സത്യാഗ്രഹത്തിലും ശെമ്മാച്ചൻ പങ്കുചേർന്നു നേതൃത്വം വഹിച്ചു. പൊതുസമൂഹത്തിൽ ഇപ്രകാരം പ്രവർത്തിച്ചവർ സഭകളുടെ പൗരോഹിത്യശ്രേണിയിൽ അധികമുണ്ടായിട്ടില്ല.

**അല്പം നിർത്താം... ചിന്തിക്കാം...**

1. പീറ്റർ ശെമ്മാശന് സർക്കാരിൽനിന്നും ലഭിച്ച പ്രത്യേക പദവി എന്തായിരുന്നു?
2. ഈ പദവിയിലിരുന്ന് അദ്ദേഹം ചെയ്ത സാമൂഹ്യസേവനപ്രവർത്തനങ്ങൾ എന്തെല്ലാം?

## വൈദിക-മേൽപ്പട്ട പദവികളിലേക്ക്

1908-ൽ തിരുവല്ല ബാലികാമഠത്തിൽവച്ചു നടന്ന വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ പ്രഥമ കോൺഫറൻസാണ് എം. പി. പീറ്ററിന്റെ ജീവിതഗതിയെ തിരിച്ചുവിട്ടത്. ഫാ. ഗോംസിന്റെ

ദൈവവിളിയെക്കുറിച്ചു നടത്തിയ ധ്യാനം എം. പി. പീറ്ററിനെ കണ്ണീരണിയിച്ചു. സന്യാസ വ്രതം സ്വീകരിച്ചു സഭയേയും സമൂഹത്തേയും സേവിക്കുവാൻ അന്നേ തീരുമാനിച്ചു. 1926-ൽ വൈദികനായി. 1947-ൽ റമ്പാൻസ്ഥാനവും 1953 മെയ് 15-ാം തീയതി മെത്രാപ്പോലീത്താപദവിയും ലഭിച്ചു. എല്ലാ അർത്ഥത്തിലും അദ്ദേഹം ഒരു മിഷനറി ബിഷപ്പായിരുന്നു. അവികസിതവും വിസ്തൃതവുമായിരുന്ന മലബാർ ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തായായി. മലബാറിൽ മാത്രമല്ല ഭാരതത്തിന്റെ പല കോണുകളിലും സുവിശേഷദൂതുമായി അദ്ദേഹം കടന്നുചെന്നു. സംഭവബഹുലമായ ആ ജീവിതത്തിന് 82-ാം വയസ്സിൽ തിരശ്ശീലവീണു. 1968 ഫെബ്രുവരി 2-ാം തീയതി ഭൗതികജീവിതത്തോടു വിടപറഞ്ഞ അദ്ദേഹത്തെ താൻ സ്ഥാപിച്ച സ്ലീബാദാസ സമൂഹത്തിന്റെ ആസ്ഥാനമായ മുളന്തുരുത്തി കർമ്മേൽ ദയറായിൽ കബറടക്കി.

**അല്പം നിർത്താം... ചിന്തിക്കാം...**

1. എം. പി. പീറ്ററിന്റെ ജീവിതഗതിയെ തിരിച്ചുവിട്ടസംഭവം എന്തായിരുന്നു?
2. അദ്ദേഹത്തിന്റെ വൈദിക മേല്പട്ടപദവികളെക്കുറിച്ച് പറയുക.

## സ്ലീബാദാസസമൂഹം

1924-ലാണ് Servants of the Cross, അബ്ദേദ് സ്ലീബോ അഥവാ സ്ലീബായുടെ ദാസന്മാർ എന്ന മിഷനറി സംഘത്തെ സ്ഥാപിക്കുന്നത്. സുവിശേഷത്തിന് തനതായ ഒരു ശൈലി അദ്ദേഹം രൂപീകരിച്ചു. പാശ്ചാത്യമിഷനറിമാരിൽനിന്ന് അത് വളരെ വ്യത്യസ്തമായിരുന്നു. കർത്താവിനെപ്പോലെ മനുഷ്യരോട് താദാത്മ്യം ചെയ്യുകയും അവരുടെ അവസ്ഥയിലേക്ക് ഇറങ്ങിച്ചെല്ലുകയും ചെയ്യുന്ന സമീപനമായിരുന്നു അത്. നമ്മുടെ കർത്താവും പാപം ഒഴികെ സകലത്തിലും മനുഷ്യരോട് താദാത്മ്യപ്പെടുകയായിരുന്നല്ലോ. ആ താദാത്മ്യപ്പെടൽ സമൂഹത്തിന്റെ ഏറ്റവും താഴ്ന്നതട്ടിലുള്ളവരോടായിരുന്നു. എല്ലാ വിധത്തിലും അന്ധകാരമയമായിരുന്നു താണ വർഗ്ഗക്കാരുടെ അന്നത്തെ ജീവിതം. ചെറ്റക്കുടിലിൽ അക്ഷരാഭ്യാസമില്ലാതെ, പലവിധ അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും കുടുങ്ങിക്കിടന്നവരുടെ അടുക്കലേക്ക് അദ്ദേഹം ഇറങ്ങിച്ചെല്ലുകയായിരുന്നു. ബസ്സിലും പിന്നെ കാൽനടയുമായിട്ടായിരുന്നു യാത്രമുഴുവൻ. കാറു വാങ്ങിക്കാൻ കൊടുത്തകാശ് സംഘത്തിന്റെ പ്രവർത്തനങ്ങൾക്കായി നീക്കിവെച്ചു. ഒരിക്കലും കാർ വാങ്ങിയില്ല. വേദകഥകൾ നിറഞ്ഞ ചിത്രചുരുളും, ചേങ്ങലയും, റാന്തൽവിളക്കും, കൈത്താളവുമായിരുന്നു സുവിശേഷത്തിന് ഉപയോഗിച്ച മാധ്യമങ്ങൾ. തണുപ്പും മഴയുമുള്ളപ്പോഴും കുടിലുകളിൽ ചെന്നു കയറി, പാവപ്പെട്ടവരുടെ തഴപ്പായിൽ നിലത്തിരുന്ന് അവരോട് ക്രിസ്തുവിനെക്കുറിച്ചും, അവന്റെ വചനങ്ങളെപ്പറ്റിയും സംസാരിക്കും. അദ്ദേഹത്തിന്റെ ലളിതവും ത്യാഗനിർഭരവുമായ ജീവിതവും വലിയസാക്ഷ്യം തന്നെയായിരുന്നു. ഏകദേശം 2700 പേരാണ് അദ്ദേഹത്തിൽകൂടി സഭയിലേക്ക് ചേർന്നത്. എല്ലാവരുംതന്നെ താണവർഗ്ഗക്കാരായിരുന്നു. അവരെ സഹോദരങ്ങളായി കാണുവാൻ പക്ഷേ നമ്മുടെ സഭാംഗങ്ങൾക്ക് സാധിച്ചില്ല. ജാതിവ്യത്യാസം സഭയ്ക്കുള്ളിലും പ്രകടമായി. നിർഭാഗ്യമെന്നുപറയട്ടെ അവരിൽ നല്ല പങ്കും അവരുടെ പൂർവ്വവിശ്വാസത്തിലേക്കുതന്നെ തിരികെ പോയി. കുറച്ചുപേർ ഇന്നും സഭാംഗങ്ങളായി തുടരുന്നുണ്ട്. അദ്ദേഹം സ്ഥാപിച്ച സ്ലീബാദാസ സമൂഹം ഈ കൂട്ടരുടെ ആത്മീയസാമൂഹ്യക്ഷേമം അന്വേഷിച്ചുകൊണ്ട് ഇന്നും പ്രവർത്തിച്ചുവരുന്നു. സൺഡേസ്കൂൾ പ്രസ്ഥാനത്തിന്റെ പ്രസിഡന്റ് ആയിരിക്കുന്ന അഭിവന്ദ്യ യാക്കോബ് മാർ ഐറേനിയോസ് തിരുമേനിയാണ് ഇന്ന് ഈ സംഘത്തിന്റെ അദ്ധ്യക്ഷനായി പ്രവർത്തിക്കുന്നത്. വന്ദ്യ ശെമവൂൻ റമ്പാൻ സെക്രട്ടറിയായും സേവനമനുഷ്ഠിക്കുന്നു. ഭാരതത്തിലെ

ദളിതരോടു സുവിശേഷമറിയിക്കാൻ ഒരു സുവിശേഷമാതൃക തിരുമേനി കാട്ടിത്തന്നതിനേക്കാൾ മെച്ചമായി മറ്റൊന്നു ചൂണ്ടിക്കാട്ടാനില്ല. ക്രിസ്തുവിന്റെ പരിത്യാഗം ശീലിക്കുന്നവർക്കുമാത്രമേ അത്തരത്തിൽ ഒരു ശൈലി സ്വീകരിക്കാനാവുകയുള്ളൂ. ഇത്രയും ലാളിത്യം സ്വീകരിച്ച മറ്റൊരു മെത്രാപ്പോലീത്തായെ മലങ്കരസഭയുടെ ചരിത്രത്തിൽതന്നെ കാണാനുണ്ടാവില്ല.

**അല്പം നിർത്താം... ചിന്തിക്കാം...**

1. പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ കബറിടം സ്ഥിതിചെയ്യുന്നതെവിടെയാണ്?
2. സ്ലീബാദാസസമൂഹത്തിന്റെ സ്ഥാപകൻ ആര്? അതിന്റെ ഇന്നത്തെ അദ്ധ്യക്ഷൻ ആര്?
3. സുവിശേഷത്തിന് തിരുമേനി രൂപപ്പെടുത്തിയ തനതായ ശൈലി എന്ത്?
4. തിരുമേനിയുടെ ജീവിതലാളിത്യത്തിന് ഉദാഹരണങ്ങൾ പറയുക.

### ആരാധനാഭാഷ

ആരാധനാഭാഷ മലയാളത്തിലാക്കണമെന്ന് അദ്ദേഹത്തിന് നിർബന്ധമായിരുന്നു. കർത്താവ് സംസാരിച്ച അരാമിക് ഭാഷയോട് അടുത്തുനിൽക്കുന്നതും പൗരസ്ത്യസഭകളോടുള്ള ബന്ധത്തിൽനിന്ന് നമുക്കു ലഭിച്ചതുമായ സുറിയാനിയെ ഉപേക്ഷിക്കുവാൻ സഭാനേതൃത്വത്തിൽ തന്നെ ആരും തയ്യാറല്ലായിരുന്നു. അവരുടെ എതിർപ്പുകളെ അവഗണിച്ചുകൊണ്ടാണ് തക്സായും, മറ്റ് കൂദാശാക്രമങ്ങളും മലയാളത്തിലാക്കുവാൻ അദ്ദേഹം അക്ഷീണം പരിശ്രമിച്ചത്. കാലം മാറിയപ്പോൾ അദ്ദേഹത്തിന്റെ നിലപാടാണ് ശരിയെന്ന് എല്ലാവർക്കും ബോധ്യമായി. ഈ കാര്യത്തിലും അദ്ദേഹത്തിന്റെ ദീർഘവീക്ഷണം അപാരംതന്നെ.

### മലബാർഭദ്രാസനത്തിന്റെ ശില്പി

മലബാർ, കുടിയേറ്റക്കാരുടെ താവളമായിരുന്നല്ലോ. വന്യമൃഗങ്ങളോടും, പ്രകൃതിയോടും മല്ലിട്ടുകൊണ്ടാണ്, കൃഷിയെമാത്രം ആശ്രയിച്ചാണ് കുടിയേറ്റക്കാർ ജീവിതം തുടങ്ങിവെച്ചത്. മുളചില്ലകൾകൊണ്ടുള്ള മേൽക്കൂരയും അതിന് മുകളിൽ പുല്ലുംമേഞ്ഞ പള്ളികളായിരുന്നു ഒട്ടുമുക്കാലും. യാത്രാസൗകര്യങ്ങൾ ഒട്ടുമില്ലാതിരുന്ന ഗ്രാമങ്ങളിലെ ആടുകളെതേടി ഈ ഇടയൻ കാൽനടയായിതന്നെ ചെല്ലുമായിരുന്നു. ഇന്ന് മലബാർ, ബത്തേരി, ബ്രഹ്മവാർ തുടങ്ങിയ ഭദ്രാസനങ്ങളിലായിരിക്കുന്ന എല്ലാ പള്ളികളുടേയും ഇടയൻ ഈ ശ്രേഷ്ഠപിതാവായിരുന്നു. അദ്ദേഹം ഇട്ട അടിസ്ഥാനത്തിലാണ് പിന്നീട് അഭിവന്ദ്യ തോമസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ (പിന്നീട് പരിശുദ്ധ ദിദിമോസ് ബാവ) മലബാർ ഭദ്രാസനത്തെ അതിന്റെ ഔന്നത്യത്തിലേക്ക് ഉയർത്തിയത്. വേറിട്ട ഒരു ശൈലിയുടെ ഉടമയായിരുന്ന പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനിയെ മാതൃകയാക്കിയാൽ മലങ്കരസഭയ്ക്ക് സുവിശേഷവേലയിൽ ഇനിയും വളരെ മുന്നേറാൻ സാധിക്കും.

### നമുക്ക് ചിന്തിക്കാം

1. ചെറുപ്പം മുതൽ പത്രോസ് മാർ ഒസ്താത്തിയോസ് പിതാവിൽ രൂഢമൂലമായ സാമൂഹ്യ ദർശനം എന്ത്?

2. സ്ലീബാദാസസമൂഹത്തിന് അദ്ദേഹം ചെയ്ത സംഭാവനകൾ എന്തെല്ലാം?
3. ആരാധനാഭാഷ മലയാളത്തിലാക്കുവാൻ അദ്ദേഹം ചെയ്ത പ്രവർത്തനങ്ങൾ എന്ത്?
4. മലബാർഭദ്രാസനത്തിന്റെ ശില്പി എന്ന നിലയിൽ അദ്ദേഹം ചെയ്ത ക്ഷേമപ്രവർത്തനങ്ങൾ ഏവ?
5. പത്രോസ് മാർ ഒസ്താത്തിയോസ് പിതാവിന്റെ വേറിട്ട ജീവിതശൈലി വിശദമാക്കുക.

## പ്രവർത്തനങ്ങൾ

1. സ്ലീബാദാസസമൂഹത്തെപ്പറ്റി കൂടുതൽ വിവരങ്ങൾ ശേഖരിച്ച് ഒരു ഡയറിക്കുറിപ്പ് തയ്യാറാക്കുക.
2. തിരുമേനിയുടെ വേലസ്ഥലങ്ങളും വിശ്വാസികളെ സഭയോടു ചേർത്തതുമായ സ്ഥലങ്ങൾ കേരളത്തിന്റെ ഭൂപടം നോക്കി രേഖപ്പെടുത്തുക.
3. തിരുമേനിയുടെ സുവിശേഷമാതൃക ഏതെല്ലാം രീതിയിൽ നമുക്ക് സ്വീകരിക്കാനാകും എന്ന് ക്ലാസ്സിൽ ചർച്ച ചെയ്യുക.
4. ഈ പിതാവിന്റെ മദ്ധ്യസ്ഥതയിൽ അഭയപ്പെട്ട് പ്രാർത്ഥിക്കുക.

### നമുക്ക് പാടാം

മഹാപുരോഹിതന്മാരുടെ ഓർമ്മകൊണ്ടാടുന്ന ദിവസം വി. കുർബ്ബാനയിൽ ഏവൻഗേലിയോനു ശേഷം ആലപിക്കുന്ന ഗീതം (വി. കുർബാനക്രമം, പേജ് 350).

(ദൈവത്തിൽ പുത്രനെ മറിയാം...... എന്ന രീതി)

സ്വേഷ്ടം പോൽ ഗൃഹപാലകരെ-മണ്ണയരിൽനി-
ന്നൻപാൽ നിയമിച്ചാട്ടിൻ കൂട്ടത്തെ-മേയിപ്പാൻ
അ-ധികാരം നൽകിയ മശിഹാ ഇടയപ്രമുഖാ
ഇരു ലോകത്തിൻ താക്കോൽക്കാരൻ ശ്ലീ-ഹാ ശ്രേഷ്ഠൻ
ശെമവൂനെ-പ്പോൽ തന്നിടവകയിൽ
തൽസ്ഥാനേ-നിന്നീടും നേരം
ഇത്താതൻ തൻ സ്മൃതിയാൽ കൃപ ഞങ്ങൾ-ക്കേകേണം

(ഈ ഭാഗത്തുള്ള മറ്റ് ഗീതങ്ങളും മാർ ഒസ്ത്താത്തിയോസ് എന്ന പേരു ചേർത്ത് പാടി പഠിക്കുക.)

### നിശ്ചയം

**അഭിവന്ദ്യനായ പത്രോസ് മാർ ഓസ്ത്താത്തിയോസ് പിതാവിന്റെ മഹത്തായ ജീവിതദർശനവും സാമൂഹ്യസേവനപ്രവർത്തനങ്ങളും ഞങ്ങൾ മനസ്സിലാക്കി. ആ പിതാവ് സഭയ്ക്കും സമൂഹത്തിനും ചെയ്ത സേവനങ്ങളെ ഞങ്ങൾ ആദരിക്കുന്നു. ആ പിതാവിന്റെ നല്ല മാതൃകകൾ പിന്തുടരും. അദ്ദേഹത്തിന്റെ മദ്ധ്യസ്ഥതയിൽ ഞങ്ങൾ അഭയപ്പെടും.**

## നമുക്ക് പ്രാർത്ഥിക്കാം

പരിശുദ്ധന്മാരുടെ പെരുന്നാളുകളിൽ പ്രഭാതപ്രാർത്ഥനയിൽ ചേർത്തു ചൊല്ലുന്ന പ്രാർത്ഥന

(പ്രാർത്ഥനാക്രമം, പേജ് 235).

*സകലമാനപേർക്കും നല്ല മാതൃകയായി തീർന്നിരിക്കുന്ന പത്രോസ് മാർ ഒസ്താത്തിയോസ് പിതാവേ... ഞങ്ങൾ രാവും പകലും പ്രാർത്ഥനയിലും ജാഗരണത്തിലും സകല സൽപ്രവൃത്തികളിലും നിന്നോടു സാദൃശ്യപ്പെടുവാൻ ഇടവരുവാനായിട്ട് ഞങ്ങൾക്ക് വേണ്ടി അപേക്ഷിക്കണമേ. നന്മകളിൽ ഐശ്വര്യവാനാകുവാൻ യാചിക്കുന്ന എല്ലാവരുടേയും മുമ്പിൽ കർത്താവിന്റെ ശ്രീഭണ്ഡാരത്തിന്റെ വാതിൽ തുറന്നിട്ടിരിക്കുന്നുവല്ലോ. നിന്റെ പ്രാർത്ഥനകളിൽ സങ്കേതം പ്രാപിക്കുന്നവരായ ഞങ്ങൾക്ക് സർവ്വസഹായങ്ങളും നീ നൽകണമെ. മൊറിയോറാഹേം മേലൈൻ....*

## തുടർ വായനയ്ക്ക്

| ദിവസം | രാവിലെ | വൈകുന്നേരം |
|---|---|---|
| ഞായർ | - | വി. മത്തായി 25:31-46 |
| തിങ്കൾ | എബ്രാ. 8 | എബ്രാ. 9:1-10 |
| ചൊവ്വ | എബ്രാ. 9:11-22 | എബ്രാ. 9:23-38 |
| ബുധൻ | എബ്രാ. 10:1-8 | എബ്രാ. 10:19-39 |
| വ്യാഴം | എബ്രാ. 11:1-16 | എബ്രാ. 11:17-40 |
| വെള്ളി | എബ്രാ. 12:1-13 | എബ്രാ. 12:14-29 |
| ശനി | എബ്രാ. 13:1-6 | എബ്രാ. 13:7-17 |
| ഞായർ | എബ്രാ. 13:18-25 | - |

പാഠം 27

# സഭാരത്നം ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ്

## പഠനോദ്ദേശ്യങ്ങൾ

സഭാരത്നം ഡോ. ഗീവർഗീസ് മാർ ഒസ്ത്താത്തിയോസ് തിരുമേനിയുടെ ജീവചരിത്രം മനസ്സിലാക്കുകയും നല്ല മാതൃക ജീവിതത്തിൽ പ്രാവർത്തികമാക്കുകയും ചെയ്യുക. തിരുമേനിയുടെ ആതുരസേവനപ്രവർത്തനങ്ങളെ പ്രകീർത്തിക്കുക. സാമൂഹ്യ പ്രതിബദ്ധത വളർത്തുക.

**മനഃപാഠവാക്യം:** "നിങ്ങളോട് ദൈവവചനം പ്രസംഗിച്ച് നിങ്ങളെ നടത്തിയവരെ ഓർത്തുകൊള്ളുവിൻ. അവരുടെ ജീവാവസാനം ഓർത്ത് അവരുടെ വിശ്വാസം അനുകരിപ്പിൻ" (എബ്രായർ 13:7).

**പഠനസഹായികൾ:** തിരുമേനിയുടെ ഒരു ചിത്രം, തിരുമേനിയുടെ ജീവിതസംഭവങ്ങളും സ്ഥാപിച്ച സഭാസ്ഥാപനങ്ങളും കാണിക്കുന്ന ചിത്രങ്ങൾ, വി. വേദപുസ്തകം, വി. കുർബ്ബാനക്രമം, പ്രാർത്ഥനാക്രമം.

## ആമുഖം

കുഞ്ഞുങ്ങളേ, നിരണം ഭദ്രാസനാധിപനായിരുന്ന ഈ അടുത്തസമയത്ത് കാലം ചെയ്ത തിരുമേനി ആരായിരുന്നു? തിരുമേനിതന്നെ സ്ഥാപിച്ച മാവേലിക്കര സെന്റ് പോൾസ് മിഷൻ സെന്ററിലാണ് ഈ പിതാവിനെ കബറടക്കിയിരിക്കുന്നത്. ഇപ്പോൾ പേരു പറയാമല്ലോ. അഭിവന്ദ്യ ഡോ. ഗീവർഗീസ് മാർ ഒസ്ത്താത്തിയോസ് മെത്രാപ്പോലീത്ത. സഭ അദ്ദേഹത്തെ 'സഭാരത്നം' എന്ന നാമം നൽകി ആദരിച്ചു. ആ പിതാവിനെക്കുറിച്ചാണ് നമ്മളിന്നു പഠിക്കുവാൻ പോകുന്നത്.

## പാഠഭാഗം

ഏകദേശം 2000 വർഷം ചരിത്രമുള്ള മലങ്കര ഓർത്തഡോക്സ് സഭയിൽ 'സഭാരത്നം' എന്ന ബഹുമതി മറ്റാർക്കും നൽകിയിട്ടില്ല. അഭിവന്ദ്യ ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ സംഭാവനകളെ വരുംതലമുറ മറന്നുപോകാതിരിക്കാനാണ് സഭാരത്നം എന്ന പേര് നൽകി അദ്ദേഹത്തെ ആദരിച്ചത്. അല്ലാതെ അവാർഡുകളോ, ബഹുമതിയോ ഒന്നും ഈ പിതാവ് ആഗ്രഹിച്ചിട്ടേയില്ല.

### ജീവിതരേഖ

മാവേലിക്കര ചെറുകോൽ മുണ്ടുവേലിൽ കൊച്ചിട്ടിയുടേയും ഈഴക്കടവിൽ മറിയാമ്മയുടേയും രണ്ടാമത്തെ മകനായി 1918 ഡിസംബർ 9-ന് അദ്ദേഹം ജനിച്ചു. ജോർജ്ജു

കുട്ടി എന്നായിരുന്നു വീട്ടിലെ പേര്. പത്തിച്ചിറ സെന്റ് ജോൺസ് ഓർത്തഡോക്സ് പള്ളിയാണ് അദ്ദേഹത്തിന്റെ മാതൃ ഇടവക. പ്രാഥമികവിദ്യാഭ്യാസം ചെറുകോൽ, പത്തിച്ചിറ എന്നിവിടങ്ങളിലും ഹൈസ്കൂൾ വിദ്യാഭ്യാസം മാവേലിക്കര ബി. എച്ച്. സ്കൂളിലുമായിരുന്നു. റ്റി. റ്റി. സി. പാസ്സായശേഷം അല്പകാലം അദ്ധ്യാപകനായും സേവനം അനുഷ്ഠിച്ചു.

സമൃദ്ധിയിൽ ജനിച്ചുവളർന്ന ആളല്ലായിരുന്നു ഈ പിതാവ്. അതേസമയം ഇല്ലായ്മകളുടെ നടുവിലും അയൽവാസികളായ പട്ടിണിക്കാരേയും പ്രയാസപ്പെടുന്നവരേയും കഴിയുംവിധം സഹായിക്കുന്ന അമ്മയുടെ മാതൃക ജോർജ്ജുകുട്ടിയിൽ ദൈവസ്നേഹത്തോടൊപ്പം മനുഷ്യസ്നേഹത്തിന്റെയും ബാലപാഠങ്ങൾ കോറിയിട്ടു. ദരിദ്രന്മാരെ കരുതുന്ന വേദപുസ്തകസുവിശേഷം ബുദ്ധിപരമായി ഉൾക്കൊള്ളുന്നതിന് വളരെ മുമ്പുതന്നെ ജീവിതാനുഭവങ്ങളിൽകൂടി പഠിക്കുവാൻ അദ്ദേഹത്തിന് സാധിച്ചു.

മിഷണറിമാരിലും തുടർന്ന് നവീകരണസഭകളിലും ഉണ്ടായ ആത്മീയതയുടെ സ്വാധീനം പുരാതന സഭാവിശ്വാസികളിലും ഉണ്ടായ ഒരു കാലമായിരുന്നു അത്. ഓർത്തഡോക്സ് സഭയുടെ സത്യവിശ്വാസത്തിന് സ്വീകാര്യമല്ലാത്ത പലതും നവീകരണപാരമ്പര്യത്തിൽ ഉണ്ടെങ്കിലും നല്ലവശങ്ങളൊന്നും ഇല്ലായിരുന്നു എന്നു പറയാൻ ആവുകയില്ല. ക്രിസ്തുവിനെക്കുറിച്ചുള്ള വ്യക്തിപരമായ അനുഭവവും ക്രിസ്തുവിനെ സാക്ഷിക്കണമെന്നുള്ള അടങ്ങാത്ത ദാഹവും ആ കൂട്ടത്തിലുള്ളതാണ്. ആവിധത്തിൽ തന്നെത്തന്നെ ക്രിസ്തുവിനായി സമർപ്പിക്കുന്ന ഒരു വ്യക്തിപരമായ അനുഭവം അദ്ദേഹത്തിന്റെ യൗവനകാലത്തുണ്ടായി. ഏതു മഹാന്മാരുടേയും ജീവിതത്തിന് ചില അടിസ്ഥാനങ്ങളും വഴിത്തിരിവുകളും ഉണ്ടാകുക സ്വാഭാവികമാണല്ലോ. വ്യക്തിപരമായ സമർപ്പണം അടിസ്ഥാനമായെങ്കിൽ, വഴിത്തിരിവുണ്ടായത് അമേരിക്കയിൽ പഠിക്കാൻ അവസരമുണ്ടായതാണ്. ജബൽപൂർ ലിയോനാർഡ തീയോളജിക്കൽ സെമിനാരിയിൽനിന്ന് വേദശാസ്ത്രത്തിൽ ഡിഗ്രി സമ്പാദിച്ചശേഷം (BD) അമേരിക്കയിലെ ന്യൂ ജഴ്സിയിലുള്ള ഡ്രൂയൂണിവേഴ്സിറ്റിയിൽനിന്ന് എം. എ.യും യൂണിയൻ സെമിനാരിയിൽനിന്ന് എസ്. റ്റി. എം. ഉം കരസ്ഥമാക്കി. അമേരിക്കയിൽ പോകുന്നതിന് തൊട്ടുമുമ്പ് അദ്ദേഹത്തിന് 1948-ൽ ശെമ്മാശപട്ടം നൽകി. പഠനം കഴിഞ്ഞ് തിരികെ വന്നതിനുശേഷം 1956 മെയ് 10-ന് വൈദികപട്ടവും സ്വീകരിച്ചു. ഇതിനോടകം അദ്ദേഹം വൈദികസെമിനാരിയിൽ അദ്ധ്യാപകനായി നിയമിതനാകുകയും ചെയ്തു. 1952-ൽ പഠിക്കുവാൻ തുടങ്ങുമ്പോൾ സെമിനാരി പ്രവർത്തിച്ചിരുന്നത് കോട്ടയം എം. ഡി. സെമിനാരിയിൽ ആയിരുന്നു. തുടർന്നുള്ള വർഷങ്ങളിൽ ചില ഇടവകകളിൽ വൈദികശുശ്രൂഷ നടത്തിയിരുന്നു. കൺവൻഷൻ വേദികളിൽ കൊടുങ്കാറ്റായി പ്രസംഗിച്ചിരുന്നത് ഈ സമയങ്ങളിലാണ്. 1965-ൽ തന്നെ മെത്രാപ്പോലീത്താസ്ഥാനത്തേക്ക് തെരഞ്ഞെടുപ്പ് നടന്നെങ്കിലും സ്ഥാനാരോഹണം ഉണ്ടായില്ല. 1974-ൽ രണ്ടാമതും തെരഞ്ഞെടുപ്പ് നടന്ന് 1975-ലാണ് മെത്രാപ്പോലീത്തായായത്. 1976-ൽ നിരണം ഭദ്രാസന മെത്രാപ്പോലീത്തായായി ചുമതലയേറ്റു. പ്രായാധിക്യം മൂലം സന്തോഷത്തോടെ പിൻഗാമിക്കായി 2005-ൽ സ്ഥാനമൊഴിഞ്ഞു. വിടവാങ്ങുന്നതിന് ഏതാനും ദിവസം മുമ്പുവരെയും കർമ്മനിരതനായിരുന്നു. പ്രാർത്ഥന, എഴുത്ത്, വായന ഇവ മുടക്കാതെ ഉത്സാഹത്തോടെ കഴിഞ്ഞു. 2012 ഫെബ്രുവരി 16-ന് തന്റെ പരമാനന്ദമായ ദൈവത്തിന്റെ സന്നിധിയിലേക്കു പ്രവേശിച്ചു. മാവേലിക്കര സെന്റ് പോൾസ് ചാപ്പലിൽ കബറടക്കി.

സംഭവബഹുലമായ ഈ പിതാവിന്റെ ജീവിതത്തെ സംക്ഷിപ്തമായി അവതരിപ്പിക്കുവാനേ ഇവിടെ സാധിക്കുകയുള്ളൂ. 3 മണ്ഡലങ്ങളിലായി അവയെ പരിമിതപ്പെടുത്തട്ടെ.

**അല്പം നിർത്താം... ചിന്തിക്കാം...**

1. ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ മാതാപിതാക്കൾ ആരെല്ലാം?
2. തിരുമേനിയുടെ പ്രാഥമിക വിദ്യാഭ്യാസം എവിടെയായിരുന്നു?
3. തിരുമേനിയെ ഒരു മനുഷ്യസ്നേഹിയാക്കി മാറ്റിയ സാഹചര്യങ്ങളേവ?

## 1. ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരിയും വേദശാസ്ത്ര പരിചിന്തനങ്ങളും

1952 മുതൽ 2008 വരെയുള്ള 56 വർഷം അദ്ദേഹം സെമിനാരിയിൽ പഠിപ്പിച്ചു. മലങ്കരസഭയിലെ മെത്രാച്ചന്മാർ, പരിശുദ്ധ ബസ്സേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവ ഉൾപ്പെടെ മിക്കവരും അദ്ദേഹത്തിന്റെ ശിഷ്യന്മാരാണ്. സെമിനാരിയിലെ അദ്ധ്യാപകവൃത്തി സമകാലീനലോകത്തെ ഉന്നതശീർഷകന്മാരായി ദൈവശാസ്ത്രജ്ഞരുടെ നിലയിലേക്ക് അദ്ദേഹത്തെ ഉയർത്തി. അന്താരാഷ്ട്രതലത്തിൽ ശ്രദ്ധിക്കപ്പെട്ട അനേകം പുസ്തകങ്ങൾക്കും ജന്മം നല്കി. Theology of a classless society. The sin of being rich in a poor world, sharing God and a sharing world, one religion of love എന്നിവ അവയിൽ ചിലതാണ്. ദൈവം സ്നേഹമാണു എന്ന വെളിപാടിലടങ്ങിയ ഒരു ലോകവീക്ഷണം അദ്ദേഹം വികസിപ്പിച്ചു. എല്ലാ വൈവിദ്ധ്യങ്ങളേയും സ്നേഹത്തിൽ സംയോജിപ്പിക്കാനാവുമെന്ന് അദ്ദേഹം കണ്ടെത്തി. രക്തരൂക്ഷിതമായ വിപ്ലവംകൂടാതെ ദൈവസ്നേഹം, നീതി ഇവയിൽ ഊന്നിയ സമത്വസുന്ദരമായ ഒരു ലോകത്തെ അദ്ദേഹം സ്വപ്നം കണ്ടു. അത് ദൈവരാജ്യം ഭൂമിയിൽ വരണമേ എന്ന പ്രാർത്ഥനയിലൂടെയും പ്രവർത്തിയിലൂടെയും കരഗതമാക്കുവാൻ ആവോളം യത്നിച്ചു. ദാരിദ്ര്യം തന്നെയാണ് പാപത്തിന്റെ ഏറ്റവും വ്യക്തമായ അടയാളമെന്ന് നിരീക്ഷിച്ചു. അത് നീക്കുവാൻ ശ്രമിക്കുന്നവരെല്ലാം ദൈവത്തിന് പ്രീതികരമായ പ്രവൃത്തിയാണ് ചെയ്യുന്നത് എന്നു പഠിപ്പിച്ചു. അതേസമയം തിന്മയെ തിന്മകൊണ്ടെതിർക്കുവാൻ അദ്ദേഹം സമ്മതിച്ചില്ല. അഖിലലോക സഭാകൗൺസിൽ, ഫെയ്ത്ത് ആന്റ് ഓർഡർ, ഇന്റർനാഷണൽ അസ്സോസിയേഷൻ ഫോർ മിഷൻ സ്റ്റഡീസ് തുടങ്ങി നിരവധി അന്താരാഷ്ട്ര കോൺഫറൻസുകളിൽ പങ്കെടുത്ത് തന്റെ ആശയം മറ്റുള്ളവരുമായി പങ്കുവച്ചു.

## 2. സെന്റ് പോൾസ് സുവിശേഷാലയം

അമേരിക്കയിൽ പഠിക്കുന്ന സമയത്ത് അവിടുത്തെ ദേവാലയങ്ങളിൽ പ്രസംഗിക്കുവാൻ അദ്ദേഹത്തിന് ക്ഷണം ലഭിക്കുമായിരുന്നു. അവിടെനിന്നും ലഭിച്ച പാരിതോഷികം കൊണ്ടാണ് സെന്റ് പോൾസ് മിഷൻ സെന്റർ സ്ഥിതിചെയ്യുന്ന സ്ഥലം 1953-ൽ വാങ്ങിയത്. അതിനുമുമ്പ് 1943-ൽ തന്നെ ഒരു വാടക കെട്ടിടത്തിൽ ഒരു സുവിശേഷാലയം ആരംഭിച്ചിരുന്നു. വേനലവധിക്കാലത്ത് അവിടെ നടത്തപ്പെടുന്ന സമ്മർസ്കൂളിൽ പഠിച്ചിറങ്ങിയവർ അനവധിയാണ്. വൈദികർ, മേല്പട്ടക്കാർ, അത്മായപ്രേഷിതർ തുടങ്ങി വിവിധ നിലകളിൽ ലോകത്തിന്റെ പലഭാഗത്ത് ഇന്ന് സഭയ്ക്ക് അവർ നേതൃത്വം നൽകുന്നു. സുവിശേഷാലയം തിരുമേനിയുടെ രണ്ടാം ഭവനമാണ്. ഏറ്റവും കൂടുതൽ അന്തിയുറങ്ങിയ ഭവനവും ഇതുതന്നെ. തന്റെ നിത്യമായ നിദ്രയ്ക്കുള്ള ഭവനമായി തെരഞ്ഞെടുത്തതും ഈ ഭവനം തന്നെയാണ്.

1979-ൽ ഇത് സഭയുടെ മിഷൻ ട്രെയിനിംഗ് സെന്ററായി ഉയർത്തപ്പെട്ടു. 1952-ൽ ആരംഭിച്ച സുവിശേഷസംഘത്തിന്റെ കേന്ദ്ര ഓഫീസും ഇതുതന്നെയാണ്. ഇപ്പോൾ സഭയുടെ മിഷൻ ബോർഡിന്റെ കേന്ദ്രമായും പ്രവർത്തിക്കുന്നു. 1984-ൽ മിഷൻപഠനത്തിനാ

യുള്ള ഒരു കൂട്ടായ്മാസംഘം രൂപീകരിച്ചു. National Association for Mission studies. ഈവക പ്രവർത്തനങ്ങൾ മലങ്കരസഭയിൽ അങ്ങോളമിങ്ങോളം സുവിശേഷത്തെപ്പറ്റി ചെറിയ ചല നങ്ങൾ ഉണ്ടാക്കിയെങ്കിലും തിരുമേനിയുടെ സ്വപ്നം ഇനിയും പൂവണിയാനുണ്ട്.

ഇടവക ശുശ്രൂഷകളിൽ വൈദികർ നേതൃത്വം നൽകുന്നതുപോലെ അത്മായപ്രേ ഷിതർ സുവിശേഷവയലുകളിൽ താമസിച്ച് പ്രവർത്തനങ്ങൾ നടത്തണമെന്നായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം. ഭാരതത്തിന്റെ എല്ലാ ഗ്രാമങ്ങളിലും സുവിശേഷപ്രവർത്തന ങ്ങൾ എത്തിച്ചേരണമെന്ന് അദ്ദേഹം പ്രബോധിപ്പിച്ചുകൊണ്ടിരുന്നു. ദരിദ്രർ, കുഷ്ഠരോ ഗികൾ, എയ്ഡ്സ് രോഗികൾ, നിരക്ഷരർ, മദ്യപാനത്തിന് അടിമപ്പെട്ടവർ, പ്രകൃതിക്ഷോ ഭത്തിൽ വലയുന്നവർ, തെരുവോരങ്ങളിൽ കഴിയുന്നവർ, അനാഥർ, വൃദ്ധജനങ്ങൾ ഇങ്ങനെ സമൂഹം പുറന്തള്ളുന്നവരുടെ അടുക്കലേക്കിറങ്ങിച്ചെന്ന് ശുശ്രൂഷിക്കുന്ന ഒരു പറ്റം മിഷനറിമാർ ഓർത്തഡോക്സ് സഭയിൽ ഉണ്ടായിവരണമെന്ന് അദ്ദേഹം വളരെ ആഗ്രഹിച്ചു. പരിശീലനം ലഭിച്ച് സുവിശേഷകർ പലയിടങ്ങളിലായി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടെങ്കിലും തിരുമേനിയുടെ സ്വപ്നസാക്ഷാത്ക്കാരമായിട്ടില്ല. അദ്ദേഹത്തിന്റെ കബറിൽനിന്നുയരുന്ന നിശ്വാസങ്ങൾ ഏറ്റുവാങ്ങുന്ന ഒരു തലമുറ ഉണ്ടായിവരുവാൻ സഭയിൽ എല്ലാവരുംകൂടി ഒരുമിച്ച് പ്രാർത്ഥിക്കേണ്ടിയിരിക്കുന്നു.

**അല്പം നിർത്താം... ചിന്തിക്കാം...**

1. സെമിനാരി അദ്ധ്യാപകൻ എന്ന നിലയിൽ തിരുമേനിയുടെ പ്രധാന സംഭാവന കൾ ഏവ?
2. തിരുമേനി സെന്റ് പോൾസ് സുവിശേഷാലയം സ്ഥാപിക്കുവാനിടയായ സാഹ ചര്യം വിശദമാക്കുക?
3. സുവിശേഷാലയം സഭയുടെ മിഷൻപ്രവർത്തനങ്ങളുടെ കേന്ദ്രമായിത്തീർന്ന തെങ്ങനെ?
3. പുതുപ്പാടി ബാലഭവനവും സെന്റ് പോൾസ് ആശ്രമവും

തിരുമേനിയുടെ ആശയങ്ങൾ കർമ്മപഥത്തിലെത്തിക്കുവാനുള്ള ചുവടുവയ്പ്പ് ആരം ഭിച്ചത് പുതുപ്പാടി ബാലഭവന്റെ സ്ഥാപനത്തോടെയാണ്. ഒരു അനാഥക്കുഞ്ഞിന്റെ മൃത ശരീരം കാക്ക കൊത്തിപ്പറിക്കുന്നതുകണ്ട എം. വി. ജോർജച്ചന്റെ മനസ്സലിഞ്ഞു. തെരു വോരങ്ങളിൽ അനാഥക്കുഞ്ഞുങ്ങൾ അന്തിയുറങ്ങാൻ ഇടവരരുത് എന്ന് അദ്ദേഹം തീരു മാനിച്ചുറച്ചു. അതിനുള്ള പദ്ധതികൾ മനസ്സിൽ ആലോചിച്ച് നടക്കുമ്പോഴാണ് ദൈവം വഴിയൊരുക്കിയത്. പുതുപ്പാടിയിൽ മണലേൽ കുടുംബം സംഭാവനചെയ്ത 25 ഏക്കറിൽ ബാലഭവനം ആരംഭിച്ചു. മലങ്കര ഓർത്തഡോക്സ് സഭയുടെ സുവിശേഷ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ നാന്ദിയാണ് ഇവിടെ കുറിക്കപ്പെട്ടത്. പിന്നീടുള്ള ദശകങ്ങളിൽ മലങ്കരസഭയിൽ ഉണ്ടായിട്ടുള്ള എല്ലാ ജീവകാരുണ്യ പ്രവർത്തനങ്ങളുടേയും പ്രചോദനം പുതുപ്പാടി ബാലഭവനം ആയിരുന്നു എന്ന് നിസ്സംശയം പറയാം. ദൈവത്തിന്റെ വലിയ കൃപയാൽ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾക്ക് കൈത്താങ്ങൽ കൊടുക്കാൻ വൈദിക സെമിനാരിയിൽ നിന്ന് രണ്ടുശിഷ്യന്മാരേയും ലഭിച്ചു. വി. എം. തോമസച്ചനും, കെ. ഐ. ഫിലിപ്പച്ചനും. തോമസച്ചൻ പുതുപ്പാടിയിൽ താമസിച്ചുകൊണ്ട് കുട്ടികളെ നയിച്ചപ്പോൾ ഫിലിപ്പച്ചൻ പ്രവർത്തനങ്ങളുടെ കയറുകളെ നീട്ടി. രണ്ടുപേരും പിന്നീട് റമ്പാച്ചന്മാരായി. തോമസ് റമ്പാച്ചൻ തിരുമേനിക്കു മുമ്പേ ദൈവസന്നിധിയിൽ ചേർക്കപ്പെട്ടു. 80-ാം വയസ്സിലും ഫിലിപ്പ് റമ്പാച്ചൻ തന്റെ വേലതുടർന്നു. പുതുപ്പാടിയിൽ പിന്നീട് ഒരു

ആശ്രമവും കോൺവെന്റും വളർന്നുവന്നു. നേരത്തെകടന്നുപോയ പ്രസിദ്ധ പ്രഭാഷകൻ എം. ജി. പോൾ അച്ചനും കൊട്ടാരക്കര പുനലൂർ ഭദ്രാസനാധിപനായ തേവോദോറോസ് തിരുമേനിയും സമർപ്പിതരായ ഒരുകൂട്ടം വൈദികരും, ദയറാക്കാരും ഇവിടുത്തെ അംഗങ്ങളാണ്. സഭയുടെ വിവിധ മേഖലകളിൽ അവർ സ്തുത്യർഹമായി ശുശ്രൂഷ അനുഷ്ഠിക്കുന്നു.

പുതുപ്പാടിയെത്തുടർന്നു സ്ഥാപനങ്ങളുടേയും പ്രവർത്തനങ്ങളുടേയും ഒരുനിരതന്നെ ഉണ്ടായി. പുതുപ്പാടിയിൽ തന്നെ ബാലികഭവൻ, കോൺവെന്റ്, നിരണം ഭദ്രാസനത്തിൽ പനയമ്പാല, ഹരിപ്പാട് ബാലഭവനങ്ങൾ, തിരുവനന്തപുരം ഗൈഡൻസ് സെന്റർ, വിശ്രാന്തി ഭവനം, നെയ്യാറ്റിൻകര സെ. തോമസ് ബാലഭവൻ, സെന്റ് ജോർജ്ജ് ബാലികാശ്രമം, പൂനെ, ബാലഗ്രാം, സ്നേഹഭവൻ, ബാംഗ്ലൂർ ദയാഭവൻ, കർണ്ണാടക, ഇറ്റാർസി ബാലഗ്രാം, കോട്ടയത്തുള്ള ബാലഭവൻ ഇവയെല്ലാം തിരുമേനിയുടെ നേതൃത്വത്തിൽ ഉണ്ടായതാണ്.

ഒറീസ, ലത്തൂർ, കേരളം, മദ്രാസ്, ആൻഡമാൻസ്, എത്യോപ്യ തുടങ്ങിയ സ്ഥലങ്ങളിൽ സുനാമി, ഭൂകമ്പം, ക്ഷാമം തുടങ്ങിയവയുമായി ബന്ധപ്പെട്ടു തുടങ്ങിയ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കും തിരുമേനി നേതൃത്വം നൽകി. ജാതിയും, മതവും, ഭാഷയും ഒന്നും നോക്കാതെ, പ്രതിഫലം പ്രതീക്ഷിക്കാതെ, ദൈവത്തിന്റെ സ്നേഹം, വേദന അനുഭവിക്കുന്നവരിലേയ്ക്ക് ഒഴുക്കുക എന്നതായിരുന്നു എല്ലാ പ്രവർത്തനങ്ങളു ടെയും പിന്നിലുള്ള ലക്ഷ്യം.

രോഗികൾ, ഹൃദ്രോഗികൾ, ഭവനരഹിതർ, വിദ്യാഭ്യാസത്തിനു ബുദ്ധിമുട്ടുന്നവർ, പെൺകുട്ടികളുടെ വിവാഹം നടത്താൻ പ്രയാസപ്പെടുന്നവർ തുടങ്ങിയവർക്കായി പ്രത്യേകം പ്രത്യേകം സഹായപദ്ധതികളും തിരുമേനി ആരംഭിച്ചിട്ടുണ്ട്. ജൂലൈ 3 കഴിഞ്ഞു വരുന്ന ഞായറാഴ്ച മിഷൻ സൺഡേ ആയി ആചരിച്ച് അന്നു നടത്തുന്ന കവർ പിരിവിൽകൂടി ലഭിക്കുന്ന തുക സുവിശേഷപ്രവർത്തനത്തിനായി നീക്കിവെയ്ക്കുന്ന പതിവുണ്ടായത് തിരുമേനിയുടെ ശ്രമഫലമാണ്. സഞ്ചാര സുവിശേഷവിഭാഗമായ 'സ്നേഹസന്ദേശവും' അദ്ദേഹത്തിന്റെ ഭാവനയിൽ വിരിഞ്ഞതാണ്.

ഉജ്വലപ്രഭാഷകൻ, സാമൂഹ്യനീതിയുടെ പ്രവാചകൻ, എഴുത്തുകാരൻ, ദൈവ ശാസ്ത്രജ്ഞൻ, പാവങ്ങളുടെ അപ്പോസ്തോലൻ, ലളിതജീവിതത്തിന്റെ ഉടമ, സാമൂഹ്യപരിഷ്കർത്താവ്, സഭാസ്നേഹി, സുവിശേഷത്തിനുവേണ്ടി ത്യാഗംസഹിച്ചവൻ, യുവതീയുവാക്കളെയും കുഞ്ഞുങ്ങളെയും വാത്സല്ലിച്ച പിതാവ് തുടങ്ങി ഒട്ടേറെ വിശേഷണങ്ങൾ അദ്ദേഹത്തിനു നൽകാനാവും. ഇതെല്ലാം സാധിച്ചത് ക്രിസ്തു അദ്ദേഹ ത്തിന് പരമാനന്ദമായതുകൊണ്ടാണ്. നിരന്തരമായ പ്രാർത്ഥനയും പ്രവൃത്തിയും അദ്ദേഹം ഒരുമിച്ചുകൊണ്ടുപോയി. വരുംതലമുറയ്ക്ക് അദ്ദേഹത്തിന്റെ ജീവിതം ഒരു വലിയ മാതൃക ആകേണ്ടതാണ്.

## നമുക്ക് ചിന്തിക്കാം

1. അഭിവന്ദ്യ ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ ബാല്യകാലം ചുരുക്കമായി വിവരിക്കുക.
2. അഭിവന്ദ്യ ഒസ്താത്തിയോസ് തിരുമേനിയുടെ സാമൂഹ്യപ്രവർത്തനങ്ങൾ ഏവ?
3. തിരുമേനി സ്ഥാപിച്ച പ്രസ്ഥാനങ്ങൾ ഏവ?

4. തിരുമേനിയുടെ പ്രധാന സന്ദേശങ്ങൾ എന്തെല്ലാമായിരുന്നു?
5. മാവേലിക്കരയിലെ സെന്റ് പോൾസ് സുവിശേഷാലയം സ്ഥാപിക്കുവാനിടയായ സാഹചര്യം എന്ത്? അതിന്റെ വളർച്ചയുടെ വിവിധ ഘട്ടങ്ങൾ വിശദമാക്കുക?
6. കേരളത്തിനുപുറത്ത് തിരുമേനി സ്ഥാപിച്ച പ്രസ്ഥാനങ്ങൾ ഏവ? അവയെപ്പറ്റി ചുരുക്കമായി വിവരിക്കുക.
7. ഇത്രമാത്രം സാമൂഹ്യസേവനപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാൻ തിരുമേനിയെ പ്രേരിപ്പിച്ച ഘടകങ്ങൾ ഏവ?

## പ്രവർത്തനങ്ങൾ

1. തിരുമേനിയുടെ ചിത്രങ്ങൾ ശേഖരിക്കുക, തിരുമേനി സ്ഥാപിച്ച വിവിധ പ്രസ്ഥാനങ്ങളുടെ ചിത്രങ്ങളും ശേഖരിച്ച് ഒരു ആൽബം തയ്യാറാക്കുക.
2. തിരുമേനിക്ക് നൽകാവുന്ന വിശേഷണങ്ങളുടെ ഒരു ലിസ്റ്റ് ഉണ്ടാക്കി ഒരു ചാർട്ട് തയ്യാറാക്കുക
3. ഗീവർഗീസ് മാർ ഒസ്താത്തിയോസ് സാമൂഹ്യനീതിയുടെ പ്രവാചകൻ എന്ന വിഷയത്തെ ആസ്പദമാക്കി ഒരു ഡയറിക്കുറിപ്പ് തയ്യാറാക്കുക.
4. മാവേലിക്കര സെന്റ് പോൾസ് മിഷൻ സെന്റർ സന്ദർശിക്കുക. അവധിക്കാലത്ത് നടക്കുന്ന സമ്മർക്യാമ്പിൽ പങ്കെടുക്കുക.
5. മിഷൻ പ്രവർത്തനങ്ങളിൽ പങ്കാളികളാകുക.

## നമുക്ക് പാടാം

ആചാര്യന്മാരുടെ ഞായറാഴ്ച വി. കുർബ്ബാനയിൽ ഏവൻഗേലിക്കുശേഷം ആലപിക്കുന്ന ഗീതം (വി.കുർബ്ബാനക്രമം, പേജ് 284).

(സുന്ദരികളിലതിസുന്ദരി നീ....)

ദൈവസുതാ ശുദ്ധാ ഗാരേ-മെയ്-ര-ക്ത-ങ്ങൾ
നിന്റെ ജനത്തിന് ഭാഗിച്ചോ-രാചാര്യന്മാ-ർക്ക്
നിന്നാഗമനേ-നന്മണിയറ പൂകി
വാനവരൊപ്പം-വിണ്ണവർ സംഘത്തിൽ
നിന്നെ ശുശ്രൂഷിപ്പാനും-സിദ്ധന്മാർ ചേർന്ന്
സന്തോഷിപ്പാനും സ്തോത്രം-ഘോഷിച്ചീടാനും
ഹാലേലൂയ്യാ-യോഗ്യത നൽകേണം.

### നിശ്ചയം

**അഭിവന്ദ്യ ഒസ്താത്തിയോസ് തിരുമേനിയുടെ ജീവിത വൈശിഷ്ട്യങ്ങൾ ഞങ്ങൾ മനസ്സിലാക്കി. ആ പിതാവിന്റെ നല്ല മാതൃകകൾ ഞങ്ങൾ അനുകരിക്കും. സാമൂഹ്യസേവന പ്രവർത്തനങ്ങളിൽ ഞങ്ങൾ പങ്കാളികളാകും.**

## നമുക്ക് പ്രാർത്ഥിക്കാം

പട്ടക്കാരുടെ ഞായറാഴ്ച സന്ധ്യാപ്രാർത്ഥനയിൽ ചേർത്ത് ചൊല്ലുന്ന പ്രാർത്ഥന (പ്രാർത്ഥനാക്രമം, പേജ് 107).

*കർത്താവേ, കരുണയോടുകൂടിയ നിന്റെ കല്പനകളെ ആചരിക്കയും എല്ലാറ്റിനെയുംകാൾ അധികം നിന്റെ വാത്സല്യത്തെ സമ്പാദിക്കയും ചെയ്തവരായ ആചാര്യന്മാർക്ക് സ്വർഗ്ഗീയ ഊർശ്ലേമിൽ നല്ല ഓർമ്മ നൽകണമെ. നിന്റെ രാജ്യത്തിലെ വിരുന്നിൽ അവരെ പങ്കുകാരാക്കണമെ. അവരുടെ ജീവകാലത്തും മരണസമയത്തും തങ്ങളുടെ ആത്മാക്കളെ നിങ്കലേയ്ക്ക് ഏല്പിച്ചിരിക്കയാൽ നിന്റെ ശ്രേഷ്ഠത വെളിപ്പെടുന്ന ദിവസത്തിൽ അവരെ മഹത്വം ധരിപ്പിക്കയും ചെയ്യണമെ. ബാറെക്മോർ*

## തുടർവായനയ്ക്ക്

| ദിവസം | രാവിലെ | വൈകുന്നേരം |
|---|---|---|
| ഞായർ | - | യാക്കോബ് 1:1-18 |
| തിങ്കൾ | യാക്കോബ് 1:19-27 | യാക്കോബ് 2:1-13 |
| ചൊവ്വ | യാക്കോബ് 2:14-26 | യാക്കോബ് 3 |
| ബുധൻ | യാക്കോബ് 4 | യാക്കോബ് 5 |
| വ്യാഴം | 1 പത്രോസ് 1:1-12 | 1 പത്രോസ് 1:13-25 |
| വെള്ളി | 1 പത്രോസ് 2:1-12 | 1 പത്രോസ് 2:13-25 |
| ശനി | 1 പത്രോസ് 3 | 1 പത്രോസ് 4 |
| ഞായർ | 1 പത്രോസ് 5 | - |

യൂണിറ്റ് 8

# നല്ല ശീലങ്ങൾ

പാഠം 28

# നാമും കർഷകർ

## പഠനോദ്ദേശ്യങ്ങൾ

കാർഷികവൃത്തിയെ സ്നേഹിക്കുവാനുള്ള മനസ്സൊരുക്കവും കൃഷി ചെയ്യുവാനുള്ള താല്പര്യവും ഉണ്ടാക്കിയെടുക്കുക. സസ്യജാലങ്ങൾക്ക് പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിർത്തുന്നതിലുള്ള പങ്ക് വിലയിരുത്തുക. പ്രകൃതിയെ സ്നേഹിക്കുക, സംരക്ഷിക്കുക.

**മനഃപാഠവാക്യം:** "യഹോവയായ ദൈവം മനുഷ്യനെ കൂട്ടിക്കൊണ്ടുപോയി ഏദൻ തോട്ടത്തിൽ വേല ചെയ്വാനും അതിനെ കാപ്പാനും അവിടെ ആക്കി" (ഉല്പത്തി 2:15).

**പഠനസഹായികൾ:** കുറെ കൃഷിസാധനങ്ങളുടെ ചിത്രങ്ങൾ, ഒരു നെൽപ്പാടത്തിന്റെ ചിത്രം, വി. വേദപുസ്തകം, വി. കുർബ്ബാനക്രമം, പ്രാർത്ഥനാക്രമം.

## ആമുഖം

ഭൂമിയിൽ എങ്ങും വിത്തുള്ള സസ്യങ്ങളും വൃക്ഷത്തിന്റെ വിത്തുള്ള ഫലം കായ്ക്കുന്ന സകലവൃക്ഷങ്ങളും ദൈവം നമുക്കു നൽകി. ഭൂമിയിൽ കൃഷിചെയ്തു വീണ്ടും ഈ സസ്യങ്ങളും വിത്തുകളും ഉല്പാദിപ്പിക്കുന്നതിലൂടെ ദൈവസൃഷ്ടിയിൽ പങ്കുചേരുവാൻ നമുക്കു കഴിയുന്നു. കൃഷിയുടെ പ്രാധാന്യവും അതിലൂടെ ലഭിക്കുന്ന സന്തോഷവും ആനന്ദവും എന്തെന്ന് നമുക്ക് കാണാം.

## പാഠഭാഗം

കൃഷിസ്ഥലങ്ങൾ നാം കണ്ടിട്ടില്ലേ? അവിടെ കാർഷിക വിളകൾ നിറഞ്ഞുനിൽക്കുന്നത് എത്ര ആനന്ദകരമാണ്! ഒരു കാലത്ത് മനുഷ്യർ കൃഷി ചെയ്താണ് ജീവിച്ചിരുന്നത്. ഇന്ന് നമ്മുടെ ഇടയിൽ വിവിധ തൊഴിലുകൾ ചെയ്ത് ജീവിക്കുന്നവരെ കാണാം. അദ്ധ്യാപകർ, ഡോക്ടർമാർ, എഞ്ചിനീയർമാർ, ഗുമസ്തന്മാർ എന്നിങ്ങനെ ക്രമമായി ശമ്പളം കിട്ടുന്നവർ, സ്വയം ബിസ്സിനസ്സുകൾ ചെയ്തു ജീവിക്കുന്നവർ, കാർഷികവിളകളിൽനിന്നും ആദായമുണ്ടാക്കുന്നവർ എന്നിങ്ങനെ പലതരം ആളുകളുണ്ട്. ഇന്ന് കൃഷി ചെയ്യുന്നതിൽ

ആളുകൾ വിമുഖത കാണിക്കുന്നു. പാടത്തും പറമ്പിലും പണിയെടുക്കുന്നത് കുറച്ചിലായി കാണുകയും കൃഷികൊണ്ട് ജീവിക്കുന്നത് അത്ര ആദായകരമല്ലാതാകുകയും ചെയ്തതു കൊണ്ട് ഇന്ന് എല്ലാവരും ശമ്പളമുള്ള ജോലികളിലാണ് കണ്ണുവയ്ക്കുന്നത്. പക്ഷേ, അപ്പോഴും ആഹാരത്തിന് കാർഷികോൽപ്പന്നങ്ങൾ കൂടിയേതീരൂ. മറ്റു സംസ്ഥാനങ്ങളിൽ ഉല്പാദിപ്പിക്കപ്പെടുന്ന അരിയും പച്ചക്കറികളും മറ്റും അമിതവിലകൊടുത്തു നമ്മുടെ ആളുകൾ വാങ്ങി ഉപയോഗിക്കുകയാണ് ചെയ്യുന്നത്. ഒരു പരിധിവരെ അദ്ധ്വാനിക്കുവാനുള്ള മനുഷ്യന്റെ മനസ്സുകുറവും ഇതിനു കാരണമാകുന്നുണ്ട്.

## കൃഷിയുടെ പ്രാധാന്യം വേദപുസ്തകാടിസ്ഥാനത്തിൽ

വി. വേദപുസ്തകത്തിൽ കൃഷിയെ സംബന്ധിച്ചു ധാരാളം പരാമർശനങ്ങൾ ഉണ്ട്. വേദശാസ്ത്രചിന്തകൾ പ്രകാശിപ്പിക്കുന്നതിനും കൃഷിയുമായി ബന്ധപ്പെട്ട അലങ്കാരങ്ങൾ ഉപയോഗിച്ചിട്ടുണ്ട്. "നീതിയിൽ വിതപ്പിൻ, ദയക്കൊത്തവണ്ണം കൊയ്യുവിൻ" (ഹോശയ 10:12). ദൈവം യിസ്രായേലിനെ നയിച്ചവിധത്തെ യെശയ്യാ പ്രവാചകൻ മുന്തിരിത്തോട്ടത്തോട് ഉപമിക്കുന്നു (5:1–7). പിതാക്കന്മാരുടെ സ്വത്തുവിവരം പറഞ്ഞിരിക്കുന്നത് അവരുടെ കാളകളുടെയും കഴുതകളുടെയും മറ്റും എണ്ണപ്രകാരമായിരുന്നു. അബ്രഹാമിന് ആടുമാടുകളും ആൺകഴുതയും ദാസന്മാരും ദാസികളും പെൺകഴുതയും ഒട്ടകങ്ങളും ഉണ്ടായിരുന്നു. ഇയ്യോബിന് 7000 ആടും 3000 ഒട്ടകവും 500 ഏർ കാളയും 500 പെൺകഴുതകളും വളരെയധികം ദാസ്യജനങ്ങളും ഉണ്ടായിരുന്നു.

നമ്മുടെ കർത്താവ് കാർഷികജീവിതത്തിൽനിന്നും പല പ്രതിരൂപങ്ങളും ഉപമകളിൽ സ്വീകരിച്ചിട്ടുണ്ട്. വിതയ്ക്കുന്നവന്റെ ഉപമ, കടുകുമണിയുടെ ഉപമ മുതലായവ ഉദാഹരണങ്ങളാണ് (മത്തായി 13:1–9, മത്തായി 13:31). പിതാവായ ദൈവവും പുത്രനായ യേശുവും യേശുവിന്റെ ശിഷ്യഗണവും തമ്മിലുള്ള ബന്ധം വർണ്ണിക്കുന്നതിന് മുന്തിരി ച്ചെടിയാണ് യേശു ഉദാഹരണമായി സ്വീകരിച്ചത് (യോഹന്നാൻ 15:1–11). വി. പൗലോസിന്റെ പ്രയോഗവും നോക്കുക - ഞാൻ നട്ടു, അപ്പല്ലോസ് നനച്ചു ദൈവമത്രേ വളരുമാറാക്കിയത്. നിങ്ങൾ ദൈവത്തിന്റെ കൃഷി (1 കൊരി 3:6–9).

## പൂർവ്വികകാലത്തേക്ക് നോക്കാം

പഴയകാലത്ത് നമ്മുടെ എല്ലാ ഭവനങ്ങളിലും കാർഷിക പശ്ചാത്തലമായിരുന്നു. ശരാശരി കുടുംബങ്ങളിലെല്ലാം അല്പം കൃഷിയെങ്കിലും ഉണ്ടായിരുന്നു. നെൽകൃഷി ക്രിസ്ത്യാനികളുടെ ഇടയിൽ വളരെ വ്യാപകമായിരുന്നു. അരി കടയിൽനിന്ന് വാങ്ങുന്നതിനേക്കാൾ നെല്ല് പുഴുങ്ങി കുത്തി അരിയാക്കി ഉപയോഗിക്കുന്നതായിരുന്നു അഭികാമ്യമായി കരുതിയിരുന്നത്. അറയുള്ള ഭവനങ്ങൾ, ഭവനങ്ങളിൽ കൗതുകത്തിനു വച്ചിരിക്കുന്ന പറ, ചില ഭവനങ്ങളിലെങ്കിലും അലങ്കാരത്തിന് വച്ചിരിക്കുന്ന ഇലച്ചക്രം എന്നിവ നെൽകൃഷിയുടെ ബാക്കിപത്രങ്ങളാണ്. വ്യാപകമായി ഉണ്ടായിരുന്ന മറ്റു കൃഷികളായിരുന്നു മരച്ചീനി, ചേന, കുരുമുളക്, കരിമ്പ്, തെങ്ങ്, വാഴ മുതലായവ. റബ്ബർകൃഷി പഴയകാലത്ത് അത്ര വ്യാപകമായിരുന്നില്ല. ഇന്ന് റബ്ബർകൃഷി വളരെ വ്യാപകമാണ്. അതാകട്ടെ ആഹാരത്തിന് ഉതകുന്ന കാർഷികോൽപ്പന്നമല്ലതാനും.

വർഷങ്ങൾക്കുമുമ്പ് ഭവനങ്ങളുടെ ആസ്തി നിശ്ചയിച്ചിരുന്നതുതന്നെ കൃഷിയുടെ പശ്ചാത്തലത്തിലായിരുന്നു. ഇത്രപറ നെല്ല് കിട്ടാനുണ്ട്. മാസം ഇത്ര തേങ്ങ കിട്ടാനുണ്ട് എന്നൊക്കെയായിരുന്നു സ്വത്തിന്റെ മാനദണ്ഡം. സർക്കാർ ജോലി അത്ര വലിയ കാര്യമായി അന്ന് ആരും കരുതിയിരുന്നില്ല.

നമുക്ക് കൃഷിയെ സ്നേഹിക്കുവാൻ താല്പര്യമുണ്ടോ? കാർഷിക പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നവർ ഇവിടെയുണ്ടോ? നമുക്ക് കൃഷിയെ സ്നേഹിക്കുന്നവരാകാം.

**അല്പം നിർത്താം.... ചിന്തിക്കാം...**

1. കൃഷിയുടെ പ്രാധാന്യം എന്ത്?
2. വി. വേദപുസ്തകത്തിൽ കൃഷിയെ സംബന്ധിച്ചുള്ള പരാമർശങ്ങൾ ഏവ?
3. പണ്ടുകാലത്ത് വ്യാപകമായുണ്ടായിരുന്ന കൃഷിയിനങ്ങൾ ഏവ?

കൃഷിയെ സ്നേഹിക്കേണ്ടതിന്റെ കാരണങ്ങൾ നമുക്ക് പരിശോധിക്കാം.

### 1. പൂർവ്വികരോടുള്ള ബഹുമാനം

നമ്മുടെ പൂർവ്വികർ കൃഷിക്കാരായിരുന്നതുകൊണ്ട് കാർഷികവൃത്തി നമ്മുടെ പാരമ്പര്യത്തിന്റെ ഭാഗമാണ്. പൂർവ്വികരെയും പാരമ്പര്യത്തെയും ആദരിക്കുന്ന നാം കൃഷിയെ സ്നേഹിക്കണം.

### 2. വ്യായാമത്തിനുള്ള ഉപാധി

വ്യായാമത്തിന് പല മാർഗ്ഗങ്ങൾ നമ്മുടെ അറിവിലുണ്ടെങ്കിലും അത് കൃഷിയുമായി ബന്ധപ്പെടുത്തിയാകുമ്പോൾ കൂടുതൽ ആസ്വാദ്യകരമായിരിക്കും. പറമ്പ് കിളയ്ക്കുകയോ, ചക്രം ചവിട്ടുകയോ, ചെടികൾ നനയ്ക്കുകയോ ഒക്കെ ചെയ്യുമ്പോൾ നമുക്ക് വ്യായാമം കിട്ടുക മാത്രമല്ല, പ്രകൃതിയോടിണങ്ങി കുറേസമയം ചെലവഴിക്കാനും സാധിക്കും.

### 3. ശുദ്ധമായ ഭക്ഷണം ലഭ്യമാകും

വാണിജ്യാവശ്യത്തിനായി ഉല്പാദിപ്പിക്കപ്പെടുന്ന പല കാർഷിക ഉല്പന്നങ്ങളും കീടനാശിനിയുടെയും രാസവളത്തിന്റെയും അമിത ഉപയോഗത്താൽ വിഷലിപ്തമാണെന്ന് നമുക്കറിയാം. നാം നമ്മുടെ വീടിന്റെ പരിസരത്ത് അത്യാവശ്യകൃഷികൾ ചെയ്താൽ മരുന്നും വിഷവുമില്ലാത്ത ശുദ്ധമായ കുറെ ഭക്ഷണം നമുക്ക് ഉല്പാദിപ്പിക്കുവാൻ സാധിക്കും.

### 4. ദൈവത്തിന്റെ സ്നേഹവും സൗന്ദര്യവും ആസ്വദിക്കാം

ഒരു പൂവു വിടർന്നു നിൽക്കുന്നത് നാം കാണുമ്പോൾ ആ മനോഹര സൃഷ്ടി ദൈവത്തിന്റെ പ്രവർത്തനമാണല്ലോ എന്നോർക്കുമ്പോൾ ദൈവത്തിന്റെ സൗന്ദര്യവും സ്നേഹവും നാം ആസ്വദിക്കുന്നു. പൂവിന്റെ സുഗന്ധവും പച്ചമണ്ണിന്റെ മണവും പുതുമഴയുടെ ഗന്ധവും മറ്റും ആവോളം ആസ്വദിച്ച് ദൈവത്തെ നമുക്ക് സ്തുതിക്കാം. വാഴ കുലച്ചുവരുമ്പോഴും നെൽക്കതിരുകൾ വിളഞ്ഞുപാകമാകുമ്പോഴും ദൈവസൃഷ്ടിയുടെ വൈപുല്യം ഓർത്ത് നമുക്ക് ദൈവത്തെ മഹത്വപ്പെടുത്താം.

### 5. ഭൂമി തരിശിടുന്നത് പാപമാണ്

നമുക്ക് ദൈവം നൽകിയിരിക്കുന്ന സാഹചര്യങ്ങൾ തക്കത്തിൽ ഉപയോഗിക്കണം. അനേകർ ഭക്ഷണമില്ലാതെ വിഷമിക്കുമ്പോൾ നമുക്ക് ദൈവം നൽകിയ നിലവും പുരയിടവും തരിശായി ഇടുന്നത് ദൈവമുമ്പാകെ പാപമാണ്.

## 6. കൂട്ടായ്മ (കൊയ്നോണിയാ) അനുഭവം സംജാതമാകുന്നു

കൃഷി ഒരു കൂട്ടായ്മയുടെ അനുഭവം തരും. കുടുംബത്തിലെ എല്ലാ അംഗങ്ങളുംകൂടി പച്ചക്കറിത്തോട്ടത്തിലേക്കിറങ്ങിയാൽ ഒരുമിച്ചുള്ള ആ പ്രവർത്തനം ഒരു കൂട്ടായ്മയുടെ ആസ്വാദനം നൽകും. പിതാവ് കിളച്ച് മണ്ണിളക്കുന്നു, മാതാവ് കള പെറുക്കുന്നു, കുട്ടികൾ വെള്ളമൊഴിക്കുന്നു. മനോഹരമായ ഒരു കാഴ്ചയാണ്. വിപുലമായ കൃഷിയാണെങ്കിലും ജോലിക്കാരോടൊപ്പം കുടുംബാംഗങ്ങൾക്കും ജോലികളിൽ ഏർപ്പെടാം.

കാർഷികോൽപ്പന്നങ്ങൾ പങ്കുവയ്ക്കുന്നതും കൂട്ടായ്മയുടെ അനുഭവമാണ്. ഉദാഹരണത്തിന് നമ്മുടെ ഭവനത്തിൽ പച്ചക്കറികൃഷിയുണ്ടെന്നിരിക്കട്ടെ. അതിൽ ഒരുഭാഗം അയൽഭവനത്തിൽ കൊടുത്തയയ്ക്കാം. അവിടെയുള്ള കൃഷിസാധനങ്ങളിൽ ചിലത് ഇവിടെ തരും. അങ്ങനെ നമ്മുടെ വിളവിന്റെ ഭാഗം അയൽക്കാരുമായും പങ്കുവയ്ക്കാം. നമ്മുടെ ആശ്രിതരായവർക്ക് കൊടുക്കാം. ഈ പങ്കുവയ്ക്കൽ വലിയ ആനന്ദം നൽകും.

## 7. നിങ്ങൾ അളക്കുന്ന അളവിനാൽ നിങ്ങൾക്ക് അളന്നുകിട്ടും

നമുക്ക് സ്വന്തമായി കൃഷിയുണ്ടെങ്കിൽ സാധുക്കൾക്ക് അതിന്റെ ഒരു ഭാഗം നൽകുവാൻ സാധിക്കും. നമ്മുടെ ഭവനത്തിന്റെ വാതിൽക്കൽ വന്നു കൈ നീട്ടുന്ന സാധുവിന് നമുക്ക് ദൈവം തന്ന വിളവിന്റെ ഭാഗം പങ്കുവയ്ക്കാം. ഫലമോ "അമർത്തിക്കുലുക്കി കവിയുന്നൊരു നല്ല അളവ് നമ്മുടെ മടിയിൽ തരും."

## 8. ആദ്യഫലം കൊടുക്കാം

നമ്മുടെ പള്ളിയിലെ ആദ്യഫലപ്പെരുന്നാളിന് സ്വന്തം പറമ്പിൽനിന്ന് ഉല്പാദിപ്പിച്ച വിളവിന്റെ ഭാഗം (നെല്ലോ, കാച്ചിലോ, കപ്പയോ, തേങ്ങയോ, വാഴക്കുലയോ, കുരുമുളകോ) കൊണ്ടുപോകുമ്പോഴുള്ള സന്തോഷം മറ്റെന്തുകൊടുത്താലും ഉണ്ടാകുകയില്ല. അങ്ങനെ കൊണ്ടുപോകണമെങ്കിൽ നമ്മുടെ കൃഷിയിടങ്ങളിൽനിന്നും വിളവെടുപ്പുണ്ടാകണം.

## 9. ശുദ്ധവായു ലഭിക്കുവാൻ വൃക്ഷങ്ങൾ വേണം

നാം ശ്വസിക്കുമ്പോൾ പുറത്തേക്കുവിടുന്ന കാർബൺഡയോക്സൈഡ് സ്വീകരിച്ച് നമ്മുടെ ജീവൻ നിലനിർത്തുവാൻ ആവശ്യമായ ഓക്സിജൻ നമുക്ക് നൽകുന്നത് നമുക്കുചുറ്റുമുള്ള മരങ്ങളാണ്. വൃക്ഷങ്ങൾ കുറവുള്ള പരിസരമാണ് നാം വസിക്കുന്ന സ്ഥലമെങ്കിൽ നമ്മുടെ ആരോഗ്യത്തിന് അത് ഹാനികരമാണ്. നമ്മുടെ വീടിനു ചുറ്റും ചെടികൾ വളർത്തുമ്പോൾ നമുക്ക് ചുറ്റുമുള്ള വായു ശുദ്ധീകരിക്കപ്പെടും.

## 10. നാം മണ്ണിന്റെ ഭാഗമാണ്

ദൈവം നമ്മെ മെനഞ്ഞെടുത്തത് മണ്ണിൽനിന്നാണ്. മണ്ണിൽനിന്നും ഉല്പാദിപ്പിക്കപ്പെടുന്നവയാണ് നമ്മുടെ ഭക്ഷണത്തിനുള്ള വിഭവങ്ങൾ. അവസാനം നാം മണ്ണിൽ ലയിച്ചുചേരേണ്ടവരാണ്. അന്ത്യനാളിൽ കാഹളം ധ്വനിക്കുമ്പോൾ മണ്ണിൽനിന്നും ഉയിർത്തെഴുന്നേറ്റ് ദൈവമുമ്പാകെ നിൽക്കേണ്ടവരുമാണ്. അതുകൊണ്ട് നമ്മുടെ ജീവിതം മണ്ണുമായി ബന്ധപ്പെട്ടു നിൽക്കണം. കൃഷിയിലൂടെ ഇത് സാധിതമാക്കാം.

**അല്പം നിർത്താം... ചിന്തിക്കാം...**

1. കൃഷിയെ നാം സ്നേഹിക്കണം എന്നു പറയാൻ കാരണമെന്ത്?
2. നാം മണ്ണിന്റെ ഭാഗമാണ് എന്നു പറയുന്നതെന്തുകൊണ്ട്?
3. ഇതിൽ നമുക്ക് എന്ത് ചെയ്യാൻ കഴിയും? കുട്ടികളായ നിങ്ങൾക്ക് എന്ത് ചെയ്യുവാൻ കഴിയുമെന്നും പറയുക.

നമ്മുടെ കൃഷിയിടങ്ങൾ ഇനിയും തരിശായി കിടക്കരുത്. നിങ്ങൾ മാതാപിതാക്കളെ ഈ കാര്യം പറഞ്ഞ് മനസ്സിലാക്കണം. അവർ പണിക്കായി പറമ്പിലേക്കിറങ്ങുമ്പോൾ നിങ്ങളും അവരോടൊപ്പം കൂടണം. പഠിക്കുവാനുള്ള പാഠങ്ങളുടെ ആധിക്യമുണ്ടെങ്കിലും ആരാധനയ്ക്കായും കുറേസമയം കൃഷിയുമായും ബന്ധപ്പെടണം. നമ്മുടെ വീടിന്റെ പരിസരത്ത് പച്ചക്കറിത്തോട്ടം കുട്ടികൾക്ക് ഉണ്ടാക്കാൻ കഴിയും-വീടിന്റെ ടെറസിലും മണ്ണുനിറച്ച ചട്ടികളും പ്ലാസ്റ്റിക്ക് കവറുകളും കൃഷിക്കായി ഉപയോഗിക്കാം. എന്താ നാമും കർഷകരല്ലേ. കർഷകരുടെ മക്കളല്ലെ. മണ്ണിന്റെ ഭാഗമല്ലേ. കൃഷിയെ സ്നേഹിക്കുവാൻ നമുക്ക് പഠിക്കാം. അവയെല്ലാം ദൈവം സൃഷ്ടിച്ചതല്ലേ.

## നമുക്ക് ചിന്തിക്കാം

1. കൃഷി ചെയ്യാൻ ഇന്ന് ആളുകൾ വിമുഖത കാണിക്കുന്നതെന്തുകൊണ്ട്?
2. വി. വേദപുസ്തകത്തിൽ കൃഷിയെസംബന്ധിച്ച് പരാമർശിച്ചിട്ടുള്ള ഏതാനും സന്ദർഭങ്ങൾ കണ്ടെത്തുക.
3. പുതിയനിയമത്തിൽ കർത്താവ് കൃഷിക്ക് എത്രമാത്രം പ്രാധാന്യം നൽകിയിട്ടുണ്ട് എന്ന് വാക്യങ്ങൾ ഉദ്ധരിച്ച് സമർത്ഥിക്കുക.
4. 'നമ്മൾ കൃഷിയെ സ്നേഹിക്കണം' കാരണമെന്ത്?
5. ഭൂമി തരിശായി ഇടുന്നത് ശരിയാണോ? എന്തുകൊണ്ട്?
6. കൃഷി ചെയ്യുന്നതിൽകൂടി നമ്മുടെ ജീവിതത്തെ പ്രകൃതിയുമായി ബന്ധിപ്പിക്കുന്നതെങ്ങനെ?

## നമുക്ക് പ്രവർത്തിക്കാം

1. നിങ്ങളുടെ സ്വന്തം പുരയിടങ്ങളിൽ കഴിയുന്ന കൃഷി ചെയ്യുക.
2. കൃഷിയെ സ്നേഹിക്കുക, സംരക്ഷിക്കുക.
3. കൃഷിയുടെ പ്രാധാന്യത്തെപ്പറ്റി ക്ലാസ്സിൽ ഒരു ചർച്ച സംഘടിപ്പിക്കുക.
4. കൃഷിചെയ്യുവാനും കൃഷിയെ സ്നേഹിക്കുവാനും കൂട്ടുകാരെ പ്രേരിപ്പിക്കുക.

## നമുക്ക് പാടാം

ദൈവമാതാവിന്റെ ഓർമ്മകൊണ്ടാടുന്ന ദിവസം ഏവൻഗേലിക്കുശേഷം ആലപിക്കുന്ന ഒരു ഗാനം (വി. കുർബ്ബാനക്രമം പേജ് 329 നോക്കുക)

(യജമാനൻ വരുമന്നേരത്ത്.... എന്ന രീതി)

കതിരുകളെ ഓർത്തിടവത്തിൽ-വിത്തിന് മകരത്തിൽ
മുന്തിരിയെ പ്രതി ചിങ്ങത്തിൽ- പെരുന്നാൾ മൂന്നേവം

വർഷം തോറും-ഭാഗ്യവതീ സ്മൃതിയായ്
ഘോഷിക്കണമെ-ന്നെഴുതപ്പെട്ടവയാം
കന്യകതൻ ഗ്രന്ഥങ്ങളുമായ്-യൂഹാനോൻ ശ്ലീഹാ
വന്നപ്പോളെപ്പേസൂസ്സിൽ-പനിമഴ വർഷിച്ചു
ഹാലേലൂയ്യാ-അവൾ പ്രാർത്ഥന ശരണം

**നിശ്ചയം**

**കൃഷിയെയും കാർഷികവൃത്തിയെയും**
**ഞങ്ങൾ സ്നേഹിക്കും.**
**ഞങ്ങളാൽ കഴിയുന്ന കൃഷിസാധനങ്ങൾ നട്ടുവളർത്തി**
**ഫലം കൊയ്തെടുക്കുവാൻ ഞങ്ങൾ ശ്രമിക്കും.**
**മറ്റുള്ളവരെ അതിന് പ്രേരിപ്പിക്കും.**
**ഞങ്ങളും കർഷകരാണ്.**

## നമുക്ക് പ്രാർത്ഥിക്കാം

പാമ്പാക്കുട നമസ്ക്കാരക്രമത്തിലെ പ്രത്യേക പ്രാർത്ഥനകൾ എന്ന ഭാഗത്ത് നൽകിയിരിക്കുന്ന വിത്തു വിതയ്ക്കുമ്പോൾ നടത്തുവാനുള്ള ഒരു പ്രാർത്ഥന (പ്രാർത്ഥനാക്രമം പേജ് 430 നോക്കുക).

*അബ്രഹാമിന്റെയും യിസ്സഹാക്കിന്റെയും യാക്കൂബിന്റെയും കൃഷിയെ അനുഗ്രഹിച്ച് ഒന്നിന് മുപ്പതായും അറുപതായും നൂറായും വർദ്ധിപ്പിച്ച ദൈവമേ! ഞങ്ങൾ വിതയ്ക്കുന്ന വിത്തുകളെ നീ അനുഗ്രഹിച്ച് അതിനെ വാഴ്വുകൾകൊണ്ട് നിറയ്ക്കണമേ. അതു ശരിയായി മുളച്ച് കേടുകൂടാതെ വളരുകയും സന്തോഷത്തോടെ കൊയ്യുവാനിടവരികയും ഞങ്ങളുടെ ധാന്യപ്പുരകൾ നിറഞ്ഞുകവിയുകയും അതിൽനിന്ന് സർവ്വത്തിന്റെയും ഉടയവനായ നിനക്ക് വഴിപാടുകളും ദശാംശങ്ങളും റശീസാകളും കൊണ്ടുവരുവാൻ ഞങ്ങൾ യോഗ്യരായി ത്തീരുകയും ചെയ്യുമാറാകണമേ. ആമ്മീൻ.*

## തുടർവായനയ്ക്ക്

| ദിവസം | രാവിലെ | വൈകുന്നേരം |
|---|---|---|
| ഞായർ | - | 2 പത്രോ. 1:1-11 |
| തിങ്കൾ | 2 പത്രോ. 1:12-21 | 2 പത്രോ. 2 |
| ചൊവ്വ | 12 പത്രോ. 3 | 1 യോഹ. 1 |
| ബുധൻ | 1 യോഹ. 2:1-17 | 1 യോഹ. 2:18-29 |
| വ്യാഴം | 1 യോഹ. 3:1-12 | 1 യോഹ. 3:13-24 |
| വെള്ളി | 1 യോഹ. 4 | 1 യോഹ. 5 |
| ശനി | 2 യോഹന്നാൻ | 3 യോഹ. |
| ഞായർ | യൂദാ എഴുതിയ ലേഖനം | - |

പാഠം 29

# മാധ്യമങ്ങളുടെ പക്വമായ ഉപയോഗം

## പഠനോദ്ദേശ്യങ്ങൾ

മാധ്യമങ്ങളുടെ ഗുണങ്ങളും ദോഷങ്ങളും മനസ്സിലാക്കുക. മാധ്യമങ്ങൾ എല്ലാം, വിശിഷ്യാ ടെലിവിഷനുൾപ്പെടെയുള്ള മാധ്യമങ്ങൾ സൃഷ്ടിക്കുന്ന അപകടങ്ങളും ചതിക്കുഴിയും മനസ്സിലാക്കുക. ജീവിത നന്മയെ ലക്ഷ്യമാക്കി പക്വമായി മാത്രം ഉപയോഗിക്കുക.

**മനഃപാഠവാക്യം:** "നിഷ്കളങ്കതയും നേരും എന്നെ പരിപാലിക്കുമാറാകട്ടെ, ഞാൻ നിങ്കൽ പ്രത്യാശ വച്ചിരിക്കുന്നുവല്ലോ" (സങ്കീ. 25:11).

**പഠനസഹായികൾ:** ഒരു വർത്തമാനപത്രം, റേഡിയോ, ടെലിവിഷൻ തുടങ്ങിയവയുടെ ചിത്രങ്ങൾ, വി. വേദപുസ്തകം, വി. കുർബ്ബാനക്രമം, പ്രാർത്ഥനാക്രമം.

## ആമുഖം

മാധ്യമങ്ങൾ ഇന്ന് നിത്യജീവിതത്തിലെ അവിഭാജ്യഘടകങ്ങളായിരിക്കുന്നു. ദൂരത്തിന്റെയും സമയത്തിന്റെയും പരിധികൾ തകർത്ത് ശാസ്ത്രസാങ്കേതിക നേട്ടങ്ങൾ എല്ലായിടത്തും എത്തിക്കുവാൻ മാധ്യമങ്ങൾക്ക് സാധിക്കുന്നു. സമൂഹത്തിന്റെ ഉൾത്തുടിപ്പുകളാണവ. പക്ഷേ വിളകളോടൊപ്പം കളകളും വളർന്ന് പന്തലിക്കുന്നു. വിളകൾ ഏത്? കളകൾ ഏത? എന്ന് മനസ്സിലാക്കി പ്രവർത്തിച്ചില്ലെങ്കിൽ അത് നാശത്തിനുകാരണമാകും. അതിനാൽ ശരിയായ മാധ്യമ അവബോധം ഇന്നിന്റെ ഒരാവശ്യമാണ്. ഇതെല്ലാമാണ് ഇന്ന് നമ്മൾ പഠിക്കുന്നത്.

## പാഠഭാഗം

നമ്മുടെ ജീവിതത്തിൽ മാധ്യമങ്ങൾക്ക് ഇന്ന് സുപ്രധാനമായ സ്ഥാനമാണുള്ളത്. പത്രം വായിക്കാതെ ദിവസം ആരംഭിക്കുവാൻ പലർക്കും വിഷമമാണ്. മാധ്യമങ്ങൾ പല വിഭാഗങ്ങൾ ഉണ്ട്. പത്രം, മാസിക, മറ്റ് പ്രസിദ്ധീകരണങ്ങൾ ഇവയെ അച്ചടി മാധ്യമങ്ങൾ (Print media) എന്ന് വിളിക്കുന്നു. റേഡിയോ, ടിവി, കമ്പ്യൂട്ടർ, ഇന്റർനെറ്റ് എന്നിവ ഇലക്ട്രോണിക് മാധ്യമങ്ങളാണ് (Electronic media)

### മാധ്യമങ്ങളുടെ വികാസ ചരിത്രം

ഭാരതത്തിലെ ആദ്യപത്രമായ ബംഗാൾ ഗസറ്റ് 1780 ൽ പ്രസിദ്ധീകരിച്ചു. ബ്രിട്ടീഷ് മേധാവിത്വത്തിൽനിന്ന് ഭാരതജനതയെ വിമോചിപ്പിക്കുവാൻ ആദ്യകാലപത്രങ്ങൾ നേതൃത്വം നൽകി. സ്വാതന്ത്ര്യ സമരത്തിന്റെ തീച്ചൂളയിൽ അവ സ്ഫുടം ചെയ്യപ്പെട്ടു.

മലയാള പത്രങ്ങളുടെ ചരിത്രവും അപ്രകാരം തന്നെ. പത്രമാസികകൾ വായനയുടെ ഒരു പുത്തൻലോകം തുറന്നുതന്നു. പിന്നീട് റേഡിയോ രംഗപ്രവേശനം ചെയ്തു. വിജ്ഞാനലോകത്തോടൊപ്പം വിനോദവും നമ്മുടെ ഭവനങ്ങളിൽ എത്തിച്ചു. ഇക്കാലയളവിൽ സിനിമ ജനജീവിതത്തിൽ സ്ഥാനം പിടിച്ചു. നല്ല സിനിമകളും കച്ചവടസിനിമകളും. 1985 ജനുവരി 1-ാം തീയതി തിരുവനന്തപുരത്ത് ദൂരദർശൻകേന്ദ്രം ആരംഭിച്ചു. വിജ്ഞാനം (Information), വിദ്യാഭ്യാസം (Education), വിനോദം (Entertainment) എന്ന മുൻഗണനാക്രമമായിരുന്നു ടെലിവിഷനുണ്ടായിരുന്നത്. ടെലിവിഷൻ ചാനലുകളുടെ പെരുപ്പം ആഗ്രഹിക്കുന്നതെല്ലാം കാണുവാനുള്ള വേദിയൊരുക്കി. കമ്പ്യൂട്ടറും ഇന്റർനെറ്റും അറിവിന്റെയും ആശയവിനിമയത്തിന്റെയും അക്ഷയഖനികൾ തുറന്നു തന്നു. അനാശാസ്യതയുടെ കാണാപ്പുറങ്ങളും.

## ശരിയും തെറ്റും തിരിച്ചറിയുക

മാധ്യമങ്ങൾ നന്മയുടെയും അറിവിന്റെയും അനന്തസ്രോതസ്സുകളാണ്. വിജ്ഞാന കുതുകികൾക്ക് അവ തീർച്ചയായും ഒരു അനുഗ്രഹമാണ്. പക്വതയോടെ ഉപയോഗിക്കണമെന്നുമാത്രം. മാതൃഭാഷയിലും വിദേശഭാഷകളിലും ആവശ്യമായ നൈപുണ്യം ലഭിക്കുവാൻ പത്രമാസികകളും ടെലിവിഷനും വളരെ സഹായിക്കുന്നുണ്ട്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നടക്കുന്ന സാംസ്കാരികപരിപാടികളുടെ വിവരങ്ങൾ വായിച്ചറിയുന്നതിലൂടെ ജനങ്ങളുടെ സാംസ്കാരിക വളർച്ച സാധ്യമാക്കുന്നതിൽ മാധ്യമങ്ങൾക്ക് വലിയ സംഭാവനയുണ്ട്.

വിവിധ കലകളുടെ വളർച്ചയിലും മാധ്യമങ്ങൾ വലിയപങ്ക് വഹിക്കുന്നു. ഭാരതത്തിന്റെയും കേരളത്തിന്റെയും തനത് കലകൾ കാണുവാനും ആസ്വദിക്കുവാനും സാദ്ധ്യമാകുന്ന ഏക സംവിധാനം നമ്മുടെ ദൃശ്യമാധ്യമങ്ങളാണ് എന്ന് പറയാം. വിവരസാങ്കേതിക വിദ്യയുടെ ഈ കാലഘട്ടത്തിൽ ഇന്റർനെറ്റും ഒരു പ്രധാന മാധ്യമമായി കരുതാവുന്നതാണ്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നടക്കുന്ന സംഭവങ്ങളും വിവരങ്ങളും അപ്പോൾതന്നെ നമ്മുടെ അറിവിൽ കൊണ്ടുവരുന്ന ഇന്റർനെറ്റ് നമുക്ക് അവഗണിക്കാനാവില്ല.

എന്നാൽ വിവേകത്തെ കീഴ്പ്പെടുത്തുവാൻ വികാരത്തെ അനുവദിക്കരുത്. നന്മയുടെ പാതയിൽ ചരിക്കുവാൻ ശക്തമായ ഇച്ഛാശക്തി ആവശ്യമാണ്. അതില്ലാത്തവർ വളരെ എളുപ്പം തിന്മയുടെ വഴിയിലാകും. യേശുക്രിസ്തു മുന്നറിയിപ്പ് നൽകുന്നു നാശത്തിലേക്ക് പോകുന്ന വാതിൽ വീതിയുള്ളതും വഴി വിശാലവും അതിൽകൂടി കടക്കുന്നവർ അനേകരും ആകുന്നു (മത്തായി 7:13, 14). മാദ്ധ്യമങ്ങൾ തുറന്നുതരുന്ന പുത്തൻ മേച്ചിൽപ്പുറങ്ങളിൽ പലപ്പോഴും അപകടം പതിയിരിക്കുന്നു. അവയ്ക്കെതിരെ ജാഗ്രത പുലർത്തുവാൻ സാധിക്കണം. നന്മയുടെ പാതയിൽ മാത്രമേ ചരിക്കൂ എന്ന ഉറച്ച നിലപാടിനെ സ്വഭാവദൃഢത (Integrity) എന്ന് പറയാം. ഇതിന് ശരിയായ പ്രാർത്ഥനയും പരിശീലനവും ആവശ്യമാണ്. ദാവീദിനോടൊപ്പം നമുക്കും പ്രാർത്ഥിക്കാം "നിഷ്ക്കളങ്കതയും നേരും എന്നെ പരിപാലിക്കുമാറാകട്ടെ. ഞാൻ നിങ്കൽ പ്രത്യാശ വെച്ചിരിക്കുന്നുവല്ലോ" (സങ്കീർത്തനങ്ങൾ 25:11)

**അല്പം നിർത്താം.... ചിന്തിക്കാം....**

1. മാധ്യമങ്ങൾ നമുക്ക് നൽകുന്ന ഗുണങ്ങൾ എന്തെല്ലാം?
2. മാധ്യമങ്ങൾ ഏതെല്ലാം തരത്തിൽ നമുക്ക് ശരിയായി ഉപയോഗപ്പെടുത്താം? മാധ്യമങ്ങളുടെ ദോഷങ്ങൾ നമുക്ക് ചിന്തിക്കാം

**1. കുടുംബാന്തരീക്ഷം അസ്വസ്ഥമാകുന്നു**

ഇന്നത്തെ പത്രമാസികകളിലെ റിപ്പോർട്ടുകളും പൈങ്കിളി കഥകളും കുടുംബത്തെക്കുറിച്ച് വികലമായ ചിത്രമാണ് നൽകുന്നത്. ടെലിവിഷൻ പരിപാടികൾ കുടുംബാന്തരീക്ഷത്തെ കലുഷമാക്കുന്നു. പ്രാർത്ഥനയ്ക്ക് സമയം കണ്ടെത്തുവാൻ ബുദ്ധിമുട്ടുന്നു. സീരിയലുകളുടെ സമയക്രമമനുസരിച്ച് പ്രാർത്ഥനയും പഠനവും വെട്ടിച്ചുരുക്കുന്നു. കുടുംബത്തെ നിലനിർത്തുന്ന മൂന്ന് അടിസ്ഥാന പ്രമാണങ്ങളാണ്. ഒന്നിച്ചു പ്രാർത്ഥിക്കുക, ഒന്നിച്ചിരുന്ന് സംസാരിക്കുക, ഒന്നിച്ച് ഭക്ഷണം കഴിക്കുക (Pray together, Talk together, Eat together). ഇവ മൂന്നും താളം തെറ്റുമ്പോൾ നാമറിയാതെ പ്രശ്നങ്ങൾ അരങ്ങേറുകയാണ്. മുൻഗണനാക്രമം അനുസരിച്ച് കാര്യങ്ങൾ നടപ്പാക്കുവാൻ കുടുംബങ്ങൾ സഹകരിക്കണം.

**2. പഠനത്തെ പ്രതികൂലമായി ബാധിക്കുന്നു**

വിദ്യാലയത്തിൽ അഞ്ചു മണിക്കൂർ പഠിക്കുന്ന വിദ്യാർത്ഥികൾ അഞ്ചുമണിക്കൂർ ഭവനത്തിൽവച്ചും പഠിക്കേണ്ടതാണ്. ഓരോ ദിവസവും പഠിക്കാനുള്ളത് അതാതുദിവസം പൂർത്തീകരിക്കുന്നതാണ് ഉത്തമ വിദ്യാർത്ഥികളുടെ ലക്ഷണം. ഭവനത്തിലെ പഠനവും ഒരു ടൈംടേബിൾ അനുസരിച്ചു ക്രമീകരിക്കണം. എന്നാൽ ചാനലുകളിലെ എല്ലാ പരിപാടികളും കാണുവാൻ ശ്രമിച്ചാൽ പഠനത്തിന് എവിടെ സമയംകിട്ടും? വാർത്തയുൾപ്പെടെയുള്ള ചില നല്ല പരിപാടികൾ തീർച്ചയായും കാണണം. മറ്റുള്ളവ പരിമിതപ്പെടുത്തുവാനുള്ള വിവേചനശേഷി ഉണ്ടാകണം.

**3. കായികവിനോദങ്ങളിൽ ഉള്ള ഭ്രമം വർദ്ധിപ്പിക്കുന്നു**

"സച്ചിനാണെന്റെ ദൈവം, ക്രിക്കറ്റാണെന്റെ മതം" എന്ന മട്ടിലാണ് ചിലരുടെ മനോഭാവം. ക്രിക്കറ്റ് മനോഹരമായ ഒരു കായിക വിനോദമാണ്. സച്ചിൻ മഹാനായ ഒരു കളിക്കാരനാണ്. സംശയമില്ല. എന്നാൽ ക്രിക്കറ്റ് കണ്ടുകൊണ്ട് ദിവസത്തിന്റെ നല്ല പങ്കും ഹോമിക്കുന്നത് ശരിയാണോ?. ഗൗരവതരമായ കാര്യങ്ങൾക്കിടയിൽ വിനോദത്തിനും വിശ്രമത്തിനുമാണ് കലാകായിക ഇനങ്ങൾ. നമ്മുടെ നാട്ടിൽ ക്രിക്കറ്റ് മാച്ച് തുടങ്ങിയാൽ ഓഫീസിലും വിദ്യാലയങ്ങളിലും മുഖ്യ ചർച്ചാവിഷയം അതാണ്. ചുമതലകൾ മാറ്റിവയ്ക്കുന്ന ക്രിക്കറ്റ് ജ്വരം രാഷ്ട്ര പുരോഗതിക്കുപോലും തടസ്സമാകുന്നു. കായിക മത്സരങ്ങളിൽ നാം നേരിട്ട് ഏർപ്പെട്ടാൽ അത് ശരീരത്തിനും മനസ്സിനും ഗുണകരമാണ്. പകരം ടി. വി. സ്ക്രീനിനു മുമ്പിൽ മണിക്കൂറുകളോളം ചടഞ്ഞിരുന്നാൽ ശരീരവും മനസ്സും വികൃതമായിത്തീരും.

**4. വിനോദങ്ങളുടെ പേരിൽ നിഷേധാത്മക സംസ്കാരം**

വിജ്ഞാനത്തോടൊപ്പം വിനോദവും മാദ്ധ്യമങ്ങളിൽ നാം പ്രതീക്ഷിക്കുന്നു. പക്ഷേ, വിനോദത്തിന്റെ പേരിൽ സമൂഹത്തിലെ മൂല്യങ്ങളെ നശിപ്പിക്കുന്ന നിഷേധാത്മക സംസ്കാരം പകർന്ന് നൽകുന്ന ആത്മഹത്യ, കൊലപാതകം, വഞ്ചന എന്നിവ സ്ഥിരം ദൃശ്യങ്ങളാകുമ്പോൾ അവയെ സ്വാഭാവിക ജീവിത ധാരയിൽ പുത്തൻതലമുറ സ്വാംശീകരിക്കുന്നു. മിക്ക സിനിമകളിലും സീരിയലുകളിലും മദ്യപാനം ഒരു സ്ഥിരം ദൃശ്യമാണ്. ഇത് മദ്യസംസ്കാരത്തെ പ്രോത്സാഹിപ്പിക്കുന്നു. "വീഞ്ഞു ചുവന്നു പാത്രത്തിൽ തിളങ്ങുന്നതും രസമായി ഇറക്കുന്നതും നീ നോക്കരുത്. ഒടുക്കം അത് സർപ്പംപോലെ കടിക്കും. അണലിപോലെ കൊത്തും" എന്ന് മഹാജ്ഞാനിയായ ശലോമോൻ താക്കീതു നൽകുന്നു. (സദൃശ്യവാക്യങ്ങൾ 23:31). മാധ്യമങ്ങളിൽ സ്ത്രീയെ മോഹവസ്തുവായി ചിത്രീകരി

ക്കുന്നു. സ്വാമി വിവേകാനന്ദൻ പാശ്ചാത്യരെ വിമർശിച്ചുകൊണ്ടു പറഞ്ഞത് ഭാരതത്തിൽ എല്ലാവർക്കും ഓരോ ഭാര്യയും ബാക്കി മുഴുവൻ അമ്മമാരുമാണ്. പാശ്ചാത്യർക്കാകട്ടെ മറിച്ചും. സ്ത്രീകളെ ഉപഭോഗവസ്തുവായി കാണുന്ന പാശ്ചാത്യ സംസ്കാരം ഇവിടെ വളരാനിടയാക്കിയത് മാധ്യമങ്ങളുടെ വഴിവിട്ട ശൈലിയാണ്. മൂല്യച്യുതി സൃഷ്ടിക്കും വിധം മാധ്യമങ്ങൾ പ്രവർത്തിക്കുമ്പോൾ യുവതലമുറ അതിന് വിധേയമാകാതിരിപ്പാൻ ഉണർന്നു പ്രവർത്തിക്കണം.

### 5. പരസ്യങ്ങളും ഉപഭോഗസംസ്കാരവും

എല്ലാ മാധ്യമങ്ങളുടെയും സാമ്പത്തിക അടിത്തറ പരസ്യങ്ങളിലൂടെയുള്ള വരുമാനമാണ്. ഉല്പന്നങ്ങൾ വിറ്റഴിക്കുവാൻ പരസ്യങ്ങൾ ആവശ്യം തന്നെ. നിർദ്ദോഷ മായ ചില നല്ല പരസ്യങ്ങൾ നമ്മുടെ മനം കവരുകയും ചെയ്യുന്നു. കള്ളങ്ങൾ പലവട്ടം കേൾക്കുമ്പോൾ സത്യമായി തോന്നും. ഈ രഹസ്യം പരസ്യക്കാർക്കറിയാം. യാഥാർത്ഥ്യ വുമായി പൊരുത്തപ്പെടാത്ത പരസ്യങ്ങൾ അനവധിയാണ് നാം അറിയാതെതന്നെ അവരുടെ സ്വാധീനത്തിലാകുന്നു. ഫാസ്റ്റ് ഫുഡും കൊക്കക്കോളായും കുട്ടികളുടെ ഇഷ്ട വിഭവങ്ങളാക്കിത്തീർത്തത് പരസ്യങ്ങളാണ്. കുട്ടികളെയും സ്ത്രീകളെയും പെട്ടെന്ന് വശീകരിക്കുവാൻ കഴിയും. ഇഷ്ടതാരങ്ങൾ പറയുന്നത് നമ്മുടെ മനസ്സിൽ പതിയും. അവയെ നാം സ്വീകരിക്കുന്നു. ഇവിടെയെല്ലാം കച്ചവടതന്ത്രങ്ങൾ ആണ് വിജയിക്കുന്നത്. അനേകരെ ഇത് കടക്കെണിയിലാക്കും. ആത്മഹത്യയിലേക്ക് ചിലരെയെങ്കിലും നയിക്കുന്നത്, വരവ് അറിയാതെ ചെലവാക്കാൻ പ്രേരിപ്പിക്കുന്ന ഉപഭോഗസംസ്കാരമാണ്. ലളിത ജീവിതവും ഉയർന്ന ചിന്തകളുമാണ് നമ്മെ സംതൃപ്തരാക്കുന്നത്. ഉപഭോഗ സംസ്കാരം സൃഷ്ടിക്കുന്ന ഈ ദൂഷിതവലയത്തിൽനിന്നും മോചനം നേടുവാൻ ഉറച്ച വിശ്വാസവും ആത്മീയ നിഷ്ഠകളും ആവശ്യമാണ്. രാജാവും നിബിയുമായ ദാവീദ് ഒരു രക്ഷാമന്ത്രം പഠിപ്പിക്കുന്നു. ധാന്യവും വീഞ്ഞും വർദ്ധിപ്പിച്ചപ്പോൾ അവർക്കുണ്ടായതിലും അധികം സന്തോഷം നീ എന്റെ ഹൃദയത്തിൽ നൽകിയിരിക്കുന്നു. ഞാൻ സമാധാന ത്തോടെ കിടന്നുറങ്ങും. നീയല്ലോ യഹോവ, എന്നെ നിർഭയം വസിക്കുമാറാക്കുന്നത് (സങ്കീർത്തനങ്ങൾ 4:7-8).

**അല്പം നിർത്താം... ചിന്തിക്കാം...**

1. മാധ്യമങ്ങൾ ഏതെല്ലാം തരത്തിൽ നമുക്ക് ദോഷമായി ഭവിക്കുന്നു?
2. മാധ്യമങ്ങളുടെ ദോഷഫലങ്ങളെ എങ്ങനെ അതിജീവിക്കുവാൻ കഴിയും?

### 6. മൊബൈൽ ഫോണിന്റെ ഉപയോഗം

ഇന്ന് മൊബൈൽ ഫോൺ ഉപയോഗിക്കാത്തവർ ചുരുക്കമാണ്. വ്യക്തികൾ തമ്മിൽ വിവരങ്ങൾ കൈമാറുവാൻ ഏറ്റവും സൗകര്യപ്രദമായ ഉപാധിയാണ് മൊബൈൽ ഫോൺ. യാത്രയിൽ ഇരിക്കുന്നവരുടെ വിവരങ്ങൾ അറിയുവാനും അവർക്ക് ഭവനവുമായി ബന്ധപ്പെടുവാനും ഇത് വളരെ സഹായകരമാണ്. വിവരങ്ങൾ ശേഖരിച്ചുവയ്ക്കുവാനുള്ള ഈ ഉപകരണത്തിന്റെ ക്ഷമത പലവിധത്തിലും പ്രയോജനപ്പെടുത്താവുന്നതാണ്. പക്വത യോടെ ഇത് ഉപയോഗിച്ചില്ലെങ്കിൽ പല ദൂഷ്യവശങ്ങളും സമൂഹത്തിൽ ഉണ്ടാകുവാനുള്ള സാഹചര്യവുമുണ്ട്. ആവശ്യത്തിനുപരിയായ ബന്ധങ്ങൾ സൃഷ്ടിക്കുവാനും അത്യാവശ്യ മല്ലാത്ത ഉപയോഗം മൂലം ക്രിയാത്മകമായി ഉപയോഗിക്കേണ്ട സമയം ദുർവിനിയോഗം ചെയ്യപ്പെടുന്നു.

### നിങ്ങൾ ഇത് ഉപയോഗിക്കാറുണ്ടോ?

യഥാർത്ഥത്തിൽ നിങ്ങൾക്ക് ഇതിന് ആവശ്യമുണ്ടോ? പ്രായത്തിന്റെ പക്വതയിൽ എത്തിയിട്ട് ഇത് ഉപയോഗിച്ചാൽ മതി. നിങ്ങൾ ഒരു വിനോദയാത്രയ്ക്ക് പോകുമ്പോഴോ ഒറ്റയ്ക്ക് ഒരു ദൂരയാത്രയ്ക്ക് പോകുമ്പോഴോ ഉപയോഗിക്കുന്നത് പ്രയോജനകരമാണ്. ആരാധനാ സമയത്തോ പ്രാർത്ഥനാ സമയത്തോ ആരും ഇത് ഉപയോഗിക്കുവാൻ പാടില്ല. ചുരുക്കത്തിൽ, മാദ്ധ്യമങ്ങൾ നമുക്ക് വളരെ ഉപയോഗപ്രദമാണ്. എന്നാൽ അവയെ ശരിയായി ഉപയോഗിച്ചില്ലെങ്കിൽ വളരെ അപകടകാരികളുമാണ്.

## നമുക്ക് ചിന്തിക്കാം

1. മാധ്യമങ്ങളുടെ വികാസ ചരിത്രം വിശദീകരിക്കുക.
2. മാധ്യമങ്ങളുടെ ഗുണങ്ങളും ദോഷങ്ങളും അടങ്ങുന്ന ഒരു ഉപന്യാസം തയ്യാറാക്കുക.
3. മാധ്യമങ്ങളെ എപ്രകാരം നമുക്ക് ശരിയായി ഉപയോഗിക്കാം എന്ന് വിശദമാക്കുക.
4. ഇന്റർനെറ്റിന്റെ പ്രയോജനങ്ങൾ ഏവ?
5. മൊബൈലും ഇന്റർനെറ്റും വിദ്യാർത്ഥികൾക്ക് ഏതെല്ലാം തരത്തിൽ പ്രയോജനകരമാക്കാം?

## പ്രവർത്തനങ്ങൾ

1. മാധ്യമങ്ങളുടെ നന്മയും തിന്മയും എന്തെല്ലാമെന്ന് കണ്ടെത്തി ഒരു പട്ടിക തയ്യാറാക്കുക.
2. "മാധ്യമങ്ങളുടെ ശരിയായ ഉപയോഗം" എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ്സിൽ ഒരു ചർച്ച നടത്തുക.
3. "വിദ്യാർത്ഥികളുടെ പഠനത്തിനായി മൊബൈൽ ഫോണിന്റെ ഉപയോഗം" സംബന്ധിച്ച് നിങ്ങളുടെ വീടിന്റെ പരിസരത്തുള്ള പത്ത് വിദ്യാർത്ഥികളെ (സ്വന്തമായി മൊബൈൽഫോൺ ഉള്ളവരെ) തെരഞ്ഞെടുത്ത് ഒരു സർവ്വേ നടത്തി ഒരു റിപ്പോർട്ട് തയ്യാറാക്കുക.

## നമുക്ക് പാടാം

(ഒ. വി. ബി. എസിലെ ഒരു പഴയഗാനം മാധ്യമങ്ങളുടെ ശരിയായ ഉപയോഗം സംബന്ധിച്ച ഗാനം എല്ലാവരും ചേർന്ന് പാടാം)

സൺഡേയിൽ രാവിലെ പള്ളിയിൽ പോകാതെ

Face Book-ൽ കേറുന്ന മോനേ
Log out ചെയ്യൂ Face Book Account
Log in ചെയ്യൂ നീ Church-ൽ
പ്രാർത്ഥനയ്ക്കുമാരാധനയ്ക്കും പോകാൻ കൂട്ടാക്കാതെ
ചാറ്റിംഗിനും പോക്കിംഗിനും
സമയം കൊടുത്തെന്നാൽ
സ്വർഗ്ഗരാജ്യവാതിലിൽ ദൈവം നിന്നെ
Block ചെയ്യും

## നിശ്ചയം

**മൊബൈൽ ഫോണും ഇന്റർനെറ്റും മാധ്യമങ്ങളും ഞങ്ങൾ പഠനത്തിനും മറ്റ് അത്യാവശ്യങ്ങൾക്കും മാത്രമേ ഉപയോഗിക്കുകയുള്ളൂ. ടെലിവിഷനിൽനിന്ന് പഠനത്തിനും അറിവ് വർദ്ധിപ്പിക്കുന്നതിനും ഉതകുന്ന പരിപാടികൾ മാത്രമേ ഞങ്ങൾ കാണുകയുള്ളൂ. മാധ്യമങ്ങളെ ശരിയായി ഉപയോഗിക്കുവാൻ ഞങ്ങൾ പരിശ്രമിക്കും, മറ്റുള്ളവരെ അതിന് പ്രേരിപ്പിക്കും.**

## നമുക്ക് പ്രാർത്ഥിക്കാം

പ്രാർത്ഥനാക്രമത്തിൽ വിദ്യാർത്ഥികളുടെ പ്രാർത്ഥന എന്ന ഭാഗത്ത് (പേജ് 414-415) നൽകിയിട്ടുള്ള പ്രാർത്ഥന

*പൈതങ്ങളെ അടുക്കൽ വിളിച്ച് വാത്സല്യത്തോടെ അവരെ അനുഗ്രഹിച്ചവനായ ഞങ്ങളുടെ കർത്താവേശുമിശിഹാ! ഞങ്ങളിൽ നിന്റെ തിരുവിഷ്ടമുണ്ടായി ഞങ്ങളെ അനുഗ്രഹിക്കേണമേ. നിന്റെ പരിശുദ്ധ റൂഹായെ ഞങ്ങളുടെ മേൽ അയച്ച് ഞങ്ങൾക്ക് ജ്ഞാനവും തിരിച്ചറിവും നൽകണമേ. നിന്റെ തിരുവിഷ്ടത്തിനൊത്തവണ്ണം ഞങ്ങൾ ദൈവഭയമുള്ളവരായിരിപ്പാനും, സത്യ അറിവിനെ പഠിപ്പാനും സംസാരിപ്പാനും, പ്രയോജനകരമായ പഠിത്തത്തിന് നാശം വരുത്തുന്ന സകല ദുഃസ്വഭാവവും ഞങ്ങളിൽനിന്ന് നീങ്ങിപ്പോകുവാനുമായിട്ട് കൃപയോടെ ഞങ്ങളെ സഹായിക്കണമേ. ആമ്മീൻ.*

## തുടർവായനയ്ക്ക്

| ദിവസം | രാവിലെ | വൈകുന്നേരം |
|---|---|---|
| ഞായർ | - | അപ്പോ. പ്രവൃ. 1 |
| തിങ്കൾ | അപ്പോ. പ്രവൃ. 2 | അപ്പോ. പ്രവൃ. 3 |
| ചൊവ്വ | അപ്പോ. പ്രവൃ. 4 | അപ്പോ. പ്രവൃ. 5 |
| ബുധൻ | അപ്പോ. പ്രവൃ. 6 | അപ്പോ. പ്രവൃ. 7 |
| വ്യാഴം | അപ്പോ. പ്രവൃ. 8 | അപ്പോ. പ്രവൃ. 9 |
| വെള്ളി | അപ്പോ. പ്രവൃ. 10 | അപ്പോ. പ്രവൃ. 11 |
| ശനി | അപ്പോ. പ്രവൃ 12 | അപ്പോ. പ്രവൃ. 13 |
| ഞായർ | അപ്പോ. പ്രവൃ. 14 | - |

പാഠം 30

# കൗമാരം ജീവിതത്തിന്റെ പൂക്കാലം

## പാഠോദ്ദേശ്യങ്ങൾ

കൗമാരപ്രായത്തിൽ അനുഭവപ്പെടുന്ന ശാരീരികവും മാനസികവും വൈകാരികവും സാമൂഹികവും ആത്മീയവുമായ വ്യതിയാനങ്ങൾ മനസ്സിലാക്കുക. ഈ ഘട്ടം ഏറ്റവും സന്തോഷപ്രദമാക്കുവാൻ പരിശ്രമിക്കുക. തികഞ്ഞ ദൈവവിശ്വാസം കാത്തുസൂക്ഷിക്കുക

**മനഃപാഠവാക്യം:** ''യൗവനക്കാരാ, നിന്റെ യൗവനത്തിൽ സന്തോഷിക്ക; യൗവനകാലത്തിൽ നിന്റെ ഹൃദയം ആനന്ദിക്കട്ടെ; നിനക്ക് ഇഷ്ടമുള്ള വഴികളിലും നിനക്ക് ബോധിച്ചവണ്ണവും നടന്നുകൊള്ളുക. എന്നാൽ ഇവ ഒക്കെയും നിമിത്തം ദൈവം നിന്നെ ന്യായവിസ്താരത്തിലേക്കു വരുത്തും എന്നറിക" (സഭാപ്രസംഗി 11:9).

**പഠന സഹായികൾ:**

1. ജീവിതത്തിലെ വിവിധ വികസന കാലഘട്ടം കാണിക്കുന്ന ഒരു ചാർട്ട്.
2. കൗമാരകാലഘട്ടത്തിന്റെ പ്രത്യേകതകൾ അടങ്ങുന്ന ചാർട്ട്.
3. വി. വേദപുസ്തകം, വി. കുർബ്ബാനക്രമം, പ്രാർത്ഥനാക്രമം.

## ആമുഖം

കുട്ടികളെ.... നിങ്ങൾ ഇപ്പോൾ കൗമാരപ്രായത്തിലാണ് എന്നത് എല്ലാവർക്കും അറിവുള്ളതാണല്ലോ. ഏതാണ്ട് 12 മുതൽ 19 വരെയുള്ള പ്രായത്തെയാണ് 'കൗമാര കാലഘട്ടം' എന്നു പറയുന്നത്. ഒരു മനുഷ്യന്റെ ജീവിതത്തിൽ ശൈശവം, ബാല്യം, കൗമാരം, യൗവനം, വാർദ്ധക്യം എന്നിങ്ങനെ വിവിധ കാലഘട്ടങ്ങളുണ്ട്. ഇതിൽ വളരെ ശ്രേഷ്ഠമായ ഒരു കാലഘട്ടമാണ് കൗമാരം എന്നത്. Teen എന്ന് വയസ്സ് പറയുന്നതിനാൽ Teen Age എന്നും വിളിക്കും. ഈ പ്രായക്കാരിൽ സംഭവിക്കുന്ന ശാരീരികവും മാനസികവും സാമൂഹ്യവും വൈകാരികവുമായ വ്യതിയാനങ്ങൾ ശരിയായി മനസ്സിലാക്കിയില്ലെങ്കിൽ പല ആകുലതകളും ആശങ്കകളും ഉണ്ടാകാനിടയുണ്ട്. ഇവയെല്ലാമാണ് നമ്മൾ ഇന്ന് പഠിക്കുവാൻ പോകുന്നത്.

## പാഠഭാഗം

"നിന്റെ യൗവനകാലത്ത് നിന്റെ സൃഷ്ടാവിനെ ഓർത്തുകൊൾക" (സഭാ.12:1) എന്ന വേദപ്രമാണത്തിന് പല അർത്ഥങ്ങളുണ്ട്. മറ്റു പ്രായങ്ങളിൽ സൃഷ്ടാവിനെ ഓർക്കരുത് എന്ന് ഇതിന് അർത്ഥമില്ല. എന്നാൽ യൗവനത്തിലെ തിരിച്ചറിവിന് ജീവിതത്തിൽ ഒരു

സ്ഥായീഭാവം ഉണ്ടാകുന്നു. കൗമാര-യൗവന പ്രായം ജീവിതത്തിലെ വഴിത്തിരിവിന്റെ കാലമാണ്. ക്രിയാത്മകതയും സുന്ദരമായ അനുഭൂതികളും ആദർശങ്ങളും സമത്വസുന്ദര സമൂഹത്തെയും ഭാവിയെപ്പറ്റിയുള്ള സ്വപ്നങ്ങളും ഒക്കെ ചേരുമ്പോൾ കൗമാരത്തിന്റെ സാദ്ധ്യതകൾ വളരെ വർദ്ധിക്കുന്നു. ബാല്യത്തിൽനിന്ന് കൗമാരത്തിലേക്കു കടക്കുമ്പോഴുള്ള ഈ സാദ്ധ്യതകളെക്കുറിച്ച് പരിശോധിക്കാം.

### 1. Physical (ശാരീരിക വളർച്ച)

ശാരീരിക വളർച്ച എളുപ്പത്തിലാവുന്ന ജീവിതകാലഘട്ടമാണിത്. ആരോഗ്യമാണല്ലോ ഏതുജോലിയും ഏറ്റെടുക്കാനുള്ള ധൈര്യം നൽകുന്നത്. താരതമ്യേന സുഖങ്ങളിൽനിന്നും വിടുതലുള്ള ജീവതകാലഘട്ടമെന്നും ഇതേപ്പറ്റിപറയാം. ജന്മനാ ഉള്ള വൈകല്യങ്ങളും, പ്രതീക്ഷിക്കാത്ത ചില രോഗങ്ങളും ഉണ്ടാകുന്നതൊഴിച്ചാൽ പൊതുവെ ആരോഗ്യമുള്ള ഒരുകാലം. അദ്ധ്വാനിക്കാൻ മനസ്സുണ്ടെങ്കിൽ ആവഴിക്കു പലതും നേടാൻ സാധിക്കും.

### 2. Intelectual (ബുദ്ധിപരം)

കായികപരമായതുപോലെ ബുദ്ധിപരമായും വികസനം കൂടുതൽ നേടുന്ന കാലമാണിത്. കുട്ടികളേക്കാൾ കാര്യങ്ങൾ മനസ്സിലാക്കാനുള്ള കഴിവ് വർദ്ധിക്കുന്നു. ബാലകഥകളിൽനിന്ന് കുറച്ചുകൂടി വിശാലമായ ലോകത്തിലേക്ക് ചിന്തകളും അറിവുകളും വളരുന്നു. ശാസ്ത്ര സാങ്കേതികവിദ്യയിലുള്ള അഭ്യസനംമൂലം ഇന്ന് കമ്പ്യൂട്ടർ, ഇന്റർനെറ്റ് തുടങ്ങിയവ ഉപയോഗിക്കാൻ പഠിക്കുമ്പോൾ ആരുടെയും സഹായംകൂടാതെ അറിവിന്റെ വിഹായസ്സിലേക്കു കുതിക്കുവാൻ പ്രാപ്തി ഉണ്ടാകുന്നു. മുമ്പ് ഇവയുടെ സ്ഥാനത്ത് പുസ്തകങ്ങളായിരുന്നു. ജീവിതത്തെക്കുറിച്ച് തത്വചിന്താപരമായും, ആദ്ധ്യാത്മികമായും മനസ്സിലാക്കുവാൻ ഇന്നും പുസ്തകങ്ങൾതന്നെയാണ് ഏറെ പ്രയോജനകരം. അതിനാൽ ബുദ്ധിയുള്ള കുട്ടികൾ ഇന്റർനെറ്റിൽനിന്നും അത്യാവശ്യം അറിവുകൾ നേടുന്നതോടൊപ്പം വായനയുടെ ലോകത്തും കടന്നുചെല്ലുന്നു. പരക്കെയുള്ള വായന നല്ല യൗവനത്തിന്റെ ലക്ഷണം തന്നെയാണ്.

### 3. Emotional (വൈകാരികം)

കുട്ടിയുടെ വൈകാരികതയ്ക്ക് ബുദ്ധിപരമായ അടിസ്ഥാനം ഉണ്ടാകണമെന്നില്ല. ഇഷ്ടാനിഷ്ടങ്ങളാണ് കുട്ടികളെ നയിക്കുന്നത്. രണ്ടുകഴിഞ്ഞ് മൂന്നാമത്തെ ഐസ്ക്രീമും കിട്ടിയില്ലെങ്കിൽ കുട്ടിക്ക് കരച്ചിലും ദേഷ്യവും വരുന്നു. കൗമാരത്തിലേക്കു കടക്കുമ്പോൾ ഇത്തരത്തിലുള്ള ഒരു വൈകാരികത ആവശ്യമുണ്ടോ എന്ന ചിന്ത ഉണ്ടാകുന്നു. ശരിയായ വൈകാരിക പക്വത പ്രാപിക്കാത്തവർ ഇപ്പോഴും കുട്ടികളുടെ നിലവാരത്തിൽ തന്നെയായിരിക്കും. ശരിയായ ദിശയിൽ വ്യക്തിത്വം വളരുന്നുവെങ്കിൽ ഈ അവസ്ഥയ്ക്ക് മാറ്റം വരും. അവരവരുടെ വികാരങ്ങളെ ബുദ്ധിപരമായി വിശകലനം ചെയ്യുവാനുള്ള കഴിവുനേടുന്നു. ബാലന്മാർ സ്വന്തം വികാരങ്ങളെക്കുറിച്ചു മാത്രമേ ബോധവാനാകുന്നുള്ളുവെങ്കിൽ കൗമാര-യൗവനത്തിലേക്കു കടക്കുന്നവർ മറ്റുള്ളവരുടെ വികാരത്തെക്കുറിച്ചുകൂടി മനസ്സിലാക്കാൻ പ്രാപ്തിയുള്ളവരാകുന്നു. സാഹചര്യങ്ങളോടു പ്രതികരിക്കുവാൻ തുടങ്ങുമ്പോൾ അതിരുകൾ വിടാതെ പക്വതയോടെ പെരുമാറുവാൻ സാധിച്ചാൽ അത് നല്ല വളർച്ചയുടെ ലക്ഷണമാണ്.

**അല്പം നിർത്താം... ചിന്തിക്കാം...**

1. കൗമാരകാലഘട്ടത്തിന്റെ പ്രത്യേകതകൾ എന്തെല്ലാം?
2. കൗമാരകാലഘട്ടത്തിൽ സംഭവിക്കുന്ന ശാരീരിക വ്യതിയാനങ്ങൾ ഏവ?
3. ഈ കാലഘട്ടത്തിലെ ബുദ്ധിപരമായ പ്രത്യേകതകൾ എന്തെല്ലാം?
4. ഈ കാലഘട്ടത്തിലെ വൈകാരിക മാറ്റങ്ങൾ എന്തെല്ലാം?

### 4. Social (സാമൂഹികം)

ബാലന്മാരുടെ ലോകം കൂടുതൽ സ്വന്തഭവനത്തിലുള്ളതായിരിക്കും. സാമൂഹ്യ ബന്ധവും കുടുംബാംഗങ്ങളോടായിരിക്കും കൂടുതൽ ഉണ്ടാകുന്നത്. സ്കൂളിൽ പോകുന്നതോടുകൂടി വിശാലമായ സമൂഹത്തിലേക്കു പ്രവേശിക്കുമെങ്കിലും ചിന്തയുടെ ലോകത്തിൽ സമൂഹത്തിന് ഇടംകൊടുക്കുന്നത് കൗമാരത്തിലേക്കു കടന്നതിനുശേഷ മായിരിക്കും. തന്നിൽനിന്നു വ്യത്യസ്തമായ മതം, ജാതി, വിശ്വാസം, സാമ്പത്തിക ഉച്ചനീചത്വങ്ങൾ, വലിപ്പച്ചെറുപ്പങ്ങൾ തുടങ്ങി ഒട്ടനവധി കാര്യങ്ങൾ കൗമാരക്കാരുടെ ശ്രദ്ധയിൽപ്പെടും. സമൂഹവുമായി ആരോഗ്യകരമായ ബന്ധങ്ങൾ സ്ഥാപിക്കുന്നതിനെ ക്കുറിച്ച് ചിന്തിച്ചുതുടങ്ങും. സമൂഹത്തിൽനിന്ന് ഒറ്റപ്പെടുവാനോ മറിച്ച് അതിൽ ലയിച്ച് സ്വന്ത വ്യക്തിത്വം ഇല്ലാതാക്കുവാനോ ശരിയായ വളർച്ചയിലുള്ള കൗമാരക്കാർ ശ്രമിക്കാറില്ല. സമയത്തെ തിരിച്ചറിയുകയും അതിന്റെ വെളിച്ചത്തിൽ ആരോഗ്യകരമായ സാമൂഹ്യബന്ധങ്ങൾ വളർത്തിയെടുക്കുവാനും അവർ ശ്രമിക്കും.

### 5. Spiritual (ആത്മീയം)

കഥകളിലും വികാരങ്ങളിലും ഒതുങ്ങിനിന്ന ആത്മീയതയ്ക്ക് വിശാലമായ അർത്ഥം കൈവരുന്നത് ഈ പ്രായത്തിലാണ്. അതുവരെയുള്ള മതപരമായ അനുഷ്ഠാനങ്ങൾ മുതിർന്നവരെ അനുസരിക്കുവാനോ അതുവഴി അവരുടെ ഇഷ്ടം നേടുവാനുമായിരുന്നു. എന്നാൽ കൗമാരത്തിലേക്കു കടക്കുമ്പോൾ ഈ അവസ്ഥ മാറുന്നു. കുട്ടിയായിരുന്നപ്പോൾ പഠിച്ചതിന്റെയൊക്കെ അർത്ഥം ബുദ്ധിയുടെ തലത്തിൽ പരിശോധിക്കുവാൻ തുടങ്ങുന്നു. ചിലതിനെ ചോദ്യം ചെയ്യുവാൻ ശ്രമിക്കുമെങ്കിലും അതിൽകൂടി സ്വന്തബോദ്ധ്യങ്ങളെ ഉറപ്പിക്കുക എന്ന നല്ല കാര്യവും സംഭവിക്കുന്നുണ്ട്. ആത്മനിഷ്ഠയിൽനിന്ന് വസ്തുനിഷ്ഠ യിലേക്ക് കടക്കുവാൻ സാധിക്കുമ്പോൾ ആത്മീയതയ്ക്കു കുറച്ചുകൂടി ആധികാരികഭാവം ഉണ്ടാകുന്നു. എല്ലാ ഗുരുക്കന്മാരും ജ്ഞാനികളും വിശുദ്ധന്മാരും ഉറച്ച ബോദ്ധ്യങ്ങളിലേക്കു കടന്ന് ലോകത്തിനും സമൂഹത്തിനുമായി തങ്ങളുടെ ജീവിതം മാറ്റിവെയ്ക്കാനുള്ള തീരുമാനമെടുത്തത് കൗമാര-യൗവന കാലഘട്ടങ്ങളിലാണെന്നു കാണാൻ കഴിയും. ശ്രീബുദ്ധൻ, നബി, ഗാന്ധിജി, മദർ തെരേസ ഇവരൊക്കെ ഇതിനു നല്ല ഉദാഹരണ ങ്ങളാണ്. വ്യക്തിത്വവളർച്ചയുടെ മാനുഷിക മാനദണ്ഡങ്ങളിൽ പരിമിതപ്പെടുത്താനാവില്ലെ ങ്കിലും മനുഷ്യപുത്രനായിത്തീർന്ന ദൈവപുത്രനായ യേശുക്രിസ്തുവും തന്റെ പരസ്യ ശുശ്രൂഷ ആരംഭിച്ചത് 30-ാം വയസ്സിലായിരുന്നല്ലോ. യൗവനത്തിന്റെ പരിസമാപ്തിയുടെ ഘട്ടമായി മുപ്പതിനെ പരിഗണിക്കുന്നവരുണ്ട്.

### 6. Imaginative (ഭാവനാസമ്പുഷ്ടം)

പ്രായമായവർ (വൃദ്ധജനങ്ങൾ) ജീവിതത്തിൽ തിരിഞ്ഞുനോക്കുമ്പോൾ കൗമാര പ്രായക്കാരും യൗവനക്കാരും ഭാവിയിലേക്ക് ഉറ്റുനോക്കുന്നു എന്ന് പണ്ഡിതന്മാർ ചൂണ്ടി ക്കാട്ടിയിട്ടുണ്ട്. ഇത്രയും ഭാവനയുള്ള ഒരു കാലഘട്ടം ജീവിതത്തിൽ വേറെയില്ല. ഒട്ടേറെ പ്രതീക്ഷകളും ആഗ്രഹങ്ങളും ഈ പ്രായത്തിൽ കൗമാരക്കാരിൽ ഉണ്ടായിവരുന്നു.

പൂക്കളും ചെടികളും പുഴയും നിലാവും മലകളും കടലും എന്നുവേണ്ട പ്രകൃതിയും അതിലുള്ള സകലവും പലവിധത്തിലുള്ള ഭാവനകൾ യൗവനക്കാർക്കു നൽകുന്നു. തീവ്രമായ ഭാവനകൾക്കനുസരിച്ച് അവരുടെ ഭാവിഭാഗധേയവും കുറിക്കപ്പെടുന്നു. കവിയും എഴുത്തുകാരനും ശാസ്ത്രജ്ഞനും ഭരണാധികാരിയും ഋഷിയും പണ്ഡിതനും വിശുദ്ധനും ധനാഢ്യനും എല്ലാം ആയിത്തീരുന്നത് കൗമാര-യൗവനഘട്ടങ്ങളിൽ വളർത്തിയെടുക്കുന്ന ഭാവനകളുടെയും അതു യാഥാർത്ഥ്യമാക്കിത്തീർക്കുവാൻ ചെയ്ത കഠിനാദ്ധ്വാനത്തിന്റെയും ഫലമായിട്ടാണ്.

**അല്പം നിർത്താം... ചിന്തിക്കാം...**

1. കൗമാര കാലഘട്ടത്തിലെ സാമൂഹിക വ്യതിയാനങ്ങൾ എന്തെല്ലാം?
2. ഈ കാലഘട്ടത്തിലെ ആത്മീയ തലത്തിലുള്ള പ്രത്യേകതകൾ ഏവ?
3. ഈ കാലഘട്ടം ഭാവനാസമ്പുഷ്ടമാണ് എന്നു പറയാൻ കാരണമെന്ത്?

### കൗമാരത്തിന്റെ പ്രശ്നങ്ങൾ

ജീവിതത്തിന്റെ പൂക്കാലമാണ് കൗമാരകാലഘട്ടമെങ്കിലും പ്രശ്നങ്ങൾ ഇല്ലാതെയില്ല. അതേപ്പറ്റിയും നമ്മൾ ബോധവാന്മാരായിരിക്കണം. ശരീരം പെട്ടെന്നു വളരുമ്പോൾ അതിന് മാനസിക വൈകാരിക തലത്തിൽ വളരെ അർത്ഥമുണ്ട്. ശരീരത്തിൽ ലൈംഗികതയുമായി ബന്ധപ്പെട്ട ഹോർമോണുകൾ പ്രവർത്തനക്ഷമമാകുമ്പോഴാണ് വളർച്ച ദ്രുതഗതിയിലാകുന്നത്. തങ്ങളുടെ ആകാരഭംഗിയെക്കുറിച്ച് പെട്ടെന്ന് കുമാരീകുമാരന്മാർ വിലയിരുത്തിത്തുടങ്ങും. തങ്ങളുടെ ആകാരത്തെക്കുറിച്ച് നല്ലതെന്നു തോന്നലുണ്ടായാലും മോശമാണെന്നു തോന്നലുണ്ടായാലും പ്രശ്നമാണ്. നല്ലതെന്നു തോന്നുന്നവർ എപ്പോഴും മേലുമിനുക്കി മറ്റുള്ളവരുടെ ആകർഷണകേന്ദ്രമാകാൻ ശ്രമിക്കും. മോശമെന്ന് ചിന്തിക്കുന്നവർ അപകർഷത വർദ്ധിച്ച് മറ്റുള്ളവരിൽനിന്ന് അകലാൻ ശ്രമിക്കും. തനിക്കുള്ളതിനെ പൂർണ്ണമായി അംഗീകരിച്ച് സ്വയമതിപ്പുനേടിയെടുക്കാനാണ് കൗമാരക്കാർ ശ്രമിക്കേണ്ടത്.

സൗന്ദര്യത്തിലും കഴിവിലും മിടുക്കിലും സമ്പത്തിലുമൊക്കെ മറ്റുള്ളവരുമായി താരതമ്യം ചെയ്ത് മനസ്സ് വിഷമിക്കുന്നതും ആ കാലത്തിൽ സംഭവിക്കാം. നാം നാമായിരിക്കുന്നതാണ് നല്ലത്. മറ്റൊരാളാകാൻ ശ്രമിക്കേണ്ടയാവശ്യമില്ല. അനാവശ്യ താരതമ്യങ്ങൾ ദോഷം ചെയ്യും.

യുവതീയുവാക്കളുടെ പരസ്പരാകർഷണമാണ് യുവലോകം നേരിടുന്ന മറ്റൊരു പ്രശ്നം. പ്രേമബന്ധം, അശ്ലീല വായന, അശ്ലീല ചിത്രങ്ങൾ, വിവാഹപൂർവ്വമായ ലൈംഗിക ബന്ധങ്ങൾ ഇവയൊക്കെ സംഭവിക്കാൻ സാദ്ധ്യതയുള്ള ഒരു കാലഘട്ടം കൂടിയാണ്. ഇവിടെ ക്രിസ്തീയ മൂല്യങ്ങൾ യുവതീയുവാക്കൾക്കു വഴികാട്ടിയാകണം. അന്യോന്യം ആകർഷണം തോന്നുന്നതോ, ലൈംഗിക ചിന്തയുണ്ടാകുന്നതോ പാപമെന്നു കരുതി കടുത്ത കുറ്റബോധത്തിനു കീഴടങ്ങേണ്ടതില്ല. എന്നാൽ ഇവയിലൊക്കെ അധികം സന്തോഷം കണ്ടെത്താൻ ശ്രമിച്ചാൽ, ദൈവം തന്ന നല്ല താലന്തുകളെ വികസിപ്പിക്കാനാവാതെ ജീവിതത്തിൽ വളരെയേറെ നഷ്ടങ്ങൾ ഉണ്ടാകും. ഭാവി ശോഭനമാക്കാൻ താൽക്കാലിക സുഖഭോഗങ്ങളെ ത്യജിക്കാനുള്ള വിവേകം യുവലോകം ആർജ്ജിക്കണം.

തെറ്റായ കൂട്ടുകെട്ടുകൾമൂലം മദ്യം, മയക്കുമരുന്ന് ഇവയോടൊക്കെ താല്പര്യം ജനിക്കുവാൻ ഈ സമയത്ത് വഴിയുണ്ടാവാം. അവിടെയും കൂട്ടുകാരെ തെരഞ്ഞെടുക്കുമ്പോൾ സൂക്ഷ്മതയുണ്ടാകണം. ആരെയും വെറുക്കേണ്ടതില്ലെങ്കിലും ദുഷ്ടന്മാരുടെ ആലോചനപ്രകാരം നടക്കാതെയും പാപികളുടെ വഴിയിൽ നിൽക്കാതെയും പരിഹാസികളുടെ

ഇരിപ്പിടത്തിൽ ഇരിക്കാതിരിക്കയും ചെയ്യണമെന്ന സങ്കീർത്തനക്കാരന്റെ പ്രബോധനം (സങ്കീ1:1) യുവലോകം ഗൗരവമായി എടുക്കണം. ടി. വി., ഇന്റർനെറ്റ് തുടങ്ങിയ മാധ്യമങ്ങൾ നൽകുന്ന തെറ്റായ സന്ദേശങ്ങളും ഇന്നത്തെ യുവലോകത്തിന് വലിയ വെല്ലുവിളികളാണ് നൽകുന്നത്.

അടിയുറച്ച ദൈവാശ്രയവും സ്നേഹമുള്ള ഭവനാന്തരീക്ഷവും ചിട്ടയായ ആത്മീയ ജീവിതശൈലിയും നല്ല വായനയും നല്ല കൂട്ടുകെട്ടും ലഭിക്കുകയും സമൂഹത്തിന് പ്രയോജനകരമായ പുണ്യപ്രവൃത്തികളിൽ മുഴുകുവാൻ ഇടയാവുകയും ചെയ്താൽ തിന്മയുടെ പ്രലോഭനങ്ങളെ ചെറുക്കുവാൻ യുവലോകത്തിന് കരുത്തുണ്ടാവും. അപ്പോൾ കൗമാരം ജീവിതത്തിന്റെ പൂക്കാലമായി അനുഭവപ്പെടുകതന്നെ ചെയ്യും.

## നമുക്ക് ചിന്തിക്കാം

1. കൗമാര കാലഘട്ടത്തിന്റെ പ്രത്യേകതകൾ വിവരിക്കുക.
2. കൗമാര കാലഘട്ടത്തിലെ വിവിധ വ്യതിയാനങ്ങൾ വിശദമാക്കുക.
3. "കൗമാരം ജീവിതത്തിന്റെ പൂക്കാലമാണ്" ഈ ആശയം സമർത്ഥിക്കുക.
4. കൗമാര കാലഘട്ടത്തിലെ ആകുലതകളെ നേരിടാൻ ഏതാനും മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക.

## പ്രവർത്തനങ്ങൾ

1. "കൗമാരപ്രായക്കാർ നേരിടുന്ന പ്രശ്നങ്ങൾ" എന്ന വിഷയത്തെ അടിസ്ഥാനമാക്കി ഒരു ചർച്ച സംഘടിപ്പിക്കുക.
2. കൗമാര കാലഘട്ടത്തിലെ വിവിധ വ്യതിയാനങ്ങളും പ്രത്യേകതകളും താഴെ പറയുംപ്രകാരം ഒരു പട്ടികയായി ചാർട്ട് പേപ്പറിൽ എഴുതിയുണ്ടാക്കുക.

| ക്രമനമ്പർ | വ്യതിയാനങ്ങൾ | പ്രത്യേകതകൾ |
|---|---|---|
| 1. | ശാരീരികം | |
| 2. | ബുദ്ധിപരം | |
| 3. | വൈകാരികം | |
| 4. | സാമൂഹികം | |
| 5. | ആത്മീയം | |
| 6. | ഭാവനാപരം | |

## നമുക്ക് പാടാം

പ്രാർത്ഥനാക്രമത്തിൽ അവസാനഭാഗത്ത് അനുതാപത്തിന്റെ മെമ്രാ എന്ന ഭാഗത്തു നിന്ന് (പ്രാർത്ഥനാ ക്രമം പേജ് 510).

എന്നെത്തന്നെ സന്നിധിയിൽ
കാഴ്ചയണപ്പാനും നാഥാ
എന്നെ നിനക്കു സുഗന്ധമതായ്
അർപ്പിപ്പാനും കൃപചെയ്ക
എൻ നാഥാ തിരുമുമ്പിൽ
ആത്മശരീര മനസ്സുകളെ
ശോഭകലർന്ന വിളക്കുകളായ്
ഞാൻകത്തിപ്പാറാകണമെ

ആത്മശരീര മനസ്സുകളാം
എന്നുടെ തിരുമുൽ കാഴ്ചകളെ
താതസുതാശ്വാസപ്രദനേ!
അൻപൊടു കൈക്കൊണ്ടീടണമെ.

(വളരെ അർത്ഥപുഷ്ടമായ ഈ ഗീതത്തിന്റെ മുഴുവൻ വരികളും പ്രാർത്ഥനാക്രമം പുസ്തകം നോക്കി ചൊല്ലി ശീലിക്കുക)

**നിശ്ചയം**

**ഞങ്ങളുടെ ഈ പ്രായം പലവിധമായ മാനസിക സംഘട്ടനങ്ങളുടെയും വൈകാരിക പിരിമുറുക്കങ്ങളുടെയും കാലഘട്ടമാണ് എന്ന് ഞങ്ങൾ മനസ്സിലാക്കി. യാതൊരു തെറ്റിലേക്കും വഴുതിപ്പോകാതെ ദൈവത്തിൽ ആശ്രയിച്ച് ഞങ്ങൾ ജീവിക്കും. മതാപിതാക്കളെയും ഗുരുക്കന്മാരെയും ഞങ്ങളുടെ സകല മുതിർന്നവരെയും ഞങ്ങൾ അനുസരിക്കുകയും ബഹുമാനിക്കുകയും ചെയ്യും. അവർ കാണിച്ചുതരുന്ന നല്ല മാതൃക ഞങ്ങൾ പിന്തുടരും.**

## നമുക്ക് പ്രാർത്ഥിക്കാം

പ്രാർത്ഥനാക്രമത്തിൽ അനുതാപത്തിന്റെ പ്രാർത്ഥനകൾ എന്ന ഭാഗത്തുനിന്ന് (പ്രാർത്ഥനാക്രമം പേജ് 452)

*മനോഗുണവാനായ ദൈവമേ... എന്നോട് കരുണ ചെയ്യണമേ. കാരുണ്യവാനായ പിതാവേ... സത്യമുള്ള പുത്രാ... വന്ദ്യനായ റൂഹാ... എന്നെ സഹായിക്കണമേ. എന്നെ സൃഷ്ടിക്കുകയും രക്ഷിക്കുകയും ചെയ്ത നല്ല ഉടയവനേ.... എന്റെ കുറ്റങ്ങൾ മോചിച്ച് എന്നോട് കൃപ ചെയ്യണമേ. എന്നെ നിങ്കലേക്ക് തിരിപ്പിക്കണമേ. എന്റെ വിചാരങ്ങളെ പ്രകാശിപ്പിക്കണമേ. എന്റെ ബലഹീനതയ്ക്ക് സഹായിക്കണമേ. നിന്റെ സ്നേഹത്തിന് എന്നെ യോഗ്യനാക്കണമേ. ആമ്മീൻ*

## തുടർ വായനയ്ക്ക്

| ദിവസം | രാവിലെ | വൈകുന്നേരം |
|---|---|---|
| ഞായർ | - | അപ്പോ. പ്രവ്യ. 15 |
| തിങ്കൾ | അപ്പോ. പ്രവ്യ. 16 | അപ്പോ. പ്രവ്യ. 17 |
| ചൊവ്വ | അപ്പോ. പ്രവ്യ. 18 | അപ്പോ. പ്രവ്യ. 19 |
| ബുധൻ | അപ്പോ. പ്രവ്യ. 20 | അപ്പോ. പ്രവ്യ. 21 |
| വ്യാഴം | അപ്പോ. പ്രവ്യ. 22 | അപ്പോ. പ്രവ്യ. 23 |
| വെള്ളി | അപ്പോ. പ്രവ്യ. 24 | അപ്പോ. പ്രവ്യ. 25 |
| ശനി | അപ്പോ. പ്രവ്യ. 26 | അപ്പോ. പ്രവ്യ. 27 |
| ഞായർ | അപ്പോ. പ്രവ്യ. 28 | - |